**കേരള സർക്കാർ**

# നവകേരളത്തിന് ജനകീയാസൂത്രണം

**പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ (2017-2022)**
**ആദ്യവാർഷിക പദ്ധതി (2017-18) തയ്യാറാക്കൽ**

# പഞ്ചായത്തിരാജ്/നഗരപാലികസ്ഥാപനങ്ങൾ സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗരേഖ

**(സ.ഉ.(എം.എസ്)നമ്പർ.80/2017/തസ്വഭവ, തീയതി. 03.04.2017)**

**തദ്ദേശസ്വയംഭരണവകുപ്പ്**

**തിരുവനന്തപുരം**

**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-നവകേരളത്തിന് ജനകീയാസൂത്രണം-പഞ്ചായത്തിരാജ്/നഗരപാലിക സ്ഥാപനങ്ങൾ-പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ ആദ്യവാർഷിക പദ്ധതി തയ്യാറാക്കൽ-സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഡി.എ)വകുപ്പ്**

സ.ഉ(എം.എസ്)നം.80/2017/തസ്വഭവ                തിരുവനന്തപുരം, തീയതി: 03.04.2017

പരാമർശം :
1. 09.01.2017 ലെ സ.ഉ.(എം.എസ്)നം.10/2017/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
2. 09.01.2017 ലെ സ.ഉ.(എം.എസ്)നം.11/2017/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
3. 29.03.2017 ലെ സ.ഉ.(എം.എസ്)നം.72/2017/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്
4. 03.04.2017 ലെ സ.ഉ.(എം.എസ്)നം.79/2017/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

പഞ്ചായത്തിരാജ്/നഗരപാലിക സ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവൽസരപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പരാമർശം ഒന്ന് മുതൽ നാലുവരെ ഉത്തരവുകൾ മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ തുടർച്ചയായി, സബ്സിഡി മാനദണ്ഡങ്ങളും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു. സബ്സിഡി മാനദണ്ഡങ്ങളും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച് മുമ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾക്ക് പകരമാണ് ഈ മാർഗ്ഗരേഖ എന്നു സർക്കാർ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ടി.കെ.ജോസ്
പ്രിൻസിപ്പൽ സെക്രട്ടറി

1 എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2 എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3 എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4 എല്ലാ കോർപ്പറേഷൻ മേയർമാർക്കും, സെക്രട്ടറിമാർക്കും
5 എല്ലാ മുൻസിപ്പൽ ചെയർപേഴ്സൺമാർക്കും, സെക്രട്ടറിമാർക്കും
6 എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
7 എല്ലാ ജില്ലാ കളക്ടർമാർക്കും (ജില്ലാ ആസൂത്രണസമിതി മെമ്പർ സെക്രട്ടറിമാർ)
8 സെക്രട്ടറി, ആസൂത്രണ സാമ്പത്തിക വകുപ്പ്
9 എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും ഗവൺമെന്റ് സെക്രട്ടറിമാർക്കും സ്പെഷ്യൽ സെക്രട്ടറിമാർക്കും
10 മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
11 പഞ്ചായത്ത് ഡയറക്ടർ
12 ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
13 നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
14 പൊതു വിദ്യാഭ്യാസ ഡയറക്ടർ
15 പട്ടികജാതി വികസന ഡയറക്ടർ
16 പട്ടികവർഗ വികസന ഡയറക്ടർ
17 ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ

18 ഹെൽത്ത് സർവ്വീസ് ഡയറക്ടർ
19 ഡയറക്ടർ ആയുഷ് വകുപ്പ്
20 പബ്ലിക് റിലേഷൻസ് ഡയറകടർ (അടിയന്തിര പത്രക്കുറിപ്പിന്)
21 മറ്റ് എല്ലാ വകുപ്പ് മേധാവികൾക്കും
22 മുഖ്യ നഗരാസൂത്രകൻ
23 ഡയറക്ടർ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
24 എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
25 എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
26 എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം.
27 എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
28 എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
29 എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും (ജനറൽ)
30 കൺവീനർ സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (കനറാ ബാങ്ക്, തിരുവനന്തപുരം)(ഉപരിപത്രം സഹിതം)
31 എല്ലാ കൺവീനർമാർക്കും ജില്ലാതല ബാങ്കേഴ്സ് കമ്മിറ്റികൾക്കും(ഉപരിപത്രം സഹിതം)
32 ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
33 സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ
34 ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
35 സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
36 സെക്രട്ടറി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ
37 സെക്രട്ടറി മുൻസിപ്പൽ ചെയർപേഴ്സൺമാരുടെ ചേംബർ
38 സെക്രട്ടറി, മേയേഴ്സ് കൗൺസിൽ
39 പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
40 അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം

പകർപ്പ്:-

1. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. ധനകാര്യവകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. തദ്ദേശസ്വയംഭരണ  വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
4. കൃഷി വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
5. മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പുമന്ത്രിയുടെ  പ്രൈവറ്റ് സെക്രട്ടറിക്ക്
6. ഫിഷറീസ് വകുപ്പ്/കയർ/കശുവണ്ടി വികസന വകുപ്പുമന്ത്രിയുടെ  പ്രൈവറ്റ് സെക്രട്ടറിക്ക്
7. ചെറുകിട വ്യവസായ വകുപ്പ്മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
8. ആരോഗ്യ-സാമൂഹ്യനീതി വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
9. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ  പ്രൈവറ്റ് സെക്രട്ടറിക്ക്
10. പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമ വികസന വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഉത്തരവിൻപ്രകാരം

Saradadevi

സെക്ഷൻ ഓഫീസർ

## തദ്ദേശഭരണസ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗരേഖ

**1. ഉദ്ദേശ്യം.**

1.1 മത്സരാധിഷ്ഠിത കമ്പോളം അവഗണിക്കുന്ന പരിസ്ഥിതി സൗഹൃദ, പ്രാദേശിക വിഭവാധിഷ്ഠിത, തൊഴിലധിഷ്ഠിത, സാമ്പത്തിക വികസന സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാനുള്ള ഉപാധിയായാണ് സബ്സിഡിയെ കാണുന്നത്.

1.2 വ്യക്തിഗതമായ സബ്സിഡി, ഗുണഭോക്താക്കൾ മുതൽ മുടുക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയാണ് നൽകുന്നത്.

1.3 ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾക്ക് പൂരകമായോ അനുപൂരകമായോ മുതൽമുടക്കാൻ ഗുണഭോക്താക്കളെ പ്രേരിപ്പിക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമമാണ് ഉത്പാദനമേഖലയിലെ വ്യക്തിഗത സബ്സിഡി.

1.4 പൊതു ആവശ്യത്തിനല്ലാതെ ഒരു ഗുണഭോക്താവിന്റെ സ്വന്തം ആവശ്യത്തിനുവേണ്ടി ഗുണഭോക്താവ് സ്വയം നടത്തുന്ന/നടത്തേണ്ട പ്രവർത്തനത്തിന് പൊതുധനത്തിൽ നിന്ന് നൽകുന്ന ധനസഹായമാണ് സേവന- ക്ഷേമ മേഖലകളിലെ സബ്സിഡി. അതുകൊണ്ട് ആവശ്യത്തിനുവേണ്ട മുഴുവൻ തുകയും സബ്സിഡിയായി നൽകുകയല്ല മറിച്ച് അതിലേയ്ക്ക് ഉചിതമായ ഒരു വിഹിതം നൽകുകയാണ്.

1.5 സ്ഥാപനങ്ങൾക്ക് നൽകുന്ന ധനസഹായം പ്രാദേശികമായ ഉത്പാദന/തൊഴിൽ വർദ്ധനവ് സാദ്ധ്യമാക്കുന്നതിന് വേണ്ടിയുള്ള പ്രോത്സാഹനമാണ്.

1.6 എല്ലാ സബ്സിഡി പ്രോജക്ടുകളും ഗുണഭോക്തൃ വിഹിതമോ ഗുണഭോക്താക്കളുടെ പ്രവർത്തനമോ ഉറപ്പാക്കുന്ന സംയോജിത പരിപാടിയുടെ ഭാഗമായിരിക്കണം.

1.7 എല്ലാ ഗ്രൂപ്പ് സംരംഭങ്ങളിലും കുടുംബശ്രീ സംവിധാനത്തിന്/സംരംഭക യൂണിറ്റുകൾക്ക് മുൻഗണന നൽകേണ്ടതാണ്.

**2. പൊതു നിബന്ധനകൾ**

2.1 സബ്സിഡി സംബന്ധിച്ച ഈ മാർഗരേഖയിൽ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങളിൽ നിന്നും അതത് പ്രോജക്ടിന് അനുയോജ്യമായവ അർഹതാ/യോഗ്യത മാനദണ്ഡങ്ങളായി നിർബന്ധമായും ചേർക്കേണ്ടതാണ്. പ്രാദേശിക പ്രത്യേകത അനുസരിച്ച് മുൻഗണന മാനദണ്ഡങ്ങൾ തദ്ദേശഭരണസ്ഥാപനതലത്തിൽ കൂട്ടിച്ചേർക്കാവുന്നതാണ്.

2.2 ഈ മാർഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഇനത്തിനോ, ഓരോ ഇനത്തിനും പറഞ്ഞ പ്രകാരമല്ലാത്ത വിഭാഗങ്ങൾക്കോ, ഓരോ ഇനത്തിലും പറഞ്ഞിട്ടുള്ളതിൽ അധികരിച്ച നിരക്കിലോ തുകയിലോ സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. മുൻകൂർ അനുമതി ലഭിച്ച ശേഷമേ പ്രോജക്ട് തയ്യാറാക്കാവൂ.

2.3 സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശഭരണസ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതാണ്.

2.4 ഒരിനത്തിന് മറ്റേതെങ്കിലും സർക്കാർ ധനസഹായം ലഭിക്കുന്ന വ്യക്തിക്ക്/ ഗ്രൂപ്പിന്/സ്ഥാപനത്തിന് അതേ ഇനത്തിന് സർക്കാർ പ്രത്യേകമായി നിർദ്ദേശിച്ചിട്ടില്ലെങ്കിൽ ഈ മാർഗരേഖ പ്രകാരമുള്ള സബ്സിഡിക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

2.5 സ്ഥാവരമോ ജംഗമമോ ആയ ആസ്തികൾക്ക്, മുൻ വർഷങ്ങളിൽ സർക്കാർ ധനസഹായമോ തദ്ദേശഭരണസ്ഥാപനത്തിൽ നിന്നുള്ള ധനസഹായമോ ലഭിച്ചിട്ടുള്ളവർ, സർക്കാർ/തദ്ദേശഭരണസ്ഥാപനം നിശ്ചയിക്കുന്ന നിശ്ചിത കാലാവധിക്കുശേഷം മാത്രമേ അതേ ഇനങ്ങൾക്ക് വീണ്ടും സബ്സിഡി ലഭിക്കുന്നതിന് അർഹരാകുകയുള്ളൂ.

2.6 ഉത്പാദനോപാധികളും യന്ത്ര സാമഗ്രികളും അടക്കമുള്ള എല്ലാ മേഖലയിലേയും വസ്തുക്കൾ, ആസ്തികൾ മുതലായവ നിർവഹണ ഉദ്യോഗസ്ഥൻ വാങ്ങി നൽകുന്ന സംഗതികളിൽ മാത്രമാണ് ഗുണഭോക്തൃ വിഹിതം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ അടയ്ക്കേണ്ടത്.

2.7 നിർവഹണ ഉദ്യോഗസ്ഥന്റെ വാങ്ങൽ നടപടിക്രമങ്ങൾ മാർഗരേഖയിൽ പ്രത്യേകം പരാമർശിക്കാത്ത സംഗതികളിൽ ജി.ഒ(പി)259/2010/തസ്വഭവ തീയതി 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമായിരിക്കും. വാങ്ങൽ പ്രോജക്ടുകൾ അതാത് നിർവ്വഹണ ഉദ്യോഗസ്ഥൻ തന്നെ തയ്യാറാക്കി തൊട്ട്മുകളിലുള്ള ഉദ്യോഗസ്ഥനു വെറ്റിംഗിന് സമർപ്പിച്ച് അംഗീകാരം വാങ്ങി നടപ്പാക്കേണ്ടതാണ്.

2.8 വ്യക്തികൾ/ഗ്രൂപ്പുകൾ/സ്ഥാപനങ്ങൾ/ഗുണഭോക്തൃ സമിതികൾ എന്നിവർ (ഗുണഭോക്താവ്) നേരിട്ട് വാങ്ങിക്കുന്ന സംഗതികളിൽ (സ്ഥലം ഉൾപ്പെടെ) നിർവഹണ ഉദ്യോഗസ്ഥൻ വ്യക്തിപരമായി പരിശോധിച്ച് ഗുണനിലവാരവും അനുയോജ്യതയും ഉറപ്പാക്കി സാക്ഷ്യപ്പെടുത്തിയതിനു ശേഷമാണ് സബ്സിഡി

അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് അടയ്ക്കേണ്ടത്. ഇങ്ങനെയുള്ള സന്ദർഭത്തിൽ ഗുണഭോക്തൃ വിഹിതം തദ്ദേശഭരണസ്ഥാപനത്തിൽ അടയ്ക്കേണ്ടതില്ല.

2.9 ഗുണഭോക്താവ് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ/സ്വയംതൊഴിൽ പ്രവർത്തനങ്ങൾ/ഗ്രൂപ്പ് സംരംഭങ്ങൾ/കമ്പോസ്റ്റുകൾ/ബയോഗ്യാസ് പ്ലാന്റുകൾ മറ്റ് പ്രവർത്തനങ്ങൾ എന്നിവയുടെ മാനദണ്ഡങ്ങളും നിബന്ധനകളും പൂർത്തിയാക്കിയാൽ ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥൻ അവർക്കുള്ള സബ്സിഡി ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകേണ്ടതാണ്.

2.10 മൂല്യ നിർണ്ണയം എങ്ങിനെയെന്ന് പ്രത്യേകം പരാമർശിക്കാത്തതും മാനദണ്ഡങ്ങൾ പ്രകാരം ആവശ്യമായി വരുന്നതുമായ സംഗതികളിൽ എൽ.എസ്.ജി.ഡി. എഞ്ചിനീയർ നിലവിലുള്ള നിയമപ്രകാരം മൂല്യ നിർണ്ണയം നടത്തേണ്ടതാണ്.

2.11 പ്രത്യേകം അനുവദിക്കപ്പെട്ട സംഗതികളിൽ ഒഴികെ സബ്സിഡി അഡ്വാൻസായി നൽകാവുന്നതല്ല.

2.12 നാമമാത്രമായ പെൻഷൻ ഉൾപ്പെടെ വാർഷിക വരുമാനം പൊതു വിഭാഗത്തിൽ ഒരു ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിന് രണ്ടു ലക്ഷവും രൂപ വരെയും ബി.പി.എൽ. ആയി കണക്കാക്കി ആനുകൂല്യങ്ങൾ നൽകാവുന്നതാണ്. ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വരാണെങ്കിലും മേൽപ്പറഞ്ഞതിൽ കൂടുതൽ വരുമാനമുള്ള കുടുംബത്തിന് ബി.പി.എൽ വിഭാഗത്തിനുള്ള ആനുകൂല്യം നൽകാൻ പാടില്ല. പട്ടികവർഗ്ഗ വിഭാഗത്തിന് വരുമാന പരിധി ബാധകമല്ല.

2.13 വരുമാന സർട്ടിഫിക്കറ്റ് റവന്യൂ അധികാരികൾ സാക്ഷ്യപ്പെടുത്തിയതോ/നിർവഹണ ഉദ്യോഗസ്ഥർ സ്വയം അന്വേഷിച്ച് സാക്ഷ്യപ്പെടുത്തിയതോ ആയിരിക്കണം.

2.14 അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് നിർബന്ധിക്കേണ്ടതില്ല. ആനുകൂല്യം വിതരണം ചെയ്യുന്നതിനുമുമ്പ് വരുമാനം സാക്ഷ്യപ്പെടുത്തിയ രേഖ ഹാജരാക്കിയാൽമതി

2.15 താഴെപ്പറയുന്നവരെ ജനറൽ 1 ലക്ഷം/പട്ടികജാതി 2 ലക്ഷം രൂപയിൽ കുറവ് വരുമാനം ഉള്ളവരായി കണക്കാക്കാവുന്നതല്ല.

(i) സർക്കാർ/അർദ്ധസർക്കാർ/എയ്ഡഡ്/സഹകരണ സ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർ, പെൻഷണർ/ഫാമിലി പെൻഷണർ എന്നിവരിലാരെങ്കിലും ഉൾപ്പെടുന്ന കുടുംബം (എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്ന് താൽക്കാലിക നിയമനം/ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന സാധാരണ തൊഴിലാളികൾ ഒഴികെ)

(ii) പൊതുമേഖല/സ്വകാര്യ സ്ഥാപനങ്ങളിലെ സ്ഥിരം ശമ്പളം പറ്റുന്ന ജീവനക്കാർ ഉൾപ്പെടുന്ന കുടുംബം (കയർ, കൈത്തറി, കശുവണ്ടി തുടങ്ങിയ പരമ്പരാഗത മേഖലകളിൽ ജോലി ചെയ്യുന്ന സാധാരണ തൊഴിലാളികൾ ഒഴികെ)

(iii) സ്വകാര്യ ഉപയോഗത്തിനുള്ള നാല്ചക്ര മോട്ടോർ വാഹനം ഉടമസ്ഥാവകാശത്തിലുള്ള കുടുംബം, ഒന്നിലേറെ (ടാക്സി അടക്കമുള്ള) നാല് ചക്ര വാഹനങ്ങൾ ഉടമസ്ഥാവകാശത്തിലുള്ള കുടുംബം, ബസ്, ലോറി, ട്രാക്ടർ എർത്ത് മൂവർ തുടങ്ങി വലിയ വാഹനങ്ങൾ/യന്ത്രങ്ങൾ ഉടമസ്ഥതയിലുള്ള കുടുംബം.

(iv) പ്രതിമാസം സ്ഥിരം തൊഴിൽ/വാടക/കൃഷി മറ്റു സ്ഥിര വരുമാനങ്ങൾ എന്നിവയിൽ നിന്നും കുടുംബ വാർഷിക വരുമാനം പൊതുവിഭാഗം 1 ലക്ഷം/ പട്ടികജാതി 2 ലക്ഷം രൂപയിൽ കവിയുന്ന കുടുംബങ്ങൾ

2.16 എല്ലാ വിഭാഗങ്ങൾക്കും ഭവന നിർമ്മാണത്തിന് ലൈഫ് മിഷൻ നിശ്ചയിക്കുന്ന വരുമാന പരിധിയും മാനദണ്ഡങ്ങളും ബാധകമായിരിക്കും.

2.17 വ്യക്തിഗത ആനുകൂല്യങ്ങൾക്കുള്ള പരമാവധി കുടുംബ വാർഷിക സബ്സിഡി പരിധി പൊതുവിഭാഗത്തിന് 30,000/- രൂപയും പട്ടികജാതി വിഭാഗത്തിന് 50,000/- രൂപയും ആയിരിക്കും പട്ടികവർഗ്ഗ വിഭാഗത്തിന് പരിധിയില്ല. (ഭവന നിർമ്മാണത്തിനും പട്ടികജാതി/പട്ടിക വർഗ്ഗവിഭാഗം വിദ്യാർത്ഥികൾക്കും, വിദേശത്തു പോകുന്ന പട്ടികജാതി/പട്ടികവർഗ്ഗ യുവാക്കൾക്ക് നൽകുന്ന ധനസഹായവും ഭവനനിർമ്മാണവും സംരഭകത്വ റിവോൾവിംഗ് ഫണ്ടും ഇതിൽ ഉൾപ്പെടില്ല).

## 3. ജില്ലാതല യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കൽ :-

3.1 വ്യക്തിഗത ഗുണഭോക്താക്കൾക്ക് ലഭ്യമാക്കേണ്ട താഴെപ്പറയുന്ന ആസ്തികളുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിലാണ് നിശ്ചയിക്കേണ്ടത്. ഇത് നിശ്ചയിക്കുന്നതിന് ജില്ലാആസൂത്രണ സമിതി തലത്തിൽ സാങ്കേതിക വിദഗ്ദ്ധരുടെ ഒരു സമിതി രൂപീകരിക്കേണ്ടത് ആവശ്യമാണ്. സമിതിയുടെ ഘടന ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| അദ്ധ്യക്ഷൻ | - | ജില്ലാ കളക്ടർ |
| കൺവീനർ | - | ജില്ലാ പ്ലാനിംഗ് ആഫീസർ |
| ജോയിന്റ്കൺവീനർ | - | ബന്ധപ്പെട്ട വിഷയ മേഖലയിലെ ജില്ലാതല ഉദ്യോഗസ്ഥൻ (നിർബന്ധം) |
| അംഗങ്ങൾ | - | 1)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ<br>2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ)<br>3)റീജിയണൽ ജോയിന്റ് ഡയറക്ടർ, അർബൻ അഫയേഴ്സ് വകുപ്പ്<br>4) ജില്ലാ ആഫീസർ, എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് |

**3.2 സമിതിയുടെ ചുമതലകൾ:**

1) നിർദ്ദിഷ്ട ആസ്തിയുടെ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കുക.
2) നിർദ്ദിഷ്ട ആസ്തിയുടെ യൂണിറ്റ് കോസ്റ്റിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിന് നൽകേണ്ട സബ്സിഡി തുക നിശ്ചയിക്കുക.
3) സാധാരണ ഗതിയിൽ സംസ്ഥാന പദ്ധതികളിലും, വകുപ്പ്തല യൂണിറ്റ് കോസ്റ്റിലും നിർദ്ദേശിക്കപ്പെട്ടതിലധികരിക്കാൻ പാടില്ല. വ്യത്യാസം വരുത്തുന്നെങ്കിൽ കാരണം വ്യക്തമാക്കണം.
4) താഴെപ്പറയുന്ന ആസ്തികളുടെ ജില്ലാതല യൂണിറ്റ് കോസ്റ്റ് 2017 ഏപ്രിൽ 10 ന് മുമ്പ് നിശ്ചയിച്ച് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്.

**3.3 ജില്ലാതലത്തിൽ യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കേണ്ട ഇനങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും**

| ക്രമ നം | ഇനങ്ങൾ | | ജില്ലാതല ഉദ്യോഗസ്ഥൻ |
|---|---|---|---|
| 1 | 1. ജൈവ കീടനാശിനി, ജീവാണുകീടനാശിനി, ജൈവ വളങ്ങൾ, (പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന ജൈവവളങ്ങൾ)<br>2. പെട്ടിയും പറയും<br>3. പ്രാദേശിക നെല്ല് വിത്തിനങ്ങൾ | - | ജില്ലാ കൃഷി ഓഫീസർ |
| 2 | മുട്ടകോഴിവളർത്തൽ, കറവപശു,കറവയുള്ള എരുമ, പ്രാദേശിക ജനുസുകൾ | | ജില്ലാ മൃഗസംരക്ഷണ ഓഫീസർ |
| 3 | തീറ്റപ്പുൽ കൃഷി വിത്തിന്റെ വില | - | ജില്ലാ ക്ഷീര വികസന ആഫീസർ |
| 4 | 1. മത്സ്യ ബന്ധനത്തിനുള്ള വള്ളം (ഡിങ്കി)<br>2. ഗിൽനെറ്റും ഡിങ്കിയും, കട്ടമരം,<br>3. ഔട്ട് ബോർഡ് എഞ്ചിൻ,വല എന്നിവ ഉൾപ്പെടെ ഡിങ്കി.<br>4. മത്സ്യകച്ചവടത്തിനുള്ള ഐസ് ബോക്സ്<br>5. അലങ്കാര മത്സ്യക്കൃഷി വളർത്തലും വിപണനവും അക്വേറിയം രൂപ കൽപനയും<br>6. കടൽ സുരക്ഷാ ഉപകരണം<br>7. ഗിൽനെറ്റ്<br>8. മത്സ്യം ഉണക്കുന്നതിനുള്ള ഡ്രയറുകൾ<br>9. ഗിൽനെറ്റും ഡിങ്കിയും (ഉൾനാടൻ), കൂട് കൃഷി<br>10. മത്സ്യകൃഷിക്ക് ആവശ്യമായ സംരക്ഷണവല | | ജില്ലാ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് ഫിഷറീസ് |

## 4 നൂതന പ്രോജക്ടുകൾ (INNOVATIVE) അംഗീകാര നടപടികളും സബ്സിഡിയും:

പ്രാദേശിക വികസന പ്രശ്നങ്ങളുടെ പ്രത്യേകതകൾ വിശകലനം ചെയ്തു പ്രശ്നപരിഹാരത്തിന് അതാതിടങ്ങളിലെ വിഭവസാദ്ധ്യതകൾക്കനുസരിച്ച് അനുയോജ്യമായ പരിഹാരനിർദ്ദേശങ്ങൾ രൂപപ്പെടുത്തുകയാണ് വികേന്ദ്രീകൃതാസൂത്രണ ലക്ഷ്യങ്ങളിൽ പ്രധാനമായത്. എന്നാൽ ഇപ്രകാരം തയ്യാറാക്കപ്പെടുന്ന പ്രോജക്ടുകളിൽ പലതും ഈ ഉത്തരവിലോ സർക്കാർ വകുപ്പുകളുടെ ഉത്തരവിലോ നിർദ്ദേശിക്കുന്ന സബ്സിഡി മാനദണ്ഡങ്ങൾ അനുസരിച്ച് തയ്യാറാക്കാൻ പറ്റുന്നവയാവണമെന്നില്ല. അവയ്ക്ക് സാധാരണ പ്രോജക്ട് അംഗീകാര രീതിയിൽ നിന്നും വ്യത്യസ്ഥമായി ചുവടെപ്പറയുന്ന ഘടകങ്ങൾ പരിശോധിച്ച് അനുമതി നൽകുന്നതിന് ജില്ലാ ആസൂത്രണസമിതിയുടെ ഒരു വിദഗ്ധസമതിയെ നിയോഗിക്കേണ്ടതാണ്. പ്രസ്തുത വിദഗ്ധ സമിതി ചുവടെ പറയുന്ന കാര്യങ്ങൾ പരിശോധിക്കണം.

(1) നിർദ്ദേശിക്കപ്പെടുന്ന പ്രോജക്റ്റ് തദ്ദേശഭരണസ്ഥാപനത്തിന്റെ ചുമതലകളിൽപ്പെടുന്ന താണോ?
(2) സംസ്ഥാന സർക്കർ വകുപ്പിലെയോ ഈ ഉത്തരവിലേയോ സബ്സിഡി മാനദണ്ഡ ങ്ങൾ ബാധകമാക്കാവുന്നതാണോ?
(3) നിർദ്ദിഷ്ഠ പ്രോജക്ടിനായി നിർദ്ദേശിക്കപ്പെടുന്ന ചെലവുകളും പ്രതീക്ഷിക്കുന്ന സബ്സിഡികളും അനുയോജ്യവും നീതീകരിക്കാവുന്നതുമാണോ? പ്രോജക്ടിന് സാങ്കേതിക മികവുണ്ടോ?
(4) തദ്ദേശഭരണസ്ഥാപനങ്ങൾ ഇടപെട്ട് സഹായിക്കാതെ തന്നെ സ്വകാര്യ വ്യക്തികൾ/ സ്ഥാപനങ്ങൾ വിജയകരമായി പ്രവർത്തിക്കുന്ന മേഖലയാണോ? അല്ലെങ്കിൽ മാത്രമേ തദ്ദേശഭരണസ്ഥാപനം ഇടപെടേണ്ടതുള്ളു.

ഈ വക കാര്യങ്ങൾ പ്രോജക്റ്റ് വിഭാവന ചെയ്തവരുമായി ചർച്ച ചെയ്തു ഭേദഗതി ആവശ്യമാണെങ്കിൽ അവകൂടി ഉൾപ്പെടുത്തി സാങ്കേതിക മികവുള്ള പ്രോജക്ടുകളാണെന്ന് ഉറപ്പാക്കി റിപ്പോർട്ട് ചെയ്യുകയാണ് സമിതിയുടെ ചുമതല. നിർദ്ദേശിക്കപ്പെടുന്ന നൂതനാശയം പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകതയും നിർദ്ദേശിക്കപ്പെടുന്ന ചെലവും സബ്സിഡിയും നീതികരിക്കുന്നതിനുള്ള യുക്തിയും റിപ്പോർട്ട് ചെയ്യണം.

നൂതന പ്രോജക്ടുകൾ പരിശോധിക്കുന്നതിനുള്ള ജില്ലാ ആസൂത്രണ സമിതി വിദഗ്ധ സമിതിയുടെ ഘടന

| | | |
|---|---|---|
| ജില്ലാ കളക്ടർ | - | ചെയർമാൻ |
| ജില്ലാ പ്ലാനിംഗ് ആഫീസർ | - | കൺവീനർ |
| ജില്ലാ ആസൂത്രണ സമിതി സർക്കാർ നോമിനി | - | അംഗം |
| പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ | - | അംഗം |
| അസിസ്റ്റന്റ് ഡെവലപ്പെന്റ് കമ്മീഷണർ(ജനറൽ) | - | അംഗം |
| ആർ. ജെ.ഡി., നഗരകാര്യം | - | അംഗം |
| ഠൗൺപ്ലാനർ | - | അംഗം |

മേൽപ്പറഞ്ഞ സ്ഥിരം അംഗങ്ങളോടൊപ്പം പ്രോജക്റ്റ് ഉൾപ്പെടുന്ന വികസന മേഖലയുടെ/വിഷ യമേഖലയുടെ ജില്ലാതല ആഫീസർ, ജില്ലാ തലത്തിൽ ലഭ്യമായ ഒരുവിഷയമേഖല വിദഗ്ദ്ധൻ എന്നിവരടങ്ങുന്നതായിരിക്കും.

പ്രോജക്ടിലെ മൊത്തം സബ്സിഡി ആനുകൂല്യം ഈ ഉത്തരവിൽ ഖണ്ഡിക 2.17 ലെ വ്യ ക്തിഗത സബ്സിഡി പരിധി ലംഘിക്കുന്നില്ലെങ്കിൽ ഡി.പി.സി. തലത്തിൽ തന്നെ പ്രോജക്ടിന് അനുമതി നൽകാവുന്നതാണ്. സബ്സിഡി പരിധി അധികരിക്കുന്ന പ്രോജക്ടുകൾ സംസ്ഥാ നസർക്കാരിന്റെ പരിഗണനയ്ക്ക് വേണ്ടി സംസ്ഥാന കോർഡിനേഷൻ കമ്മിറ്റിയ്ക്ക് അയക്കാ വുന്നതാണ്. കമ്മിറ്റി പരിശോധിച്ച് അംഗീകാരയോഗ്യമെങ്കിൽ താഴെ പറയുന്നവ വ്യവസ്ഥ ചെയ്ത് അംഗീകരിക്കും.

1. സൂക്ഷ്മ വികസന മേഖലയിൽ ഉൾപ്പെടുത്തുന്നതിനുള്ള കോഡ്
2. സബ്സിഡി/ചെലവ് അനുമതി (നിർദ്ദിഷ്ഠ പ്രോജക്ടിന് മാത്രമോ/പൊതുവായോ)

## 5. സംസ്ഥാന സ്കീമുകളിലെ സബ്സിഡി സാദ്ധ്യതകൾ സ്വീകരിക്കുന്നതിന് നിയന്ത്രിത അനുമതി

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ പട്ടിക 3,4, 5 പ്രകാരവും നഗരപാലിക നിയ മത്തിലെ പട്ടിക 1 ലും തദ്ദേശഭരണസ്ഥാപനങ്ങളെ ഏൽപ്പിച്ചിട്ടുള്ള ചുമതലകളുടെ കാര്യക്ഷമമായ പൂർത്തീകരണത്തിനായി പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് ഈ സബ്സിഡി ഉത്തരവിൽ ഇല്ലാത്തതും കേരള സംസ്ഥാന സർക്കാർ സ്കീമുകളിൽ ഉള്ളതുമായ സബ്സിഡി നിരക്കുകൾ ചുവടെ ചേർക്കുന്ന വ്യവസ്ഥകൾ പ്രകാരം പ്രയോജനപ്പെടുത്തുന്ന തിനുള്ള നിയന്ത്രിത അനുമതി നൽകുന്നു.

5.1 തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ഈ ഉത്തരവിൽ വ്യവസ്ഥപ്പെടുത്തിയിട്ടുള്ള സബ് സിഡി ഇനങ്ങളും തുകകളും അപ്രകാരം തന്നെ ഉപയോഗിക്കേണ്ടതാണ്. എന്നാൽ ഈ ഉത്തരവിൽ ഇല്ലാത്തതും സംസ്ഥാന സ്കീമുകളിൽ ഉള്ളതുമായ സബ്സിഡി നിരക്കുകൾ ഏതെങ്കിലും പ്രോജക്ടുകൾക്ക് പ്രയോജനപ്പെടുത്തേണ്ടത് ആവശ്യ മാണെങ്കിൽ ഉപയോഗപ്പെടുത്താവുന്നതാണ്.

5.2 മുൻ സാമ്പത്തിക വർഷത്തെ സംസ്ഥാന നിരക്ക് ബാധകം:- സംസ്ഥാന പദ്ധതി സബ്സിഡി ഉപയോഗിക്കേണ്ടിവരുമ്പോൾ തൻവർഷത്തെ പദ്ധതികളുടെ സബ്സിഡി സ്വീകരിക്കുന്നത്, അംഗീകരിച്ച പ്രോജക്ടുകൾക്ക് ഭേദഗതികൾ ആവശ്യമാക്കും എന്നതിനാൽ തൊട്ട് മുൻ വർഷത്തെ സബ്സിഡി മാനദണ്ഡങ്ങൾ ബാധകമാക്കാ

വുന്നതാണ്. അതായത് തദ്ദേശഭരണസ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതിക്കായി സംസ്ഥാന പദ്ധതിയുടെ 2016-17 വർഷത്തെ സബ്സിഡി മാനദണ്ഡങ്ങളായിരിക്കും ബാധകമാകുക.

5.3 ഇതിനായി നിർവഹണ ഉദ്യോഗസ്ഥർ പ്രോജക്ട് തയ്യാറാക്കുമ്പോൾ തന്നെ ബന്ധപ്പെട്ട ഉത്തരവ് നമ്പറും, തീയതിയും, ഇനങ്ങളും, തുകയും പ്രോജക്ടിൽ രേഖപ്പെടുത്തുണം.

5.4 ഇതേ ഇനം പ്രവൃത്തിക്ക് ബാധകമായ സബ്സിഡി മാനദണ്ഡം തദ്ദേശഭരണ സ്ഥാപന സബ്സിഡി മാർഗരേഖയിൽ ഇല്ലെന്നും അതിനാലാണ് സംസ്ഥാന സബ്സിഡി ഉപയോഗിക്കുന്നതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം.

5.5 പ്രോജക്ട് പരിശോധനാ ഉദ്യോഗസ്ഥനും ഇത് പരിശോധിച്ച് പ്രത്യേകമായി അംഗീകാരം നൽകണം.

## 6. സംരംഭകത്വ പ്രോത്സാഹനത്തിന് റിവോൾവിംഗ് ഫണ്ടും പലിശ സബ്സിഡിയും

പ്രാദേശിക സാമ്പത്തിക വികസനം പ്രോത്സാഹിപ്പിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നിലവിൽ സബ്സിഡി നൽകുന്ന സമീപനമാണ് സ്വീകരിച്ചുവരുന്നത്. ഇത് സുസ്ഥിരമായ വികസനത്തിന് കാര്യക്ഷമമായ പിന്തുണ നൽകുന്നതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ പ്രവാസികൾ ഉൾപ്പെടെയുള്ള യുവസംരംഭകരുടെ കൂട്ടായ പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുന്നതിന് റിവോൾവിംഗ് ഫണ്ടും ധനകാര്യസ്ഥാപന വായ്പയ്ക്കുള്ള പലിശ സബ്സിഡിയും അനുയോജ്യമായ നിലയിൽ നൽകുന്നത് അഭികാമ്യമാണെന്ന് കാണുന്നു. ആയതിനാൽ സംരംഭകത്വ പ്രോത്സാഹനത്തിന് റിവോൾവിംഗ് ഫണ്ടും 2018-19 മുതൽ ഇവർക്ക് ഇതിനായി എടുത്തിട്ടുള്ള ധനകാര്യ സ്ഥാപന (സ്വകാര്യമല്ല) വായ്പയ്ക്ക് പലിശ സബ്സിഡിയും നൽകുന്നതിന് ചുവടെ ചേർത്തിട്ടുള്ള വ്യവസ്ഥകൾ പ്രകാരം പ്രോജക്ടുകൾ രൂപീകരിക്കാവുന്നതാണ്.

### 6.1. വ്യവസ്ഥകൾ

1. സംരംഭകത്വ ഗ്രൂപ്പുകളിൽ കുറഞ്ഞത് അഞ്ചു പേർ ഉണ്ടായിരിക്കണം, (Common interest Group)
2. 18-50 വയസ്സിനിടയിൽ പ്രായമുള്ളവരായിരിക്കണം.
3. പൊതു ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള വായപ കൂടി ഉപയോഗപ്പെടുത്തി സംരംഭം തുടങ്ങാൻ താല്പര്യമുള്ളവരായിരിക്കണം.
4. താഴെപ്പറയുന്ന മേഖലകളിൽ സംരംഭം തുടങ്ങാൻ താല്പര്യമുള്ളവരായിരിക്കണം.
   1) കൃഷി 2) മൃഗസംരക്ഷണം, 3) ക്ഷീര വികസനം 4) ചെറുകിട വ്യവസായം 5) മത്സ്യ സംസ്കരണം എന്നീ മേഖലകളിലെ ഉത്പാദനം, സംസ്ക്കരണം, മൂല്യ വർദ്ധിത ഉത്പാദനം, വിപണനം എന്നീ രംഗങ്ങളിൽ എതെങ്കിലുമോ, എല്ലാമോ കേന്ദ്രീകരിച്ചുള്ള പ്രവർത്തനം. ചെറുകിടവ്യവസായത്തിൽ കാർഷിക ഉല്പന്നാധിഷ്ഠിത വ്യവസായം, സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് നൽകൽ, പോളിഹൗസ്, മഴമറ എന്നിവ സ്ഥാപിച്ച് നൽകൽ, മാലിന്യം സംസ്കരിച്ച് വളമാക്കൽ, പ്ലാസ്റ്റിക് റീസൈക്കിളിംഗ് യൂണിറ്റുകൾ, പാഴ്വസ്തുക്കളിൽ നിന്ന് ഉല്പന്നം ഉണ്ടാക്കുന്ന യൂണിറ്റുകൾ തുടങ്ങിയവ ഉൾപ്പെടും.
5. തദ്ദേശഭരണസ്ഥാപനം അപേക്ഷ ക്ഷണിക്കുന്ന മുറയ്ക്ക് സംരംഭകർ വ്യക്തിഗത വിവരങ്ങൾ ഉൾപ്പെടുത്തി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സംരംഭം സംബന്ധിച്ച ഒരു പ്രോജക്ട് പ്രൊപ്പോസൽ നൽകി രജിസ്റ്റർ ചെയ്യണം.
6. എല്ലാ അപേക്ഷകളും ഗ്രാമപഞ്ചായത്തിലാണ് നൽകേണ്ടത്. 5 ലക്ഷം രൂപവരെ അടങ്കലുള്ളവ ഗ്രാമപഞ്ചായത്തും 5 മുതൽ 10 ലക്ഷം രൂപ വരെ അടങ്കലുള്ളവ ബ്ലോക്ക് പഞ്ചായത്തും 10 ലക്ഷത്തിന് മുകളിലുള്ളവ ജില്ലാ പഞ്ചായത്തുകളുമാണ് നടപ്പാക്കേണ്ടത്. എല്ലാ സംരംഭകരുടേയും ലിസ്റ്റിന് ബന്ധപ്പെട്ട ഗ്രാമസഭകളുടെ സാധൂകരണം വാങ്ങണം. പ്രൊപ്പോസലുകളുടെ സാമ്പത്തിക പരിധിക്കനുസരിച്ച് ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറും.
7. <u>**പ്രോജക്ട് ക്ലിനിക്ക്**</u> :-പ്രൊപ്പോസലുകളുടെ സാമ്പത്തിക ക്ഷമതയും, പ്രായോഗിക ക്ഷമതയും പരിശോധിക്കാനും വിശദാംശങ്ങളിൽ വ്യക്തത വരുത്താനും വേണ്ടി മുഖാമുഖവും ശില്പശാലയും ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനങ്ങൾ നടത്തി വായ്പാ സാദ്ധ്യതയുള്ള പ്രൊപ്പോസലുകളാക്കി രൂപപ്പെടുത്തും. ഇതിനായി വ്യവസായ വകുപ്പ് ഉഗ്യോഗസ്ഥൻ, ബാങ്ക് പ്രതിനിധി, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരടങ്ങിയ ഉപസമിതി രൂപീകരിക്കണം.
8. നിർവഹണ ഉദ്യോഗസ്ഥന്റെ ശുപാർശയോടുകൂടി പ്രൊപ്പോസലിന്റെ പകർപ്പ് സംരംഭകർക്ക് താല്പര്യമുള്ള ധനകാര്യ സ്ഥാപനത്തിന് നൽകും. സംരംഭകർക്ക് നിർദ്ദിഷ്ഠ പ്രവർത്തനത്തിനുള്ള പരിശീലനവും നൽകും. പരിശീലനത്തിന് PMKVY ഉൾപ്പെടെയുള്ള സാധ്യതകൾ ഉപയോഗപ്പെടുത്തണം

9. പ്രോജക്ടിന് ബാങ്ക് വായ്പ തരപ്പെടുത്തുന്നത് സംരംഭകരുടെ ഉത്തരവാദിത്തമാണ്. ആവശ്യമായ സഹായം BLBCയും DLBC യും വഴി തദ്ദേശഭരണസ്ഥാപനവും ചെയ്യും.
10. ബാങ്ക് വായ്പ അനുമതി ലഭിച്ചാലുടൻ സംരംഭകർക്ക് പ്രവർത്തനം ആരംഭിക്കാം അതിനാവശ്യമായ തദ്ദേശഭരണ അനുമതികൾ ഏകജാലക സംവിധാനത്തിലൂടെ തദ്ദേശഭരണസ്ഥാപന സെക്രട്ടറി ഉറപ്പാക്കും. മറ്റ് ലൈസൻസുകൾ സംരംഭകർ നേടിയിരിക്കണം.
11. സംരംഭത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ സജ്ജമാക്കി പ്രവർത്തനം ആരംഭിച്ചാൽ നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് ബോദ്ധ്യപ്പെട്ട് ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെട്ട് റിവോൾവിംഗ് ഫണ്ട് നൽകാൻ നടപടി സ്വീകരിക്കും.
12. സംരംഭകർക്ക് സബ്സിഡി നൽകുന്നതല്ല.

## 6.2 റിവോൾവിംഗ് ഫണ്ട് രൂപീകരണവും വിനിയോഗവും

1. സംരംഭകത്വ വികസനത്തിനായി തദ്ദേശഭരണസ്ഥാപനം നിശ്ചയിക്കുന്ന തുക പ്രോജക്ടിലൂടെ റിവോൾവിംഗ് ഫണ്ടിലേയ്ക്ക് വകയിരുത്തും. അത് സംരംഭകർക്ക് ചുവടെ ചേർക്കുന്ന പ്രകാരം വിതരണം ചെയ്യുന്നതാണ്.
   അംഗീകൃത പ്രോജക്ട് അടങ്കലിന്റെ 10% തുക റിവോൾവിംഗ് ഫണ്ട് അനുവദിക്കാവുന്നതാണ്. അടങ്കൽ 5 ലക്ഷത്തിൽ കുറവാണെങ്കിൽ 10% ത്തിൽ നിജപ്പെടുത്തിയും കൂടുതലാണെങ്കിൽ പരമാവധി പരിധിയിൽ നിജപ്പെടുത്തിയും നൽകേണ്ടതാണ്.

| തദ്ദേശഭരണസ്ഥാപനം | വ്യക്തികൾ (പരമാവധിതുക) | 5 പേരുള്ള ഗ്രൂപ്പ് (പരമാവധിതുക) |
|---|---|---|
| ഗ്രാമ പഞ്ചായത്ത് | 50,000/ | 2,50,000/- |
| ബ്ലോക്ക് പഞ്ചായത്ത് | 50,000/- | 3,00,000/- |
| ജില്ലാ പഞ്ചായത്ത് | 50,000/- | 5,00,000/- |
| മുൻസിപ്പാലിറ്റി | 50,000/- | 3,00,000/- |
| കോർപ്പറേഷൻ | 50,000/- | 5,00,000/- |

2. റിവോൾവിംഗ് ഫണ്ട് ഗുണഭോക്താവിനുള്ള ധനസഹായമല്ല. താൽക്കാലികമായ പലിശ രഹിത പ്രോത്സാഹനം മാത്രമാണ്.
3. ഇത് പ്രതിമാസ തവണകളായി തിരികെ അടയ്ക്കണം
4. തിരിച്ചടവ്, സഹായം ലഭിച്ച് മൂന്ന് മാസം കഴിഞ്ഞ് ആരംഭിച്ചാൽ മതിയാകും. ആദ്യത്തെ ഒൻപത് മാസം ഇ.എം.ഐ കുറഞ്ഞ നിരക്കിൽ നിശ്ചയിച്ച് നാല് വർഷത്തിനകം തിരിച്ചടവ് പൂർത്തിയാക്കുന്ന തരത്തിൽ നിർവ്വഹണ ഉദ്യോഹഗസ്ഥൻ ക്രമീകരിക്കണം.
5. റിവോൾവിംഗ് ഫണ്ട് തിരിച്ചടവ്-തവണ തുക തിരിച്ചടയ്ക്കേണ്ടത് ഈ ആവശ്യത്തിനായി നിർവഹണ ഉദ്യോഗസ്ഥന്റെ പേരിൽ ആരംഭിക്കുന്ന റിവോൾവിംഗ് ഫണ്ട് റീകൂപ്പ്മെന്റ് ബാങ്ക് അക്കൗണ്ടിലേയ്ക്കാണ്.
6. കരാർ വ്യവസ്ഥ പ്രകാരം സംരംഭം പ്രവർത്തിപ്പിച്ച് ഫലം കാണുന്നില്ലെങ്കിൽ അത് കരാർ ലംഘനമായികണ്ട് തുകയും പലിശയും തിരിച്ച് പിടിക്കാൻ ബന്ധപ്പെട്ട നിയമ പ്രകാരം നടപടി സ്വീകരിക്കാമെന്ന് സമ്മതിച്ച് കരാറിൽ വ്യവസ്ഥ ചെയ്യണം
7. റീ കൂപ്പ്മെന്റ് ഫണ്ടിൽ വരുന്ന തുകയും അടുത്ത വർഷം തദ്ദേശഭരണ സ്ഥാപനം വകയിരുത്തുന്ന തുകയും ചേർന്നതായിരിക്കും അടുത്ത വർഷത്തെ റിവോൾവിംഗ് ഫണ്ട്
8. റിവോൾവിംഗ് ഫണ്ട് സംബന്ധിച്ച് ഒരു രജിസ്റ്റർ നിർവഹണ ഉദ്യോഗസ്ഥൻ സൂക്ഷിക്കുന്നതും അതിൽ ഓരോ സംരംഭകർക്കും ഓരോ ഫോളിയോ നൽകി റിവോൾവിംഗ് ഫണ്ട് തവണ ഇടപാടുകളും ബാങ്ക് വായ്പ, കാലാവധി, പലിശനിരക്ക് എന്നിവയും രേഖപ്പെടുത്തി സൂക്ഷിക്കുന്നതാണ്.
9. റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് സംബന്ധിച്ച് ബാങ്ക് സ്ലിപ്പുകളുടെ പകർപ്പുകൾ അതാത് സമയം നിർവഹണ ഉദ്യോഗസ്ഥനു നൽകി രജിസ്റ്ററിൽ വരവുവയ്ക്കണം.
10. റിവോൾവിംഗ് ഫണ്ടിന്റെ പ്രതിമാസ തിരിച്ചടവ് തുകയും തവണകളും മറ്റ് വ്യവസ്ഥകളും ഉൾപ്പെടുത്തി സംരംഭകരും നിർവഹണ ഉദ്യോഗസ്ഥനുമായി ഒന്നിച്ചും പ്രത്യേകമായും കരാർ വയ്ക്കണം.

## 6.3 പലിശ സബ്സിഡി

1. സംരംഭകത്വ രജിസ്റ്റർ പ്രകാരം വാർഷികമായി കണക്കാക്കുന്ന പലിശയ്ക്ക് ആവശ്യമായി വരുന്ന തുക തുടർന്നുള്ള ഓരോ വാർഷിക പദ്ധതിയിലും പ്രോജക്ട് അംഗീകരിച്ചാണ് പലിശ സബ്സിഡി നൽകുന്നത്.
2. സംരംഭം ആരംഭിച്ച് ഒരു വർഷം കഴിയുന്ന മുറയ്ക്ക് റിവോൾവിംഗ് ഫണ്ട് തവണ തുകയും ബാങ്ക് വായ്പാ തവണ തുകയും കുടിശ്ശികയില്ലാതെ ക്രമമായി

തിരിച്ചടച്ചവർക്ക് കണക്ക് പ്രകാരം സംരംഭകർ ധനകാര്യസ്ഥാപനത്തിൽ ഒടുക്കിയ എല്ലാ പലിശ തുകയും സംരംഭകരുടെ വായ്പാ അക്കൗണ്ടിലേയ്ക്ക് തദ്ദേശഭരണ സ്ഥാപനം അടയ്ക്കുന്നതാണ്.

3. ഓരോ വർഷവും പലിശ സബ്സിഡിക്ക് അപേക്ഷിക്കുന്നതുവരെയുള്ള ബാങ്ക് സ്ലിപ്പുകൾ സൂക്ഷിച്ചുവച്ച് ഹാജരാക്കി
   1. ബാങ്കുവായ്പ തവണ നാളിതുവരെ ക്രമമായി അടച്ചിട്ടുണ്ടെന്നും
   2. റിവോൾവിംഗ് ഫണ്ട് തവണ നാളിതുവരെ ക്രമമായി അടച്ചിട്ടുണ്ടെന്നും
   3. സംരംഭത്തിലൂടെ ഉദ്ദിഷ്ഠ പ്രവർത്തനവും ഫലവും ഉണ്ടായിട്ടുണ്ടെന്ന് രേഖകളുടെയും നേരിട്ടുള്ള പരിശോധനയിലൂടെയും ബോദ്ധ്യപ്പെട്ട് നിർവഹണ ഉദ്യോഗസ്ഥൻ ശുപാർശ നൽകി ഭരണസമിതി അംഗീകരിച്ചാണ് പലിശ സബ്സിഡി നൽകുന്നത്.
   4. ബാങ്ക് വായ്പ തവണയും റിവോൾവിംഗ് ഫണ്ട് തവണയും മുടക്കം വരുത്തുന്നവർക്ക് പലിശ സബ്സിഡി നഷ്ടമാകും .
   5. നിർവഹണ ഉദ്യോഗസ്ഥൻ സ്ഥാനം ഒഴിയുമ്പോൾ മേൽ പറഞ്ഞ രജിസ്റ്ററും അക്കൗണ്ടുകളും, സംരംഭകരുടെ കണക്കും ബാങ്ക് പാസ് ബുക്കുമായി അനുരഞ്ജനം നടത്തി റീകൂപ്പ്മെന്റ് കണക്കും രജിസ്റ്ററും പാസ് ബുക്കും തദ്ദേശഭരണസ്ഥാപന സെക്രട്ടറിയെ ബോദ്ധ്യപ്പെടുത്തി ഭരണ സമിതിക്ക് നൽകണം. അല്ലാത്ത പക്ഷം അത് അവരുടെ സർവീസ് വീഴ്ചയായി കണക്കാക്കുന്നതാണ്.
   6. ബാങ്ക് വായ്പാ കണക്ക് അവസാനിക്കുന്നതുവരെ സംരംഭകർ വ്യവസ്ഥകൾ പാലിക്കുകയാണെങ്കിൽ പലിശ സബ്സിഡി ലഭിക്കുന്നതാണ്.

6.4 **വ്യക്തിഗത സംരംഭം:-**

മേൽ വ്യവസ്ഥകൾ അംഗീകരിച്ച് സംരംഭം തുടങ്ങാൻ തയ്യാറാകുന്ന വ്യക്തികൾക്കും സംരംഭം ആരംഭിക്കാവുന്നതാണ്.

**6.5 ഇങ്കുബേഷൻ ഫണ്ട്**

പുതിയ ആശയങ്ങളെയോ വ്യത്യസ്തമായ ഉല്പന്നങ്ങളെയോ നവീനമായ സംഘടനാ രീതികളെയോ അവലംബിച്ച് സംരംഭകത്വത്തിലെ അനിശ്ചിതത്വങ്ങളെ നേരിട്ടുകൊണ്ട് പുതയ സംരംഭങ്ങൾ ആരംഭിക്കാൻ യുവസംരംഭകരെയും അഭ്യസ്ഥവിദ്യരായ പ്രവാസികളെയും പ്രേരിപ്പിക്കുന്നതിന് കോർപ്പറേഷൻ തലത്തിൽ ഇങ്കുബേഷൻ ഫണ്ട് രൂപീകരിക്കാവുന്നതാണ്. ഇതിനായി വിശദമായ പ്രോജക്ട് പ്രപ്പോസലുകൾ തയ്യാറാക്കി വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും കോർപ്പറേഷനിൽ നൽകി രജിസ്റ്റർ ചെയ്യാവുന്ന താണ്. കോർപ്പറേഷൻ വ്യവസായ വർക്കിംഗ് ഗ്രൂപ്പ് ഈ പ്രപ്പോസലുകൾ പരിശോധിച്ച് പ്രായോഗികമായും സാമ്പത്തികമായും വിജയ സാദ്ധ്യതയുള്ള പ്രോജക്ടുകളാണെങ്കിൽ നടപ്പാക്കാനുള്ള സാഹചര്യം ഒരുക്കുന്നതാണ്.

മുൻസിപ്പൽകോർപ്പറേഷൻ തലത്തിലെ പരിശോധനയ്ക്ക് ശേഷം സംസ്ഥാനതലത്തിൽ ഈ ആവശ്യത്തിനായി രൂപീകരിക്കുന്ന വിദഗ്ധരുടെ പാനലിന്റെ പരിഗണനയ്ക്ക് ശേഷം പ്രോത്സാഹനം അർഹിക്കുന്നവർക്ക് പരിശീലനവും മൂലധന പിൻതുണയും ഉറപ്പാക്കുന്നതാണ്. ഇതിനായി 20 ലക്ഷം മുതൽ 50 ലക്ഷം വരെയുള്ള ഒരു ഇങ്കുബേഷൻ ഫണ്ട് മുൻസിപ്പൽകോർപ്പറേഷൻ തലത്തിൽ രൂപീകരിക്കുന്നതിനുള്ള പ്രോജക്ടിന് രൂപം നൽകാവുന്നതാണ്.

**6.6 സംരംഭക ക്ലബ്ബ്**

പ്രാദേശിക സാമ്പത്തിക വികസനത്തിന് സഹായകരമായ രീതിയിൽ സംരംഭകത്വ വികസനത്തെ പ്രോത്സാഹിപ്പിക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനും വേണ്ടി ഗ്രാമപഞ്ചായത്ത്/നഗരസ്ഥാപനങ്ങളിൽ സംരംഭക ക്ലബ്ബ് രൂപീകരിക്കാവുന്നതാണ്. സംരംഭകരും സംരംഭകത്വത്തിൽ താല്പര്യമുള്ളവരുമായിരിക്കണം ക്ലബ്ബിലെ അംഗങ്ങൾ. ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഭരണസമിതി ഒരു നിർവ്വഹണ ഉദ്യോഗസ്ഥനെ നോമിനേറ്റ് ചെയ്യേണ്ടതാണ്. ക്ലബ്ബിന്റെ അദ്ധ്യക്ഷൻ ഭരണസമിതി കൗൺസിൽ നിശ്ചയിക്കുന്ന ഒരു ഭരണസമിതി അംഗവും മറ്റൊരു കൗൺസിൽ അംഗം കൺവീനറുമായിരിക്കും.

സംരംഭകക്ലബ്ബിലൂടെ ലക്ഷ്യമിടുന്നത് താഴെപറയുന്ന കാര്യങ്ങളാണ്

1. അനുഭവങ്ങൾ, അറിവുകൾ പരിചയപ്പെടുത്തുക, പങ്കുവയ്ക്കുക;
2. മാനേജ്മെന്റ് വൈദഗ്ധ്യം മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലനം നൽകുക;
3. മറ്റു തദ്ദേശഭരണസ്ഥാപനങ്ങളുടെ നൂതന സംരംഭങ്ങളെ പരിചയപ്പെടുത്തുക;

4. വിപണന തന്ത്രങ്ങൾ, ഉപഭോക്തൃവ്യവസ്ഥകൾ, അനുവാദനടപടിക്രമങ്ങൾ തുടങ്ങിയവ പരിചയപ്പെടുത്തുക;
5. വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് സഹായിക്കുക;
6. തൊഴിൽ വൈദഗ്ധ്യം, നൈപുണ്യ വികസനസ്ഥാപനങ്ങളെ പരിചയപ്പെടുത്തുക;
7. സംരംഭകത്വ വികസന സ്ഥാപനങ്ങളെ പരിചയപ്പെടുത്തുക;
8. ലൈസൻസിംഗ് വ്യവസ്ഥകൾ പരിചയപ്പെടുത്തുക;
9. സാങ്കേതിക, പ്രൊഫഷണൽ ഉപദേശവും സഹായവും നൽകുക;

സംരംഭകക്ലബ്ബിന്റെ യോഗം ആവശ്യാനുസരണം അദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം കൺവീനർ വിളിച്ചു ചേർക്കേണ്ടതാണ്. ഈ വിഷയത്തിൽ വിദഗ്ദ്ധരായ പ്രൊഫഷണലുകളെ ക്ഷണിച്ച് യോഗം നടത്തുന്നതിനും സംരംഭകരെ പരിശീലിപ്പിക്കുന്നതിനും അദ്ധ്യക്ഷന് നടപടി സ്വീകരിക്കാവുന്നതാണ്. ഈ ആവശ്യത്തിന് ഗ്രാമപഞ്ചായത്തിനും മുൻസിപ്പാലിറ്റിക്കും 25,000/-രൂപ അധികരിക്കാത്ത തുകയ്ക്കും കോർപ്പറേഷന് ഒരു ലക്ഷം രൂപയിൽ അധികരിക്കാത്ത തുകയ്ക്കും പ്രോജക്ട് തയ്യാറാക്കാവുന്നതാണ്.

## 7. സബ്സിഡി നൽകുന്നതിൽ നിയന്ത്രണം

വ്യക്തികൾക്കും കുടുംബങ്ങൾക്കും ഗ്രൂപ്പുകൾക്കും ചുവടെ വിവരിക്കുന്ന ഇനങ്ങൾക്ക് സബ്സിഡി നൽകുവാൻ പാടില്ല.

1. പ്രഷർകുക്കർ
2. പാചകപാത്രങ്ങൾ / സംഭരണ പാത്രങ്ങൾ
3. ഫർണിച്ചർ (എസ്.സി/എസ്.റ്റി വിദ്യാർത്ഥികൾക്കും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്കും വൃദ്ധർക്ക് കട്ടിലും ഒഴികെ)
4. ടെലിവിഷൻ/റേഡിയോ/മൈക്ക്സെറ്റ്(സ്വയംതൊഴിൽ സംരഭത്തിന്റെ കാര്യത്തിൽ ഒഴികെ/ വിളക്ക്,റാന്തൽ,വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ എസ്.സി./എസ്.റ്റി വിഭാഗ ത്തിലെ വീടുകൾക്ക് സൗരറാന്തൽ നൽകാവുന്നതാണ്.
5. ബാഗ്/ചെരുപ്പ്/ഷൂസ്/കുട/നോട്ട്ബുക്ക്മുതലായവ(പട്ടികവർഗ്ഗവിദ്യാർത്ഥികൾക്ക് ഒഴികെ)
6. വസ്ത്രങ്ങൾ/യൂണീഫോമുകൾ/പുസ്തകങ്ങൾ (പട്ടികജാതി/പട്ടികവർഗ്ഗം വിദ്യാർത്ഥികൾക്കുള്ള സ്കൂൾ യൂണീഫോം, സ്പോർട്ട്സ് ജെഴ്സി ഒഴികെ)
7. പണമായി നൽകുന്ന സഹായം/ പെൻഷൻ/സംഭവന/പരസ്യം
8. ചികിത്സ/വിവാഹം/മരണാനന്തര ചടങ്ങുകൾ/കുട്ടികളുടെ ജനനം എന്നിവയ്ക്ക് ധനസഹായം (പ്രത്യേകം അനുവദിക്കപ്പെട്ടിട്ടില്ലെങ്കിൽ)
9. തയ്യൽ മെഷീൻ
10. കോടാലി/പിക്കാസ്/മൺകോരി/മൺവെട്ടി/കത്തി എന്നിവയും മറ്റു പൂന്തോട്ട നിർമ്മാണ ഉപകരണങ്ങളും
11. കൃഷിഭൂമി
12. പലിശ സബ്സിഡി (പ്രത്യേകമായി നിർദ്ദേശിച്ചിട്ടുള്ളത് ഒഴികെ)
13. എൽ.പി.ജി കണ്ക്ഷൻ
14. വ്യക്തികളോ കുടുംബങ്ങളോ ഗുണഭോക്താക്കൾ ആയിട്ടുള്ള പരിപാടികൾക്ക് മാത്രം ബാധകമായ ഇനങ്ങളുടെ പട്ടികയാണ് നൽകിയിട്ടുള്ളത്. സബ്സിഡി നൽകുന്ന കാര്യത്തിൽ തർക്കങ്ങൾ ഉണ്ടായാൽ അത് സംബന്ധിച്ച് ഗവൺമെന്റ് തലത്തിൽ സ്പഷ്ടീകരണം തേടേണ്ടതാണ്.

## 8. സബ്സിഡി നിരക്കുകൾ

വ്യക്തികൾക്ക്/കുടുംബങ്ങൾക്ക്/ഗ്രൂപ്പുകൾക്ക് ഓരോ ഇനത്തിനും അനുവദനീയമായ ഏറ്റവും കൂടിയ സബ്സിഡി നിരക്ക് / തുകയാണ് ചുവടെ വിവരിച്ചിട്ടുള്ളത്. ഇതിൽ അധികരിക്കാതെ നിശ്ചയിക്കാൻ തദ്ദേശഭരണസ്ഥാപനത്തിന് സ്വാതന്ത്ര്യമുണ്ടായിരിക്കും.

## 8.1 കൃഷി

| ക്രമ നമ്പർ | ഇനം | കാറ്റഗറി | സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി | മാനദണ്ഡങ്ങൾ |
|---|---|---|---|---|
| 1 | എ) ജൈവവളം, കുമ്മായം, ഡോളോമൈറ്റ് (പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന വളങ്ങൾ ഉൾപ്പടെ)<br>ബി)വളർച്ചാ ത്വരിതകങ്ങൾ<br>സി)ജീവാണുവളങ്ങൾ | പൊതുവിഭാഗം/ പട്ടികജാതി/ പട്ടിക വർഗ്ഗം | 75% (പരമാവധി സബ്സിഡി തുക തദ്ദേശസ്വയം ഭരണസ്ഥാപനം നിശ്ചയിക്കണം) | • നാമമാത്ര/ചെറുകിടകർഷകർ,പാട്ടകൃഷി നടത്തുന്ന ഗ്രൂപ്പുകൾ,വ്യക്തികൾ എന്നിവർക്ക് നൽകാം.(നാമമാത്രകർഷർ-രണ്ടര ഏക്കർ(ഒരുഹെക്ടർ), ചെറുകിട കർഷകർ-അഞ്ച് ഏക്കർ (രണ്ടു ഹെക്ടർ)ഭൂമിയുള്ളയാൾ.<br>• പ്രാദേശികമായി ഉത്പാദിപ്പിക്കുന്ന ജൈവവളങ്ങളുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ കൃഷി വകുപ്പ് നിശ്ചയിക്കേണ്ടതാണ്.<br>• കാർഷികകർമ്മസേനകൾ,കർഷകഗ്രൂപ്പുകൾ,കർഷകർ,കുടുംബശ്രീഅയൽകൂട്ടങ്ങൾ ജോയിന്റ് ലൈബിലിറ്റി ഗ്രൂപ്പുകൾ തുടങ്ങിയവർ പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന ജൈവ വളങ്ങൾ, തദ്ദേശസ്വയംഭരണസ്ഥാപനം നടത്തുന്ന മാലിന്യ സംസ്കരണ പ്ലാന്റുകൾ, സഹകരണ സ്ഥാപനങ്ങൾ നേരിട്ട് ഉല്പാദിപ്പിക്കുന്നുവയിൽ നിന്നും നേരിട്ട് കൃഷി ഓഫീസർ കൺവീനറായ പർച്ചേസ് കമ്മിറ്റി വാങ്ങി വിതരണം ചെയ്യേണ്ടതാണ്. ലഭ്യമല്ലാത്ത സംഗതികളിൽ ലോക്കൽ പർച്ചേയ്സ് നടത്താവുന്നതാണ്.<br>• സബ്സിഡി ബാങ്ക് വഴി നൽകണം.<br>• കേരളത്തിൽ ഉല്പാദിപ്പിക്കുന്നതും, കൃഷി വകുപ്പ്, ശുചിത്വമിഷൻ സാക്ഷ്യപ്പെടുത്തിയ ജൈവവളങ്ങൾക്ക് മുൻഗണന നൽകണം.<br>• ഗ്രാമപഞ്ചായത്തുകളും നഗരഭരണസ്ഥാപനങ്ങളും മാത്രമെ ഈ ആവശ്യത്തിന് പ്രോജക്ട് ഏറ്റെടുക്കാവൂ. |
| | ഡി) രാസവളം | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗ്ഗം | 50%(പരമാവധി സബ്സിഡി തുക തദ്ദേശഭരണ സ്ഥാപനം നിശ്ചയിക്കണം) | |
| 2 | ജൈവ കീടനാശിനി ഉൾപ്പടെയുള്ള കീടനാശിനികൾ ജീവാണു കീടരോഗ നാശിനി | പൊതുവിഭാഗം/ പട്ടിക ജാതി/ പട്ടികവർഗ്ഗം | 75% (പരമാവധി സബ്സിഡി തുക തദ്ദേശഭരണ സ്ഥാപനം നിശ്ചയിക്കണം) | • നാമമാത്ര/ചെറുകിടകർഷകർ/പാട്ടകൃഷി നടത്തുന്ന ഗ്രൂപ്പുകൾ,വ്യക്തികൾ, കുടുംബശ്രീ യൂണിറ്റുകൾ, ജെ.എൽ.ജി.ഗ്രൂപ്പുകൾ എന്നിവർക്കും നൽകാവുന്നതാണ്. (നാമമാത്രകർഷകർ-രണ്ടരഏക്കർ(ഒരുഹെക്ടർ),ചെറുകിടകർഷകർ-അഞ്ച്ഏക്കർ(രണ്ടുഹെക്ടർ)ഭൂമിയുള്ളയാൾ.<br>• സബ്സിഡി ബാങ്ക് വഴി നൽകണം.<br>• യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം.<br>• കൃഷിവകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഇക്കോഷോപ്പുകൾ, കാർഷിക കർമ്മസേനകൾ, കർഷ ഗ്രൂപ്പുകൾ എന്നിവയിലൂടെ വിതരണം ചെയ്യണം.<br>• ഗ്രാമപഞ്ചായത്തുകളും നഗരഭരണസ്ഥാപനങ്ങളും മാത്രമെ ഈ ആവശ്യത്തിന് പ്രോജക്ട് ഏറ്റെടുക്കാവൂ. |
| 3 | നെൽവിത്തുകൾ, പച്ചക്കറിവിത്തുകൾ, പച്ചക്കറി തൈകൾ, പച്ചിലവളവിത്തുകൾ, | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗ്ഗം | 100% (പരമാവധി 3500/-രൂപ വരെ | • നാമമാത്ര/ചെറുകിട കർഷകർ/പാട്ടകൃഷി നടത്തുന്ന ഗ്രൂപ്പുകൾ, വ്യക്തികൾ എന്നിവർക്കും നൽകാവുന്നതാണ്. (നാമമാത്രകർഷകർ-രണ്ടര ഏക്കർ (ഒരുഹെക്ടർ), ചെറുകിട കർഷകർ-അഞ്ച് ഏക്കർ (രണ്ടു ഹെക്ടർ)ഭൂമിയുള്ളയാൾ.<br>• കർഷകൻ നിർദ്ദിഷ്ട വിത്തുകളും തൈകളും, ഉപയോഗിച്ച് കൃഷിചെയ്യുന്ന ഭൂമിയുടെ |

| | | | | |
|---|---|---|---|---|
| | ഭക്ഷ്യ വിളകളുടെ വിത്തുകൾ, കിഴങ്ങ് വർഗ്ഗങ്ങൾ, വാഴ, ടിഷ്യൂകൾച്ചർ വാഴ, കുരുമുളക് തൈകൾ | | | വിസ്തൃതി കൃഷി ഓഫീസർ പരിശോധിച്ചായിരിക്കണം വിത്തുകളുടെ അളവും തുകയും തീരുമാനിക്കേണ്ടത്.<br>• സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിൽ കർഷക ഗ്രൂപ്പുകൾക്ക് മറ്റ് സഹായങ്ങളും നൽകാവുന്നതാണ്.<br>• കൃഷിഭവൻ/ഇക്കോഷോപ്പ് വഴി വിതരണം ചെയ്യണം.<br>• വിത്തുകളുടെ ഗുണമേന്മ കൃഷി ആഫീസർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിരിക്കണം.<br>• ഗ്രാമപഞ്ചായത്തുകളും നഗരഭരണസ്ഥാപനങ്ങളും മാത്രമെ ഈ ആവശ്യത്തിന് പ്രോജക്ട് ഏറ്റെടുക്കാവൂ. |
| 4 | മറ്റ് ഫല-പുഷ്പ-ഔഷധ സസ്യകൃഷിക്കുള്ള വിത്തുകളും തൈകളും, തെങ്ങിൻതൈകളും, ജാതിതൈകളും | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗ്ഗം | 75% (ഒരു കർഷകന് പരമാവധി 3,500/- രൂപ) | • ചെറുകിട/നാമമാത്ര കർഷകർ/പാട്ട കൃഷിക്കാർ/കർഷകഗ്രൂപ്പുകൾ,(നാമമാത്ര കർഷകർ-രണ്ടരഏക്കർ(ഒരുഹെക്ടർ),ചെറുകിടകർഷകർ-അഞ്ച്ഏക്കർ(രണ്ടു ഹെക്ടർ)ഭൂമിയുള്ളയാൾ.<br>• കൃഷിഭവൻ/ എക്കോഷോപ്പ് വഴി വിതരണം ചെയ്യണം.<br>• കർഷകൻ നിർദ്ദിഷ്ട വിത്തുകളും തൈകളും, ഉപയോഗിച്ച് കൃഷിചെയ്യുന്ന ഭൂമിയുടെ വിസ്തൃതി കൃഷി ഓഫീസർ പരിശോധിച്ചായിരിക്കണം വിത്തുകളുടെ അളവും തുകയും തീരുമാനിക്കേണ്ടത്.<br>• സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിൽ കർഷക ഗ്രൂപ്പുകൾക്ക് മറ്റ് സഹായങ്ങളും നൽകാവുന്നതാണ്.<br>• ഗ്രാമപഞ്ചായത്തുകളും നഗരഭരണസ്ഥാപനങ്ങളും മാത്രമെ ഈ ആവശ്യത്തിന് പ്രോജക്ട് ഏറ്റെടുക്കാവൂ. |
| 5 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | പൊതുവിഭാഗം/ പട്ടിക ജാതി/ പട്ടികവർഗ്ഗം | ഒരു ഹെക്ടറിന് 17,000/- രൂപ (പരമാവധി 30,000/- രൂപ) | • ഭൂവിസ്തൃതിക്ക് അനുപാതികമായി പാട്ടകൃഷി ഉൾപ്പടെ എല്ലാ ചെറുകിട/നാമമാത്ര കർഷർക്കും നൽകാം. (നാമമാത്ര കർഷർ-രണ്ടരഏക്കർ(ഒരുഹെക്ടർ), ചെറുകിടകർഷകർ-അഞ്ച് ഏക്കർ(രണ്ടുഹെക്ടർ)ഭൂമിയുള്ളയാൾ.<br>• കൃഷിചെയ്തിട്ടുണ്ടെന്ന് നിർവഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ ഉറപ്പുവരുത്തണം.<br>• നടീലും കൊയ്ത്തും ഒഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തേണ്ടതാണ്.<br>• ഉൽപ്പാദനോപാധികൾക്ക് പുറമെ ഈ സബ്സിഡി നൽകാം. എന്നാൽ മറ്റേതെങ്കിലും സ്കീം പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നവർ ഈ സബ്സിഡിക്ക് അർഹരല്ല.<br>• വിള ഇൻഷുറൻസ് തുക മുൻകൂറായി കർഷകൻ അടയ്ക്കണം.<br>• ഗ്രാമപഞ്ചായത്തുകളും നഗരഭരണസ്ഥാപനങ്ങളും മാത്രമെ ഈ ആവശ്യത്തിന് പ്രോജക്ട് ഏറ്റെടുക്കാവൂ.<br>• ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രോജക്റ്റിലേക്ക് 50 ശതമാനം വിഹിതം ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾക്ക് നൽകാവുന്നതാണ്.<br>• ബാങ്കുവഴി തുക നൽകാവുന്നതാണ്. |

| | | | | |
|---|---|---|---|---|
| | | | | • കൃഷിചെയ്ത ഭൂമിയുടെ വിസ്തൃതിയിയുടെ അടിസ്ഥാനത്തിൽ തുക നിശ്ചയിച്ച് നൽകണം. |
| 6 | പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗ്ഗം | ഒരു ഹെക്ടറിനു 7,000/- രൂപ (പരമാവധി 30,000/- രൂപ) | • നാമമാത്ര/ചെറുകിടകർഷകർ,കർഷകഗ്രൂപ്പുകൾ,കുടുംബശ്രീ ഗ്രൂപ്പ് എന്നിവയ്ക്ക്.(നാമമാത്ര കർഷകർ-രണ്ടരഏക്കർ(ഒരുഹെക്ടർ),ചെറുകിടകർഷകർ-അഞ്ച്ഏക്കർ(രണ്ടുഹെക്ടർ)ഭൂമിയുള്ളയാൾ.<br>• കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി കുറവാണെങ്കിൽ ആനുപാതിക തുക നൽകാം.<br>• ഉൽപ്പാദനോപാധികൾക്ക് പുറമെ ഈ സബ്സിഡി നൽകാം. എന്നാൽ മറ്റേതെങ്കിലും സ്കീം പ്രകാരം പച്ചക്കറി കൃഷിക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നവർ ഈ സബ്സിഡിക്ക് അർഹരല്ല.<br>• നടീലും വിളവെടുപ്പും ഒഴികെയുള്ള കാർഷിക പ്രവർത്തനങ്ങൾക്ക് മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ സാധ്യത പരമാവധി ഉപയോഗപ്പെടുത്തണം.<br>• ആവർത്തന കൃഷിക്കും സബ്സിഡി നൽകാം.<br>• കൃഷിചെയ്തിട്ടുണ്ടെന്ന് കൃഷി ഓഫീസർ ഉറപ്പുവരുത്തണം<br>• വീട്ടുവളപ്പിൽ കൃഷിചെയ്യുന്നതിന് പ്രോത്സാഹനം നൽകണം.<br>• ഗ്രാമപഞ്ചായത്തുകളും നഗരഭരണസ്ഥാപനങ്ങളും മാത്രമെ ഈ ആവശ്യത്തിന് പ്രോജക്ട് ഏറ്റെടുക്കാവൂ.<br>• ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുന്ന പ്രോജക്ടിലേക്ക് 50% വിഹിതം ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് നൽകാവുന്നതാണ്. |
| 7 | 1. കുറ്റിപ്പമ്പ്,<br>2. പവർ സ്പ്രേയർ,<br>3. കളനീക്കൽ ഉപകരണം,<br>4. കാടുവെട്ട് യന്ത്രം,<br>5. മെതിയന്ത്രം,<br>6. ട്രാക്ടർ,<br>7. ട്രില്ലർ,<br>8. മിനിട്രാക്ടർ<br>9. നടീൽ യന്ത്രം,<br>10. കൊയ്ത്ത് യന്ത്രം,<br>11. വിന്നോവർ<br>12. റോക്കർ സ്പ്രേയർ,<br>13. തെങ്ങിൽ കയറാനുള്ള യന്ത്രം | സമിതികൾക്കും സംഘങ്ങൾക്കും മാത്രം | 90% | • പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, രജിസ്റ്റർ ചെയ്ത് പാടശേഖര സമിതികൾ, പ്രാദേശിക തൊഴിലാളികളുടെ രജിസ്റ്റർ ചെയ്ത ഗ്രൂപ്പുകൾ, കൃഷിഭവന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്ത കാർഷിക കർമ്മസേനകൾ, രജിസ്റ്റർ ചെയ്ത കർഷക ഗ്രൂപ്പുകൾ, കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ചതും രജിസ്റ്റർ ചെയ്തതുമായ വനിത കർഷക സംഘങ്ങൾ എന്നിവയ്ക്ക് നൽകാം. വ്യക്തികൾക്ക് നൽകാൻ പാടില്ല.<br>• തദ്ദേശഭരണസ്ഥാപനതലത്തിൽ കൃഷി ഭവൻ ഉൾപ്പെടെയുള്ള പൊതു സംവിധാനങ്ങളിൽ നിലവിലുള്ള ഉപകരണങ്ങൾ അപര്യാപ്തമാണെന്ന് ബോദ്ധ്യപ്പെട്ട് കൃഷി ആഫീസർ നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിലായിരിക്കണം ഉപകരണങ്ങൾ വാങ്ങാൻ.<br>• യന്ത്രങ്ങൾ ശരിയായി സംരക്ഷിക്കുമെന്നും, പൊതു കാർഷിക ആവശ്യത്തിനു മാത്രമേ ഉപയോഗിക്കൂ എന്നും, സ്വകാര്യവ്യക്തികൾ ഈടാക്കുന്നതിനേക്കാൾ കുറഞ്ഞത് 20% കുറഞ്ഞ വാടക നിരക്കിൽ കർഷകർക്ക് ലഭ്യമാക്കാം എന്നും കരാർ വ്യവസ്ഥവേണം.<br>• സമിതികൾക്ക്/സംഘങ്ങൾക്ക് നൽകുന്ന യന്ത്രോപകരണങ്ങളുടെ സംരക്ഷണ ചെലവ്, അറ്റകുറ്റ പ്പണികൾക്കുള്ള ചെലവ് എന്നിവ അവ ഏറ്റെടുക്കുന്ന സമിതികൾ തന്നെ വഹിക്കണം. അപ്രകാരമുള്ള ചെലവുകൾക്ക് വേണ്ടി തദ്ദേശസ്വയംഭരണസ്ഥാപനം തുക ചെലവഴിക്കാൻ പാടില്ല.<br>• അഗ്രോസർവ്വീസ് സെന്ററുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ ബ്ലോക്ക്തലത്തിൽ കാർഷിക കർമ്മസേനകൾ രൂപീകരിക്കാവുന്നതും അപ്രകാരമുള്ളവയ്ക്ക് കർഷകരുടെ ഭരണസമതിയുണ്ടായിരിക്കേണ്ടതാണ്.<br>• യന്ത്രങ്ങളുടെ ഉടമസ്ഥത കൃഷി ഓഫീസറുടെ പേരിലും കൈവശാധികാരം സമിതി/ സ്ഥാപനത്തിനുമായിരിക്കും. |

| | | | | |
|---|---|---|---|---|
| | | | | • തദ്ദേശഭരണസ്ഥാപനത്തിന്റെയും കൃഷി ആഫീസറുടെ രേഖാമൂലമായ അറിയിപ്പില്ലാതെ കൈവശത്തിലുള്ള ഒരു യന്ത്രങ്ങളും മറ്റാർക്കെങ്കിലും കൈമാറി നൽകാൻ പാടില്ല.<br>• ഗ്രാമപഞ്ചായത്തുകളുടെ രേഖാമൂലമുള്ള സമ്മതത്തോടെ കാർഷിക യന്ത്രങ്ങൾ ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകൾക്കു നൽകാം.<br>• ചെറിയയന്ത്രങ്ങൾ ഫലപ്രദമായി ഉപയോഗിക്കുക. വലിയ യന്ത്രങ്ങളുടെ ആവശ്യകത കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്യുന്നുണ്ടെങ്കിൽ മാത്രമേ വലിയ യന്ത്രങ്ങൾ വാങ്ങേണ്ടതുള്ളു.<br>• പുതുതായി രൂപീകരിക്കുന്ന കാർഷിക കർമ്മസേനകൾക്ക് 3 ലക്ഷം രൂപയുടെ യന്ത്രങ്ങൾ നൽകാവുന്നതാണ്.<br>• ഇൻഷുറൻസും രജിസ്ട്രേഷനും ഉൾപ്പടെയുള്ള തുക കണക്കിലെടുത്ത് വേണം യൂണിറ്റ് കോസ്റ്റ് കണക്കാക്കാൻ.<br>(1) മുൻവർഷങ്ങളിൽ നൽകിയ ഉപകരണങ്ങൾ കാര്യക്ഷമമായി പ്രയോജനപ്പെടുത്തിയിട്ടുണ്ടെന്നും<br>(2) യന്ത്രോപകരണങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററും, ലോഗ്ബുക്കും, മെയിന്റനൻസ് രജിസ്റ്ററും എഴുതി സൂക്ഷിക്കുന്നുണ്ടെന്നും.<br>(3) പീരിയോഡിക് പരിശോധന കൃഷി ഓഫീസർ നടത്തി ഒപ്പ് വച്ചിട്ടുണ്ടെന്നും<br><br>കൃഷി ഓഫീസറും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ശുപർശചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ<br>(1) മൂന്ന് വർഷം പൂർത്തിയാക്കിയതും, വാർഷിക ടേൺഓവർ ശരാശരി 10 ലക്ഷം രൂപയ്ക്കു മുകളിലുള്ളവയും, ആഡിറ്റ് നടപടികൾ പൂർത്തിയാക്കിയതുമായ കർമ്മസേനകൾക്ക് 10 ലക്ഷവും<br>(2) 25 ലക്ഷം രൂപയ്ക്ക് മുകളിൽ ശരാശരി വാർഷിക ടേൺ ഓവർ ഉള്ളതും, ആഡിറ്റ് നടപടികൾ പൂർത്തിയാക്കിയതുമായ കർമ്മസേനകൾക്ക് 20 ലക്ഷവും<br>(3) 50 ലക്ഷത്തിനുമുകളിൽ ശരാശരി വാർഷിക ടേൺ ഓവർ ഉള്ളതും, ആഡിറ്റ് നടപടികൾ പൂർത്തിയാക്കിയതുമായ കർമ്മസേനകൾക്ക് 40 ലക്ഷം രൂപയുടെയും യന്ത്രങ്ങൾ പ്രാദേശിക സാദ്ധ്യതകളുടെയും നൂതന കാർഷിക രീതികൾ പ്രാവർത്തികമാക്കുന്നതിന്റെയും അടിസ്ഥാനത്തിൽ നൽകാവുന്നതാണ്.<br>(4) കാർഷിക കർമ്മസേനകൾക്ക് വാങ്ങാൻ ഉദ്ദേശിക്കുന്ന യന്ത്രങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി വികസന സ്റ്റാന്റിംഗ്കമ്മിറ്റി അംഗീകരിച്ച് പർച്ചേസ് കമ്മിറ്റി വഴിയാണ് വാങ്ങി നൽകേണ്ടത്. |
| 8 | നെൽകൃഷി ജല സേചനത്തിന് പെട്ടിയും പറയും | പാടശേഖര സമിതികൾക്ക് മാത്രം | 100% | • യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം<br>• അറ്റകുറ്റപ്പണി പാടശേഖര സമിതികൾ വഹിക്കണം.<br>• ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും ഈ പ്രോജക്ട് ഏറ്റെടുക്കാം<br>• ഗ്രാമപഞ്ചായത്തുകളുടെ പ്രോജക്ടുകൾക്ക് ബ്ലോക്ക് പഞ്ചായത്തിന് പങ്കാളിയാകാം. |

| | | | | |
|---|---|---|---|---|
| 9 | പുതിയ ജലസേചന കിണർ (തുറന്ന കിണർ) | എല്ലാ വിഭാഗങ്ങൾക്കും | വികസനഫണ്ട് വിനിയോഗിക്കാൻ പാടില്ല | • മുൻവർഷങ്ങളിൽ ഈ ആനുകൂല്യം ലഭിക്കാത്തവർക്ക് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളു.<br>• നാമമാത്ര/ചെറുകിടകർഷകർക്കുംമാത്രം.(നാമമാത്രകർഷകർ-രണ്ടരഏക്കർ(ഒരുഹെക്ടർ), ചെറുകിട കർഷകർ-അഞ്ച് ഏക്കർ (രണ്ടു ഹെക്ടർ)ഭൂമിയുള്ളയാൾ.<br>• എസ്റ്റിമേറ്റ് ഉണ്ടായിരിക്കണം<br>• വാലുവേഷൻ എൽ.എസ്.ജി.ഡി എൻജിനീയർ ആണ് എടുക്കേണ്ടത്.<br>• മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ/അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ഈ പ്രവൃത്തികൾ നടത്തേണ്ടതാണ്.<br>• കർഷക ഗ്രൂപ്പുകളുടെ കൃഷി ഇടങ്ങളിലും കിണർ നിർമ്മിക്കാവുന്നതാണ്.<br>• ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും ഈ പ്രോജക്ട് എറ്റെടുക്കാം. |
| 10 | പച്ചക്കറി കൃഷി ടെറസ്സിലും മുറ്റത്തും (പോട്ടിംഗ് മിശ്രിതം നിറച്ചത്) | എല്ലാ വിഭാഗങ്ങൾക്കും | 50% (മൺ ചട്ടി ഒന്നിന് പരമാവധി 70 രൂപ ഗ്രോബാഗ് ഒന്നിന് പരമാവധി 50 രൂപ) | • വിത്തുകൾ സൗജന്യമായി നൽകാം<br>• ഗ്രോ ബാഗ് വാങ്ങി നൽകണം (ചട്ടി 10 ഇഞ്ച് വലിപ്പം)<br>• സ്ഥലവിസ്തൃതി കണക്കിലെടുത്ത് ഒരു കുടുംബത്തിന് പരമാവധി 25 മൺചട്ടി/ഗ്രോബാഗ് വരെ നൽകാം.<br>• കൃഷി വകുപ്പ് പദ്ധതി പ്രകാരം മൺചട്ടി/ഗ്രോബാഗ് ലഭിച്ചവർക്ക് വീണ്ടും നൽകാൻ പാടില്ല<br>• ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും ഈ പ്രോജക്ട് എറ്റെടുക്കാം.<br>• കുടുംബശ്രീ യൂണിറ്റുകൾ/കർഷഗ്രൂപ്പുകൾ സ്വയം നിർമ്മിക്കുന്ന (10 ഇഞ്ച് വലിപ്പത്തിലുള്ള ചട്ടികൾ) താണെന്ന് ഗ്രാമപഞ്ചായത്തു സെക്രട്ടറി സാക്ഷ്യപ്പെടുത്തണം. |
| 11 | കേടുവന്ന തെങ്ങുകൾ മുറിച്ചുമാറ്റി പുതിയ തൈകൾ വയ്ക്കൽ | എല്ലാ വിഭാഗങ്ങൾക്കും | കൃഷിവകുപ്പിൽ പ്രാബല്യത്തിലുള്ള സബ്സിഡി | • നാമമാത്ര/ചെറുകിട കർഷകർക്ക് മാത്രം.(നാമമാത്രകർഷർ-രണ്ടരഏക്കർ(ഒരുഹെക്ടർ), ചെറുകിട കർഷകർ-അഞ്ച് ഏക്കർ (രണ്ടു ഹെക്ടർ)ഭൂമിയുള്ളയാൾ.<br>• കൃഷിവകുപ്പിൽ പ്രാബല്യത്തിലുള്ള നിരക്കും നിബന്ധനകളും പാലിക്കണം.<br>• ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും ഈ പ്രോജക്ട് എറ്റെടുക്കാം |
| 12 | കാർഷിക സേവനങ്ങൾക്ക് സബ്സിഡി | എല്ലാവിഭാഗത്തിനും | 25% (പരമാവധി 1 വർഷം 50,000/- രൂപ മാത്രം) ഗ്രാമപഞ്ചായത്ത്, മുൻസിപ്പാലിറ്റി, കോർപ്പറേഷൻ മാത്രം | • തദ്ദേശഭരണസ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ ചെയർപേഴ്സണും കൃഷി ഓഫീസർ കൺവീനറുമായി കൃഷി ഭവന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കാർഷിക കർമ്മസേനകൾ, കൃഷി വകുപ്പിന്റെ അഗ്രോ സർവീസ് സെന്ററുകൾ എന്നിവ മുഖാന്തിരം കർഷകർക്ക് നിയന്ത്രിത നിരക്കുകളിൽ നൽകുന്ന സേവനങ്ങൾക്ക് മാത്രം<br>• സേവനങ്ങൾ മുൻകൂട്ടി പട്ടികപ്പെടുത്തി തദ്ദേശഭരണസ്ഥാപനം അംഗീകരിച്ച് പ്രസിദ്ധീകരിക്കണം.<br>• കൂലി സബ്സിഡി ലഭിക്കുന്നവർക്ക് അർഹതയില്ല.<br>• സേവനങ്ങൾക്ക് നൽകുന്ന ബില്ലിൽ തദ്ദേശഭരണസ്ഥാപന സബ്സിഡി എന്ന് രേഖപ്പെടുത്തി കുറവ് ചെയ്തു നൽകേണ്ടതാണ്.<br>• ബിൽ പ്രകാരമുള്ള കുറവ് ലഭിച്ചിട്ടുണ്ടെന്നുള്ള ഗുണഭോക്താവിന്റെ ഒപ്പ് രേഖപ്പെടുത്തിയ ലിസ്റ്റ്പ്രകാരം കൃഷിആഫീസർ പരിശോധിച്ച് ബോദ്ധ്യപ്പെട്ട് തുക ഒന്നായി ബന്ധപ്പെട്ട |

| | | | | |
|---|---|---|---|---|
| | | | | സ്ഥാപനത്തിന്റെ ബാങ്ക്അക്കൗണ്ടിലേക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കാവുന്നതാണ്.<br>• ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും ഈ പ്രോജക്ട് എറ്റെടുക്കാം |
| 13 | പുതിയ ജലസേചന പമ്പുസെറ്റ് അക്സിസറീസ് ഉൾപ്പെടെ | എല്ലാ വിഭാഗത്തിനും | 50% പരമാവധി 10,000/- രൂപ (ഗ്രാമപഞ്ചായത്ത് മുൻസിപ്പാലിറ്റി, കോർപ്പറേഷൻ മാത്രം) | • നാമമാത്ര/ചെറുകിട കർഷകർക്ക് മാത്രം, (നാമമാത്രകർഷകർ-രണ്ടരഏക്കർ(ഒരുഹെക്ടർ), ചെറുകിട കർഷകർ-അഞ്ച് ഏക്കർ (രണ്ടു ഹെക്ടർ)ഭൂമിയുള്ളയാൾ.<br>• മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിൽ 10 സെന്റും അതിൽ കൂടുതലും ഗ്രാമ പഞ്ചായത്തു തലങ്ങളിൽ 20 സെന്റും അതിൽ കൂടുതലും കൃഷി ചെയ്യുന്ന കർഷകർക്ക്.<br>• കാർഷികാവശ്യവും സാദ്ധ്യതയും സംബന്ധിച്ച് കൃഷിആഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ.<br>• തുടർച്ചയായി പ്രവർത്തിച്ചുവരുന്ന കർഷക ഗ്രൂപ്പുകളുടെ കൃഷി ഇടങ്ങളിലും ലഭ്യമാക്കാവുന്നതാണ്. |
| 14 | കാർഷിക ഉൽപ്പന്നങ്ങൾക്ക് താങ്ങുവില/ഉല്പാദക ബോണസ് | കൃഷി വകുപ്പിന്റെയും തദ്ദേക ഭരണസ്ഥാപനത്തിന്റെയും നേരിട്ട ുള്ള നിയന്ത്രണത്തിൽപ്രവർത്തിക്കുന്ന ഇക്കോ ഷോപ്പുകൾ, കാർഷികോൽപ്പന്ന വിപണികൾ,മുഖാന്തിരം സംഭരിക്കുന്ന സുരക്ഷിതമായ ഉത്പ്പന്നങ്ങൾക്കു മാത്രം | (ഒരു വർഷം ഗ്രാമപഞ്ചായത്ത്, മുൻസിപ്പാലിറ്റി) പരമാവധി 2,00,000/- രൂപയും (കോർപ്പറേഷനിൽ 3,00,000/- രൂപ) മാറ്റിവച്ച് പ്രോജക്ട് തയ്യാറാക്കണം | 1. നല്ല ജൈവ-വിഷരഹിത കാർഷിക രീതികൾ അനുവർത്തിച്ച് കൃഷി ചെയ്തുൽപ്പാദിപ്പിച്ച വിളകളാണെന്ന് പ്രാദേശികമായി രൂപീകരിക്കുന്ന ജനപ്രതിനിധികളും കർഷകരും ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന മോണിട്ടറിംഗ് സമിതി സാക്ഷ്യപ്പെടുത്തണം.<br>2. മൂൻകൂർ രജിസ്റ്റർ ചെയ്യുന്ന കർഷകർ, കൃഷി ഇറക്കുന്നതു മുതൽ വിളവെടുക്കുന്നതുവരെയുള്ള പുരോഗതി കൃഷി ആഫീസിൽ അറിയിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തണം.<br>3. ഓരോ തദ്ദേശഭരണസ്ഥാപനങ്ങളും ഉല്പന്നങ്ങൾ സംഭരിക്കുന്ന ഇക്കോഷോപ്പുകൾ,കാർഷിക ഉല്പന്നവിപണികൾ ഏതൊക്കെയെന്ന് എല്ലാ സാമ്പത്തിക വർഷാരംഭത്തിൽതന്നെ പ്രഖ്യാപിക്കണം.<br>4. ഗുണഭോക്താവിന് നൽകുന്ന രസീതിൽ ഉല്പന്നത്തിന്റെ പേര്, തൂക്കം നൽകിയവില രേഖപ്പെടുത്തി നൽകണം, പകർപ്പ് സ്ഥാപനം സൂക്ഷിക്കണം.<br>5. ഓരോ സ്ഥാപനവും ഗുണഭോക്താക്കളിൽ നിന്നും വാങ്ങിയ ഉല്പന്നങ്ങളുടെ പേര്, തൂക്കം,നൽകിയ വില,രസീത് നമ്പർ എന്നിവ രേഖപ്പെടുത്തിയ ലിസ്റ്റ് കൃഷി ആഫീസർക്ക് നൽകണം.<br>6. ഓരോ ഗുണഭോക്താവും നൽകിയ ഉല്പന്നങ്ങളുടെ പേര്, തൂക്കം, ലഭിച്ചവില, രസീത് നമ്പർ (പകർപ്പ് സഹിതം) ഓരോ മാസവും ധനസഹായം ആവശ്യപ്പെട്ടുകൊണ്ട് കൃഷി ആഫീസർക്ക് അപേക്ഷനൽകണം.<br>7. ഇനം 5 പ്രകാരമുള്ള ലിസ്റ്റും ഇനം 6 പ്രകാരമുള്ള ഗുണഭോക്താവിന്റെ അപേക്ഷയും പരിശോധിച്ച് പൊരുത്തപ്പെടുന്നുവെന്ന് ഉറപ്പാക്കി തദ്ദേശഭരണസ്ഥാപന തീരുമാനപ്രകാരമുള്ള ആനുകൂല്യം വിതരണം ചെയ്യണം.<br>8. താങ്ങുവില നൽകേണ്ട കാർഷിക ഉല്പന്നങ്ങളും നിശ്ചയിക്കുന്ന താങ്ങുവിലയുടെ അടിസ്ഥാനത്തിൽ നൽകാവുന്ന പരമാവധി സഹായധനവും കൃഷി അസിസ്റ്റന്റ് ഡയറക്ടർ/ ഡെപ്യൂട്ടി ഡയറക്ടറുടെ സാന്നിദ്ധ്യത്തിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റി നിശ്ചയിക്കണം. |
| 15 | പ്രദേശത്ത് കൃഷിയെ സാരമായി ബാധിക്കുന്ന കീടരോഗങ്ങളുടെ നിയന്ത്രണ പ്രവർത്തനങ്ങൾക്കുള്ള പദ്ധതി | എല്ലാ വിഭാഗത്തിനും | കൂലി ചെലവുൾപ്പെടെചെലവിന്റെ 75%(ഗ്രാമപഞ്ചായത്ത് മുൻസിപ്പാലിറ്റി,കോർപ്പറേഷൻമാത്രം)പരമാവധി 50,000/ രൂപ | • യൂണിറ്റ് ചെലവ് തദ്ദേശഭരണസ്ഥാപനതല ടെക്നിക്കൽ കമ്മിറ്റി നിർണ്ണയിക്കേണ്ടതാണ്.<br>• തദ്ദേശഭരണസ്ഥാപനത്തിലെ കൃഷിആഫീസർ തയ്യാറാക്കുന്ന കീടരോഗബാധയും നിവാരണ പ്രവർത്തനങ്ങളും സംബന്ധിച്ചറിപ്പോർട്ടും മേൽ ഉദ്യോഗസ്ഥൻ അംഗീകരിക്കണം.അതു വികസനസ്റ്റാന്റിംഗ് കമ്മറ്റിയിൽ അംഗീകരിച്ച് ഭരണസമിതി തീരുമാനത്തിനു വിധേയമായി നടപ്പാക്കാവുന്നതാണ്.<br>• കൃഷി ഭവൻ അടിസ്ഥാനത്തിലുള്ള പാടശേഖരസമിതികൾ, കർഷകസമിതികൾ മുഖാന്തിരം നടപ്പാക്കണം<br>• ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും ഈ പ്രോജക്ട് എറ്റെടുക്കാം. |

| | | | | |
|---|---|---|---|---|
| 16 | പ്രാദേശിക ഉത്പ്പന്നങ്ങൾക്ക് വിപണന സംവിധാനം (കാർഷിക ഉല്പന്നങ്ങൾ ഉൾപ്പെടെ) | തദ്ദേശഭരണസ്ഥാപനത്തിന്റെനിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന കാർഷിക കർമ്മ സേനകൾ/കൃഷിവകുപ്പിന്റെ അഗ്രോസർവീസ്സെന്ററുകൾ/നിയന്ത്രണവിധേയമായി പ്രവർത്തിക്കുന്ന കർഷക ഗ്രൂപ്പുകൾ/ഇക്കോ ഷോപ്പുകൾ/നാളികേരഉല്പാദകകമ്പനികൾ/നാളികേര ഉല്പാദക ഫെഡറേഷൻ | പരമാവധി (50000/-രൂപ ഗ്രാമപഞ്ചായത്ത്)(ബ്ലോക്ക് പഞ്ചാത്ത്, മുൻസിപ്പാലിറ്റി -75,000/-രൂപ) (ജില്ലാപഞ്ചായത്ത്, കോർപ്പറേഷൻ1,00,000/-രൂപ വീതം.) | • എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും വിപണന സൗകര്യം ഒരുക്കാം, അടിസ്ഥാന സൗകര്യങ്ങൾ,വാടക,ഉപകരണം,അക്കൗണ്ടിംഗ് സംവിധാനം/സംഭരണം(ശീതീകരണ സംവിധാനം ഉൾപ്പെടെ) എന്നിവയ്ക്ക് ഉപയോഗിക്കാം.<br>• ഓരോ ഉല്പന്നങ്ങളുടെയും വാങ്ങേണ്ടവിലയും വിൽക്കേണ്ടവിലയും ടെക്ക്നിക്കൽ കമ്മിറ്റി നിശ്ചയിക്കണം.<br>• ശമ്പളം കൊടുക്കാൻ പാടില്ല.<br>• എഗ്രിമെന്റ്/കരാർ അടിസ്ഥാനത്തിൽ നൽകാം<br>• എല്ലാ സ്ഥാപനങ്ങളുടെയും മൊബൈൽ ഫോൺ, ഈ-മെയിൽ ഐഡി എന്നിവ തദ്ദേശഭരണസ്ഥപാനത്തിന്റെ സൈറ്റിൽ പ്രസിദ്ധീകരിക്കണം.<br>• അപേക്ഷ ക്ഷണിക്കണം<br>• സാദ്ധ്യതകളും പ്രായോഗികതയും പരിഗണിച്ച് മുൻഗണന ക്രമത്തിൽ മാർക്കിട്ട് ലിസ്റ്റ് തയ്യാറാക്കണം.<br>• ഓരോ സ്ഥാപനങ്ങൾക്ക് നൽകാവുന്ന തുക തദ്ദേശഭരണസ്ഥാപനം നിശ്ചയിക്കണം, കരാർ വ്യവസ്ഥയുണ്ടാക്കണം. |
| 17 | കശുമാവ് കൃഷി (തൈവിതരണം) | എല്ലാ വിഭാഗങ്ങൾക്കും | 100% | • കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ തൈകൾ വിതരണം ചെയ്യണം<br>• വ്യത്യസ്ഥ സ്ഥലങ്ങളിൽ നിന്നും തൈകൾ വിതരണം ചെയ്യുമ്പോഴുള്ള ഇരട്ടിപ്പ് ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കണം<br>• എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും നൽകാം.<br>• തരിശുഭൂമിയിലും പൊതുഇടങ്ങളിലും തൈകൾ നടാനും നനയ്ക്കാനും ചുറ്റുവേലികെട്ടാനും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ/അയ്യങ്കാളിതൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തണം. |
| 18 | റബർ തൈകൾവച്ച തോട്ടങ്ങളിൽ ഇടവിളയായി പഴങ്ങളും പച്ചക്കറിയും കൃഷി ചെയ്ത് ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതി (മൂന്ന് വർഷകാലയളവിനുള്ളിൽ) | എല്ലാവിഭാഗങ്ങൾക്കും | അനുയോജ്യമായതോതിൽ ഈ മാർഗ്ഗരേഖയിലെ വിവിധ സബ്സിഡികൾ കൃഷിചെയ്യുന്ന ഭൂമിയുടെ വിസ് തൃതിക്കാനുപാതികമായി. ഹെക്ടറിന് 7,000/- രൂപയിൽ അധികരിക്കാതെ നൽകാം | (1) നാമമാത്ര/ചെറുകിട കർഷർക്ക് മാത്രം. (നാമമാത്രകർഷകർ-രണ്ടരഏക്കർ(ഒരുഹെക്ടർ), ചെറുകിട കർഷകർ-അഞ്ച് ഏക്കർ (രണ്ടു ഹെക്ടർ)ഭൂമിയുള്ളയാൾ.<br>(2) പച്ചക്കറി, വാഴ, പൈനാപ്പിൾ, കിഴങ്ങുവർഗ്ഗങ്ങൾ, ഇഞ്ചി, മഞ്ഞൾ എന്നിവ പ്രത്യേകമായും ഒരുമിച്ചും ഇടവിളകൃഷിയായി ചെയ്യാം<br>(3) റബർ തൈകളുടെ സംരക്ഷണത്തിനായി റബർബോർഡ് നൽകുന്ന ധനസഹായം ഒഴികെ മറ്റൊരു സഹായവും സ്വീകരിക്കാൻ പാടില്ല.<br>(4) തദ്ദേശഭരണസ്ഥാപനത്തിലെ കൃഷി ടെക്നിക്കൽ കമ്മിറ്റി സബ്സിഡി, മാർഗ്ഗരേഖയ്ക്ക് വിധേയമായി സംയോജിപ്പിച്ച് റബർ തോട്ടങ്ങളിലെ കൃഷിക്കുള്ള സബ്സിഡി, കൃഷി ചെയ്യുന്ന ഓരോ വിളകളുടെയും ഭൂവിസ്തൃതിയുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കണം.<br>(5) ഗുണഭോക്താവിനെ തെരഞ്ഞെടുക്കുന്നതിന് ഗ്രാമസഭ അംഗീകാരം ബാധകമായിരിക്കും.<br>(6) ഒരേ ഇനം പ്രവർത്തികൾക്ക് ഒന്നിലധികം സംവിധാനങ്ങളിൽ നിന്നും ധനസഹായം സ്വീകരിച്ചിട്ടില്ലെന്ന് ഉറപ്പാക്കണം.<br>(7) ജില്ലാ പഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും ഒഴികെ എല്ലാ സ്ഥാപനങ്ങൾക്കും ഈ പ്രോജക്ടിന് വകയിരുത്താവുന്ന തുക നിശ്ചയിച്ച് പ്രോജക്ടു തയ്യാറാക്കണം. |

| | | | | |
|---|---|---|---|---|
| 19 | പ്രദർശന മാതൃകാ കൃഷിതോട്ടങ്ങളും-ഔഷധസസ്യതോട്ട ങ്ങളും-നേഴ്സറി കളും, വിത്ത് ഉല്പാദന കേന്ദ്രങ്ങളും തരിശു രഹിതഗ്രാമവും | എല്ലാവിഭാഗ ങ്ങൾക്കും (വ്യക്തിഗ തവും/സംരംഭ കരും) | അനുയോജ്യ മായ തോതിൽ ഈ മാർഗ്ഗരേഖ യിലെ വിവിധ സബ്സിഡികൾ കൃഷിചെയ്യുന്ന ഭൂമിയുടെ വിസ്തൃതിയുടെ അനുപാതത്തിൽ ലഭ്യമാക്കാം (വ്യക്തിഗത പരിധി 30,000/- രൂപ) സംരംഭകത്വം | • കൃഷിയോഗ്യമായതരിശുഭൂമി സ്വന്തം/പാട്ടത്തിനുള്ളത് മാതൃകാപ്രദർശനത്തോട്ടമായി കൃഷി ചെയ്യണം.<br>• ഔഷധസസ്യതോട്ടങ്ങളും,നേഴ്സറികളും,വിത്ത് ഉല്പാദനകേന്ദ്രങ്ങളും ഇതിന്റെഭാഗമായി ആരംഭിക്കാം.<br>• തദ്ദേശഭരണസ്ഥാപനത്തിലെ കൃഷി ടെക്ക്നിക്കൽ കമ്മിറ്റി നിലവിലുള്ള സബ്സിഡി മാർഗ്ഗരേ ഖയ്ക്കുവിധേയമായി സംയോജിപ്പിച്ച് മാതൃക പ്രദർശന തോട്ടങ്ങൾക്കുള്ള സബ്സിഡി കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതിയ്ക്കനുസരണമായി നിശ്ചയിക്കണം.<br>• പോളിഹൗസ്, മഴമറ, പ്രിസിഷൻഫാമിംഗ്, കണിക ജലസേചനം, ഫെർട്ടിഗേഷൻ തുടങ്ങിയ ആധുനിക കൃഷി രീതികൾ പ്രദർശ്ശിപ്പിക്കുന്നതരത്തിൽ പ്രയോജനപ്പെടുത്തുന്നതായി രിക്കണം. ഈ സൗകര്യങ്ങൾ നടപ്പാക്കുന്നതിന് മറ്റ് സ്ഥാപനസഹായങ്ങളും സ്വീകരിക്കാം.<br>• എല്ലാ തദ്ദേശസ്ഥാപനങ്ങൾക്കും പ്രോജക്ട് ഏറ്റെടുക്കാവുന്നതാണ്.<br>• പ്രോജക്ടിൽ മാറ്റിവയ്ക്കാവുന്ന തുക ഏകദേശം കണക്കാക്കി പ്രോജക്ട് തയ്യാറാക്കണം.<br>• മറ്റ് സ്ഥാപനങ്ങളിൽ നിന്നും ധനസഹായം വാങ്ങിസ്ഥാപിച്ചിട്ടുള്ള തോട്ടങ്ങൾക്ക് പ്രോത്സാ ഹന സഹായമായി 5,000/-രൂപ മാത്രം. |
| 20 | വീടുകൾ-ഹരിതഭവനം | എല്ലാവിഭാഗ ങ്ങളും | സംയോജിത പദ്ധതി പരമാവധി 20,000/-രൂപ | • നാമമാത്ര/ചെറുകിട കർഷകർക്കു മാത്രം.(നാമമാത്രകർഷകർ-രണ്ടരഏക്കർ(ഒരുഹെക്ടർ), ചെറു കിട കർഷകർ-അഞ്ച് ഏക്കർ (രണ്ടു ഹെക്ടർ)ഭൂമിയുള്ളയാൾ.<br>• വീട്ടുവളപ്പിലെ കൃഷിയോഗ്യമായ എല്ലാ സ്ഥലവും ജൈവകൃഷി നടത്തുക<br>• വീട്ടുവളപ്പിൽ പെയ്തിറങ്ങുന്ന ഒരു തുള്ളി മഴവെള്ളംപോലും പുരയിടത്തിനു പുറത്തു പോകാതെ അത് കിണറ്റിനരികിൽ കിനിഞ്ഞിറങ്ങുന്നതിന് സൗകര്യപ്പെടുത്തുക<br>• മേൽക്കൂരയിലെ മഴവെള്ളം കിണർ റീചാർജ്ജിംഗ് പിറ്റിലേക്ക് എത്തിക്കുക<br>• മേൽക്കൂരയിലെ മഴവെള്ളം ശുദ്ധീകരിച്ച് കിണർ റീചാർജിംഗ് കിറ്റിലേക്ക് എത്തിക്കുന്ന തിനുള്ള ഫിൽറ്റർ മാറ്റി നൽകാവുന്നതാണ്.<br>• വീടുവളപ്പിലെ എല്ലാ മാലിന്യങ്ങളും പരിസ്ഥിതിസൗഹൃദമായി സംസ്കരിച്ച് ജൈവവളകൃ ഷിക്ക് ഉപയോഗിക്കുക. വളക്കുഴി നിർമ്മിക്കുക.<br>• ഖരമാലിന്യങ്ങളും പ്ലാസ്റ്റിക് മാലിന്യങ്ങളും ശേഖരിച്ച് തരംതിരിച്ച് സൂക്ഷിക്കുക.<br>• വളർത്ത് പക്ഷികളേയും മൃഗങ്ങളെയും കഴിയുന്നിടത്തോളം വീടുവളപ്പിൽ സംരക്ഷിച്ച് പരിപാലിക്കുക.<br>• വീട്ടുവളപ്പ് മേൽപ്പറഞ്ഞതുൾപ്പെടെയുള്ള രീതികൾക്കനുയോജ്യമായി ആസൂത്രണം ചെയ്ത് നടപ്പാ ക്കാൻ സന്നദ്ധരാകുന്നവർക്ക് സാദ്ധ്യമായ സഹായങ്ങൾ ലഭ്യമാക്കുക. (Homestead Farm Plan).<br>• നടപ്പാക്കുന്ന മുറയ്ക്ക് തദ്ദേശഭരണസ്ഥാപനതല മിഷൻ ടീം പരിശോധിച്ച് ആവശ്യമായ ഉപ ദേശ നിർദ്ദേശങ്ങളും നൽകി. ചെയ്ത പ്രവർത്തനങ്ങൾക്കനുസൃതമായ വിവിധ സബ്സിഡി കൾ ഏകോപിപ്പിച്ച് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.<br>• പ്രാദേശിക പ്രവർത്തനങ്ങൾക്കനുസൃതമായി തദ്ദേശഭരണസ്ഥാപനം നിശ്ചയിക്കുന്ന തുക വകയിരുത്തി പ്രോജക്ട് തയ്യാറാക്കണം. |

| | | | | |
|---|---|---|---|---|
| | | | | Benificiary Enrolment Form:- വീട്ടുവളപ്പിൽ പരിസ്ഥിതി സൗഹൃദമായി ചെയ്യാൻ കഴിയുന്ന കൃഷി,മൃഗസംരക്ഷണം,ക്ഷീരവികസനം,ജലവിഭവസംരക്ഷണം,മാലിന്യസംസ്കരണം,ഊർജ്ജ സംരക്ഷണം,ഭക്ഷ്യസുരക്ഷ തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഒരു പട്ടിക ഗുണഭോക്താവിന് നൽകി അടുത്ത നാലുവർഷങ്ങളിലായി ഗുണഭോക്താവിന് നടപ്പാക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ രേഖപ്പെടുത്തി വാങ്ങുക.<br>• ഇങ്ങനെ തല്പരരായ ഗുണഭോക്താക്കളെ വിളിച്ചുകൂട്ടി ശാസ്ത്രീയമായി പ്രവർത്തനങ്ങൾ സംയോജിപ്പിക്കുന്നതിനുള്ള ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ച് പരിശീലനം നൽകി ഏകീകൃതരീതി രൂപപ്പെടുത്തുക.<br>• ഇതിനായി അയൽകൂട്ടങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ മറ്റു സാമൂഹ്യ സംഘടനകളുടെ ശേഷി വിനിയോഗിക്കുക-ചുമതലപ്പെടുത്തുക.<br>• ഗുണഭോക്താക്കളുടെ ഗ്രൂപ്പ് രൂപീകരിച്ച് സാമൂഹ്യസംഘടനകളുമായി ബന്ധിപ്പിക്കുക.<br>• തദ്ദേശഭരണസ്ഥാപനതലത്തിലെ കൃഷി ടെക്നിക്കൽ കമ്മിറ്റി നിലവിലുള്ള സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിധേയമായി സംയോജിപ്പിച്ച് വീട്ടുവളപ്പിലെ സംയോജിത ഹരിതകേരളമിഷൻ പ്രവർത്തനങ്ങളുടെ കാഴ്ചപ്പാടിൽ കൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതിയ്ക്കനുസരണമായി നിശ്ചയിക്കണം.<br>• ഓരോ പ്രദേശത്തെയും കാർഷിക മേഖലയിൽ നിലവിൽ പ്രവർത്തിച്ചു വരുന്ന എല്ലാ സംഘടനകളെയും സ്ഥാപനങ്ങളെയും ഇതിന്റെ ഭാഗമായി കൂട്ടിയോജിപ്പിച്ച് പ്രയോജനപ്പെടുത്തേണ്ടതാണ്.<br>• ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും ഈ പ്രോജക്ട് എറ്റെടുക്കാവുന്നതാണ്. |
| 21 | ഏത് കാലാവസ്ഥയിലും കൃഷി മുടങ്ങാതിരിക്കാൻ മഴമറ (Rain Shelter) | എല്ലാവിഭാഗങ്ങൾക്കും | പരമാവധി 100 ച.മീറ്റർ (ഒരു കർഷകൻ)പരമാവധി ജനറൽ -30,000/- എസ്.സി-50,000/- എസ്.റ്റി-50,000/ ആനുപാതികമായിനൽകണം. | 1) നാമമാത്ര/ചെറുകിട കർഷകർ. (നാമമാത്രകർഷകർ-രണ്ടരഏക്കർ(ഒരുഹെക്ടർ),ചെറുകിടകർഷകർ-അഞ്ച് ഏക്കർ (രണ്ടു ഹെക്ടർ)ഭൂമിയുള്ളയാൾ.<br>2) വീട്ടുവളപ്പിലെ/മട്ടുപ്പാവ് കൃഷിക്ക് താല്പര്യമുള്ളവരായിരിക്കണം.<br>3) 100 ച.മീറ്ററിന് കൃഷിവകുപ്പിൽ നിലവിലുള്ള 50,000/-രൂപ സബ്സിഡി നിരക്കിനും സ്പെസിഫിക്കേഷനും യൂണിറ്റ് കോസ്റ്റിനുമനുസരിച്ച്,സ്ഥലവിസ്തൃതിക്കും ആനുപാതികമായി നൽകണം.<br>4) കുറഞ്ഞത് 10 ച. മീറ്ററും അതിന്റെ ഗുണിതങ്ങളുമായി പരമാവധി 100 ച.മീറ്റർ<br>5) ഗുണഭോക്താവിന് ബാങ്ക് വായ്പയുടെ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്. സബ്സിഡി ബാക്ക് എൻഡഡ് ആയി നൽകാം.<br>6) മറ്റ് സബ്സിഡികൾ ഇതേ ആവശ്യത്തിന് കഴിഞ്ഞ 3 വർഷത്തിനുള്ളിൽ സ്വീകരിച്ചിട്ടുള്ളവർ അർഹരല്ല.<br>7) ഗ്രാമ/നഗര ഭരണസ്ഥാപനങ്ങൾക്ക് പ്രോജക്ട് എടുക്കാം<br>8) ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾക്ക് ഗ്രാമപഞ്ചായത്തു പ്രോജക്ടിൽ പങ്കാളിയാകാം. |
| 22 | പരിസ്ഥിതി സുരക്ഷയ്ക്ക് മരങ്ങൾ പരിരക്ഷിക്കാൻ സഹകരണ വായ്പയും ഒറ്റതവണ പലിശ സബ്സിഡിയും | എല്ലാ വിഭാഗങ്ങൾക്കും | എല്ലാ ഗ്രാമ/നഗരഭരണ സ്ഥാപനങ്ങളിലും (ഒറ്റതവണ പലിശസബ്സിഡിയ്ക്ക്മാറ്റിവയ്ക്കാവുന്ന തുക) | 1. പരിസ്ഥിതി സുരക്ഷയ്ക്ക് കാർബൺ വാതകത്തിന്റെ അളവ് കുറയ്ക്കേണ്ടതാവശ്യമാണ്. ഇതിന് ഏറ്റവും അനുയോജ്യമായ മാർഗ്ഗം മരങ്ങൾ സംരക്ഷിക്കുകയാണ്.<br>2. അടിയന്തിര സാഹചര്യങ്ങളിലൊഴികെ മരങ്ങൾ മുറിക്കുന്നില്ലെന്ന് ഉറപ്പാക്കാനുള്ള സഹായപദ്ധതി.<br>3. സാമ്പത്തിക ആവശ്യങ്ങൾക്ക് വേണ്ടി വീട്ടുവളപ്പിലെ മരങ്ങൾ മുറിക്കാതിരിക്കാൻ ടി മരം തന്നെ പണയ വസ്തുവായി കണക്കാക്കി അവയുടെ ഇപ്പോഴത്തെ മാർക്കറ്റ് വിലയുടെ 75% വരെ നിലവിലുള്ള പലിശയ്ക്ക് വായ്പ നൽകുന്നതിനുള്ള പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘവായ്പാ പദ്ധതി. |

| | | | | |
|---|---|---|---|---|
| | | | | 4. വായ്പ വ്യവസ്ഥകൾ:-<br>എ) വായ്പാകാലാവധി 5 മുതൽ 10 വർഷം വരെയാണ്<br>• ജാമ്യവസ്തുമരമാണ്. തേക്ക്,ഈട്ടി,മഹാഗണി,ആഞ്ഞിലി,പൂവരശ്,പ്ലാവ് തുടങ്ങിയ കാതലുള്ള മരങ്ങൾ.<br>• മരം നിൽക്കുന്ന വസ്തുവിന്റെ പറ്റുചീട്ട് നൽകി സംഘവുമായി ഉടമസ്ഥൻ കരാർ വയ്ക്കണം.<br>• നിർദ്ദിഷ്ടവസ്തുവിൽ പ്രവേശിച്ച് മരം പരിശോധിക്കാനും, സംരക്ഷിക്കാനുമുള്ള അവകാശവും വായ്പകണക്ക് അവസാനിക്കുന്നതുവരെ സംഘത്തിന് വ്യവസ്ഥപ്പെടുത്തണം.<br>• മരത്തിനു നമ്പറും, ചുറ്റളവും, ഉയരവും, ഇനവും മറ്റ് വിവരങ്ങളും രേഖപ്പെടുത്തി മരം തിരിച്ചറിയാൻ കഴിയുന്ന വിധം മഹസർ തയ്യാറാക്കി ഗുണഭോക്താവ് ഒപ്പിട്ട് കരാർ ഉടമ്പടിയുടെ ഭാഗമാക്കണം.<br>• പ്രതിമാസ തവണകളായി പലിശമാത്രം ഗുണഭോക്താവ് തിരികെ അടച്ചുകൊണ്ടിരിക്കണം.<br>• വായ്പ കാലാവധി തീരുന്നമുറയ്ക്ക് മുതൽ തിരികെ അടച്ചു-വായ്പകണക്ക് അവസാനിപ്പിക്കണം.<br>• വായ്പാകാലാവധി കഴിയാതെ മരം മുറിയ്ക്കാൻ പാടില്ല.<br>5. വായ്പ തുകയുടെ ആദ്യമാസത്തെ പലിശയ്ക്ക തുല്യമായ തുക ബാക്ക് എൻഡഡ് സബ്സിഡിയായി തദ്ദേശഭരണസ്ഥാപനം ഗുണഭോക്താവിന്റെ വായ്പ അക്കൗണ്ടിലേക്ക് അടയ്ക്കും.<br>6. നിർദ്ദിഷ്ട വായ്പ പദ്ധതി പ്രകാരം തദ്ദേശഭരണസ്ഥാപന പ്രദേശത്തുള്ള പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിൽ നിന്നും വായ്പ എടുത്തിട്ടുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കണം.<br>7. സംഘങ്ങളിൽ നിന്നും അപേക്ഷകരായിട്ടുള്ള അംഗങ്ങളുടെ വായ്പകൾക്ക് ജനിച്ചിട്ടുള്ള പലിശ സംബന്ധിച്ച് ലിസ്റ്റ് വാങ്ങിപരിശോധിച്ച് ഉറപ്പാക്കി ആദ്യ സാമ്പത്തിക വർഷത്തെ പലിശതുക ബാക്ക് എൻഡഡ് സബ്സിഡിയായി ടി വായ്പ കണക്കുകളിലേയ്ക്ക് അടയ്ക്കണം.<br>8. പ്രദേശത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘവുമായി ചർച്ച ചെയ്ത് വായ്പ ഉപനിബന്ധനയ്ക്കു അംഗീകാരം വാങ്ങാൻ ബാങ്ക് നടപടി സ്വീകരിക്കാൻ പ്രേരിപ്പിക്കണം.<br>9. ഒറ്റത്തവണ പലിശ സബ്സിഡിയായി ഒരു വർഷം നൽകാൻ ഉദ്ദേശിക്കുന്ന തുക കണക്കാക്കി പ്രോജക്ട് തയ്യാറാക്കണം.<br>10. പലിശ സബ്സിഡി നൽകി സംരക്ഷിക്കുന്ന മരങ്ങളുടെയും ഉടമസ്ഥരുടെയും വിശദാം ശങ്ങൾ തദ്ദേശഭരണസ്ഥാപനത്തിലെ ജൈവവൈവിദ്ധ്യ രജിസ്റ്ററിന്റെ ഭാഗമാക്കണം.<br>11. ഈ വിശദാംശങ്ങൾ തദ്ദേശഭരണസ്ഥാപനത്തിന്റെ വെബ്-സൈറ്റിൽ രേഖപ്പെടുത്തി പ്രസിദ്ധീകരിക്കണം.<br>12. ശാസ്ത്രീയ പഠനങ്ങൾ നടത്തി പരിരക്ഷിക്കുന്ന മരങ്ങളിലൂടെ ഇല്ലാതാക്കുന്ന കാർബണിന്റെയും,അന്തരീക്ഷത്തിലേക്ക് ലഭ്യമാക്കുന്ന ഓക്സിജന്റെയും അളവുകളും തിട്ടപ്പെടുത്തിയുള്ള ഇംപാക്റ്റ് സ്റ്റഡി റിപ്പോർട്ട് (Impact Study Report) തദ്ദേശസ്ഥാപനത്തിലെ ജൈവവൈവിദ്ധ്യ മാനേജ്മെന്റ് കമ്മിറ്റി തയ്യാറാക്കണം. |
| 23 | കരിമ്പ്കൃഷി | എല്ലാവിഭാഗങ്ങൾക്കും | ഒരു ഹെക്ടറിന് 7,000/- രൂപ | 1. ചെറുകിട /നാമമാത്ര കർഷകനായിരിക്കണം. (നാമമാത്രകർഷർ-രണ്ടരഏക്കർ (ഒരുഹെക്ടർ), ചെറുകിട കർഷകർ-അഞ്ച് ഏക്കർ (രണ്ടു ഹെക്ടർ)ഭൂമിയുള്ളയാൾ.<br>2. കൃഷി ചെയ്ത ഭൂമിയുടെ വിസ്തൃതിക്ക് ആനുപാതികമായി വേണം ആനുകൂല്യം നൽകാൽ.<br>3. കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതിയും ധനസഹായത്തിന്റെ ആനുപാതിക തുകയും കൃഷി ഓഫീസർ നിശ്ചയിച്ച് നൽകണം. |

**കുറിപ്പ്**

1. ക്രമനനമ്പർ (1)മുതൽ (6)വരെ ഇനങ്ങളിൽ പാട്ടക്കൃഷി ചെയ്യുന്നതിന് സ്ഥലമുടമ നൽകിയിട്ടുള്ള സമ്മതപത്രം, കൃഷി ചെയ്തിട്ടുണ്ടെന്നതിനുള്ള കൃഷി ഓഫിസറുടെ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം.
2. ക്രമനമ്പർ 7-ൽ പറഞ്ഞ ഉപകരണങ്ങളും യന്ത്രങ്ങളും കൂടാതെ കമ്പൈൻഡ് കൊയ്ത്ത് - മെതിയന്ത്രം, സ്ട്രോബേലർ എന്നിവയും ഗ്രാമപഞ്ചായത്തുകൾക്ക്/നഗരഭരണ സ്ഥാപനങ്ങൾക്ക് വാങ്ങാവുന്നതാണ്. ഇങ്ങനെ വാങ്ങുന്നവയുടെ നിയന്ത്രണം, മേൽനോട്ടം, നടത്തിപ്പ് എന്നിവയ്ക്കായി ഗ്രാമ പഞ്ചായത്ത്/നഗരസഭതലത്തിൽ ഒരു സമിതി രൂപീകരിക്കണം. ഈ സമിതിയിൽ ക്രമനമ്പർ 7 ൽ കോളം 5 ൽ പറഞ്ഞിട്ടുള്ള സമിതികളുടെ പ്രതിനിധികൾ അംഗങ്ങളായിരിക്കണം. ഈ സമിതിയുടെ ചെയർപേഴ്സൺ ഗ്രാമപഞ്ചായത്തിന്റെ/നഗരസഭയുടെ അദ്ധ്യക്ഷനും കൺവീനർ ബന്ധപ്പെട്ട കൃഷിഓഫീസറും ആയിരിക്കേണ്ടതാണ്. യന്ത്രങ്ങൾ/ഉപകരണങ്ങൾ കരാർ ഉടമ്പടിവെച്ച് നടത്തിപ്പിനായി ഇനം 7 ൽ കോളം 5 ൽ പറഞ്ഞിട്ടുള്ള സമിതികളെ ഏൽപ്പിക്കാവുന്നതാണ്. വേണമെങ്കിൽ സ്വന്തം ആവശ്യത്തിനു വേണ്ടി കർഷകർക്ക് നേരിട്ടും ഈ യന്ത്രോപകരണങ്ങൾ വാടകയ്ക്ക് നൽകാവുന്നതാണ്. യന്ത്രോപകരണങ്ങൾ വാടകയ്ക്ക് നൽകുന്നതിന്റെ വരവ്-ചെലവ് കണക്കുകൾ ഗ്രാമപഞ്ചായത്ത്തല/നഗരസഭാതല സമിതി സൂക്ഷിക്കേണ്ടതാണ്.
3. കാർഷിക യന്ത്രങ്ങൾ വാങ്ങി സമിതികൾക്ക് / സംഘങ്ങൾക്ക് നൽകുന്നതിന് ഗ്രാമ-ബ്ലോക്ക് -ജില്ലാ പഞ്ചായത്തുകൾക്ക് സംയുക്തമായി പ്രോജക്ട് തയ്യാറാക്കാവുന്നതാണ്. എന്നാൽ പ്രോജക്ടിന്റെ നിർവഹണം ഗ്രാമപഞ്ചായത്തിനായിരിക്കേണ്ടതാണ്.
4. ക്രമനമ്പർ 7 ൽ പറഞ്ഞതും സമിതികൾ മുഖേനയോ നേരിട്ടോ കർഷകർക്ക് ലഭ്യമാക്കുന്നതുമായ എല്ലാ യന്ത്രോപകരണങ്ങളുടെയും വാടക നിരക്ക് ഗ്രാമ/ബ്ലോക്ക്/ നഗരസഭാതല സമിതി തീരുമാനിക്കണം. ഈ സമിതി നിശ്ചയിച്ച വാടകനിരക്കിൽ യന്ത്രോപകരണങ്ങൾ കർഷ കർക്ക് ലഭ്യമാക്കാൻ ഏറ്റെടുക്കുന്ന സമിതികൾ ബാദ്ധ്യസ്ഥമായിരിക്കുന്നതാണ്.
5. യന്ത്രോപകരണങ്ങൾ വാടകയ്ക്ക് നൽകുന്നതിലൂടെ ലഭിക്കുന്ന തുകയിൽ നിന്ന് അവയുടെ സംരക്ഷണം, അറ്റകുറ്റപ്പണി എന്നിവ നടത്തേണ്ടതാണ്. ഇത് ബന്ധപ്പെട്ട കൃഷി ആഫീസർ ഉറപ്പാക്കണം. ഇതു സംബന്ധിച്ച റിപ്പോർട്ട് വികസന സ്റ്റാന്റിഗ് കമ്മിറ്റിക്കു നൽകണം.
6. നിലവിലുള്ള യന്ത്രോപകരണങ്ങൾ ഉപയോഗപ്പെടുത്താതെ വീണ്ടും അപ്രകാരമുള്ളവ വാങ്ങാൻ പാടില്ല. വാങ്ങിയ യന്ത്രോപകരണങ്ങൾ കൃഷി ആവശ്യത്തിന് ഉപയോഗിക്കുന്നുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം.
7. വ്യക്തികൾ/ഗ്രൂപ്പുകൾ/ഗുണഭോക്തൃസമിതികൾ എന്നിവർ നേരിട്ടല്ലാതെ വാങ്ങിക്കുന്ന സംഗതികളിൽ ഉല്പാദനോപാധികളും യന്ത്രോപകരണങ്ങളും നൽകുന്നതിനുമുമ്പായി സബ്സിഡി കിഴിച്ചുള്ള തുക ഗുണഭോക്താക്കൾ പണമായി കൃഷിഭവനിൽ അടച്ചിരിക്കണം.
8. ബ്ലോക്ക് തലത്തിൽ രൂപീകരിക്കുന്ന കർമ്മസേനകൾക്ക്/നിലവിൽ ഉള്ളവയക്ക് കാർഷിക യന്ത്രങ്ങൾ ബ്ലോക്കിന് നേരത്തെ സൂചിപ്പിച്ച വ്യവസ്ഥകൾ പ്രകാരം വാങ്ങി നൽകാം.
9. **മാതൃകാകാർഷിക പ്രദർശനത്തോട്ടം, ഔഷധസസ്യതോട്ടം, നേഴ്സറികൾ, വിത്തുല്പാദന കേന്ദ്രങ്ങൾ, തരിശുരഹിത ഗ്രാമം:-**

   മണ്ണും ജലവും ജൈവസമ്പത്തും സംരക്ഷിക്കുന്നതൊടൊപ്പം തദ്ദേശഭരണസ്ഥാപനതലത്തിലെ കൃഷിയോഗ്യമായ പുരയിടങ്ങളും തരിശുനിലങ്ങളും മാലിന്യരഹിതമാക്കാനും കാർഷികാഭിമുഖ്യമുള്ള ഒരു പുത്തൻ സാമൂഹ്യബന്ധം രൂപപ്പെടുത്താനും വേണ്ടി തദ്ദേശഭരണസ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഭൂഉടമകളുമായി ചർച്ചചെയ്തു നാമമാത്രമായ പാട്ടം നിശ്ചയിച്ച് വ്യവസ്ഥകൾ തയ്യാറാക്കണം. ഭൂഉടമ കൃഷിചെയ്യാൻ അനുവദിക്കുന്നത് തദ്ദേശ സ്ഥാപനത്തെ ആയിരിക്കണം. ഈ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ തല്പരരായ കർഷകർ, കർഷകഗ്രൂപ്പുകൾ, പുരുഷസ്വയംസഹായ സംഘങ്ങൾ, കുടുംബശ്രീ ഗ്രൂപ്പുകൾ. ജെ.എൽ.ജി.ഗ്രൂപ്പുകൾ, നാളികേര ഉല്പാദക സംഘങ്ങൾ, നാളികേര ഉല്പാദക ഫെഡറേഷനുകൾ, നാളികേര ഉല്പാദക കമ്പനികൾ എന്നിവരും ഭൂഉടമകളും തമ്മിൽ കൃഷിഭവന്റെ സാന്നിദ്ധ്യത്തിൽ കരാറിൽ ഏർപ്പെടണം. ഇവിടങ്ങളിൽ മാതൃക കാർഷിക പ്രദർശനത്തോട്ടങ്ങൾക്ക് മുൻതൂക്കം നൽകി കൃഷി നടപ്പാക്കാൻ വികസന സ്റ്റാന്റിംഗ് കമ്മിറ്റി മുൻകൈ എടുക്കണം. മാതൃകപ്രദർശന തോട്ടങ്ങൾ ജനങ്ങളിൽ കാർഷികാഭിമുഖ്യം പ്രോത്സാഹിപ്പിക്കുവാൻ സഹായിക്കും. പ്രാദേശിക പ്രത്യേകയുള്ള വിവിധതരം തൈകളും വിത്തിനങ്ങളും അത്യാവശ്യമെന്നു കാണുന്ന സാഹചര്യത്തിൽ നെഴ്സറികൾ സ്ഥാപിച്ച് തൈകളും വിത്തുല്പാദന കേന്ദ്രങ്ങൽ സ്ഥാപിച്ച് എല്ലാതരം വിത്തുകളും ഉല്പാദിപ്പിച്ച് ആവശ്യം നിറവേറ്റാവുന്നതാണ്. സംഘാടനത്തിന് സംരംഭകത്വരീതി സ്വീകരിക്കുന്നത് അഭികാമ്യമായിരിക്കും.

## 8.2 മൃഗസംരക്ഷണം/ക്ഷീരവികസനം

| ക്രമ നമ്പർ | ഇനം | കാറ്റഗറി | സബ്സിഡി നിരക്കിന്റെ ഉയർന്ന പിരിധി | മാനദണ്ഡങ്ങൾ |
|---|---|---|---|---|
| 1. | കറവയുള്ള പശു/ കറവയുള്ള എരുമ | പൊതുവിഭാഗം (വ്യക്തിഗതം) | 50% (പരമാവധി 25000/- രൂപ) | • പരമ്പരാഗതമായി കന്നുകാലികളെ വളർത്തുന്നവർക്കും 50,000/- രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവർക്കും മുൻഗണന നൽകണം.<br>• കന്നുകാലികളെ വളർത്താൻ വേണ്ട സൗകര്യങ്ങളും സന്നദ്ധതയും ഉള്ളവരായിരിക്കണം.<br>• ഉരുക്കളെ കുറഞ്ഞത് 3 വർഷം വളർത്തുമെന്ന് കരാർ വയ്ക്കണം.<br>• പർച്ചേയ്സ് നടപടി ക്രമങ്ങൾ പാലിച്ചുകൊണ്ട് ഗുണഭോക്താക്കളിൽ നിന്നുള്ള 5 പേരുംകൂടി ഉൾപ്പെടുന്ന സമിതിയായിരിക്കണം വാങ്ങൽ നടത്തേണ്ടത്. (ഈ സമതിയിൽ ചെയർമാനായി ഒരു ജനപ്രതിനിധി ഉണ്ടായിരിക്കണം. നിർവഹണ ഉദ്യോഗസ്ഥൻ കൺവീനർ ആയിരിക്കണം). |
| | | പട്ടികജാതി/ പട്ടികവർഗം (വ്യക്തിഗതം) | 75% (പരമാവധി 30,000 പട്ടികജാതി 40,000 പട്ടികവർഗ്ഗം) | • തൊഴുത്ത് പുനരുദ്ധരണം, കൂട് നിർമ്മാണം, തീറ്റയുടെ ചെലവ്, കടത്തു കൂലി, ഇൻഷുറൻസ് തുക എന്നിവ പ്രോജ്ടിന്റെ ഭാഗമാക്കാൻ പാടില്ല.<br>• ഗ്രാമ/നഗരഭരണ സ്ഥാപനങ്ങൾക്ക് പ്രോജക്ട് എടുക്കാം<br>• യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കണം. |
| 2. | പെണ്ണാട് | പൊതുവിഭാഗം (വ്യക്തിഗതം) പട്ടികജാതി/ പട്ടികവർഗ്ഗം (വ്യക്തിഗതം) | 50% (പരമാവധി 10,000/-രൂപ കുറഞ്ഞത് 2 എണ്ണം വാങ്ങണം)75% (പരമാവധി 12,000/- രൂപ കുറഞ്ഞത് 2 എണ്ണം വാങ്ങണം) | • 6-8 മാസമെങ്കിലും പ്രായമുള്ളവയായിരിക്കണം<br>• 12 കി.ഗ്രാം എങ്കിലും ഭാരം ഉള്ളവയായിരിക്കണം<br>• ഗ്രാമ/നഗരഭരണസ്ഥാപനങ്ങൾക്ക് പ്രോജക്ട് ഏറ്റെടുക്കാം. |
| 3 | ഗർഭിണി കിടാരി | പൊതുവിഭാഗം (വ്യക്തിഗതം) | 50%(പരമാവധി 12000/ -രൂപ) | • 18-24 മാസം പ്രായവും കുറഞ്ഞതു മൂന്നുമാസം ഗർഭാവസ്ഥയിലുള്ളതുമായിരിക്കണം. |
| | | പട്ടികജാതി/പട്ടിക വർഗ്ഗം(വ്യക്തിഗതം) | 75%(പരമാവധി 15000/-രൂപ) | • ഗ്രാമ/നഗര ഭരണസ്ഥാപനങ്ങൾക്ക് പ്രോജക്ട് എടുക്കാം. |
| 4 | കിടാരി, കാളക്കുട്ടി, പോത്തുകുട്ടി, | പൊതുവിഭാഗം (വ്യക്തിഗതം) | 50%(പരമാവധി 8000/- രൂപ) | • 6-8 മാസമെങ്കിലും പ്രായമുള്ളവയായിരിക്കണം |
| | | പട്ടികജാതി/പട്ടികവർഗ്ഗം(വ്യക്തിഗതം) | 75%(പരമാവധി 10000/- രൂപ) | • ഗ്രാമ/നഗര ഭരണസ്ഥാപനങ്ങൾക്ക് പ്രോജക്ട് ഏറ്റെടുക്കാം. |
| 5 | കറവയന്ത്രം | ജനറൽ<br><br>എസ്.സി/ എസ്.റ്റി | 50% (പരമാവധി 25,000/- രൂപ)<br><br>60% ((പരമാവധി 30,000/- രൂപ ) | • കാലി വളർത്തൽ മുഖ്യതൊഴിലായിട്ടുള്ള ക്ഷീര കർഷകരായിരിക്കണം.<br>• 5 ഉരുക്കളെയെങ്കിലും വളർത്തുന്നുണ്ടായിരിക്കണം. അതിൽ 3 എണ്ണമെങ്കിലും കറവയുള്ള പശു/എരുമ ആയിരിക്കണം.<br>• ഐ.എസ്.ഐ/ബി.ഐ.എസ് മുദ്രയുള്ള കറവയന്ത്രം മാത്രമേ വാങ്ങാവൂ.<br>• ഗ്രാമ/നഗര ഭരണസ്ഥാപനങ്ങൾക്ക് പ്രോജക്ട് എറ്റെടുക്കാം<br>• മറ്റ് സർക്കാർ ഏജൻസികളിൽ നിന്നുള്ള സബ്സിഡി ലഭിച്ചവർ അർഹരായിരിക്കുന്നതല്ല. |

| | | | | |
|---|---|---|---|---|
| 6 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി (Special Livestock Breeding Programme) | പൊതുവിഭാഗം/ പട്ടിക ജാതി/ പട്ടികവർഗ്ഗം | 25% (പരമാവധി ഒരു ഗുണഭോക്താവിന് 3,125/- രൂപ) സംസ്ഥാനവിഹിതം ലഭ്യമല്ലാത്തസാഹചര്യ ത്തിൽ അതും നൽകണം. | • കുടുംബവാർഷിക വരുമാനം പൊതുവിഭാഗത്തിന്/പട്ടികജാതി വിഭാഗത്തിന് യഥാക്രമം 1 ലക്ഷം/2 ലക്ഷം രൂപയിൽ കവിയാത്തവർക്കും. പട്ടികവർഗ്ഗ ത്തിന് വരുമാനപരിധി ബാധകമല്ല.<br>• കുടുംബവാർഷിക വരുമാനം 50,000/-രൂപയിൽ കവിയാത്തവർക്ക് മുൻഗ ണന നൽകണം<br>• സംസ്ഥാന വിഹിതം 6250/-രൂപ, തദ്ദേശഭരണസ്ഥാപന വിഹിതം 3,125/-രൂപ, ഗുണഭോക്തൃ വിഹിതം 3,125/- രൂപ<br>• മൃഗാശുപത്രിയിൽ നിലവിലുള്ള കന്നുകുട്ടി ജനനരജിസ്റ്ററിൽ പേര് ഉൾപ്പെടുത്തിയിട്ടുള്ള കന്നുകുട്ടികളെ ഉൾപ്പെടുത്തി ഗ്രാമസഭയുടെ അംഗീകാ രത്തോടെ നടപ്പാക്കണം.<br>• പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടിയുടെ നിബന്ധനകൾ പാലിക്കണം.<br>• സംസ്ഥാന വിഹിതം ലഭ്യമാകുന്നില്ലെങ്കിൽ ആ തുക കൂടി തദ്ദേശഭരണ സ്ഥാപനം നൽകണം.<br>• ഗ്രാമ/നഗര ഭരണസ്ഥാപനങ്ങൾക്ക് പ്രോജക്ട് ഏറ്റെടുക്കാം |
| 7 | കോഴി, കാട, താറാവ് മുതലായ വളർത്തുപക്ഷികൾ | പൊതുവിഭാഗം<br><br>പട്ടിക ജാതി<br>പട്ടികവർഗ്ഗം | 50% (പരമാവധി 2,500/- രൂപ)<br>} 75%(പരമാവധി 5,000/- രൂപ | • കുടുംബവാർഷിക വരുമാനം 1 ലക്ഷം (ജനറൽ) 2 ലക്ഷം (പട്ടികജാതി) കയിൽ കവിയാത്തവർക്കും മാത്രം. പട്ടികവർഗ്ഗത്തിന് വരുമാനപരിധി ബാധകമല്ല.<br>• കുടുംബവാർഷിക വരുമാനം 50000 കയിൽ കവിയാത്തവർക്ക് മുൻഗണ നൽകണം.<br>• സബ്സിഡി പരിധിക്ക് വിധേയമായി എത്ര എണ്ണം നൽകാമോ അത്രയും എണ്ണം നൽകാം. സബ്സിഡി തുക പണമായി നൽകാൻ പാടില്ല.<br>• കൂട് ഗുണഭോക്താക്കൾ സ്വന്തം നിലയ്ക്ക് ഉണ്ടാക്കണം. തൊഴിലുറപ്പ് പദ്ധതി/അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ ഉപയോഗി ക്കണം. തീറ്റയുടെ ചെലവ് ഗുണഭോക്താക്കൾ സ്വയം വഹിക്കണം.<br>• ഗ്രാമ/നഗര ഭരണസ്ഥാപനങ്ങൾക്ക് പ്രോജക്ട് ഏറ്റെടുക്കാം |
| 8 | പാലിന് സബ്സിഡി | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗ്ഗം | ഒരു കർഷകന് ഒരു വർഷ ത്തിൽ നൽകാവുന്ന പരമാവധി സബ്സിഡി 30,000/- രൂപ | • ക്ഷീര സഹകരണ സംഘങ്ങൾ മുഖേന വിതരണം ചെയ്യണം<br>• ക്ഷീര സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 4 രൂപ തോതിൽ കണക്കാക്കി അത്രയും തുക കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകണം. (ക്ഷീരവികസന വകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പടെ)<br>• ഗ്രാമ പ്രദേശങ്ങളിൽ ഗ്രാമ-ബ്ലോക്ക്-ജില്ല പഞ്ചായത്തുകൾക്ക് സംയുക്ത മായി നടപ്പിലാക്കാം. എന്നാൽ ഗ്രാമപഞ്ചായത്തിലായിരിക്കണം നിർവഹണം നടത്തേണ്ടത്. |

| | | | | |
|---|---|---|---|---|
| | | | | • ക്ഷീരസംഘങ്ങൾ ഇല്ലാത്തതും പാൽശേഖരിക്കാൻ സംവിധാനമില്ലാത്തതുമായ സ്ഥലങ്ങളിൽ അതുണ്ടാക്കുന്നതിനു വേണ്ട ഇടപെടലുകൾ ഗ്രാമ പഞ്ചായത്തുകളും നഗരഭരണസ്ഥാപനങ്ങളും ചെയ്യേണ്ടതാണ്.<br>• ഇൻഷ്വർ ചെയ്ത പശുക്കളുള്ള മറ്റ് ക്ഷീര കർഷകർക്ക് പാൽ ഉല്പാദനത്തിനാനുപാതികമായി വെറ്റിനറി സർജന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 15,000/-രൂപ നൽകാവുന്നത്.<br>• ഗ്രാമ/നഗരഭരണസ്ഥാപനങ്ങളിൽ നടപ്പാക്കാം. |
| 9 | ധാതുലവണങ്ങൾ, വിരമരുന്ന് | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗ്ഗം | 100%(ഉരുഒന്നിന്പ്രതി വർഷം പരമാവധി 1000/- രൂപ) | • കാലികളെ വളർത്തുന്ന,പാൽ നൽകുന്ന ഗ്രൂപ്പ് സംരംഭകർക്ക് മാത്രം.<br>• ഗ്രാമ/നഗരഭരണസ്ഥാപനങ്ങൾക്ക് പ്രോജക്ട് എറ്റെടുക്കാം |
| 10 | തീറ്റപ്പുൽകൃഷിയ്ക്കുള്ള വിത്ത് | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗ്ഗം | 100%(ഒരുഏക്കറിൽ പരമാവധി 8,000/- രൂപ) | • 20 സെന്റ് യൂണിറ്റുകളായി 100 സെന്റ് വരെ സ്ഥലത്ത് സ്വന്തം/പാട്ടഭൂമിയിലോ കൃഷി ചെയ്യാം. ചെറുകിട നാമമാത്ര കർഷകർക്കു മാത്രം.<br>• സ്ഥലവിസ്തൃതിക്കു ആനുപാതികമായി ആനുകൂല്യം വിതരണം ചെയ്യാം.<br>• വിത്തിന്റെ വില ജില്ലാതലത്തിൽ ക്ഷീരവികസന വകുപ്പ് നിശ്ചയിക്കണം<br>• സംയോജിത കൃഷി രീതിയിൽ ഏർപ്പെടുന്ന കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകളെ ഈ വിഭാഗത്തിൽ പരിഗണിക്കേണ്ടതുണ്ട്.<br>• ഗ്രാമ/നഗര ഭരണസ്ഥാപനങ്ങൾക്ക് പ്രോജക്ട് എറ്റെടുക്കാം |
| 11 | മുയൽ വളർത്തൽ | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗ്ഗം | പൊതുവിഭാഗത്തിന് മുയലിന് 50%(പരമാവധി സബ്സിഡി 2000 രൂപ)കൂടിന്25%. പട്ടികജാതി/പട്ടിവർഗ്ഗവിഭാഗത്തിന് മുയലിന് 60% (പരമാവധി 3000/-രൂപ)കൂടിന് 25% | • ചെറുകിട/നാമമാത്ര കർഷകർക്ക് മാത്രം. മുയൽ വളർത്തൽ തൊഴിലായിനടത്തുന്നവർക്ക്മാത്രംസബ്സിഡിനൽകാം.(നാമമാത്രകർഷകർ-രണ്ടരഏക്കർ(ഒരുഹെക്ടർ), ചെറുകിടകർഷകർ-അഞ്ച് ഏക്കർ (രണ്ടു ഹെക്ടർ) ഭൂമിയുള്ളയാൾ.<br>• ഗ്രാമ/നഗര ഭരണസ്ഥാപനങ്ങൾക്ക് പ്രോജക്ട് എറ്റെടുക്കാം |
| 12 | മിനി ഡയറിയൂണിറ്റ് ആധുനിക വൽക്കരണം | എല്ലാവിഭാഗങ്ങൾക്കും വ്യക്തിഗതം | 50%<br>(പരമാവധി 25,000/-) | • ചെറുകിട/നാമമാത്ര കർഷകർക്കായിരിക്കണം. നാമമാത്രകർഷകർ-രണ്ടര ഏക്കർ (ഒരുഹെക്ടർ),ചെറുകിടകർഷകർ-അഞ്ച് ഏക്കർ(രണ്ടു ഹെക്ടർ)ഭൂമിയുള്ളയാൾ.<br>• ചുരുങ്ങിയത് 5 പശുക്കളുണ്ടായിരിക്കണം<br>• കറവയന്ത്രം, റബർമാറ്റ്, Automatic drinking bowl, Slurry pump, Dung pit,Biogas Plant തുടങ്ങിയവ വാങ്ങാം<br>• ഗ്രാമ/നഗര ഭരണസ്ഥാപനങ്ങൾക്ക് പ്രോജക്ട് എറ്റെടുക്കാം |
| 13 | ബ്രോയിലർയൂണിറ്റ് കുറഞ്ഞത് 1000 എണ്ണം | എല്ലാ വിഭാഗങ്ങൾക്കും | 50%<br>(പരമാവധി 25,000/-രൂപ) | • നാമമാത്ര/ചെറുകിട കർഷകർക്ക് മാത്രം. ആവശ്യമായ ലൈസൻസുകൾ നേടിയിരിക്കണം. (നാമമാത്രകർഷകർ-രണ്ടരഏക്കർ(ഒരുഹെക്ടർ),ചെറുകിട കർഷകർ-അഞ്ച് ഏക്കർ (രണ്ടു ഹെക്ടർ)ഭൂമിയുള്ളയാൾ.<br>• പ്രവാസികൾക്ക് മുൻഗണന<br>• വളർത്താനുള്ള ഷെഡ് സൗകര്യങ്ങൾ ഉണ്ടായിരിക്കണം<br>• മാലിന്യസംസ്കരണത്തിന് സംവിധാനം ഉണ്ടായിരിക്കണം |

| | | | | |
|---|---|---|---|---|
| | | | | • ഗ്രാമ/നഗര ഭരണസ്ഥാപനങ്ങൾക്ക് പ്രോജക്ട് എറ്റെടുക്കാം<br>• ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് പങ്കാളിത്തം |
| 14 | മട്ടുപ്പാവിലെ മുട്ടകോഴി വളർത്തൽ | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗ്ഗം | 50% (പരമാവധി 10,000/- രൂപ) | • 10 കോഴിയും കൂടും നൽകും<br>• നഗരഭരണസ്ഥാപനങ്ങൾക്ക് മാത്രം<br>• കൂടിന് സബ്സിഡി നൽകാവുന്നതാണ്.<br>• എൽ.എസ്.ജി.ഡി ഓവർസീയർ കൂടിന്റെ വാല്യുവേഷൻ എടുക്കണം. |
| 15 | കറവ പശുക്കൾക്ക് കാലിത്തീറ്റ | ജനറൽവിഭാഗം/<br><br>പട്ടിക ജാതി/ പട്ടികവർഗ്ഗം | പൊതുവിഭാഗത്തിന് 50% (പരമാവധി 10000/- രൂപ)<br><br>പട്ടികജാതി/ പട്ടികവർഗ്ഗം 70% (പരമാവധി 12,000/- രൂപ) | • ചെറുകിട/നാമമാത്ര കർഷകർക്ക് മാത്രം. (നാമമാത്രകർഷകർ-രണ്ടരഏക്കർ (ഒരു ഹെക്ടർ),ചെറുകിട കർഷകർ-അഞ്ച് ഏക്കർ(രണ്ടു ഹെക്ടർ)ഭൂമിയുള്ളയാൾ.<br>• കറവയുള്ള ഒരു പശുവിന് പരമാവധി 100 കിലോ കാലിത്തീറ്റ മാസത്തിൽ 50% സബ്സിഡി നിരക്കിൽ നൽകാവുന്നതാണ്.<br>• ഒരു വ്യക്തിക്ക് പരമാവധി സബ്സിഡി 10,000 രൂപ മാത്രം<br>• കാലിത്തീറ്റ സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും വാങ്ങേണ്ടതാണ്.<br>• ഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റി മാത്രം. |
| 16 | പന്നിവളർത്തൽ | ജനറൽവിഭാഗം/<br><br>പട്ടിക ജാതി/ പട്ടികവർഗ്ഗം | പൊതുവിഭാഗത്തിന് 50% (പരമാവധി 7,500 രൂപ)<br><br>പട്ടികജാതി/ പട്ടികവർഗ്ഗം 60% (പരമാവധി 10,000/- രൂപ) | • ചെറുകിട/നാമമാത്ര കർഷകർക്ക് മാത്രം. (നാമമാത്രകർഷകർ-രണ്ടര ഏക്കർ (ഒരുഹെക്ടർ),ചെറുകിട കർഷകർ-അഞ്ച് ഏക്കർ(രണ്ടുഹെക്ടർ)ഭൂമിയുള്ളയാൾ.<br>• 45- 60 ദിവസം വരെ പ്രായമായ 5 പന്നിക്കുട്ടികളെ വാങ്ങണം.<br>• ആവശ്യമായ ലൈസൻസ് നേടിയിരിക്കേണ്ടതാണ്.<br>• പന്നിക്കൂട് ഗുണഭോക്താവ് നേരിട്ട് വങ്ങിക്കേണ്ടതാണ്.<br>• പന്നിക്കുട്ടികളെ പർച്ചേസ് കമ്മിറ്റി മുഖേന വാങ്ങേണ്ടതാണ്.<br>• ഗ്രാമപഞ്ചായത്തുകളും മുൻസിപ്പാലിറ്റിയും മാത്രം. |
| 17 | സമഗ്ര കന്നുകാലി ഇൻഷ്വറൻസ് | ജനറൽ വിഭാഗം/ പട്ടിക ജാതി/ പട്ടികവർഗ്ഗം | പൊതുവിഭാഗത്തിന് 25% പട്ടികജാതി/പട്ടികവർഗ്ഗം 35% | • കറവപശുക്കളുള്ള എല്ലാ ക്ഷീരകർഷകർക്കും ആനുകൂല്യം നൽകാവുന്നതാണ്.<br>• സമഗ്രകന്നുകാലി ഇൻഷ്വറൻസ് പദ്ധതി-പ്രീമിയത്തിന്റെ 50% കേന്ദ്ര സംസ്ഥാന സർക്കാർ,25%(ജനറൽ),35%(എസ്.സി./എസ്.റ്റി)തദ്ദേശഭരണസ്ഥാപനം,ഗുണഭോക്താക്ക ൾ 25%(ജനറൽ),(15% എസ്.സി./എസ്.റ്റി.)എന്നിങ്ങനെ പങ്കിട്ട് വഹിക്കേണ്ടതാണ്.<br>• കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ അഭാവത്തിൽ ഇൻഷുറൻസ് പ്രീമിയം തുകയുടെ 50% തുക തദ്ദേശഭരണസ്ഥാപനത്തിന്റെ പദ്ധതിവിഹിത ത്തിൽ നിന്നും വഹിക്കാവുന്നതാണ്.<br>• കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതി നിലവിൽ ഉണ്ടെങ്കിൽ ഇൻഷ്വറൻസ് പ്രീമിയം തുകയുടെ ഗുണഭോക്തൃ വിഹിതത്തിന്റെ 25% പോളിസി സർട്ടിഫിക്കറ്റ്, വെറ്ററിനറി സർജന്റെ സാക്ഷ്യപത്രം എന്നിവയുടെ അടിസ്ഥാനത്തിൽ ഗുണ ഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് റീ-ഇമ്പേഴ്സ് ചെയ്യേണ്ടതാണ്.<br>• ഗ്രാമ/നഗര ഭരണസ്ഥാപനങ്ങൾക്ക് പ്രോജക്ട് എറ്റെടുക്കാം |

| | | | | |
|---|---|---|---|---|
| 18 | ചാണകം ഉണക്കി പ്പൊടിച്ച് ജൈവവ ളമാക്കുന്ന യൂണിറ്റ് | എല്ലാവിഭാഗങ്ങ ൾക്കും | ജനറൽ 50% (പരമാവധി 10,000/രൂപ) എസ്.സി/എസ്.റ്റി 70% (പരമാവധി 15,000/- രൂപ) | • ഒന്നിലധികം കന്നുകാലികളുള്ള ക്ഷീരകർഷകർക്കു മുൻഗണന<br>• ചാണകം ഉണക്കിപ്പൊടിച്ച് പാക്കറ്റുകളിലാക്കി ഇക്കോഷോപ്പ്/ക്ഷീര സംഘം/കാർഷിക കർമ്മസേനകൾ വഴി വില്പന നടത്തണം.<br>• ഗ്രാമ/നഗര ഭരണ സ്ഥാപനങ്ങൾക്ക് മാത്രം. |

കുറിപ്പ് :-

1. കറവപ്പശു, കറവയുള്ള എരുമ, ആട്, കാളക്കുട്ടി, കിടാരി, പോത്തുക്കുട്ടി, ഗർഭിണി കിടാരി, കോഴി, കാട, താറാവ്, മുയൽ, പന്നി മുതലായവയുടെ വില ജില്ലാതലത്തിൽ മൃഗസംരക്ഷണ വകുപ്പ് നിശ്ചയിക്കണം. വില കണക്കാക്കുമ്പോൾ ഇൻഷുറൻസ്, കടത്തുകൂലി എന്നിവ ഉൾപ്പെടുത്താൻ പാടില്ല. അവ ഗുണഭോക്താക്കൾ വഹിക്കണം.
2. കോഴി, മുയൽ എന്നിവ വളർത്തുന്നതിനുള്ള കൂടിന്റെ വാല്യുവേഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനിയീർ എടുക്കണം.
3. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അദ്ധ്യക്ഷനായും, വെറ്ററിനറി ഡോക്ടർ കൺവീനറും ഗുണഭോക്താക്കളിൽ നിന്ന് 5 പേർ അംഗങ്ങളുമായിട്ടുള്ള കമ്മിറ്റി യായിരിക്കണം മൃഗങ്ങളെ - പക്ഷികളെ വാങ്ങേണ്ടത്. പഞ്ചായത്ത് പ്രോക്യുർമെന്റ് കമ്മിറ്റി അംഗീകാരത്തോടെ ഈ സമിതിക്ക് നേരിട്ട് വാങ്ങാം. പ്രായം, ഗുണനിലവാരം എന്നിവ നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം.
4. ഉരുക്കളെ സംസ്ഥാനത്തിന് പുറത്ത് നിന്ന് തന്നെ വാങ്ങിക്കണമെന്ന് നിർബന്ധമില്ല. ഗുണമേന്മ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കിയാൽ മതി.
5. ഉരുക്കളെ ആരുടെ പക്കൽ നിന്നാണോ വാങ്ങിക്കുന്നത് അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകണം.
6. ക്ഷീരസംഘങ്ങൾ എന്നുള്ളത് കേരളസഹകരണസംഘം ആക്ട് 1969 പ്രകാരം രജിസ്റ്റർചെയ്തിട്ടുള്ള ക്ഷീരസംഘങ്ങളും ഡയറി ഡവലപ്മെന്റ് വകുപ്പ് അംഗീകരിച്ച സംഘങ്ങളും ഉൾപ്പെടുന്നതാണ്.
7. ക്രമനമ്പർ 1 ലും 2 ലും പറഞ്ഞ ഇനങ്ങൾ 12 -ാം പഞ്ചവത്സര പദ്ധതി കാലയളവിൽ ലഭിച്ചിട്ടുള്ളവർ അർഹരല്ല.
8. പ്രത്യേക കന്നുകുട്ടി പരിപാലനപരിപാടിയുടെ ഗുണഭോക്താക്കളെ മൃഗാശുപത്രിയിലെ കന്നുകുട്ടി ജനനരജിസ്റ്ററിൽ നിന്നും രേഖപ്പെടുത്തി ഗ്രാമസഭയിൽ അവതരിപ്പിച്ച് ഗ്രാമസഭ നിർദ്ദേശിക്കുന്ന കൂട്ടിച്ചേർക്കലുകൾ കൂടി വരുത്തി അംഗീകരിച്ച് നടപ്പാക്കാവുന്നതാണ്.
9. ക്ഷീരമേഖലയിൽ ദേശീയ ഭക്ഷ്യസുരക്ഷാ നിയമം (FSSA) പ്രകാരമുള്ള ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ജില്ലാ ക്വാളിറ്റി കൺട്രോൾ വിഭാഗത്തിനു അടിസ്ഥാന സൗകര്യങ്ങൾ, മൊബൈൽ ലാബുകൾ എന്നിവ ജില്ലാ പഞ്ചായത്തിന് സജ്ജീകരിക്കാവുന്നതാണ്. സംസ്ഥാനതലത്തിലുള്ള വകുപ്പ്തല നിർദ്ദേശങ്ങൾക്കനുസരണമായി നടപ്പാക്കണം.
10. ഗുണമേന്മയുള്ള മാംസ ഉല്പാദനത്തിന് പ്രോത്സാഹനം:-
ഗുണമേന്മയുള്ള മാംസം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിന് വയനാട് ജില്ലയിലെ ബ്രഹ്മഗിരി മാതൃകയിലുള്ള മാംസ വിപണന കേന്ദ്രങ്ങത്തിൽ കന്നുകാലി കർഷകർ വിൽക്കുന്ന കാള, മൂരി, പോത്ത് എന്നിവയുടെ വിലയുടെ പത്തുശതമാനം തുകയോ പരമാവധി 5,000/- രൂപയോ ഏതാണോ കൂടുതൽ ആതുക അധികസഹായമായി കർഷകന് നൽകുന്നതിനുള്ള പദ്ധതി. സ്ഥാപനത്തിൽ നിന്നുള്ള ലിസ്റ്റിന്റെ അടിസ്ഥാനത്തിലും ബന്ധപ്പെട്ട കർഷകന്റെ അപേക്ഷയുടെ അടിസ്ഥാനത്തിലും, കർഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക നല്കേണ്ടതാണ്. ഈ രീതിയിൽ മാതൃകാപരമായി പ്രവർത്തിക്കുന്ന വിപണന കേന്ദ്രങ്ങൾ ഉള്ള എല്ലാ സ്ഥലങ്ങളിലും ബന്ധപ്പെട്ട ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾക്ക് മേൽപ്പറഞ്ഞ ധനസഹായം ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാവുന്നതാണ്.

## 8.3 മണ്ണ് - ജലസംരക്ഷണം

| ക്രമ നമ്പർ | ഇനം | കാറ്റഗറി | സബ്സിഡി നിരക്കി ന്റെ ഉയർന്ന പരിധി | മാനദണ്ഡങ്ങൾ |
|---|---|---|---|---|
| 1 | മണ്ണ് ജലസംരക്ഷ ണ പ്രവർത്തികൾ | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗ്ഗം | വികസനഫണ്ട്വിനി യോഗിക്കാൻ പാടില്ല. | • മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ/അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ഈ പ്രവൃത്തികൾ നടത്തേണ്ടതാണ്.<br>• എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം. |
| 2 | മണ്ണ്ജലസംരക്ഷണം തൈകൾ നൽകൽ | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗ്ഗം | തൈകളുടെ വിലയു ടെ 80% (ജനറൽ)90% (പട്ടിക ജാതി/ പട്ടികവർഗ്ഗം) | • ചെറുകിട-നാമമാത്ര കർഷകർക്ക് മാത്രം.(നാമമാത്ര കർഷകർ-രണ്ടര ഏക്കർ (ഒരുഹെക്ടർ),ചെറുകിട കർഷകർ-അഞ്ച് ഏക്കർ (രണ്ടു ഹെക്ടർ)ഭൂമിയുള്ളയാൾ.<br>• ഫലവൃക്ഷ തൈകളും മണ്ണൊലിപ്പ് തടയുന്നതിനുള്ള രാമച്ചം, കൈത/തഴ, മുള തുടങ്ങിയവയുടെ തൈകളും മാത്രമേ നൽകാവൂ.<br>• എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം. |

| | | | | |
|---|---|---|---|---|
| | | | | • തൈകളുടെ വില കൃഷിവകുപ്പ്/വനംവകുപ്പ് നിശ്ചയിച്ച പ്രകാരമായിരിക്കണം. |
| 3 | കിണർ റീചാർജ്ജിംഗ് | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗ്ഗം | ചെലവിന്റെ 80% (ജനറൽ)100%(പട്ടികജാതി /പട്ടികവർഗ്ഗം) (പരമാവധി 6,000 രൂപ) | • 150 ച.മീറ്റർ അധികരിക്കാത്ത വീടുകളോട് ചേർന്ന തുറന്ന കിണർ ഉള്ള കുടംബങ്ങൾ<br>• നിലവിൽ കിണർ റീചാർജ്ജിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളവരോ അതിനായി ആനുകൂല്യം കൈപ്പറ്റിയവരോ ആകരുത്. ഇരട്ടിപ്പ് ഒഴിവാക്കണം.<br>• ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ പ്രത്യേക ഉത്തരവായി നൽകുന്ന താണ്.<br>• ഗ്രാമ/മുൻസിപ്പൽ കോർപ്പറേഷനുകളിലെ എല്ലാ കിണറുകളിലും റീചാർജിംഗ് ഏർപ്പെടുത്തണം.<br>• ഹരിത കേരളം പദ്ധതിയുടെ ഭാഗമാക്കണം.<br>• ബഹുവർഷ പ്രോജക്ട്-നാല് വർഷത്തിനകം പൂർത്തീകരിക്കണം.<br>• എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം |

### 8.4 മത്സ്യബന്ധനം

**(എ) സമുദ്രമേഖല**

1) അംഗീകൃത മത്സ്യത്തൊഴിലാളികൾക്കും കുടുംബങ്ങൾക്കും നൽകുന്ന ആനുകൂല്യങ്ങൾക്ക് വരുമാന പരിധിയില്ല.

| ക്രമ നമ്പർ | ഇനം | സബ്സിഡി തുകയുടെ ഉയർന്ന പരിധി | നിബന്ധനകൾ | മാനദണ്ഡങ്ങൾ |
|---|---|---|---|---|
| 1 | മത്സ്യബന്ധനത്തിനുള്ള വള്ളം (ഡിങ്കി) | വിലയുടെ 50 ശതമാനമോ 20000/- രൂപയോ ഏതാണോ കുറവ് അത്. | യൂണിറ്റ് കോസ്റ്റിന്റെ കൂടിയ പരിധി 30,000/- രൂപ (യൂണിറ്റ് കോസ്റ്റ് ഫിഷറീസ് വകുപ്പ് നിശ്ചയിക്കണം) | • മത്സ്യവകുപ്പ് അംഗീകരിച്ച കർമ്മോന്മുഖ മത്സ്യത്തൊഴിലാളി ആയിരിക്കണം.<br>• മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ളയാൾ ആയിരിക്കണം.<br>• ഗ്രാമ/നഗരഭരണസ്ഥാപനങ്ങൾക്ക് മാത്രം. |
| 2 | ഗിൽനെറ്റും ഡിങ്കിയും | വിലയുടെ 50 ശതമാനമോ 22,500/- രൂപയോ ഏതാണോ കുറവ് അത് | യൂണിറ്റ് കോസ്റ്റിന്റെ കൂടിയ പരിധി 35,000/- രൂപ (യൂണിറ്റ് കോസ്റ്റ് ഫിഷറീസ് വകുപ്പ് നിശ്ചയിക്കണം) | • മത്സ്യവകുപ്പ് അംഗീകരിച്ച കർമ്മോന്മുഖ മത്സ്യത്തൊഴിലാളി ആയിരിക്കണം.<br>• മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ളയാൾ ആയിരിക്കണം.<br>• ഗ്രാമ/നഗരഭരണസ്ഥാപനങ്ങൾക്ക് മാത്രം. |
| 3 | കട്ടമരം | വിലയുടെ 50 ശതമാനമോ 20,000/- രൂപയോ ഏതാണോ കുറവ് അത് | യൂണിറ്റ് കോസ്റ്റിന്റെ കൂടിയ പരിധി 30,000/- രൂപ (യൂണിറ്റ് കോസ്റ്റ് ഫിഷറീസ് വകുപ്പ് നിശ്ചയിക്കണം) | • മത്സ്യവകുപ്പ് അംഗീകരിച്ച കർമ്മോന്മുഖ മത്സ്യത്തൊഴിലാളി ആയിരിക്കണം.<br>• മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ളയാൾ ആയിരിക്കണം.<br>• ഗ്രാമ/നഗര ഭരണ സ്ഥാപനങ്ങൾക്ക് മാത്രം. |
| 4 | മത്സ്യബന്ധനത്തിന് കടൽ സുരക്ഷാ ഉപകരണം (ഒരു വള്ളത്തിന്) | വിലയുടെ 50% (പരമാവധി 22,500/- രൂപ) | 1. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ ഫിഷറീസ് വകുപ്പ് നിശ്ചയിക്കണം.<br>2. മത്സ്യഫെഡിന്റെ വ്യാസ സ്റ്റോറിൽ നിന്ന് വാങ്ങണം | • മത്സ്യവകുപ്പ് അംഗീകരിച്ച കർമ്മോന്മുഖ മത്സ്യത്തൊഴിലാളി ആയിരിക്കണം.<br>• മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ളയാൾ ആയിരിക്കണം.<br>• ഗ്രാമ/നഗരഭരണസ്ഥാപനങ്ങൾക്ക് മാത്രം. |

| | | | | |
|---|---|---|---|---|
| 5 | മത്സ്യബന്ധന വല/ ഗിൽനെറ്റ് (വ്യക്തിഗതം) | വിലയുടെ 50 ശതമാനമോ, 5,000/- രൂപയോ ഏതാണോ കുറവ് അത് | 1. യൂണിറ്റ് കോസ്റ്റിന് കൂടിയ പരിധി 6000 രൂപ<br>2. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ ഫിഷറീസ് വകുപ്പ് നിശ്ചയിക്കണം | • മൂന്ന് വർഷത്തിനുള്ളിൽ ഒരിക്കൽ മാത്രം<br>• മത്സ്യവകുപ്പ് അംഗീകരിച്ച കർമ്മോന്മുഖ മത്സ്യത്തൊഴിലാളി<br>• വള്ളം സ്വന്തമായി ഉണ്ടായിരിക്കണം<br>• മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ളയാൾ<br>• മത്സ്യഫെഡിന്റെ വ്യാസസ്റ്റോറിൽ നിന്ന് വാങ്ങണം<br>• ഗ്രാമ/നഗരഭരണസ്ഥാപനങ്ങൾക്ക് മാത്രം. |
| 6 | ഔട്ട്ബോർഡ് എൻഞ്ചിൻ, വല എന്നിവ ഉൾപ്പടെ ഡിങ്കി | യൂണിറ്റ് കോസ്റ്റിന്റെ 25% (പരമാവധി 2,00,000 രൂപ) | 1. സബ്സിഡി തുക ബാക്ക് എൻഡ് ആയി ബാങ്കിനു നൽകണം<br>2. യൂണിറ്റ് കോസ്റ്റ് മത്സ്യവകുപ്പ് നിശ്ചയിക്കുന്ന പ്രകാരമായിരിക്കും. | • വായ്പാബന്ധിത പ്രോജക്ടായിരിക്കണം<br>• ഗ്രൂപ്പുകൾക്ക് മാത്രം<br>• 5-7 അംഗങ്ങൾക്ക് ഉള്ള ഗ്രൂപ്പ് ആയിരിക്കണം.<br>• മത്സ്യവകുപ്പ് അംഗീകരിച്ച കർമ്മോന്മുഖ മത്സ്യത്തൊഴിലാളികൾ അടങ്ങുന്ന ഗ്രൂപ്പ് ആയിരിക്കണം.<br>• മത്സ്യത്തൊഴിലാളി ക്ഷേമനിധിബോർഡിൽ അംഗത്വമുള്ളവർ അടങ്ങിയ ഗ്രൂപ്പ്<br>• ഔട്ട് ബോർഡ് എൻഞ്ചിൻ, വല എന്നിവ മത്സ്യഫെഡിന്റെ വ്യാസ സ്റ്റോറിൽ നിന്ന് വാങ്ങണം<br>• ഗ്രാമ/നഗരഭരണസ്ഥാപനങ്ങൾക്ക് മാത്രം. |
| 7 | മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർത്ഥികൾക്ക് ഫർണിച്ചർ (മേശ, കസേര) | 5000 രൂപ | 1. സ്കൂൾ അധികൃതരിൽ നിന്ന് ലിസ്റ്റ് വാങ്ങണം<br>2. സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം<br>3. മരം/സ്റ്റീൽ മേശയും കസേരയും പർച്ചേഴ്സ് കമ്മിറ്റി വാങ്ങി വിതരണം ചെയ്യണം. | • മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളികളുടെ മക്കൾ<br>• വിദ്യാർത്ഥികൾക്ക് ഒരിക്കൽ മാത്രം<br>• എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം |
| 8 | മത്സ്യ കച്ചവടത്തിനുള്ള ഐസ് ബോക്സ് | 3,000/- രൂപ | 1. മൂന്ന് വർഷത്തിനുള്ളിൽ ഒരിക്കൽ മാത്രം<br>2. മത്സ്യഫെഡിന്റെ വ്യാസ സ്റ്റോറിൽ നിന്ന് വാങ്ങണം<br>3. യൂണിറ്റ് കോസ്റ്റിന് കൂടിയ പരിധി 6000 രൂപ<br>4. യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ ഫിഷറീസ് വകുപ്പ് നിശ്ചയിക്കണം<br>5. മത്സ്യത്തൊഴിലാളി വനിതകൾക്ക് മാത്രം | • മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള പൂരിത മത്സ്യതൊഴിലാളി വനിതകൾ<br>• ഗ്രാമ/നഗരഭരണസ്ഥാപനങ്ങൾക്ക് മാത്രം. |

കുറിപ്പ് : -

- ക്രമ നമ്പർ 1,2,3 എന്നിവയിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ അനുമതിയോടുകൂടി ഗുണഭോക്താവിന് നേരിട്ടോ അല്ലെങ്കിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സണൻ അദ്ധ്യക്ഷനും നിർവ്വഹണ ഉദ്യോഗസ്ഥൻ കൺവീനറും ഗുണഭോക്താക്കളിൽ നിന്ന് തിരഞ്ഞെടുത്ത മൂന്ന് പേർ അംഗങ്ങളായിട്ടുള്ള ഒരു പർച്ചേയ്സ് കമ്മിറ്റിയെ കൊണ്ട് വാങ്ങിക്കാം.
- വാങ്ങലുകൾക്ക് പർച്ചേയ്സ് കമ്മിറ്റിയുടെ അംഗീകാരം വേണം.

- നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണനിലവാരം പരിശോധിച്ച് മൂല്യനിർണയം നടത്തണം.
- പ്രത്യേകം പറഞ്ഞിട്ടില്ലാത്തവ ഒഴികെ എല്ലാ ഇനങ്ങൾക്കും ഒരു പഞ്ചവത്സര പദ്ധതിക്കാലയളവിൽ ഒരിക്കൽ മാത്രമേ ആനുകൂല്യം നൽകാവൂ.
- മത്സ്യഫെഡിന്റെ വ്യാസാസ്റ്റോറിൽ ലഭ്യമല്ലെങ്കിൽ മത്സ്യഫെഡ് നിർദ്ദേശിക്കുന്നപ്രകാരമോ/ഓപ്പൺമാർക്കറ്റിൽനിന്നോ വാങ്ങൽ നിയമപ്രകാരം വാങ്ങാവുന്നതാണ്.

**(ബി) ഉൾനാടൻ മേഖല**

| | | | | |
|---|---|---|---|---|
| 1 | അലങ്കാരമത്സ്യം വളർത്തലും, വിപണനവും, അക്വേറിയം രൂപകല്പനയും | വ്യക്തികൾക്ക് - ചെല വിന്റെ 50% (പരമാവധി 15,000 രൂപ) - ഗ്രൂപ്പുകൾക്ക് അഞ്ച് അംഗങ്ങളിൽ കുറയാതെ യുള്ള ഗ്രൂപ്പിന് ചെല വിന്റെ 50% (പരമാവധി 75,000 രൂപ) | യൂണിറ്റ് കോസ്റ്റ് സ്പെസി ഫിക്കേഷൻ എന്നിവ ജില്ലാ തലത്തിൽ മത്സ്യവകുപ്പ് നിശ്ചയിക്കണം | 1. കർമ്മോന്മുഖ മത്സ്യത്തൊഴിലാളി/ മത്സ്യ,കർഷിക ക്ലബ്ബിൽ അംഗ മായ നാമമാത്ര കർഷകർ / പരമ്പാരഗത മത്സ്യത്തൊഴിലാളിയുടെ ആശ്രിതർ - ഇവർ അടങ്ങിയ ഗ്രൂപ്പ്<br>2. ഗ്രാമ/നഗരഭരണസ്ഥാപനങ്ങൾക്ക് പ്രോജക്ട് ഏറ്റെടുക്കാം |
| 2 | മത്സ്യം വളർത്തുന്ന തിനുള്ള ഉത്പാദ നോപാദികൾ | 40 ശതമാനം പരമാവധി 20000 രൂപ | യൂണിറ്റ് കോസ്റ്റ് ഒരു ഹെക്ടറിന് 40000 രൂപ | 1. കർമ്മോന്മുഖ മത്സ്യത്തൊഴിലാളി,മത്സ്യകർഷക ക്ലബ്ബിൽ അംഗ മായ നാമമാത്ര കർഷകർ/പരമ്പരാഗത മത്സ്യത്തൊഴിലാളിയുടെ ആശ്രിതൻ-ഇവർ അടങ്ങിയ ഗ്രൂപ്പ്<br>2. ഗ്രാമ/നഗരഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാം. |
| 3 | കല്ലുമക്കായ് കൃഷി | 50 ശതമാനം പരമാവധി 15000 രൂപ | 1. 50 ചതുരശ്ര മീറ്ററിന്റെ യൂണിറ്റ് കോസ്റ്റ് 25000 രൂപ<br>2. വിത്തുകൾ നിക്ഷേപിച്ചിട്ടുള്ള ഒരു വടത്തിന്റെ നീളം 1 മീറ്റർ | 1. കർമ്മോന്മുഖ മത്സ്യത്തൊഴിലാളി,മത്സ്യകർഷക ക്ലബ്ബിൽ അംഗമായ നാമമാത്ര കർഷകർ/പരമ്പാരഗത മത്സ്യത്തൊഴിലാളിയുടെ ആശ്രി തർ- ഇവർ അടങ്ങിയ ഗ്രൂപ്പ്.<br>2. ഗ്രാമ/നഗരഭരണസ്ഥാപനങ്ങൾക്ക് മാത്രം. |
| 4 | മുരിങ്ങ കൃഷി | 50 ശതമാനം പരമാവധി 15,000/- രൂപ | 1. 50 ചതുരശ്ര മീറ്ററിന്റെ യൂണിറ്റ്കോസ്റ്റ് 25000 രൂപ<br>2. വിത്തുകൾ നിക്ഷേപിച്ചിട്ടുള്ള ഒരു വടത്തിന്റെ നീളം 1 മീറ്റർ | 1. കർമ്മോന്മുഖ മത്സ്യത്തൊഴിലാളി,മത്സ്യകർഷക ക്ലബ്ബിൽ അംഗമായ നാമമാത്ര കർഷകർ/ രമ്പാരഗത മത്സ്യത്തൊഴിലാളിയുടെ ആശ്രി തർ-ഇവർ അടങ്ങിയ ഗ്രൂപ്പ്.<br>2. ഗ്രാമ/നഗരഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാം. |
| 5 | ഞണ്ട് കൃഷി | 50 ശതമാനം പരമാവധി 12,000/- രൂപ | പരമാവധി യൂണിറ്റ് കോസ്റ്റ് 25 സെന്റിന് 20000 രൂപ | 1. കർമ്മോന്മുഖ മത്സ്യത്തൊഴിലാളി മത്സ്യകർഷക ക്ലബ്ബിൽ അംഗ മായ നാമമാത്ര കർഷകർ / പരമ്പാരഗത മത്സ്യത്തൊഴിലാളിയുടെ ആശ്രിതർ- ഇവർ അടങ്ങിയ ഗ്രൂപ്പ്.<br>2. ഗ്രാമ/നഗരഭരണസ്ഥാപനങ്ങൾക്ക് മാത്രം. |
| 6 | സംയോജിത മത്സ്യകൃഷി | യൂണിറ്റ് കോസ്റ്റിന്റെ 25% പരമാവധി 18000 രൂപ | 1യൂണിറ്റ് കോസ്റ്റിന്റെ പരിധി 80,000 രൂപ (ഏക്കറിന്) | 1. കർമ്മോന്മുഖ മത്സ്യത്തൊഴിലാളി, മത്സ്യകർഷക ക്ലബ്ബിൽ അംഗ മായ നാമമാത്ര കർഷകർ/പരമ്പരാഗത മത്സ്യത്തൊഴിലാളിയുടെ ആശ്രിതൻ - ഇവർ അടങ്ങിയ ഗ്രൂപ്പ്<br>2. ഗ്രാമ/നഗരഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാം. |
| 7 | ഗിൽനെറ്റും ഡിങ്കിയും | വിലയുടെ 50 ശതമാനമോ 15,500 രൂപയോ ഏതാണ് കുറവ് അത് | 1. യൂണിറ്റ് കോസ്റ്റിന്റെ കൂടിയ പരിധി 25000 രൂപ<br>2. യൂണിറ്റ് കോസ്റ്റ് ജില്ലാത ലത്തിൽ ഫിഷറീസ് വകുപ്പ് നിശ്ചയിക്കണം. | 1. കർമ്മോന്മുഖ മത്സ്യത്തൊഴിലാളി മത്സ്യകർഷക ക്ലബ്ബിൽ അംഗമായ നാമമാത്ര കർഷകർ/പരമ്പരാഗത മത്സ്യത്തൊഴിലാളി യുടെ ആശ്രിതൻ - ഇവർ അടങ്ങിയ ഗ്രൂപ്പ്<br>2. ഗ്രാമ/നഗരഭരണസ്ഥാപനങ്ങൾക്ക് മാത്രം. |
| 8 | മത്സ്യബന്ധനത്തി നുള്ളവല/ഗിൽനെറ്റ് | വിലയുടെ 50 ശതമാനം (പരമാവധി 5,000/- രൂപ) | 1. മൂന്ന് വർഷത്തിനുള്ളിൽ ഒരിക്കൽ മാത്രം<br>2. മത്സ്യ ഫെഡിൽനിന്ന്വാങ്ങണം | 1. വാർഷിക വരുമാനം 50000 രൂപയിൽ കവിയാത്ത കർമ്മോന്മുഖ മത്സ്യത്തൊഴിലാളി നാമമാത്രമായ കർഷകർക്ക് മുൻഗണന.<br>2. ഗ്രാമ/നഗരഭരണസ്ഥാപനങ്ങൾക്ക് മാത്രം. |

| | | | | |
|---|---|---|---|---|
| 9 | കൂട് കൃഷി (Cage Culture)<br>ഗ്രൂപ്പുകൾക്ക് മാത്രം | വിലയുടെ 1/3 (പരമാവധി 24,000/- രൂപ) | 1. യൂണിറ്റ് കോസ്റ്റിന്റെ കൂടിയ പരിധി 60000/- രൂപ<br>2. യൂണിറ്റ് കോസ്റ്റ്, സ്പെസിഫിക്കേഷൻ ജില്ലാതലത്തിൽ ഫിഷറീസ് വകുപ്പ് നിശ്ചയിക്കണം. | 1. ഗ്രൂപ്പിൽ 3-5 അംഗങ്ങൾ വേണം<br>2. മത്സ്യത്തൊഴിലാളി / മത്സ്യകർഷക ക്ലബ്ബിൽ നാമമാത്ര കർഷകർ<br>3. കർമ്മോന്മുഖ മത്സ്യത്തൊഴിലാളി കുടുംബത്തിലെ അംഗമായിരിക്കണം<br>4. ഗ്രാമ/നഗരഭരണസ്ഥാപനങ്ങൾക്ക് മാത്രം.<br>5. കൂട്(Webbing)മത്സ്യഫെഡിന്റെ വ്യാസാസ്റ്റോറിൽനിന്ന് വാങ്ങണം.<br>6. 5 വർഷത്തിലൊരിക്കൽ ഏറ്റെടുക്കാം. |
| 10 | മത്സ്യകൃഷിയ്ക്ക് ആവശ്യമായ സംരക്ഷണവല | വിലയുടെ 50 ശതമാനം പരമാവധി 3500/- രൂപ | 1. യൂണിറ്റ് കോസ്റ്റിന്റെ കൂടിയ പരിധി 5000 രൂപ<br>2. യൂണിറ്റ് കോസ്റ്റ്, സ്പെസിഫിക്കേഷൻ ജില്ലാതലത്തിൽ ഫിഷറീസ് വകുപ്പ് നിശ്ചയിക്കണം. | 1. മത്സ്യത്തൊഴിലാളി/മത്സ്യകർഷക ക്ലബ്ബിൽ അംഗമായ നാമമാത്ര കർഷകർ.<br>2. വാർഷിക വരുമാനം ജനറൽ 1 ലക്ഷം/പട്ടികജാതി 2 ലക്ഷം രൂപയിൽ കവിയാത്ത കർമ്മോന്മുഖ മത്സ്യത്തൊഴിലാളി ഈ കുടുംബത്തിലെ അംഗമായിരിക്കണം.<br>3. ഗ്രാമ/നഗരഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാം.<br>4. മത്സ്യഫെഡിൽ നിന്ന് വാങ്ങണം |
| 11 | മത്സ്യത്തൊഴിലാളികളുടെ മക്കളായ വിദ്യാർ ത്ഥികൾക്ക് ഫർണിച്ചർ (മേശ, കസേര) | 5000 രൂപ | 1. സ്കൂൾ അധികൃതരിൽ നിന്ന് ലിസ്റ്റ് വാങ്ങണം<br>2.സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം<br>3. മരം/സ്റ്റീൽമേശയും കസേരയും പർച്ചേഴ്സ് കമ്മിറ്റി വാങ്ങിവിതരണം ചെയ്യണം. | 1. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വമുള്ള മത്സ്യത്തൊഴിലാളികളുടെ മക്കൾ.<br>2. വിദ്യാർത്ഥികൾക്ക് ഒരിക്കൽ ഏറ്റെടുക്കാം<br>3. മത്സ്യ ഫെഡിൽ നിന്ന് വാങ്ങണം.<br>4. ഗ്രാമ/നഗരഭരണസ്ഥാപനങ്ങൾക്ക്. |

കുറിപ്പ്:-

- മൂല്യനിർണ്ണയം നിർവ്വഹണ ഉദ്യോഗസ്ഥൻ നടത്തി സർട്ടിഫിക്കറ്റ് രേഖപ്പെടുത്തി സൂക്ഷിക്കണം. ഗുണനിലവാരം നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തണം. വാങ്ങൽ നടപടിക്രമങ്ങൾ സമുദ്രമേഖലക്ക് മുകളിൽ പറഞ്ഞ അതേ പ്രകാരമായിരിക്കുന്നതാണ്. പ്രത്യേകം പറഞ്ഞിട്ടില്ലാത്തവ ഒഴികെ എല്ലാ ഇനങ്ങൾക്കും ഒരു പഞ്ചവത്സര പദ്ധതിക്കാലയളവിൽ ഒരിക്കൽ മാത്രമേ ആനുകൂല്യം നൽകാവൂ.
- മത്സ്യഫെഡിന്റെ വ്യാസാസ്റ്റോറിൽ ലഭ്യമല്ലെങ്കിൽ മത്സ്യഫെഡ് നിർദ്ദേശിക്കുന്ന പ്രകാരമോ/ഓപ്പൺമാർക്കറ്റിൽ നിന്നോ വാങ്ങൽ നിയമപ്രകാരം വാങ്ങാവുന്നതാണ്.

### 8.5 കുടിവെള്ളം

| ക്രമ നമ്പർ | ഇനം | കാറ്റഗറി | സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി | മാനദണ്ഡങ്ങൾ |
|---|---|---|---|---|
| 1 | പുതിയ തുറന്ന കിണർ | പൊതുവിഭാഗം/ പട്ടികജാതി വിഭാഗം | വികസന ഫണ്ട് വിനിയോഗിക്കാൻ പാടില്ല. | • മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ/അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി ഈ പ്രവൃത്തികൾ നടത്തേണ്ടതാണ്.<br>• വരുമാനപരിധി ജനറൽ 1 ലക്ഷം/പട്ടികജാതി 2 ലക്ഷം രൂപ<br>• ടിപ്പിക്കൽ എസ്റ്റിമേറ്റ് ഉണ്ടായിരിക്കണം<br>• യൂണിറ്റ് കോസ്റ്റ് എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗം ജില്ലാതലത്തിൽ നിശ്ചയിക്കണം. |

| | | | | |
|---|---|---|---|---|
| | | | | • മുൻവർഷങ്ങളിൽ ഈ ആനുകൂല്യം ലഭിക്കാത്തവർക്ക് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളു.<br>• മഴവെള്ളം റീചാർജ്ജ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ എം.ജി. എൻ.ആർ.ഇ.ജി. എസിൽ ചെയ്യേണ്ടതാണ്.<br>• എൽ.എസ്.ജി.ഡി എഞ്ചിനീയർ അളവ് എടുക്കണം.<br>• ഗ്രാമ/നഗരഭരണസ്ഥാപനങ്ങൾക്ക് മാത്രം. |
| 2 | കുടിവെള്ള ഗാർഹിക കണക്ഷൻ നൽകൽ (പൈപ്പ് ലൈൻ-വാട്ടർ അതോറിറ്റി) | പൊതുവിഭാഗം<br>പട്ടികജാതി/പട്ടിക വർഗ്ഗം | 5000/- രൂപ(പരമാവധി)<br>7500/- രൂപ (പരമാവധി) | • കുടിവെള്ള ഗാർഹിക കണക്ഷൻ വാർഷിക വരുമാനം ജനറൽ1 ലക്ഷം രൂപ/ എസ്.സി,എസ്.റ്റി 2 ലക്ഷം രൂപയിൽ താഴെയുള്ളവർക്ക് മാത്രം<br>• കേരള വാട്ടർഅതോറിറ്റിയിൽ/ജലനിധിയിൽനിന്ന് കൈമാറിക്കിട്ടിയ കുടിവെള്ള പദ്ധതിയിലെ പൈപ്പ് ലൈനിൽ നിന്നായിരിക്കണം കണക്ഷൻ നൽകേണ്ടത്.<br>• കണക്ഷൻ എടുത്ത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് ഓരോരുത്തർക്കും സബ്സിഡി തുക നൽകാവുന്നതാണ്.<br>• കോൺട്രാക്ടർക്കോ ഗുണഭോക്തൃ സമിതിക്കോ തുക നൽകാവുന്നതല്ല.<br>• ധനസഹായം ഒരിക്കൽ മാത്രം<br>• ഗ്രാമ/നഗരഭരണസ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം. |
| 3 | കുടിവെള്ളഗാർഹിക കണക്ഷൻ (തദ്ദേശസ്ഥാപന പദ്ധതിയിൽ നിന്നും) | പൊതുവിഭാഗം<br>പട്ടികജാതി/ പട്ടിക വർഗ്ഗം | 2000/- രൂപ (പരമാവധി)<br>2500/- രൂപ (പരമാവധി) | • കുടിവെള്ള ഗാർഹിക കണക്ഷൻ വാർഷിക വരുമാനം ജനറൽ1 ലക്ഷം രൂപ/ എസ്.സി,എസ്.റ്റി 2 ലക്ഷം രൂപയിൽ താഴെയുള്ളവർക്ക് മാത്രം<br>• തദ്ദേശ ഭരണസ്ഥാപനത്തിന്റെ കുടിവെള്ളവിതരണ പദ്ധതിയിൽ നിന്നും കണക്ഷൻ എടുക്കുന്നെങ്കിൽ മാത്രം.<br>• ധനസഹായം ഒരിക്കൽ മാത്രം<br>• ഗ്രാമ/നഗരഭരണസ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം.<br>• എൽ.എസ്.ജി.ഡി.ഓവർസിയർ എസ്റ്റിമേറ്റും അളവും രേഖപ്പെടുത്തി ആനുകൂല്യം അനുവദിക്കാം. |
| 4 | തുറസ്സായ കുടി വെള്ള കിണറുകൾ ശുചിത്വ കിണറു കളാക്കി മാറ്റൽ | പൊതുവിഭാഗം/ പട്ടികജാതി/ പട്ടിക വർഗ്ഗം | 6000/- രൂപ | • വരുമാനപരിധി 1 ലക്ഷം(ജനറൽ)/2 ലക്ഷം(പട്ടികജാതി)രൂപയ്ക്കു വിധേയമായി, ബി.പി.എൽ ലിസ്റ്റിൽപ്പെട്ടവരോ അല്ലാത്തവരോ ആയിരിക്കണം. പട്ടികവർഗ്ഗത്തിന് വരുമാനപരിധി ബാധകമല്ല<br>• മുൻ വർഷങ്ങളിൽ ഈ ആനുകൂല്യം ലഭിക്കാത്തവരായിരിക്കണം.<br>• കേരള സമ്പൂർണ്ണ ശുചിത്വ ആരോഗ്യമിഷന്റെ മാർഗ്ഗരേഖ പ്രകാരം കിണറുകളുടെ ഉൾവശം സിമന്റ് പൂശുക,ചുറ്റുമതിൽ കെട്ടുക,ഫ്ളാറ്റ്ഫോം നിർമ്മിക്കുക. മലിനജലം ഒഴുകിപോകുന്നതിന് ചാൽ നിർമ്മിക്കുക. മുകൾഭാഗത്ത് സംരക്ഷണ വലക്കെട്ടുക. മുതലായ പ്രവൃത്തികൾ ചെയ്ത് തുറസ്സായ കിണറിനെ സാനിട്ടറി കിണറാക്കി മാറ്റുന്നതിന് ഈ സബ്സിഡി നൽകാവുന്നതാണ്. |

| | | | | |
|---|---|---|---|---|
| | | | | • വാലുവേഷൻ എഞ്ചിനീയർ എടുക്കണം.<br>• ഗ്രാമ/നഗരഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാം. |
| 5 | പി.വി.സി. വാട്ടർ ടാങ്ക് (500 ലിറ്റർ) | പട്ടികജാതി/പട്ടികവർഗ്ഗം | 75% (പരമാവധി 3000/- രൂപ) | • ഗ്രാമപഞ്ചായത്ത്/നഗരസഭ വാങ്ങി നൽകണം<br>• ഗുണഭോക്തൃവിഹിതം തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അടയ്ക്കണം<br>• നിലവിൽ ടാങ്ക് ഉള്ളവർക്കും ഒരിക്കൽ നൽകിയവർക്കും നൽകാൻ പാടില്ല.<br>• ഗ്രാമ/നഗരഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാം. |
| 6 | മഴവെള്ള സംഭരണി | എല്ലാ വിഭാഗങ്ങൾക്കും | 75% പരമാവധി 12500/- രൂപ | • 100 ച.മീറ്ററിൽ താഴെയുള്ള വാസഗൃഹങ്ങൾക്ക് മാത്രം എസ്റ്റിമേറ്റ് ഉണ്ടായിരിക്കണം. എഞ്ചിനീയർ വാല്യുവേഷൻ എടുക്കണം.<br>• ഗ്രാമ/നഗരഭരണസ്ഥാപനങ്ങൾക്ക് മാത്രം. |

കുറിപ്പ് :- 1. കുടിവെള്ള ക്ഷാമം ഏറെ നേരിടുന്നവർക്കും, വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ അംഗങ്ങളായിട്ടുള്ള കുടുംബങ്ങൾക്കും മുൻഗണന നൽകണം.

2. പൊതു ടാപ്പുകൾ നൽകാൻ പാടില്ലാത്തതാണ്. പകരം ഹൗസ് കണക്ഷൻ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഹൗസ് കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുക ൾക്കും നൽകുന്ന രീതിയിൽ പ്രോജക്ട് തയ്യാറാക്കണം. വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പ്ലൈനിൽ നിന്നായിരിക്കണം ഹൗസ് കണക്ഷൻ നൽകേണ്ടത്. ഹൗസ് കണക്ഷൻ എടുക്കുന്നതിനുള്ള പ്രവൃത്തികൾ ഗുണഭോക്താക്കൾ തന്നെ ചെയ്യണം.

## 8.6 വീട്/വീട് പുനരുദ്ധാരണം/വീട് വയറിംഗ്

| ക്രമ നമ്പർ | ഇനം | കാറ്റഗറി | സബ്സിഡി പരമാവധി | മാനദണ്ഡങ്ങൾ |
|---|---|---|---|---|
| 1 | മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കാൻ | പൊതുവിഭാഗം<br>പട്ടികജാതി<br>പട്ടികവർഗ്ഗം | 50,000/-<br>75,000/-<br>75,000/- | • വരുമാനപരിധി 1,00,000/-രൂപയ്ക്കു വിധേയമായി ബി.പി.എൽ ലിസ്റ്റിൽ പ്പെട്ടവരോ അല്ലാത്തവരോ ആയിരിക്കണം.<br>• ചുമർ ബലമുള്ളതും എന്നാൽ മേൽക്കുര ഓല/പുല്ല്/തകരഷീറ്റ്/ആസ്ബറ്റോസ് ഉപയോഗിച്ച് മേഞ്ഞതും ആയ വീടുകളായിരിക്കണം. അല്ലെങ്കിൽ പൂർണ്ണമായി ജീർണ്ണിച്ച ഓടിട്ടമേൽക്കൂരയായിരിക്കണം<br>• പുതിയ മേൽക്കൂരയ്ക്ക് ഓലയോ, ടാർഷീറ്റോ, ടാർപാളിനോ, ആസ്ബറ്റോസ് ഷീറ്റോ അനുവദനീയമല്ല<br>• ഗുണഭോക്താവ് എസ്റ്റിമേറ്റ് തയ്യാറാക്കണം. എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്.<br>• ഭാര്യയുടേയും ഭർത്താവിന്റെയും പേരിൽ തുക ബാങ്ക് അക്കൗണ്ടിലേക്ക് നൽ കണം. കരാറിൽ ഏർപ്പെട്ടശേഷം 50% തുക മുൻകൂറായി നൽകാവുന്നതാണ്.<br>• തദ്ദേശഭരണസ്ഥാപന ധനസഹായത്തോടെ സ്വയം നിർമ്മിച്ച വീടാണെങ്കിൽ ധനസഹായം സ്വീകരിച്ച് 8 വർഷം കഴിഞ്ഞിരിക്കണം.<br>• ഗ്രാമ/നഗരഭരണസ്ഥാപനങ്ങൾക്ക് മാത്രം.<br>• 100 ച.മീറ്റർ വിസ്തീർണ്ണത്തിലുള്ള വീടുകൾക്ക് ഈ ആനുകൂല്യത്തിന് അർഹത യുണ്ടായിരിക്കുകയില്ല |
| 2 | വീട്വാസയോഗ്യമാ | പൊതുവിഭാഗം | 1,00,000/- | • വരുമാനപരിധി 1,00,000/- രൂപയ്ക്കു വിധേയമായി ബി.പി.എൽ ലിസ്റ്റിൽപ്പെട്ട |

| | | | | |
|---|---|---|---|---|
| | ക്കാൻ(വാസയോഗ്യമ ല്ലാത്ത വീടുകൾ വാസ യോഗ്യമാക്കാൻ) | പട്ടികജാതി<br>പട്ടികവർഗ്ഗം | 1,50,000/-<br>1,50,000/-<br>പരമാവധി തുക | വരോ അല്ലാത്തവരോ ആയിരിക്കണം.<br>• വാസയോഗ്യമല്ലാത്ത ഭവനം വാസയോഗ്യമാക്കുന്നതിന് മാത്രം<br>• വീടിനെ വാസയോഗ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് ഉടമസ്ഥൻ തയ്യാറാക്കണം.<br>• എൽ.എസ്.ജി.ഡി എഞ്ചിനീയർ പരിശോധിച്ച ശേഷമായിരിക്കും സബ്സിഡി നിരക്ക് നിശ്ചയിക്കേണ്ടത്.<br>• ഭാര്യയുടേയും ഭർത്താവിന്റെയും പേരിൽ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകണം.<br>• കരാറിലേർപ്പെട്ടശേഷം 50% തുക മുൻകൂറായി നൽകാവുന്നതാണ്.<br>• പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ഈ ധനസഹായത്തിന് അർഹതയുള്ളു.<br>• അവസാനഗഡു തുക നൽകുന്നതിനുമുൻമ്പ് പണി പൂർത്തീകരിച്ച് എൽ.എസ്. ജി.ഡി എൻഞ്ചിനിയർ പിരശോധിച്ച്, മൂല്യനിർണ്ണയം നടത്തുന്നതിന് അനുസ രിച്ചായിരിക്കും സബ്സിഡി നിർണ്ണയിക്കുക.<br>• 60 ച. മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള പക്ഷം അധികമുറി നിർമ്മിക്കൽ, എന്നിവ അനുവദനീയമല്ല.<br>• ഗ്രാമ/നഗരഭരണസ്ഥാപനങ്ങൾക്ക് മാത്രം. |
| 3 | വീട് വയറിംഗ് | പൊതുവിഭാഗം/<br>പട്ടികജാതി | 5,000/-രൂപ<br>പരമാവധിതുക | • വരുമാനപരിധി 1,00,000/- രൂപയ്ക്കു വിധേയമായി ബി.പി.എൽ ലിസ്റ്റിൽ പ്പെട്ടവരോ അല്ലാത്തവരോ ആയിരിക്കണം.<br>• മെയിൻ സ്വിച്ച്, എർത്തിംഗ് എന്നിവക്കുപുറമെ കുറഞ്ഞത് 3 പോയിന്റ് വയറിംഗ് നടത്തണം. (വി.ഇ.ഒ/ഓവർസിയർ സാക്ഷ്യപ്പെടുത്തണം)<br>• കെ.എസ്.ഇ.ബി.യിൽ ഡി.ഡി. അടച്ച് രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കിയാൽ മാത്രമേ സബ്സിഡി തുക നൽകാവൂ<br>• ഇലക്ട്രിക്കൽ ഇൻസ്പകടറേറ്റിന്റെ സ്പെസിഫിക്കേഷൻ പ്രകാരമുള്ള വയറിംഗ് സാമഗ്രികൾ ഉപയോഗിച്ച് വേണം പ്രവർത്തി പൂർത്തീകരിക്കാൻ.<br>• 32 A ICDP Switch-1No, 25A, 30mA ELCB-1No, 6Way MCB Distribution Board – 1No,6A SP MCB – 2No. 6A Plug Socket-1No, Bulb Point-4Nos, Standard earthin as per IS, 2.5 sqmn and 1.5 sqmm Wires and 20 mm PVC conduit for wiring. All materials should have ISI mark.<br>• മേൽ സ്പെസിഫിക്കേഷൻ പ്രകാരം നിർവ്വഹണം പൂർത്തിയാക്കിയിട്ടുണ്ടെന്ന് ഉറപ്പാക്കണം.<br>• ലൈസൻസുള്ള ഇലക്ട്രിക്കൽ കോൺട്രാക്ടർമാരെ മാത്രമേ വയറിംഗ് ജോലികൾ ഏൽപ്പിക്കാൻ പാടുള്ളു. |
| | | പട്ടികവർഗ്ഗം<br>(ഊരുകളിൽ) | 9,000/-<br>പരമാവധിതുക | |

| | | | | |
|---|---|---|---|---|
| 4 | ഭൂമിയുള്ള ഭവനരഹിതർക്ക് വീട് | എല്ലാ വിഭാഗങ്ങൾക്കും | (ലൈഫ്മിഷൻ മാർഗ്ഗ നിർദ്ദേശ പ്രകാരം) | • ലൈഫ് മിഷൻ ഗുണഭോക്തൃലിസ്റ്റും വ്യവസ്ഥകളും ബാധകം. |
| 5 | 1. ഭൂരഹിത ഭവനരഹിതർ<br>2. പുറംപോക്കിലോ, തീരദേശ മേഖലയിലോ,തോട്ടം മേഖലയിലോ, താല്ക്കാലിക ഭവനമുള്ളവർ | എല്ലാവിഭാഗങ്ങൾക്കും | (ലൈഫ്മിഷൻ പ്രകാരം) | 1. ലൈഫ് മിഷൻ വ്യവസ്ഥകളും ബാധകം |
| 6 | പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം | എല്ലാ വിഭാഗങ്ങൾക്കും | പൂർത്തിയാവാത്ത ഭവനങ്ങൾ സംബന്ധിച്ച് പ്രത്യേക നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതാണ് | 1. താഴെപറയുന്ന പദ്ധതികൾ പ്രകാരം ഭവന നിർമ്മാണം ആരംഭിച്ചവർ<br>(1) ജനകീയാസൂത്രണ പദ്ധതി പ്രകാരം നിർമ്മിച്ച വീടുകൾ<br>(2) തദ്ദേശഭരണസ്ഥാപനങ്ങൾ നിർമ്മിച്ച് നൽകിയ വീടുകൾ<br>(3) ഇ.എം.എസ്. ഭവന പദ്ധതിപ്രകാരം നിർമ്മിച്ച വീടുകൾ<br>(4) ഐ.എ.വൈ. ഭവന പദ്ധതി<br>(5) ഐ.എച്ച്.എസ്.ഡി.പി/ബി.എസ്.യു.പി. ഭവനപദ്ധതി<br>(6) വാമ്പെ ഭവന പദ്ധതി<br>(7) എസ്.സി/എസ്.റ്റി വകുപ്പുകൾ, ഫിഷറീസ് വകുപ്പ്, പ്ലാന്റേഷൻ, ലേബർ, ന്യൂനപക്ഷക്ഷേമം, ഭവന നിർമ്മാണ ബോർഡ്,<br>(8) സൈനികക്ഷേമ വകുപ്പ് തുടങ്ങിയ വകുപ്പുകളിൽ ധനസഹായം ലഭിച്ചവർ<br>2. തദ്ദേശഭരണസ്ഥാപനത്തിന്റെ കൈവശമുള്ള ഗുണഭോക്തൃ പട്ടികയുമായി പരിശോധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താവിന്റെ യോഗ്യത ഉറപ്പുവരുത്തേണ്ടതാണ്.<br>3. 60 ച.മീറ്ററിനകത്ത് ഭവന വിസ്തീർണമുള്ളവ മാത്രം<br>4. ഗുണഭോക്താവിനോ കുടുംബാങ്ങൾക്കോ മറ്റു ഭവനങ്ങൾ ഉണ്ടാകാൻ പാടില്ല<br>5. തുടർ നിർമ്മാണത്തിന് നിലവിലുള്ള നിർമ്മാണം യോഗ്യമായിരിക്കേണ്ടതാണ്.<br>6. കരാർ വയ്ക്കുന്ന മുറയ്ക്ക് അടുത്ത് ഘട്ടം നിർമ്മിക്കുന്നതിനുള്ള ധനസഹായം അനുവദിക്കുന്നതാണ്.<br>7. പൂർത്തീകരിക്കുന്നതിനാവശ്യമായ പരമാവധി തുക, വിവിധ ഘട്ടങ്ങൾ എന്നിവ സംബന്ധിച്ച് വിശദമായ മാർഗ്ഗനിർദ്ദേശം തുടർന്ന് പുറപ്പെടുവിക്കാവുന്നതാണ്.<br>8. ഗ്രാമ/നഗരഭരണസ്ഥാപനങ്ങൾക്ക് മാത്രം. |

കുറിപ്പ് - 1) ലൈഫ് മിഷന്റെ ധനസഹായം സംബന്ധിച്ച് നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഭവന നിർമ്മാണമുൾപ്പെടെയുള്ളവയുടെ കാര്യത്തിൽ മാറ്റങ്ങൾ വരുന്നതാണ്. നിലവിൽ തദ്ദേശഭരണസ്ഥാപനങ്ങൾ അവരുടെ വികസനഫണ്ടിൽ കഴിയുന്നത്ര തുക മാറ്റിവച്ച് പ്രോജക്ട് തയ്യാറാക്കേണ്ടതും പിന്നീട് അതു ഭേദഗതി ചെയ്യാവുന്നതുമാണ്.

## 8.7 സ്വയം തൊഴിൽ സംരംഭങ്ങൾ

| ക്രമ നമ്പർ | ഇനം | കാറ്റഗറി | സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി | മാനദണ്ഡങ്ങൾ |
|---|---|---|---|---|
| 1 | എ.സ്വയംതൊഴിലിന് ആസ്തികൾ (വ്യക്തിഗതം)-ഗ്രാമ പ്രദേശങ്ങളിൽ | പൊതുവിഭാഗം | 50% പരമാവധി 30,000/- രൂപ | • വാർഷിക വരുമാന പരിധി 1 ലക്ഷം(ജനറൽ)/2 ലക്ഷം (പട്ടികജാതി) രൂപയ്ക്കു വിധേയമായി ബി.പി.എൽ ലിസ്റ്റിൽപ്പെട്ടവരോ അല്ലാത്തവരോ ആയിരിക്കണം. പട്ടികവർഗ്ഗത്തിന് വരുമാനപരിധി ബാധകമല്ല<br>• മൂന്ന് വർഷമെങ്കിലും ഒരു ഗ്രാമപഞ്ചായത്തിൽ/നഗരസഭയിൽ<br>• സ്ഥിരമായി താമസിക്കുന്നയാളായിരിക്കണം<br>• 18 വയസ്സിനും 50 വയസ്സിനും ഇടയിലുള്ള തൊഴിൽ രഹിതരായിരിക്കണം<br>• സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി മറ്റേതെങ്കിലും ഏജൻസിയിൽ നിന്ന് സർക്കാർ ധനസഹായം ലഭിച്ചവരോ ലഭിക്കുന്നവരോ ആയിരിക്കരുത്.<br>• കേന്ദ്ര സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും നൈപുണ്യവികസന പരിശീലനം ലഭിച്ചിട്ടുള്ളവർക്കു മുൻഗണന.<br>• വായ്പാബന്ധിത പ്രോജക്ട് ആയിരിക്കണം. സബ്സിഡി തുക ബാങ്കിലേക്ക് ബാക്ക് -എൻഡഡ് സബ്സിഡി ആയി നൽകണം.<br>• ബാങ്ക് വായ്പയ്ക്ക് പകരം പട്ടികജാതി, പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നുള്ള വായ്പയാണെങ്കിലും ധനസഹായം നൽകാം.<br>• എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലും സ്വയം സംരംഭകമിഷനോടൊപ്പം സംസ്ഥാന ദാരിദ്ര്യനിർമ്മാർജ്ജന മിഷന്റെ സി.ഡി.എസ്. ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടിട്ടുള്ള വരെയും പരിഗണിക്കേണ്ടതാണ്.<br>• ഗ്രാമ നഗര വ്യത്യാസമില്ലാതെ ഗ്രൂപ്പ് സംരംഭങ്ങൾക്ക് കുറഞ്ഞത് 5 അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം. നബാർഡിന്റെ നോൺ ഫാം മേഖലയിലെ ജോയിന്റ് ലയിബിലിറ്റി ഗ്രൂപ്പ് (ജെ.എൽ.ജി) സംബന്ധിച്ച നിർദ്ദേശങ്ങൾ കൂടി പരിഗണിക്കാവുന്നതാണ്.<br>• പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വായ്പാബന്ധിത മല്ലാതെയുള്ള പ്രത്യേക പ്രോജക്ടുകൾക്ക് സബ്സിഡി നൽകുന്നതും പരിഗണിക്കാം. വായ്പയ്ക്ക് പകരം മറ്റ് ഏജൻസികളുടെ ധനസഹായം ലഭ്യമാകുക യാണെങ്കിലും സബ്സിഡി നൽകാം.<br>• ഗ്രാമ/നഗരഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാം .<br>• പ്രവാസികൾക്ക് മുൻഗണന നൽകേണ്ടതാണ്. |
| | | പട്ടികജാതി പട്ടികവർഗ്ഗം | 70% (പരമാവധി 50,000/- രൂപ) പട്ടികവർഗ്ഗത്തിന് ബാധകമല്ല | |
| | ബി.സ്വയംതൊഴിലിന് ആസ്തികൾ (വ്യക്തിഗതം) നഗരപ്രദേശങ്ങളിൽ | പൊതുവിഭാഗം പട്ടികജാതി പട്ടിക വർഗ്ഗം (വനിതകൾക്ക് മാത്രം | 75% (പരമാവധി 30,000/ രൂപ) പട്ടികജാതി 50,000/- രൂപ പട്ടികവർഗ്ഗത്തിന് ബാധകമല്ല | |

| | | | | |
|---|---|---|---|---|
| 2. | (a)സ്വയംതൊഴിലിന് ആസ്തികൾ (ഗ്രൂപ്പ് സംരംഭങ്ങൾ കുറഞ്ഞത് 5 പേർ) ഗ്രാമപ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും | പൊതുവിഭാഗം പട്ടികജാതി പട്ടികവർഗം | 75% (പരമാവധി 2,00,000/- രൂപ) | • വാർഷിക വരുമാനം 1 ലക്ഷം(ജനറൽ)/2 ലക്ഷം(പട്ടികജാതി) രൂപയിൽ കവിയാത്ത കുടുംബത്തിലെ 18 നും 50 നും ഇടയിലുള്ള തൊഴിൽ രഹിതരുടെ ഗ്രൂപ്പ് ആയിരിക്കണം. പട്ടികവർഗ്ഗത്തിന് വരുമാനപരിധി ബാധകമല്ല.<br>• സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിന് മറ്റേതെങ്കിലും ഏജൻസിയിൽ നിന്ന് സർക്കാർ ധനസഹായം ലഭിച്ചവരോ ലഭിക്കുന്നവരോ ഗ്രൂപ്പിൽ അംഗങ്ങളായിരിക്കരുത്.<br>• ഗ്രൂപ്പ് രൂപീകരിച്ച് 6 മാസം കഴിഞ്ഞശേഷം നടത്തിയ ഗ്രേഡിംഗിൽ വിജയിച്ച ഗ്രൂപ്പ് ആയിരിക്കണം.<br>• സംരംഭം ഒറ്റ യൂണിറ്റായി നടത്തുകയും സാമ്പത്തിക ഇടപാടുകൾ (സംരംഭത്തിൽ നിന്നുള്ള വരവുകളും ) ബാങ്ക് അക്കൗണ്ട് മുഖേന ആയിരിക്കേണ്ടതാണ്.<br>• വായ്പാ ബന്ധിത പ്രോജക്ട് ആയിരിക്കണം സബ്സിഡി ബാങ്കിൽ അടയ്ക്കണം.<br>• മാർഗരേഖയിലെ വ്യവസ്ഥകൾ പ്രകാരമായിരിക്കണം സബ്സിഡി തുക നൽകേണ്ടത്.<br>• വൈകല്യമുള്ളവർക്കും, ഭിന്നശേഷിയുള്ളവർക്കും മുൻഗണന<br>• കേന്ദ്ര സംസ്ഥാന സർക്കാർ നേതൃത്വത്തിലുള്ള സ്ഥാപനങ്ങളിൽ നിന്നും നൈപുണ്യ പരിശീലനം നേടിയവർക്ക് മുൻഗണന<br>• പ്രവാസി ഗ്രൂപ്പുകൾക്കും മുൻഗണന, ഗ്രേഡിംഗിലെ 6 മാസം കാലാവധിക്കു ഇളവു നൽകാം.<br>• കേന്ദ്ര സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിൽ നിന്നും നൈപുണ്യ വികസനത്തിന് പരിശീലനം ലഭിച്ച ഗ്രൂപ്പുകൾക്കു മുൻഗണന.<br>• ഗ്രാമ/നഗരഭരണസ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം . |
| | (b) സ്വയം തൊഴിലിന് ആസ്തികൾ(സ്ത്രീ കളുടെ മാത്രം ഗ്രൂപ്പ് സംരംഭങ്ങൾ കുറഞ്ഞത് 5 പേരുള്ള ഗ്രൂപ്പ്) ഗ്രൂപ്പിലെ ഒരംഗത്തിന് പരമാവധി 25,000/- രൂപ എന്ന തോതിൽ ഗ്രാമ/നഗര പ്രദേശങ്ങളിൽ | പൊതുവിഭാഗം, പട്ടികജാതി/ പട്ടികവർഗം (വനിതകൾക്ക് മാത്രം) | 75% (പരമാവധി 3,00,000/- രൂപ) | |
| 3 | പരമ്പരാഗത കൈത്തൊഴിലുകളുടെ പ്രോത്സാഹനം | പൊതുവിഭാഗം, പട്ടികജാതി/ പട്ടികവർഗം 50% വനിതകൾ | ഒരംഗത്തിന് പരമാവധി 30,000/- രൂപ | • വരുമാനപരിധി 1 ലക്ഷം (ജനറൽ)/2 ലക്ഷം (പട്ടികജാതി) രൂപയ്ക്ക് പട്ടികവർഗ്ഗത്തിന് വരുമാനപരിധി ബാധകമല്ല , വിധേയമായി ബി.പി. എൽ. ലിസ്റ്റിൽപ്പെട്ടവരോ അല്ലാത്തവരോ ആയിരിക്കണം.<br>• അസംസ്കൃത വസ്തുക്കൾ വാങ്ങി സ്വയംതൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്ന ബി.പി.എൽ വിഭാഗത്തിൽപ്പെട്ട പരമ്പരാഗത കൈത്തൊഴിലുകൾ (മുള, ഈറ, വൈക്കോൽ തുടങ്ങിയവ ഉപയോഗിച്ചുള്ള തൊഴിലുകൾ, മൺമാത്ര നിർമ്മാണം, കയർ പിരിക്കൽ കരകൗശല പ്രവർത്തികൾ മുതലായ തൊഴിലുകൾ ചെയ്യുന്നവരായിരിക്കണം<br>• കുറഞ്ഞത് 5 പേരുള്ള ഗ്രൂപ്പ് രൂപീകരിക്കണം<br>• അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന് ഒറ്റത്തവണ ധനസഹായം ഗ്രൂപ്പിന് നൽകാവുന്നതാണ്.<br>• മുകളിൽ ക്രമനമ്പർ 1 ലും 2 ലും പറഞ്ഞ ധനസഹായം ലഭിക്കുന്നവർ ഈ ഗ്രൂപ്പിൽ അംഗങ്ങളാകരുത്.<br>• വായ്പാബന്ധിതമാണെങ്കിൽ സബ്സിഡി തുക ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകണം.<br>• ഗ്രാമ/നഗരഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാം. |

| | | | | |
|---|---|---|---|---|
| 4 | ഓട്ടോറിക്ഷ/പിക് അപ് ഓട്ടോറിക്ഷ | പൊതുവിഭാഗം | 30,000/- | • വാർഷിക വരുമാനപരിധി 1 ലക്ഷം (ജനറൽ) /2 ലക്ഷം (പട്ടികജാതി) രൂപയ്ക്ക് വിധേയമായി ബി.പി.എൽ ലിസ്റ്റിൽപ്പെട്ടവർ ആയിരിക്കണം. പട്ടികവർഗ്ഗത്തിന് വരുമാനപരിധി ബാധകമല്ല.<br>• ഒരിക്കൽ ഈ ധനസഹായം ലഭിച്ചവർ അർഹരല്ല<br>• എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലോ/സ്വയം സംരംഭകത്വ മിഷനിലോ പേര് രജിസ്റ്റർ ചെയ്തവരായിരിക്കണം.<br>• നിലവിൽ പ്രാബല്യത്തിലുള്ള ഡ്രൈവിംഗ് ലൈസൻസും,ബാഡ്ജും ലഭിച്ചിട്ടുള്ള വരായിരിക്കണം<br>• സ്വയം തൊഴിലിനായി മറ്റ് ഏജൻസികളിൽ നിന്നോ മറ്റേതെങ്കിലും പരിപാടി പ്രകാരമോ ധനസഹായം ലഭിച്ചവരോ ലഭിക്കുന്നവരോ ആകരുത്.<br>• പ്രവാസികൾക്ക് മുൻഗണന നൽകണം<br>• വായ്പാബന്ധിത പ്രോജക്ടായിരിക്കണം.<br>• ധനസഹായ തുക ബാക്ക് എൻഡഡ് സബ്സിഡിയായി ബാങ്കിലേയ്ക്ക് നൽകണം.<br>• ഗ്രാമ/നഗരഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാം. |
| | | പട്ടികജാതി | 50,000/- | |
| | | പട്ടിക വർഗം | 50,000/- | |
| | | 50% വനിതകൾ എല്ലാവിഭാഗങ്ങൾക്കും | | |
| 5. | ഇരുചക്രവാഹനം (മോട്ടോർ സൈക്കിൾ/സ്കൂട്ടർ) | പട്ടികജാതി/ പട്ടികവർഗ്ഗം | മോട്ടോർ സൈക്കിൾ/സ്കൂട്ടർ വിലയുടെ 33 1/3% (പരമാവധി 30,000/- രൂപ) | • തൊഴിൽ രഹിതമോ ഇരുചക്രവാഹനത്തിൽ സഞ്ചരിച്ച് സാധനങ്ങൾ വില്പന നടത്തി ഉപജീവനം നടത്തുന്നവരോ അപ്രകാരം ചെയ്യാൻ തയ്യാറുള്ളവരോ ആയിരിക്കണം<br>• വാർഷിക വരുമാന പരിധി 1 ലക്ഷം (ജനറൽ)/2 ലക്ഷം (പട്ടികജാതി) രൂപയ്ക്ക് വിധേയമായി ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടവരോ അല്ലാത്തവരോ ആയിരിക്കണം. പട്ടികവർഗ്ഗത്തിന് വരുമാനപരിധി ബാധകമല്ല.<br>• ഇരുചക്രവാഹനം ഓടിക്കുന്നതിനുള്ള ലൈസൻസ് നിലവിൽ ഉണ്ടായിരിക്കണം.<br>• നിലവിൽ ഇരുചക്ര-നാലുചക്ര വാഹനം സ്വന്തമായുള്ള വ്യക്തിയായിരിക്കരുത്.<br>• ഗുണഭോക്താവായി തിരഞ്ഞെടുക്കപ്പെട്ട അറിയിപ്പ് രേഖാമൂലം ലഭിച്ച ശേഷം പുതിയ വാഹനം അപേക്ഷകയുടെ/ന്റെ പേരിൽ വാങ്ങിക്കണം.<br>• 5 വർഷത്തിനിള്ളിൽ വാഹനം വിൽക്കുകയോ ഉപയോഗിക്കാനായി മറ്റാർക്കെങ്കിലും കൈമാറുകയോ ചെയ്താൽ ലഭിച്ച സബ്സിഡി തുക തിരിച്ചടയ്ക്കണം.<br>• വാഹനം വാങ്ങിയ കടയുടെ ബാങ്ക് അക്കൗണ്ടിലേക്കോ വായ്പയെടുക്കുന്ന സംഗതിയിൽ വാഹനവായ്പ നൽകിയ സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്കോ ആയിരിക്കണം സബ്സിഡി തുക നൽകേണ്ടത്.<br>• ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭ/വാർഡ്സഭ അംഗീകരിക്കണം. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണം. (ഏറ്റവും പാവപ്പെട്ടവർക്ക് മുൻഗണന നൽകണം)<br>• പ്രവാസികൾക്ക് മുൻഗണന നൽകണം<br>• ഗ്രാമപ്രദേശങ്ങളിൽ ഗ്രാമ-ബ്ലോക്ക്-ജില്ലാപഞ്ചായത്തുകൾ സംയുക്തമായി നടപ്പാക്കാമെങ്കിലും നിർവ്വഹണം ഗ്രാമപഞ്ചായത്ത് നടത്തണം |

| | | | | |
|---|---|---|---|---|
| | | | | • ഒരു കുടുംബത്തിന് ഒരു തവണമാത്രമേ ഈ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുകയുള്ളു.<br>• ഗ്രാമ/നഗരഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാം. |
| 6. | സ്വയംതൊഴിലിന് ടാക്സികാർ, പിക് അപ് വാൻ | പട്ടികജാതി/ പട്ടി കവർഗ്ഗം | വാഹനവിലയുടെ 33 1/3% (പരമാവധി 2,00,000/- രൂപ) | • തൊഴിൽ രഹിതരായ 18 നും 50 നും ഇടയ്ക്ക പ്രായപരിധിയിലുള്ളവരായിരിക്കണം.<br>• ടാക്സി കാർ/പിക്അപ് വാൻ ഡ്രൈവറായി തൊഴിൽ ചെയ്യാൻ തയ്യാറുള്ളവരായിരിക്കണം.<br>• വാർഷിക വരുമാന പരിധി പട്ടികജാതി 2 ലക്ഷം രൂപയ്ക്ക വിധേയമായി ബി.പി.എൽ ലിസ്റ്റിൽ ഉൾപ്പെട്ടവരോ അല്ലാത്തവരോ ആയിരിക്കണം<br>• ടാക്സി വാഹനം ഓടിക്കുന്നതിനുള്ള ഡ്രൈവിംഗ് ലൈസൻസ് ബാഡ്ജ് നിലവിൽ ഉണ്ടായിരിക്കണം. ഒരു തൊഴിൽ എന്ന നിലയിൽ വാഹനം ഉപയോഗിക്കണം.<br>• നിലവിൽ നാലുചക്ര-ആറ് ചക്ര വാഹനം സ്വന്തമായുള്ള വ്യക്തിയായിരിക്കരുത്.<br>• ഗുണഭോക്താവായി തിരഞ്ഞെടുക്കപ്പെട്ട അറിയിപ്പ് രേഖാമൂലം ലഭിച്ച ശേഷം പുതിയ വാഹനം അപേക്ഷകന്റെ പേരിൽ വാങ്ങിക്കണം<br>• 5 വർഷത്തിനുള്ളിൽ വാഹനം വിൽക്കുകയോ ഉപയോഗിക്കാനായി മറ്റാർക്കെങ്കിലും കൈമാറുകയോ ചെയ്താൽ ലഭിച്ച സബ്സിഡി തുക തിരിച്ചടയ്ക്കണം<br>• വാഹനം ഏത് കടയിൽ നിന്നാണോ വാങ്ങിയത് ആ കടയുടെ ബാങ്ക് അക്കൗണ്ടിലേക്ക് സബ്സിഡി തുക നൽകണം/ബാങ്ക് വായ്പയാണെങ്കിൽ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകണം.<br>• ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭ/വാർഡ്സഭ അംഗീകരിക്കണം. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണം. (ഏറ്റവും പാവപ്പെട്ടവർക്ക് മുൻഗണന നൽകണം).<br>• പ്രവാസികൾക്ക് മുൻഗണന നൽകണം<br>• ഗ്രാമപ്രദേശങ്ങളിൽ ഗ്രാമ-ബ്ലോക്ക്-ജില്ലാപഞ്ചായത്തുകൾ സംയുക്തമായി നടപ്പാക്കാമെങ്കിലും നിർവ്വഹണം ഗ്രാമപഞ്ചായത്ത് നടത്തണം.<br>• ഒരു കുടുംബത്തിന് ഒരു തവണമാത്രമേ ഈ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.<br>• ഗ്രാമ/നഗരഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാം . |
| 7. | സ്വയം തൊഴിലിന് ടാക്സികാർ, പിക് അപ് വാൻ | പൊതുവിഭാഗം | പലിശ സബ്സിഡി പരമാവധി 1,50,000/- രൂപ | • തൊഴിൽ രഹിതരായ 20നും 40നും ഇടയ്ക്ക് പ്രായപരിധിയിലുള്ള വരായിരിക്കണം.<br>• ടാക്സികാർ/പിക്അപ്വാൻ ഡ്രൈവറായി തൊഴിൽ ചെയ്യാൻ തയ്യാറുള്ളവരായിരിക്കണം.<br>• വാർഷി വരുമാന പരിധി ജനറൽ 1 ലക്ഷം രൂപയ്ക്ക് വിധേയമായി ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെട്ടവരോ അല്ലാത്തവരോ ആയിരിക്കണം.<br>• വാഹനം വാങ്ങുന്നതിനായി ബാങ്കിൽ നിന്നെടുത്ത വായ്പയുടെ പലിശ സബ്സിഡിയായി പലിശ തുക നൽകണം. പലിശ മുൻകൂറായി നൽകാൻ പാടില്ല.<br>• ബാങ്കിൽ പലിശ അടച്ചതിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് ലഭിക്കുന്ന മുറയ്ക്ക് ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് സബ്സിഡി നൽകാവുന്നതാണ്. |

| | | | | |
|---|---|---|---|---|
| | | | | • ടാക്സി വാഹനം ഓടിക്കുന്നതിന്റെ ഡ്രൈവിംഗ് ലൈസൻസ് ബാഡ്ജ് ഉണ്ടായിരിക്കണം. ഒരു തൊഴിൽ എന്ന നിലയിൽ വാഹനം ഉപയോഗിക്കണം.<br>• നിലിവിൽ നാലു ചക്ര-ആറ് ചക്ര വാഹനം സ്വന്തമായുള്ള വ്യക്തിയായിരിക്കരുത്.<br>• ഗുണഭോക്താവായി തെരഞ്ഞെടുക്കപ്പെട്ട അറിയിപ്പ് രേഖാമൂലം ലഭിച്ചശേഷം പുതിയ വാഹനം അപേക്ഷകന്റെ പേരിൽ വാങ്ങിക്കണം.<br>• 5 വർഷത്തിനുള്ളിൽ വാഹനം വിൽക്കുകയോ ഉപയോഗിക്കാനായി മറ്റാർക്കെങ്കിലും കൈമാറുകയോ ചെയ്യാൻ പാടില്ല. ചെയ്താൽ ലഭിച്ച സബ്സിഡി തുക തിരിച്ചടയ്ക്കണം<br>• ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭ/വാർഡ് സഭ അംഗീകരി ക്കണം. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണം (ഏറ്റവും പാവപ്പെട്ടവർക്ക് മുൻഗണന നൽകണം)<br>• പ്രവാസികൾക്ക് മുൻഗണന നൽകണം<br>• ഗ്രാമപ്രദേശങ്ങളിൽ ഗ്രാമ-ബ്ലോക്ക്-ജില്ലാപഞ്ചായത്തുകൾ സംയുക്തമായി നടപ്പാക്കണമെങ്കിലും നിർവഹണം ഗ്രാമ പഞ്ചായത്ത് നടപ്പാക്കണം.<br>• ഒരു കുടുംബത്തിന് ഒരു തവണ മാത്രമേ ഈ ധനസഹായത്തിന് അർഹതയുണ്ടായിരിക്കുകയുള്ളൂ.<br>• ഗ്രാമ/നഗര ഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാം . |
| 8 | ശാരീരിക വൈകല്യമുള്ളവർക്ക് പെട്ടിക്കട | പൊതുവിഭാഗം<br><br>(പട്ടികജാതി/ പട്ടികവർഗം) | 100% (30,000/- പരമാവധി)<br><br>100% (50,000/- പരമാവധി) | • വരുമാനപരിധി 1 ലക്ഷം(ജനറൽ)/2 ലക്ഷം (പട്ടികജാതി) രൂപയ്ക്ക് വിധേയമായി ബി.പി.എൽ. ലിസ്റ്റിൽപ്പെട്ടവരോ അല്ലാത്തവരോ ആയിരിക്കണം. പട്ടികവർഗ്ഗത്തിന് വരുമാനപരിധി ബാധകമല്ല<br>• ഇതിന് മുമ്പ് സ്വയം തൊഴിൽ സംരംഭത്തിന് ധനസഹായം ലഭിച്ചവർ അർഹരല്ല.<br>• 30,000/- രൂപയിൽ അധികം തുക വേണ്ടി വരുന്നുവെങ്കിൽ ഗുണഭോക്താവ് കണ്ടെത്തണം<br>• കച്ചവടത്തിന് അനുയോജ്യമായ സ്ഥലത്തായിരിക്കണം പെട്ടിക്കട തുടങ്ങേണ്ടത്.<br>• റോഡ് പുറമ്പോക്കിൽ അനധികൃതമായി സ്ഥാപിക്കരുത്<br>• നടത്തിപ്പിനുള്ള അവകാശം മാത്രമേ നൽകാവൂ.<br>• മുമ്പ് വിതരണം ചെയ്തിട്ടുള്ള പെട്ടിക്കടകൾ ഉപയോഗ രഹിതമായി കിടക്കുന്നുണ്ടെങ്കിൽ വീണ്ടും പുതിയവയ്ക്കായി പ്രോജക്ട് ഏറ്റെടുക്കരുത്.<br>• പെട്ടിക്കട നിർമ്മിച്ചു നൽകിയ/വിൽപ്പന നൽകിയവർക്കാണ് സബ്സിഡി സംഖ്യ നൽകേണ്ടത്. വാല്യുവേഷൻ എൽ.എസ്.ജി.ഡി ഓവർസീയർ/എഞ്ചിനീയർ എടുത്തിരിക്കണം. തുക ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകണം.<br>• ഗ്രാമ/നഗര ഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാം . |

| | | | | |
|---|---|---|---|---|
| 9. | മൊബൈൽ സെയിൽസ് & സർവ്വീസ് യൂണിറ്റ് (മോട്ടോർ ഘടിപ്പിക്കാത്ത നാലുചക്ര വാഹനം) | എല്ലാവിഭാഗങ്ങൾക്കും | 80% (പരമാവധി ജനറൽ -30,000/- എസ്.സി. എസ്.റ്റി -50,000/-) ആനു പാതികമായി നൽകണം | 1) പ്രാദേശിക ആവശ്യങ്ങളും, സേവനങ്ങളും വാതിൽപ്പടിയിൽ എത്തിക്കുന്ന മൊബൈൽ യൂണിറ്റുകൾ നടത്താൻ താല്പര്യമുള്ളവരായിരിക്കണം.<br>2) പഴം പച്ചക്കറി വില്പന, ഇസ്തിരി ഇടൽ, ഇളനീർ ഉൾപ്പടെയുള്ള സേവനങ്ങൾ ചെയ്യാൻ ഉപകരണങ്ങളും മോട്ടോർ ഘടിപ്പിക്കാത്ത നാലുചക്രവാഹനം വാങ്ങാൻ താല്പര്യമുള്ളവരായിരിക്കണം.<br>3) ഗ്രാമ/നഗര ഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാം. |
| 10. | ജീവിതശൈലി രോഗങ്ങളുടെ പരിശോധന (മൊബൈൽ യൂണിറ്റുകൾ) | വനിതകൾക്ക് മാത്രം | പരമാവധി ജനറൽ 30,000 എസ്.സി 50,000 എസ്.റ്റി ബാധകമല്ല (ഒന്നിലധികം പേരുണ്ടെങ്കിൽ ഓരോരുത്തർക്കും സബ്സിഡി നൽകാം) | 1) കുടുംബശ്രീ സംവിധാനത്തിലൂടെ, ഉപകരണങ്ങൾ ഉപയോഗിക്കുന്ന തിനുള്ള പരിശീലനം ലഭിച്ച നിർദ്ദിഷ്ടയോഗ്യതയുള്ള വനിതകൾ<br>2) വ്യക്തിഗതമായും ഗ്രൂപ്പായും നൽകാവുന്നതാണ്. പ്രായോഗികമായും ആദായകരമായും പ്രവർത്തിക്കുന്നതരത്തിൽ ഓരോ തദ്ദേശഭരണ സ്ഥപനത്തിലെയും വാർഡുകളുടെ വലുപ്പത്തിനനുസരിച്ച് അനുയോജ്യമായ എണ്ണം ഗ്രൂപ്പുകൾ തദ്ദേശഭരണസ്ഥാപനത്തിന് രൂപീകരിക്കാവുന്നതാണ്.<br>3) ഓരോ ഗുണഭോക്താവിനും പരിശോധന ഫലങ്ങൾ, തുടർച്ചയായി രേഖപ്പെടുത്തി നൽകാനുള്ള ടെസ്റ്റ് റിക്കോർഡ് നൽകണം. രജിസ്റ്ററും സൂക്ഷിക്കണം.<br>4) ഓരോ പരിശോധനയ്ക്കുമുള്ള ഫീസുകൾ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി നിശ്ചയിച്ച് നൽകണം.<br>5. ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത PHC/CHC ഡോക്ടർ പരിശോധിച്ച് ആഴ്ചയിലൊരിക്കൽ ഉറപ്പുവരുത്തണം.<br>6. ഗുരുതരമായ ടെസ്റ്റ് റിസൾട്ട് ഉള്ളവരുടെ വിവരം PHC/CHC ഡോക്ടർക്ക് റിപ്പോർട്ട് ചെയ്യണം<br>7. ഒരു യൂണിറ്റിൽ ആവശ്യമുള്ള ഉപകരണങ്ങളുടെ ലിസ്റ്റും അതിന്റെ ഗുണപരതയും PHC/CHC ഡോക്ടർ നിശ്ചയിച്ച് റിപ്പോർട്ട് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യാവിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മിറ്റി നിശ്ചയിച്ച് വാങ്ങി നൽകണം.<br>8. ഉപകരണങ്ങളുടെ വിലയും വാഹനത്തിന്റെ വിലയും ഉൾപ്പെടെയുള്ള തുക ഗുണഭോക്തൃ വിഹിതമായോ ബാങ്ക് വായ്പയായോ ലഭ്യമാക്കേണ്ടതാണ്.<br>9. ബാങ്ക് വായ്പ ഉണ്ടെങ്കിൽ സബ്സിഡി ബാക്ക് എൻഡ് ആയി വായ്പ കണക്കിലേക്ക് നൽകണം.<br>10. ഗ്രാമ-നഗര ഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാം. |

കുറിപ്പ്

1. സംരംഭക കോസ്റ്റ് കണക്കാക്കുന്നതിൽ പ്രവർത്തന മൂലധനത്തിന്റെ മാർജിൻ തുകയും, പ്രാരംഭ ചെലവുകളും കൂടി ആസ്തികളുടെ വിലയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്.
2. വ്യക്തിഗതം/ഗ്രൂപ്പ് സ്വയംതൊഴിൽ സംരംഭത്തിന്റെ യൂണിറ്റ് കോസ്റ്റ് കണക്കാക്കുന്നതിൽ അസംസ്കൃത വസ്തുക്കളുടെ വില, വാങ്ങിവിൽക്കുന്ന സാധനങ്ങളുടെ വില, ആവർത്തനസ്വഭാവമുള്ള ചെലവുകൾ എന്നിവ ഉൾപ്പെടുത്താമെങ്കിലും സബ്സിഡിയുടെ ശതമാനപരിധിയും തുക പരിധിയും ആസ്തികളുടെ വിലയുടെ അടിസ്ഥാന വായ്പയായി കണ്ടെത്തേണ്ടതും അതു സംബന്ധിച്ച കണക്കുകൾ പ്രോജക്ടിൽ പ്രത്യേകം കാണിച്ചിരിക്കേണ്ടതുമാണ്.
3. റിവോൾവിംഗ് ഫണ്ട്, പ്രവർത്തന മൂലധനം, റോ മെറ്റീരിയൽ ഗ്രാന്റ്, മാർജിൻമണി ഗ്രാന്റ്, മാനേജിരിയൽ സബ്സിഡി എന്നിവ സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുവേണ്ടിയുള്ള പ്രോജക്ടിന്റെ ഭാഗമായിരിക്കുന്നതല്ല.
4. വാർഷിക വരുമാനപരിധി ജനറൽ വിഭാഗത്തിന് 1 ലക്ഷം, പട്ടികജാതി വിഭാഗത്തിന് 2 ലക്ഷം രൂപയിൽ കവിയാത്തവരെ ബി.പി.എൽ. കുടുംബമായി കണക്കാക്കി ആനുകൂല്യങ്ങൾ നൽകാം. പട്ടിക വർഗ്ഗ വിഭാഗത്തിന് വരുമാന പരിധി ബാധകമല്ല.

## 8.8. മണ്ണിര കമ്പോസ്റ്റ്/കമ്പോസ്റ്റ്/ബയോഗ്യാസ് പ്ലാന്റ്

| ക്രമ നമ്പർ | ഇനം | കാറ്റഗറി | സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി | മാനദണ്ഡങ്ങൾ |
|---|---|---|---|---|
| 1. | വീടുകൾക്കുള്ള വിവിധ തരത്തി ലുള്ള കമ്പോസ്റ്റ് യൂണിറ്റുകൾ<br>1) ഗാർഹിക മണ്ണിര കമ്പോസ്റ്റ്<br>2) റിംഗ് കമ്പോസ്റ്റ് യൂണിറ്റ്<br>3) പൈപ്പ് കമ്പോസ്റ്റ്<br>4) മൺകല കമ്പോസ്റ്റ്<br>5) ബയോ പെഡസ്റ്റൽ സിസ്റ്റം<br>6) മോസ്പിറ്റ്<br>7) ജൈവഭരണി കമ്പോസ്റ്റ് (ബയോ ഡൈജസ്റ്റർപോട്ട്)<br>8) പോർട്ടബിൾ അനറോബിക് ബയോബിൻസ്<br>9) ഹോം പോളിമർ ടംബ്ലർ<br>10)പ്ലാസ്റ്റിക് ബിൻ/ബക്കറ്റ്കമ്പോസ്റ്റ്<br>11) മിനിബയോ പെഡസ്റ്റർ<br>12) ഗാർഹിക കമ്പോസ്റ്റ് യൂണിറ്റ് | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗ്ഗം | സബ്സിഡി തുകയുടെ 50% (പൊതുവിഭാഗം)<br><br>പട്ടികജാതി/ പട്ടികവർഗ്ഗം 75% | • എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും നൽകാം.<br>• 01.03.2011-ലെ ജി.ഒ(എം.എസ്)ന.73/2011/സത്വഭവ ഉത്തരവിൽ പറഞ്ഞിട്ടുള്ള സ്റ്റാന്റേർഡുകളും സ്പെസിഫിക്കേഷനുകളും ബാധകമായിരിക്കുന്നതാണ്.<br>• ഓരോന്നിന്റെയും യൂണിറ്റ് കോസ്റ്റ് മുകളിൽ പറഞ്ഞ ഉത്തരവിൽ പറഞ്ഞ പ്രകാരമോ അല്ലെങ്കിൽ ശുചിത്വമിഷൻ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രകാരമോ ആയിരിക്കുന്നതാണ്.<br>• സ.ഉ.(സാധാ)ന.561/2012/തസ്വഭവ തീയതി 24.02.2012 എന്നീ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിച്ചിരിക്കണം<br>• സബ്സിഡിയിൽ 50% ജനറൽ ഗുണഭോക്താവ് അടയ്ക്കണം, 25% പട്ടികജാതി ഗുണഭോക്താവ് അടയ്ക്കണം.<br>• ഗ്രാമ-നഗര ഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാം. |
| 2. | ഗാർഹിക ബയോഗ്യാസ് പ്ലാന്റ്<br>(1) ഗാർഹിക ബയോഗ്യാസ് പ്ലാന്റ് 05 ക്യുബിക് മീറ്റർ<br>(2) ഗ്രാർഹിക ബയോഗ്യാസ്പ്ലാന്റ് 1 ക്യൂബിക് മീറ്റർ | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗം | 50% പൊതുവിഭാഗം പട്ടികജാതി/ പട്ടികവർഗ്ഗം 75% | • കൂടുതൽ മാലിന്യം ഉത്പാദിപ്പിക്കുന്നതും ബയോഗ്യാസ്പ്ലാന്റ് പരിപാലി ക്കാൻ സന്നദ്ധതയുള്ളതുമായ എല്ലാവിഭാഗം കുടുംബങ്ങൾക്കും നൽകാവുന്നതാണ്.<br>• 01.03.2011-ലെ ജി.ഒ.(എം,സ്) നമ്പർ 73/2011 തസ്വഭവ ഉത്തരവിൽ പറഞ്ഞിട്ടുള്ള സ്റ്റാൻഡേർഡുകളും സ്പെസിഫേക്ഷനുകളും കൂടാതെ ജി.ഒ.(ആർ.ടി)നം.718/2012/തസ്വഭവ പ്രകാരം പറഞ്ഞിട്ടുള്ള സ്റ്റാൻഡേർഡുകളും സ്പെസിഫിക്കേഷനുകളും ബാധകമായിരിക്കുന്നതാണ്.<br>• ഓരോന്നിന്റെയും യൂണിറ്റ് കോസ്റ്റ് മുകളിൽ പറഞ്ഞ ഉത്തരവിൻ പ്രകാരമോ അല്ലെങ്കിൽ സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രകാരമോ ആയിരിക്കുന്നതാണ്.<br>• സ.ഉ.(സാധാ)നം.561/2012/തസ്വവ തീയതി 24.02.2012 സ.ഉ.(സാധാ) നം.318/2011/തസ്വഭവ തീയതി 20.12.2011 എന്നീ ഉത്തരവുകളിലെ നിർദ്ദേശങ്ങൾപാലിച്ചിരിക്കണം.<br>• 50% സബ്സിഡിയിൽ 50% ഗുണഭോക്താവും വഹിക്കണം<br>• സന്നദ്ധ സംഘടനകളോ, സ്ഥാപനങ്ങളോ 15% സബ്സിഡി വഹിക്കാൻ തയ്യാറാകുന്ന സാഹചര്യത്തിൽ സർക്കാർ സബ്സിഡി ശുചിത്വമിഷൻ നേരിട്ടു നൽകുന്നതാണ്.<br>• ഗ്രാമ-നഗര ഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാം. |

| | | | | |
|---|---|---|---|---|
| 3. | ഫ്ളാറ്റുകൾ വിവിധതരത്തിലുള്ള മാലിന്യ സംസ്ക്കരണ രീതികൾ<br>1. ബയോഗ്യാസ് പ്ലാന്റ്<br>2. മണ്ണിര കമ്പോസ്റ്റ്<br>3. വിൻഡ്രോ<br>4. ബയോബിൻസ്<br>5. പോർട്ടബിൾ ബയോബിൻസ്<br>6. കേന്ദ്രീകൃത ബയോ ടാങ്കുകൾ<br>7.എറോബിക്- ഫെറോ സിമന്റ് ബിൻസ്<br>8. ഓർഗാനിക് വേസ്റ്റ് കൺവർട്ടിംഗ് മിഷീൻ (മെക്കാനിക്കൽ വേസ്റ്റിംഗ്) | | പരമാവധി യൂണിറ്റ് നിരക്കിൽ 50% | • എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും നൽകണം.<br>• 1.03.2011-ലെ ജി.ഒ(എം.എസ്)നം.73/2011 തസ്വഭ ഉത്തരവിൽ പറഞ്ഞിട്ടുള്ള സ്റ്റാൻഡേർഡുകളും സ്പെസിഫിക്കേഷനുകളും കൂടാതെ ജി.ഒ.(ആർ.റ്റി) നം.718/2012/തസ്വഭവ പ്രകാരം പറഞ്ഞിട്ടുള്ള സ്റ്റാൻഡേർഡുകളും സ്പെസിഫിക്കേഷനുകളും ബാധകമായിരിക്കുന്നതാണ്.<br>• ഓരോന്നിന്റെയും യൂണിറ്റ് കോസ്റ്റ് മുകളിൽ പറഞ്ഞ ഉത്തരവിൻ പറഞ്ഞ പ്രകാരമോ അല്ലെങ്കിൽ സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രകാരമോ ആയിരിക്കുന്നതാണ്.<br>• സ.ഉ.(സാധാ)നം.561/2012/തസ്വഭവ തീയതി, സ.ഉ.(സാധാ) നം318/2011 തസ്വഭവ തീയതി 20.12.2011 എന്നീ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിച്ചിരിക്കണം.<br>• സബ്സിഡി തുക സർക്കാരിൽ നിന്നും ശുചിത്വ മിഷൻ വഴി തദ്ദേശസ്വയം ഭരണസ്ഥാപനം തയ്യാറാക്കുന്ന പദ്ധതി പ്രകാരം നൽകുന്നതാണ്.<br>• സബ്സിഡി തുക ഫ്ളാറ്റ് ഒന്നിന് 500 രൂപയോ സമുച്ചയം ഒന്നിന് കുറഞ്ഞത് 15000 /-രൂപയായി നിജപ്പെടുത്തുന്നതാണ്.<br>• ഗ്രാമ/നഗര ഭരണ സ്ഥാപനങ്ങൾക്ക് മാത്രം |
| | സ്ക്കൂൾ, ആശുപത്രി, ഹോസ്റ്റൽ, മറ്റു സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് മാലിന്യ സംസ്ക്കരണ സംവിധാനം | | | |
| 4. | വിവിധതലത്തിലുള്ള മാലിന്യ സംസ്ക്കരണ രീതികൾ<br>1. ബയോഗ്യാസ് പ്ലാന്റ്<br>2. മണ്ണിര കമ്പോസ്റ്റ്<br>3. വിൻഡ്രോ<br>4. ബയോബിൻസ്<br>5. പോർട്ടബിൾ ബയോബിൻസ്<br>6. കേന്ദ്രീകൃത ബയോടാങ്കുകൾ<br>7. എറോബിക്-ഫെറോ സിമന്റ് ബിൻസ്<br>8. ഓർഗാനിക് വേസ്റ്റ് കൺവെർട്ടിംഗ് മെഷീൻ (മെക്കാനിക്കൽ വേസ്റ്റ് വേസ്റ്റിംഗ്) | | പരമാവധി യൂണിറ്റ് നിരക്കിൽ 50% | • എല്ലാ സ്ഥാപനങ്ങൾക്കും നൽകണം<br>• 01/03/2011-ലെ ജി.ഒ,(എം,എസ്)നം.73/2011 തസ്വഭവ ഉത്തരവിൽ പറഞ്ഞിട്ടുള്ള സ്റ്റാൻടഡേർഡുകളും സ്പെസിഫിക്കേഷനുകളും കൂടാതെ ജി.ഒ.(ആർ.ടി.)നം.718/2012/തസ്വഭവ പ്രകാരം പറഞ്ഞിട്ടുള്ള സ്റ്റാൻഡേർഡുകളും സ്പെസിഫിക്കേഷനുകളും ബാധക മായിരിക്കുന്നതാണ്.<br>• ഓരോന്നിന്റെയും യൂണിറ്റ് കോസ്റ്റ് മുകളിൽ പറഞ്ഞ ഉത്തരവിൽ പറഞ്ഞ പ്രകാരമോ അല്ലെങ്കിൽ സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രകാരമോ ആയിരിക്കുന്നതാണ്.<br>• സ.ഉ.(സാധാ)നം.561/2012/തസ്വഭവ തീയതി 24/02/2012 സ.ഉ.(സാധാ)നം.318/2011/തസ്വഭവ തീയതി 20/12/2011 എന്നീ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിച്ചിരിക്കണം<br>• സബ്സിഡി തുക സ്ഥാപനം ഒന്നിന് 1 ലക്ഷം രൂപയിൽ കവിയാവുന്നതല്ല.<br>• ഗ്രാമ/നഗര ഭരണ സ്ഥാപനങ്ങൾക്ക് മാത്രം |

### 8.9. അക്ഷയോർജ്ജ ഉപകരണങ്ങളുടെ വിതരണം:-

| | | | |
|---|---|---|---|
| 1 | ശൃംഖലാബന്ധിത സൗരമേൽക്കൂര വൈദ്യുതി നിലയങ്ങൾ -2 to 100 kW (Grid Connected Solar Power Plants) | എല്ലാ വിഭാഗങ്ങൾക്കും | 10% + കേന്ദ്ര സബ്സിഡി |
| 2 | ശൃംഖലാബന്ധിതമല്ലാത്ത സൗര മേൽക്കൂര വൈദ്യുത നിലയങ്ങൾ 1 to 5 kW(Off Grid Solar Power Plants) | എല്ലാ വിഭാഗങ്ങൾക്കും | 15% + കേന്ദ്ര സബ്സിഡി |
| 3 | സൗര ഗാർഹിക വൈദ്യുത സംവിധാനം 1 kW ന് താഴെ (Solar Home Lighting System) | എല്ലാ വിഭാഗങ്ങൾക്കും | 15 % |
| 4 | സൗര റാന്തൽ | ജനറൽ | 25% |
| | | എസ്.സി/എസ്.റ്റി./ ബി.പി.എൽ/ ഫിഷർമാൻ | 50% |
| 5 | സൗരജലതാപന സംവിധാനം (Solar Water Heating System | എല്ലാ വിഭാഗങ്ങൾക്കും 1) ETC Model (100 lpd)<br>2) FPC Model (100 lpd) | 15 %<br>15% |
| 6 | കേന്ദ്രീകൃത സൗരതാപ പദ്ധതികൾ (Concentrated Solar Thermal Systems) | എല്ലാ വിഭാഗങ്ങൾക്കും(per Sq.m.) | 10% + കേന്ദ്ര സബ്സിഡി |
| 7 | ജൈവവാതക നിലയം (Bio Gas Plants) | എല്ലാ വിഭാഗങ്ങൾക്കും<br>1) 0.65 cumPlant<br>2) 0.75 cumPlant<br>3) 1.00 cumPlant<br>4) 26 cumPlant | 50%<br>50%<br>50%<br>10%+ കേന്ദ്ര സബ്സിഡി |
| 8 | മെച്ചപ്പെട്ട വിറക് അടുപ്പ് (Improved Chulha) | എസ്.സി/എസ്.റ്റി, ബി.പി.എൽ Total Housing Scheme | 90% സബ്സിഡി |

1. അനർട്ട് സംസ്ഥാനതലത്തിൽ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന സ്ഥാപനങ്ങളെ പട്ടികപ്പെടുത്തി ഉപകരണങ്ങളുടെ സാങ്കേതിക ഗുണനിലവാരം പരിശോധിച്ച് സ്പെസിഫിക്കേഷൻ നിശ്ചയിച്ച് സ്ഥാപനങ്ങളെ എംപാനൽ ചെയ്ത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളെ അറിയിക്കുന്നതാണ്.
2. ടി സ്ഥാപനങ്ങളിൽ നിന്നും നിർദ്ദിഷ്ട സ്പെസിഫിക്കേഷനുള്ള ഉപകരണങ്ങളുടെ എണ്ണം തിട്ടപ്പെടുത്തി മത്സരാധിഷ്ടിത ടെണ്ടറുകൾ ക്ഷണിച്ച് സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ട് ഉപകരണങ്ങൾ വാങ്ങാവുന്നതാണ്.
3. തുടർ സേവനങ്ങളും വാറന്റി ഉൾപ്പെടെയുള്ള കാര്യങ്ങളും പരിഗണിച്ച് ടെണ്ടർ ഫിക്സ് ചെയ്യണം.
4. പ്രാദേശിക പ്രാഥമിക സഹകരണ സംഘങ്ങൾ വഴി ഇതു ലഭ്യമാക്കാൻ അനർട്ട് നടപടി സ്വീകരിക്കുകയാണെങ്കിൽ അവർക്ക് മുൻഗണന നൽകാവുന്നതാണ്.
5. ടെണ്ടർ ഉപകരണങ്ങൾ വാങ്ങുന്നതിനും, സാങ്കേതിക വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും അനർട്ടിന്റെ സഹായം ലഭ്യമാക്കുന്നതാണ്.
6. ഗുണഭോക്താവിന് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി ഉപകരണങ്ങൾ വാങ്ങാവുന്നതാണ്. ഈ സംഗതിയിൽ ബാക്ക് എൻഡഡ് സബ്സിഡിയായി സബ്സിഡി വായ്പാ അക്കൗണ്ടിലേയ്ക്ക് നൽകുന്നതാണ്.
7. കേന്ദ്ര സർക്കാർ സബ്സിഡി നിശ്ചയിക്കുന്ന മുറയ്ക്ക് നിർദ്ദിഷ്ട ഉപകരണങ്ങൾക്കുള്ള ധനസഹായം ഗുണഭോക്താവിന്/സ്ഥാപനത്തിന് ലഭ്യമാക്കുന്നതാണ്.
8. എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും ഏറ്റെടുക്കാം.

**9. സഹകരണ സംഘങ്ങൾക്ക് ധനസഹായം (സബ്സിഡി) നൽകുന്നതിനുള്ള പൊതുനിബന്ധനകൾ:**

സഹകരണസംഘങ്ങൾ വെറും ഒരു ഗുണഭോക്താവല്ല. സ്വീകരിക്കുന്ന ധനസഹായത്തിലൂടെ അതിന്റെ പലമടങ്ങ് പ്രയോജനം സാമൂഹ്യസാമ്പത്തിക വികസനത്തിന് സമൂഹത്തിൽ തിരികെ നൽകാൻ കഴിയുന്ന ഒരു നിയമവിധേയ ജനാധിപത്യ സ്ഥാപനമാണ്. ആ സ്ഥാപനത്തെ പരിപോഷിപ്പിച്ച് ലക്ഷ്യാധിഷ്ഠിതമായ പ്രവർത്തനങ്ങളിലൂടെ സാമൂഹ്യ പങ്കാളിത്തവും കാര്യക്ഷമമായ വിഭവ വിനിയോഗവും ഉറപ്പ് വരുത്തി നിർദ്ദിഷ്ഠ മേഖലകളിൽ സുസ്ഥിരമായ വികസനം നേടാനുള്ള നിക്ഷേപമായിട്ടാണ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായത്തെ വിഭാവന ചെയ്യുന്നത്.

**9.1 1969 ലെ കേരള സഹകരണ സംഘം നിയമ പ്രകാരം ധനസഹായത്തിന് അർഹമായ സ്ഥാപനങ്ങൾ:-**

(1) സഹകരണ സംഘം രജിസ്ട്രാർ 2)വ്യവസായ വാണിജ്യ ഡയറക്ടർ 3)കയർ വികസന ഡയറക്ടർ 4)കൈത്തറി ഡയറക്ടർ 5)ഫിഷറീസ് ഡയറക്ടർ 6)ക്ഷീര വികസന ഡയറക്ടർ 7)സെക്രട്ടറി. ഖാദിഗ്രാമ വ്യവസായ ബോർഡ് എന്നി വർക്ക് വേണ്ടി ജില്ല കളിലെ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചു വരുന്ന സഹകരണ സംഘങ്ങൾക്കാണ് സഹായം നൽകേണ്ടത്.

(2) ഗ്രാമപഞ്ചായത്ത്/മുൻസിപ്പാലിറ്റി/കോർപ്പറേഷൻ പ്രദേശത്തിനുള്ളിൽ മാത്രം പ്രവർത്തന പരിധിയുള്ള (area of operation) സഹകരണ സംഘങ്ങൾക്ക് മാത്രമാണ് ഈ സ്ഥാപനങ്ങൾ സഹായം നൽകേണ്ടത്.

(3) ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മാത്രം പ്രവർത്തന പരിധിയുള്ളതും എന്നാൽ ഒന്നിലധികം ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തന പിരിധിയുള്ളതുമായ സഹകരണ സംഘങ്ങൾക്ക് മാത്രമാണ് ബ്ലോക്ക് പഞ്ചായത്തുകൾ ധനസഹായം നൽകേണ്ടത്.

(4) ഒന്നിലധികം ബ്ലോക്ക് പഞ്ചായത്ത് പ്രദേശങ്ങളിൽ പ്രവർത്തന പരിധിയുള്ളതും എന്നാൽ ഒരു റവന്യു ജില്ലയ്ക്കുള്ളിൽ കോർപ്പറേഷന്റെയും മുൻസിപ്പാലിറ്റിയുടെയും മാത്രം പ്രദേശം പ്രവർത്തനപരിധിയുള്ളതുമായ സംഘങ്ങൾ ഒഴികെയുള്ള സംഘങ്ങൾക്ക് മാത്രമാണ് ജില്ലാപഞ്ചായത്തുകൾ ധനസഹായം നൽകേണ്ടത്.

(5) മറ്റുള്ളവ- താലൂക്ക് തലത്തിലും അതിലുപരിയായും റവന്യു ജില്ലയിലും പ്രവർത്തനപരിധിയുള്ള സംഘങ്ങൾക്കും ജില്ലാ പഞ്ചാത്തുകൾ ധനസഹായം നൽകണം.

**9.2 ധനസഹായം നൽകാവുന്ന ഘടകങ്ങൾ:-**

സഹകരണ സംഘങ്ങളുടെ ലക്ഷ്യാധിഷ്ഠിതമായ പ്രവർത്തനങ്ങളിലൂടെ തദ്ദേശഭരണ സ്ഥാപനതലത്തിൽ സാമൂഹ്യസാമ്പത്തിക വികസനത്തിൽ ലഭ്യമാകേണ്ട പ്രയോജനം നിശ്ചയിച്ച് നിർദ്ദിഷ്ഠ ഘടകങ്ങൾക്കായിരിക്കണം ധനസഹായം നൽകേണ്ടത്. താഴെപ്പറയുന്ന ഘടകങ്ങൾക്കാണ് ധനസഹായം നൽകാവുന്നത്.

(1) ആധുനിക വത്കരണം (തൊഴിൽ ഉപകരണങ്ങൾ, യന്ത്രസാമഗ്രികൾ തുടങ്ങിയവ)

(2) വിപണന സൗകര്യം (വിപണന കേന്ദ്രം സ്ഥാപിക്കൽ, സംരംഭക ഗ്രൂപ്പുകൾ രൂപീകരിച്ചുള്ള വിപണന ശൃംഖല രൂപീകരിക്കൽ. ഉദാ:-ഒരു ക്ഷീരസംഘം തദ്ദേശഭരണ സ്ഥാപന പ്രദേശത്ത് എല്ലാ വീടുകളിലും പാലും മറ്റ് ഉല്പന്നങ്ങളും എത്തിച്ചു നൽകുന്ന വിപണന ശൃംഖല രൂപീകരിക്കുന്നതുപോലെ)

(3) മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനവർദ്ധനവ്:- പ്രവർത്തനമേഖല യിലെ മൂല്യവർദ്ധിത ഉല്പാദന വർദ്ധനവ്)

(4) സേവന ഗുണമേന്മാ വർദ്ധനവ് (പ്രവർത്തനമേഖലയിലെ ഗുണപരമായ സേവന വർദ്ധനവ്)

(5) അടിസ്ഥാന സൗകര്യവികസനം (കെട്ടിടം, വർക്ക്ഷെഡുകൾ, തൊഴിലിടങ്ങളിലെ യൂറിനൽ, ടോയ്ലെറ്റ് തുടങ്ങിയ അനുബന്ധ സൗകര്യങ്ങൾ, ഫെസിലിറ്റി സെന്ററുകൾ).

ഇവയിൽ എല്ലാമോ ഏതെങ്കിലുമോ ഘടകങ്ങൾക്ക് തദ്ദേശഭരണസ്ഥാപനത്തിന്റെ വികസന കാഴ്ചപാടിനനുസരിച്ച് ധനസഹായം നൽകേണ്ട ഘടകങ്ങൾ നിശ്ചയിക്കാവുന്നതാണ്.

**9.3 അപേക്ഷ സ്വീകരിക്കൽ:-**

1) തദ്ദേശഭരണസ്ഥാപനതലത്തിലെ യോഗ്യതയുള്ള എല്ലാസംഘങ്ങൾക്കും അപേക്ഷിക്കാം.
2) അപേക്ഷയോടൊപ്പം സംഘത്തിന്റെ പ്രവർത്തനമേഖലയിൽ തദ്ദേശഭരണസ്ഥാപനം നിർദ്ദേശിച്ച ഘടകങ്ങളിൽ സമൂഹത്തിന് സേവനങ്ങൾ ലഭ്യമാക്കുന്ന എല്ലാറ്റിനുമോ ഏതെങ്കിലും ഒന്നോ അതിലധികമോ ഇനങ്ങൾക്കോ വേണ്ടി നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തിയിലൂടെ അംഗങ്ങൾക്ക് തൊഴിലും വരുമാനവും ഫലവും വർദ്ധിപ്പിക്കുന്നത് വ്യക്തമാക്കുന്ന പ്രോജക്ട് പ്രൊപ്പോസലും നൽകണം.
3) ഇതേ ഇനങ്ങൾക്കായി ബന്ധപ്പെട്ട സർക്കാർ വകുപ്പിൽ നിന്നും കഴിഞ്ഞ മുൻവർഷങ്ങൾക്കള്ളിൽ നേടിയിട്ടുണ്ടാകാൻ പാടില്ല. (അതിനുള്ള സാക്ഷിപത്രം ഭരണസമിതി അംഗീകരിച്ച് നൽകണം.

**9.4 യോഗ്യതാ മാനദണ്ഡങ്ങൾ:-**

1 സംഘം കഴിഞ്ഞ് മൂന്നു വർഷമായി പ്രവർത്തിച്ചുവരുന്നതായിരിക്കണം
2 ധനസഹായം നൽകുന്നതിന് തൊട്ട് മുമ്പുള്ള വർഷമെങ്കിലും പ്രവർത്തനലാഭമുള്ളതായിരിക്കണം.
3 ധനസഹായം നൽകുന്നതിന് തൊട്ട് മുമ്പുള്ള വർഷത്തെ ആഡിറ്റ് സർട്ടിഫിക്കറ്റ് ഹാജരാക്കണം
4 നിർമ്മാണ പ്രവർത്തികൾ ഉണ്ടെങ്കിൽ പ്ലാനും എസ്റ്റിമേറ്റും, വാങ്ങൽ ഉണ്ടെങ്കിൽ ഇൻവോയ്സും ഹാജരാക്കണം.

**9.5 അർഹതമുൻഗണനകൾ:- (തദ്ദേശഭരണസ്ഥാപനം മാനദണ്ഡങ്ങൾ നിശ്ചയിക്കണം)**

1 പെയിഡ് സെക്രട്ടറിയുണ്ടായിരിക്കണം
2 പ്രോജക്ട് അടങ്കലിൽ സംഘം വിഹിതം എത്രയെന്നും-അതിനുള്ള ഭരണസമിതിയുടെ സാക്ഷ്യപത്രവും ഹാജരാക്കണം
3 ധനകാര്യ സ്ഥാപനത്തിൽ നിന്നു സ്വീകാര്യമായ ജാമ്യം നൽകി നിർദ്ദിഷ്ട പ്രോജക്ടിനുവേണ്ടി വായ്പ എടുക്കാൻ തയ്യാറായിരിക്കണം
4 പ്രോജക്ട് നടപ്പാക്കുന്നതിലൂടെ പ്രതീക്ഷിക്കുന്ന ഉല്പാദനവർദ്ധനവിന്റെയും, തൊഴിൽ അവസരവർദ്ധനവിന്റെയും സേവനഗുണമേന്മ വർദ്ധനവിന്റെയും നിർണ്ണയിക്കപ്പെടുന്ന ഘടകങ്ങളുടെകൂടി അടിസ്ഥാനത്തിൽ മാർക്ക് നൽകി മുൻഗണനാലിസ്റ്റ് തയ്യാറാക്കണം.
5 തൻവർഷം വിപണന സൗകര്യം വർദ്ധിപ്പിക്കുന്ന പ്രപ്പോസലുകൾക്ക് മുൻഗണന നൽകണം.
6 തദ്ദേശഭരണസ്ഥാപനവുമായി ജോയിന്റായി പ്രവർത്തിക്കുന്നതിന് കരാറിലേർപ്പെടാൻ സന്നദ്ധമായ സ്ഥാപനങ്ങൾ.

**9.6 തെരഞ്ഞെടുപ്പ് പ്രക്രിയ**

നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രോജക്ട് പ്രപ്പോസലുകൾ പരിശോധിച്ച് സംഘത്തിന്റെ ഭരണവകുപ്പിന്റെയും ആഡിറ്റ് വിഭാഗത്തിന്റെയും അഭിപ്രായങ്ങളും കൂടി കണക്കിലെടുത്ത് അർഹതാമുൻഗണനയുടെ അടിസ്ഥാനത്തിൽ മാർക്കിട്ട് മുൻഗണന ക്രമത്തിൽ ലിസ്റ്റ് തയ്യാറാക്കി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെ അംഗീകാരം വാങ്ങണം.

**9.7 കരാർ വ്യവസ്ഥകളും സബ്സിഡി വിതരണവും:-**

നിർദ്ദിഷ്ട പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെട്ടതായി തദ്ദേശഭരണസ്ഥാപനത്തിൽ നിന്നും അറിയിപ്പ് കിട്ടിയാൽ കരാറിൽ ഏർപ്പെട്ട്, പ്രോജക്ട് നിർവ്വഹണത്തിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി, സംഘം ഭരണസമിതി തീരുമാനിച്ച് പകർപ്പ് നിർവ്വഹണ ഉദ്യോഗസ്ഥന് നൽകണം - സംഘത്തിനുവേണ്ടി സെക്രട്ടറി കരാർ വയ്ക്കുന്ന മുറയ്ക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ അനുമതിപത്രം സംഘത്തിന് നൽകണം. ഇതിന്റെ അടിസ്ഥാനത്തിൽ ധനസഹായ ബാങ്കിൽ സ്വീകാര്യമായ അപേക്ഷയും ജാമ്യവും നൽകി വായ്പ ഉറപ്പാക്കുകയും, മുടക്കം കൂടാതെ തവണ അടയ്ക്കുന്ന സംഗതിയിൽ പലിശ ഇളവിനുള്ള വ്യവസ്ഥയും നിശ്ചയിച്ച് ബാങ്കിന്റെ വായ്പ അനുമതി പത്രം നിർവ്വഹണ ഉദ്യോഗസ്ഥന് ഹാജരാക്കുന്ന മുറയ്ക്ക്, സബ്സിഡി വായ്പ ബാങ്ക് അക്കൗണ്ടിലേക്ക് ബാക്ക് എൻഡ് ആയി മാറ്റി നൽകുകയും, പ്രോജക്ട് നിർവ്വഹണം ആരംഭിക്കാൻ അനുമതി നൽകുകയും വേണം. സമയബന്ധിതമായി പ്രോജക്ട് നിർവ്വഹണം പൂർത്തിയാക്കി പ്രോജക്ട് ലക്ഷ്യം കൈവരിച്ച് എന്ന് സംഘം സെക്രട്ടറിയുടെ അറിയിപ്പന്റെ അടിസ്ഥാനത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് ഉറപ്പ് വരുത്തി, സബ്സിഡി തുക സംഘത്തിന് ക്രമീകരിക്കാനുള്ള അനുമതി നൽകണം. നിർദ്ദിഷ്ടലക്ഷ്യം കൈവരിക്കുന്നില്ലെങ്കിൽ സബ്സിഡി ബാങ്കിൽ നിന്നും തിരികെ വാങ്ങാൻ നടപടി സ്വീകരിക്കണം. ബാങ്ക് എൻഡ് സബ്സിഡിയായി അടച്ചതുകയും, മറ്റ് കിഴിവുകളും ഉൾപ്പെടെയുള്ള തുക ക്രമീകരിച്ച് വായ്പകാലാവധിയ്ക്ക് മുൻപ് തന്നെ വായ്പകണക്ക് അവസാനിപ്പക്കേണ്ടതും കണക്കുകൾ ഗുണഭോക്താവിനെ ബോദ്ധ്യപ്പെടുത്തേണ്ടതുമാണ്. ധനസഹായം ഉൾപ്പെടെയുള്ള തുക വിനിയോഗിച്ചത് കണക്ക് പുസ്തകങ്ങളിൽ രേഖപ്പെടുത്തി ക്രമീകരിച്ചിട്ടുള്ളതിന്റെ ഭരണസമിതി അംഗീകരിച്ച രേഖകളുടെ പകർപ്പും നിർവ്വഹണ ഉദ്യോഗസ്ഥനും നൽകണം.

**9.8 പ്രത്യേക യോഗ്യതമാനദണ്ഡങ്ങൾ :-** വ്യത്യസ്ത സഹകരണ സംഘങ്ങളുടെ പ്രോജക്ട് പ്രപ്പോസലുകൾ തെരഞ്ഞെടുക്കുന്നതിനുള്ള പൊതുവായ യോഗ്യതാമാനദണ്ഡങ്ങൾക്ക് ഉപരിയായുള്ളവ യോഗ്യതാമാനദണ്ഡത്തിനുള്ള കോളത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

**9.9** പ്രത്യേക യോഗ്യതാ മുൻഗണനകൾക്ക് ഉപരിയായി പ്രാദേശിക പ്രത്യേകതകൾ അനുസരിച്ചുള്ള മുൻഗണനകൾ നിശ്ചയിച്ച് ഉൾപ്പെടുത്താൻ തദ്ദേശസ്ഥാപനങ്ങൾക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

## 9.10. ക്ഷീര സഹകരണ സംഘങ്ങൾ:-

| ക്രമ നമ്പർ | ഇനം | സബ്സിഡി ശതമാനം | പരമാവധിസബ്സിഡി തുക | യോഗ്യത മാനദണ്ഡങ്ങൾ | അർഹത മുൻഗണനകൾ |
|---|---|---|---|---|---|
| 1 | സംഘങ്ങളിൽ പാസ്ചറൈസേഷൻ പ്ലാന്റുകൾ സ്ഥാപിക്കൽ | ചെലവിന് 25% | 12 ലക്ഷം രൂപ | 1)പൊതുയോഗ്യതാമാനദണ്ഡങ്ങൾ 1 മുതൽ 4 വരെ | 1) പൊതുഅർഹത മുൻഗണനയിലെ 1 മുതൽ 6 വരെ<br>2) തൻവർഷം നാളിതുവരെ പ്രതിദിനം ശരാശരി 3000 ലിറ്റർ പാൽ കൈകാര്യം ചെയ്യുന്ന സംഘങ്ങൾ |
| 2 | പാൽ ശീതീകരണികൾ വാങ്ങുന്നതിന് | വിലയുടെ 33 1/3% | 3 ലക്ഷം രൂപ | 1)പൊതുയോഗ്യതാമാനദണ്ഡങ്ങൾ 1 മുതൽ 4 വരെ | 1) പൊതുഅർഹത മുൻഗണനകളിലെ 1 മുതൽ 6 വരെ<br>2) തൻവർഷം നാളിതുവരെയുള്ള പ്രതിദിനം ശരാശരി 300 ലിറ്റർ പാൽ കൈകാര്യം ചെയ്യുന്ന സംഘങ്ങൾ |
| 3 | ഓട്ടോമാറ്റിക് മിൽക് പായ്ക്കിംഗ് മെഷീൻ | വിലയുടെ 33 1/3% | 3 ലക്ഷം രൂപ | 1)പൊതുയോഗ്യതാ മാനദണ്ഡങ്ങൾ 1 മുതൽ 4 വരെ | 1) പൊതുഅർഹത മുൻഗണനകളിലെ 1 മുതൽ 6 വരെ<br>2) തൻവർഷം നാളിതുവരെയുള്ള പ്രതിദിനം ശരാശരി 300 ലിറ്റർ പാൽ ശേഖരിക്കുന്നതും 300 ലിറ്റർ ശേഷിയുള്ള മിൽക്ക് കൂളർ ഉള്ളതുമായ സംഘങ്ങൾ |
| 4 | പാൽശേഖരിക്കുന്ന മുറികൾ | ചെലവിന്റെ 25% | 1 ലക്ഷം രൂപ | 1)പൊതുയോഗ്യതാ മാനദണ്ഡങ്ങൾ 1 മുതൽ 4 വരെ<br>2) സ്വന്തംസ്ഥലം ഉണ്ടായിരിക്കണം | 1) പൊതുഅർഹത മുൻഗണനകളിലെ 1 മുതൽ 6 വരെ<br>2) പ്രതിദിനം 300 ലിറ്റർ പാൽ ശേഖരിക്കുന്ന സംഘങ്ങൾ |
| 5 | ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ് | ചെലവിന്റെ 33 1/3% | 75000 രൂപ | 1)പൊതുയോഗ്യതാ മാനദണ്ഡങ്ങൾ 1 മുതൽ 4 വരെ | 1) പൊതുഅർഹത മുൻഗണനകളിലെ 1 മുതൽ 6 വരെ<br>2) പ്രതിദിനം 300 ലിറ്റർ പാൽ സംഭരിക്കുന്ന സംഘങ്ങൾ |
| 6 | പാലിന്റെഗുണനില വാരം പരിശോധിക്കുന്നതിനുള്ള ഉപകരണം | വിലയുടെ 33 1/3% | 25,000 രൂപ | 1)പൊതുയോഗ്യതാ മാനദണ്ഡങ്ങൾ 1 മുതൽ 4 വരെ | 1) പൊത അർഹത മുൻഗണനകളിലെ 1 മുതൽ 6 വരെ<br>2) പ്രതിദിനം 200 ലിറ്റർ പാൽ സംഭരിക്കുന്ന സംഘങ്ങൾ |
| 7 | സ്റ്റെയിൻലസ്സ്റ്റീൽ അലോയ്- 304 ഗ്രേഡ് 40 ലിറ്റർ സംഭരണി | വിലയുടെ 33 1/3% | ഒരുസംഭരണിക്ക് പരമാവധി 1000 രൂപ | 1)പൊതുയോഗ്യതാ മാനദണ്ഡങ്ങൾ 1 മുതൽ 4 വരെ | 1) പൊതുഅർഹത മുൻഗണനകളിലെ 1 മുതൽ 6 വരെ<br>2) ഒരു സംഘത്തിന് പരമാവധി 10 സംഭരണികൾ എല്ലാം പ്രാഥമിക സംഘങ്ങൾക്കും |
| 8 | മിൽക്ക് റൂട്ട് ഇല്ലാത്ത ക്ഷീര സംഘങ്ങൾക്കുള്ള മിൽക് ട്രാൻസ്പോർട്ടേഷൻ അസിസ്റ്റൻസ് | ക്ഷീരവികസന വകുപ്പിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ക്ഷീരസംഘങ്ങൾ | | ആകെ ചെലവിന്റെ 100% (പരമാവധി ഒരു മാസം 5000/- രൂപ വീതം 10 മാസത്തേക്ക് | 1) പൊതുഅർഹത മുൻഗണനകളിലെ 1 മുതൽ 6 വരെ<br>2) മിൽക്ക്റൂട്ട് ഇല്ലാത്ത പ്രദേശങ്ങളിൽ പാൽ ഏറ്റവും അടുത്തുള്ള പാൽ സംഭരണകേന്ദ്രത്തിലേക്ക് എത്തിക്കുന്നതിന്<br>3) പുതുതായി ആരംഭിച്ച ക്ഷീരസംഘങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ് |
| 9 | ക്ഷീര സംഘങ്ങൾക്ക് കീഴിൽ മൊബൈൽ മിൽക്കിംഗ് യൂണിറ്റുകൾ സ്ഥാപിക്കുക. | ക്ഷീരവികസന വകുപ്പിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ക്ഷീര സംഘങ്ങൾ | | 75% സബ്സിഡി (പരമാവധി 95,000) | 1) പൊതുഅർഹത മുൻഗണനകളിലെ 1 മുതൽ 6 വരെ<br>2) ഒറ്റപ്പെട്ട പ്രദേശങ്ങൾ സംഭരണ മേഖലകളായ ക്ഷീരസംഘങ്ങൾക്ക് മുൻഗണന നൽകാവുന്നതാണ്<br>3) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾ,വനിതകൾ എന്നീ അംഗങ്ങൾക്ക് ക്ഷീരസംഘങ്ങൾ മുൻഗണന നൽകേണ്ടതാണ്. |

കുറിപ്പ് : ക്രമ നമ്പർ 1,2,3,5,6 എന്നിവ ക്ഷീരവികസന വകുപ്പിന്റെ സ്പെസിഫിക്കേഷൻ പ്രകാരമായിരിക്കേണ്ടതാണ്.

**9.11. മത്സ്യ സഹകരണ സംഘങ്ങൾ:-**

1. പൂർണ്ണ തോതിൽ ലേല സംവിധാനം ഉള്ള മത്സ്യ സഹകരണ സംഘങ്ങൾക്ക് മാത്രമേ സബ്സിഡി ലഭിക്കുന്നതിന് അർഹതയുള്ളു.
2. മത്സ്യലേലത്തിൽ പങ്കെടുക്കുന്ന ഒരു അംഗത്തിന് 3000/- രൂപ എന്ന നിരക്കിൽ റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ്. കൂടാതെ ചുവടെ വിവരിക്കുന്ന സഹായവും നൽകാവുന്നതാണ്.

| ക്രമ നമ്പർ | ഇനം | കാറ്റഗറി | സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി | പൊതുയോഗ്യതാ മാനദണ്ഡങ്ങൾ | പൊതു അർഹതാ മാനദണ്ഡങ്ങൾ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | എഫ്.ഡബ്ല്യു.സി.സി എസിന് മത്സ്യ വിപണന വാഹനം | വിലയുടെ 20% | പരമാവധി 1.25 ലക്ഷം രൂപ | 1) പൊതുയോഗ്യതാമാനദണ്ഡങ്ങൾ 1 മുതൽ 4 വരെയുള്ളവ<br>2) എഫ്.ഡബ്ല്യു.ഡി.സി.സി ആയിരിക്കണം | 1) പൊതുഅർഹത മുൻഗണനകളിലെ 1 മുതൽ 6 വരെ |
| 2 | ലേലഹാൾ | നിർമ്മാണ ചെലവിന്റെ 20% | പരമാവധി 2 ലക്ഷം രൂപ | 1) പൊതുയോഗ്യതാമാനദണ്ഡങ്ങൾ 1 മുതൽ 4 വരെയുള്ളവ<br>2)എഫ്.ഡബ്ല്യു.ഡി.സി.സി ആയിരിക്കണം | 1) പൊതുഅർഹത മുൻഗണനകളിലെ 1 മുതൽ 6 വരെ<br>2) സ്വന്തമായി ഭൂമിയും ലേല സംവിധാനവും ഉണ്ടായിരിക്കണം |
| 3 | മത്സ്യവിപണനം നടത്തുന്ന വനിതകൾക്ക് വിശ്രമസ്ഥലം ടോയ്‌ലറ്റ് ഉൾപ്പെടെ | നിർമ്മാണ ചെലവിന്റെ 50% | പരമാവധി 1,00,000/- രൂപ | 1) പൊതുയോഗ്യതാമാനദണ്ഡങ്ങൾ 1 മുതൽ 4 വരെയുള്ളവ<br>2) എഫ്.ഡബ്ല്യു.ഡി.സി.സി ആയിരിക്കണം | 1)പൊതു അർഹത മുൻഗണനകളിലെ 1 മുതൽ 6 വരെ<br>2) സ്വന്തമായി ഭൂമി ഉണ്ടായിരിക്കണം<br>3) Pay&Use വ്യവസ്ഥയിലോ/അല്ലാതെയോ വെള്ളവും ശുചിത്വവും ഉറപ്പാക്കി പ്രവർത്തിക്കുമെന്ന് നിർവഹണ ഉദ്യോഗസ്ഥനുമായി സംഘം ഭരണസമിതിക്കുവേണ്ടി സെക്രട്ടറി പ്രത്യേക കരാറിൽ ഒപ്പു വയ്ക്കണം. |
| 4 | തൊഴിൽ വൈവിധ്യവൽക്കരണ സംരംഭങ്ങൾ | | | 1) പൊതുയോഗ്യതാമാനദണ്ഡങ്ങൾ 1 മുതൽ 4 വരെയുള്ളവ<br>2) എഫ്.ഡബ്ല്യു.ഡി.സി.സി ആയിരിക്കണം | 1)പൊതു അർഹത മുൻഗണനകളിലെ 1 മുതൽ 6 വരെ<br>2) സ്വന്തമായി ഭൂമി ഉണ്ടായിരിക്കണം<br>3) യൂണിറ്റ് കോസ്റ്റ് മത്സ്യവകുപ്പ് (ജില്ലാതലം) നിശ്ചയിക്കും |
| | 1.മത്സ്യം സൂക്ഷിക്കുന്നതിനുള്ള ശീതീകരണ സംവിധാനം | വിലയുടെ 20% | ഉയർന്നപരിധി 2.50 ലക്ഷം രൂപ | | |
| | 2.ഓട്ടോമാറ്റിക് മത്സ്യ സംസ്കരണ യന്ത്രം | വിലയുടെ മൂന്നിലൊന്നു ഭാഗം | ഉയർന്നപരിധി 2.50 ലക്ഷം രൂപ | | |
| | 3. മത്സ്യസംസ്കരണ പ്ലാന്റുകൾ | വിലയുടെ 20% | ഉയർന്നപരിധി 8ലക്ഷം രൂപ | | |
| | 4. അലങ്കാര മത്സ്യം വളർത്തൽ | വിലയുടെ 20% | ഉയർന്നപരിധി 50,000/- രൂപ | | |
| 5 | മത്സ്യ ഉണക്കുന്നതിനുള്ള ഡ്രയറുകൾ | വിലയുടെ 80% | 75,000 രൂപ | 1) പൊതുയോഗ്യതാ മാനദണ്ഡങ്ങൾ 1 മുതൽ 4 വരെയുള്ളവ<br>2) എഫ്.ഡബ്ല്യു.ഡി.സി.സി ആയിരിക്കണം | 1) പൊതു അർഹത മുൻഗണനകളിലെ 1 മുതൽ 6 വരെ<br>2) സ്വന്തമായി ഭൂമി ഉണ്ടായിരിക്കണം<br>3) യൂണിറ്റ് കോസ്റ്റ് മത്സ്യവകുപ്പ് (ജില്ലാതലം)നിശ്ചയിക്കും |

**9.12. മത്സ്യസഹകരണ സംഘങ്ങളും ക്ഷീരസഹകരണ സംഘങ്ങളും ഒഴികെയുള്ളവ**

1) കാർഷിക സഹകരണ സംഘങ്ങൾ, 2) വ്യവസായ സംഘങ്ങൾ, 3) കൈത്തറി സംഘങ്ങൾ, 4) കയർ സഹകരണ സംഘങ്ങൾ, 5) ഖാദി സഹകരണ സംഘങ്ങൾ, 6) മറ്റ് സഹകരണ സംഘങ്ങൾ

| ക്രമ നമ്പർ | ഇനം | കാറ്റഗറി | സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി | യോഗ്യത മാനദണ്ഡങ്ങൾ | അർഹത മുൻഗണനകൾ |
|---|---|---|---|---|---|
| 1) | ധനസഹായം നൽകാവുന്ന ഘടകങ്ങളിൽ 1 മുതൽ 5 വരെ യുള്ളവ | വിലയുടെ / നിർമ്മാണ ചെലവിന്റെ (80%) | ഗ്രാമപഞ്ചായത്തു -5,00,000/- രൂപ<br>ബ്ലോക്ക് പഞ്ചായത്തു - 10,00,000/- രൂപ<br>ജില്ലാ പഞ്ചായത്തുകളിൽ -15,00,000/- രൂപ<br>മുനിസിപ്പാലിറ്റി - 10,00,000/- രൂപ<br>കോർപ്പറേഷൻ - 15,00,000/- രൂപ<br>• കെട്ടിടനിർമ്മാണം പഞ്ചായത്തു/ സംഘത്തിന്റെ സ്ഥലത്താണെങ്കിൽ മൊത്തം മെഷർമെന്റ് തുകയും നൽകാം<br>• ഗുണഭോക്തൃ വിഹിതം ഇല്ലാതെ നടപ്പാക്കാം. | 1) പൊതുയോഗ്യതാ മാനദണ്ഡങ്ങളിലെ 1 മുതൽ 4 വരെയുള്ളവ<br>2) സ്ഥിരം നിർമ്മിതികൾക്ക് ഭൂമി സ്വന്തമായി ഉണ്ടായിരിക്കണം | 1) പൊതുഅർഹതാ മുൻഗണനകളിലെ 1 മുതൽ 6 വരെ |
| 2) | കൊപ്ര,കുരുമുളക്, മത്സ്യം മറ്റ് ഉല്പന്നങ്ങൾഉണക്കുന്നതിനുള്ളഡ്രയറുകൾ | വിലയുടെ 80% | പരമാവധി 75000/- രൂപ | 1)പൊതുയോഗ്യതാമാനദണ്ഡങ്ങളിലെ 1 മുതൽ 4 വരെയുള്ളവ | 1) പൊതു അർഹതാ മുൻഗണനകളിലെ 1 മുതൽ 6 വരെ<br>2) തദ്ദേശഭരണസ്ഥാപന പ്രദേശത്തെ ഉല്പാദനം കണക്കിലെടുക്കണം. |

**9.13. പട്ടികജാതി/പട്ടിക വർഗ്ഗ സഹകരണസംഘങ്ങൾ:-**

| ക്രമ നമ്പർ | ഇനം | കാറ്റഗറി | സബ്സിഡി നിരക്കിന്റെ ഉയർന്ന പരിധി | യോഗ്യത മാനദണ്ഡങ്ങൾ | അർഹത മുൻഗണനകൾ |
|---|---|---|---|---|---|
| 1) | ധനസഹായം നൽകാവുന്നഘടകങ്ങളിൽ 1 മുതൽ 5 വരെ യുള്ളവ | വിലയുടെ/ നിർമ്മാണ ചെലവിന്റെ 100%) | 5 ലക്ഷം രൂപ | 1) പൊതുയോഗ്യതാ മാനദണ്ഡങ്ങളിലെ 1 മുതൽ 4 വരെ<br>2) സ്ഥിരം നിർമ്മിതികൾക്ക് ഭൂമി സ്വന്തമായി ഉണ്ടായിരിക്കണം | 1) പൊതുഅർഹതാ മുൻഗണനകളിലെ 1 മുതൽ 6 വരെ |

## 10. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സഹായം

1. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക്, അവർ എ.പി.എൽ/ബി.പി.എൽ എന്ന വേർതിരിവില്ലാതെ തന്നെ 100% സഹായം നൽകാവുന്നതാണ്. എല്ലാ തദ്ദേശഭരണസ്ഥാപന ങ്ങൾക്കും ഈ ആവശ്യത്തിന് സംയുക്തമായോ ഒറ്റയ്ക്കോ പ്രോജക്ട് എടുക്കാവുന്നതാണ്.
2. ഭിന്നശേഷിക്കാരായവരുടെ ഡേറ്റാബേസ് സൂക്ഷിക്കുന്നതിനും നവീകരിക്കുന്നതിനും വേണ്ട നടപടികൾ സാമൂഹ്യനീതി വകുപ്പുമായി ചേർന്ന് ഗ്രാമപഞ്ചായത്തുകൾക്ക് സ്വീക രിക്കാം. ഡേറ്റാബേസ് മാനേജ്മെന്റ് സാമൂഹ്യനീതി വകുപ്പ് ചെയ്യേണ്ടതാണ്.
3. ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഏറ്റവും കുറഞ്ഞത് 40% എങ്കിലും വൈകല്യം ഉണ്ടായിരിക്കേണ്ടതാണ്.

### 10.1 ശാരീരിക- മാനസിക വെല്ലുവിളികൾ നേരിടുന്നവരെ സഹായിക്കുന്നതിന് ചുവടെ വിവരിക്കുന്ന ഇനങ്ങൾ സൗജന്യമായി നൽകാവുന്നതാണ്

**(എ) ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക്**

1) സർജിക്കൽ ഷൂസ്/അംഗിൾബൂട്ട്/മോൾഡ് ഷൂസ്/ഉയരവും അളവും അനുസരിച്ച് പ്രത്യേകം തയ്യാറാക്കിയ തുകൽ ചെരുപ്പ്/മൈക്രോ സെല്ലുലാർ റബ്ബർ സോളുള്ള ചെരുപ്പ്/അക്കോമഡേറ്റീവ് പാദരക്ഷകൾ
2) ഓർത്തോപെഡിക്ക് ഉപകരണങ്ങൾ / വിവിധതരം കറക്റ്റീവ് ഷൂസുകൾ
3) വിവിധതരം കൃത്രിമ അവയവങ്ങൾ/ കാൽ, കൈ എന്നിവ
4) സഞ്ചാരസഹായികൾ/വിവിധതരം ക്രച്ചസ്, വാക്കേഴ്സ്
5) ലംബാർ കോർസൈറ്റ്/സ്പൈനൽബ്രേസ്/ജാക്കറ്റ്/നീബേസ്സ്റ്റാറ്റിക് അല്ലെങ്കിൽ ഡൈനാമിക് സ്പ്ളിന്റസ്/വീൽചെയർ/കൈക്കൊണ്ടുപയോഗിക്കുന്നതോ മോട്ടോർ മുഖേന പ്രവർത്തിക്കുന്നതോ ആയ പ്രത്യേകം രൂപകൽപ്പന ചെയ്ത ട്രൈസൈ ക്കിളുകൾ
6) സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ (40% ലേറെ വൈകല്യമുണ്ടെങ്കിലും ഈ വാഹനം ഓടിക്കാൻ കഴിയുന്ന ആളാണെന്ന് ഡോക്ടർ സാക്ഷ്യപ്പെടുത്തണം. ജനറൽ 1 ലക്ഷം/പട്ടികജാതി 2 ലക്ഷം രൂപയിൽ താഴെ വാർഷിക കുടുംബ വരുമാനമുള്ള കുടുംബത്തിലെ അംഗമാകണം. 8 വർഷത്തിനുള്ളിൽ സ്കൂട്ടർ ലഭിച്ച ആളായിരി ക്കരുത്. ഗ്രാമസഭ/ വാർഡ്സഭ അംഗീകരിച്ച ആളായിരിക്കണം.)

**(ബി) കേഴ്വിശക്തി കുറഞ്ഞവർക്ക്**

1. ശ്രവണ സഹായികൾ (Hearing Imparied)
   മെഡിക്കൽ ഓഫീസറുടെ നിർദ്ദേശം അനുസരിച്ച് കേൾവിശക്തി കുറഞ്ഞ കുട്ടി കൾക്ക് കോക്ലെയർ ഇംപ്ലാന്റിനുശേഷമുള്ള കേൾവിസഹായികളും മറ്റും നൽകു ന്നതിനുള്ള പ്രോജക്ട് തയ്യാറാക്കാവുന്നതാണ്.

**(സി) മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക്**

1. മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഡോക്ടറുടെ നിർദ്ദേശാനുസരണമുള്ള കൗൺസിലിംഗ്, ചികിത്സ, മരുന്നുകൾ എന്നിവ നൽകാവുന്നതാണ്.

**(ഡി) കാഴ്ച കുറഞ്ഞവർക്ക്**

1. ചലനത്തിനായുള്ള പ്രത്യേക ഉപകരണങ്ങൾ, വൈറ്റ് കെയിൻ
2. ഹാൻഡ് ഹെൽഡ് സ്റ്റാന്റ് ലൈറ്റുള്ളവയും അല്ലാത്തവയുമായ മാഗ്നിഫൈ യേഴ്സ്, സ്പിച്ച് സിൻതസൈസേയഴ്സ്, കമ്പ്യൂട്ടറും കമ്പ്യൂട്ടറിനാവശ്യമായ ബ്രെയിലി അറ്റാച്ച്മെന്റുകളും, ടോക്കിംഗ് സോഫ്റ്റ് വെയർ ഉള്ള കമ്പ്യൂട്ടറുകളും മറ്റു അനുയോജ്യമായ ഉപകരണങ്ങളും.
3. കാഴ്ച കുറഞ്ഞവർക്കും കേഴ്വിശക്തി കുറഞ്ഞവർക്കുമായി ടെലഫോണിൽ ഘടിപ്പിക്കുന്ന ബ്രയ്ലി അറ്റാച്ച്മെന്റുകളും
4. ബ്രയ്ലി എഴുത്തിനുപകരിക്കുന്ന ഉപകരണങ്ങൾ - ഷോർട്ട് ഹാന്റ്ഡ് ബ്രയലി മെഷീൻ, പത്താം ക്ലാസ്സ് ജയിച്ച വിദ്യാർത്ഥികൾക്ക് ബ്രയലി ടൈപ്പ്റൈറ്റർ, കമ്പ്യൂട്ടർ ടോക്കിംഗ് സൗകര്യത്തോടു കൂടിയ ലാപ്ടോപ്പ്, കാൽക്കുലേറ്ററുകൾ, റെയ്സ്ഡ് മാപ്പ്, ഗ്ലോബ് തുടങ്ങിയവ.
5. പ്രത്യേക പഠന സാമഗ്രികൾ

### 10.2. ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയിക്കൽ

1. ഓരോ വ്യക്തിക്കും പ്രത്യേക സ്പെസിഫിക്കേഷനിലുള്ള ഉപകരണങ്ങൾ വേണം എന്നുള്ളതിനാൽ ഓരോരുത്തരേയും പരിശോധിച്ച് ഓരോരുത്തർക്കും ആവശ്യമായ ഉപകരണത്തിന്റെ പേരും സ്പെസിഫിക്കേഷനും മതിപ്പ് വിലയും നിശ്ചയിച്ചശേഷമേ പ്രോജക്റ്റ് തയ്യാറാക്കാവൂ. അതിനാൽ പ്രോജക്റ്റ് തയ്യാറാക്കുന്നതിന് മുമ്പ് ഉപകരണങ്ങളുടെ ആവശ്യകത നിർണയ ക്യാമ്പ് നടത്തണം.
2. ക്യാമ്പിൽ പങ്കെടുക്കുന്ന വ്യക്തിക്കും ആവശ്യമെങ്കിൽ ഒരു സഹായിക്കും കൂടി ഭക്ഷണ -യാത്രാ ചെലവുകൾക്കായി പരമാവധി 250/- രൂപ നൽകാവുന്നതാണ്.

3. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സാമൂഹ്യസുരക്ഷാ മിഷൻ വൈകല്യം വ്യക്തമാക്കുന്ന കാർഡും സർട്ടിഫിക്കറ്റും നൽകിയിട്ടുണ്ട്. 40% ലധികം വൈകല്യമുള്ളരേയും കാർഡ് ലഭിക്കാത്ത അർഹരായവരുണ്ടെങ്കിൽ അവരെയുമാണ് ക്യാമ്പിലേക്ക് ക്ഷണിക്കേണ്ടത്.

4. സ്പെഷലിസ്റ്റ് മെഡിക്കൽ ഓഫീസർ ഓർത്തോട്ടിക് എഞ്ചിനീയർ(Orthotic Engineer), പ്രോസ്തെറ്റിക് എഞ്ചിനീയർ(Prosthetic Engineer),ഓഡിയോളജിസ്റ്റ് (Audiologist) ഓപ്ട്രോമെട്രിസ്റ്റ്(Optrometrist) എന്നിവരടങ്ങുന്ന സംഘമാണ് പരിശോധന നടത്തേണ്ടത്. താലൂക്ക്/ജില്ലാ ആശുപത്രികളിൽനിന്ന് ഈ വിദഗ്ദ്ധരെ ലഭിക്കുന്നതാണ്. ഡിസ്ട്രിക് ഡിസ്ഏബിൾഡ് റിഹാബിലിറ്റേഷൻ സെന്റർ (DDRC) മെഡിക്കൽ കോളേജ്, സാമൂഹ്യ സുരക്ഷാമിഷൻ എന്നിവയുടെ സഹായം ഈ ആവശ്യത്തിന് തേടാവുന്നതാണ്. (ഏതെങ്കിലും ഏജൻസിയേയോ സ്ഥാപനത്തേയോ ക്യാമ്പ് നടത്താൻ ചുമതലപ്പെടുത്താവുന്നതല്ല). ക്യാമ്പിൽ പങ്കെടുക്കുന്ന ഗുണഭോക്താവിനും സഹായിക്കുമുള്ള യാത്രാപടിയും പരിശോധന ടീമിന്റെ റിഫ്രഷ്മെന്റ് ഉൾപ്പെടെയുള്ള ചെലവുകൾ പ്രോജക്ടിൽ ഉൾപ്പെടുത്താവുന്നതാണ്.

**10.3. ഉപകരണങ്ങൾ വാങ്ങൽ**

1. ആവശ്യമായ ഉപകരണങ്ങൾ വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നോ ആർട്ടി ഫിഷ്യൽ ലിംപ് മാനുഫാക്ച്ചറിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (ഹൈദരാബാദ്/ കാൺപൂർ)യിൽനിന്നോ മറ്റ് സർക്കാർ നിർദ്ദേശിക്കുന്ന സ്ഥാപനങ്ങളിൽനിന്നോ വാങ്ങാവുന്നതാണ്.

2. പല തദ്ദേശഭരണസ്ഥാപനങ്ങളും മറ്റ് പല ഏജൻസികളും വർഷങ്ങളായി ഉപകരണങ്ങൾ നൽകിക്കൊണ്ടിരിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഉപകരണം ഉള്ളവർക്കുതന്നെ അതേ ഉപകരണം വീണ്ടും നൽകപ്പെടാതിരിക്കാൻ വേണ്ട കർശന മുൻകരുതലുകൾ (സ്ഥിതി വിവരകണക്കുകൾ ശേഖരിക്കൽ ഉൾപ്പടെ) സ്വീകരിക്കേണ്ടതാണ്. ക്യാമ്പിൽ വച്ച് ഇതു സംബന്ധിച്ച വിവരശേഖരണം നടത്തുന്നത് അതിനുള്ള ഒരു മാർഗ്ഗമായിരിക്കും.

3. ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനുവേണ്ടിയുള്ള പ്രോജക്റ്റ് നഗരഭരണ സ്ഥാപനങ്ങളും ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും മാത്രമേ ഏറ്റെടുക്കാവൂ. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രോജക്റ്റുകൾക്കുള്ള ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭ അംഗീകരിച്ച് ഗ്രാമപഞ്ചായത്ത് തീരുമാനത്തോടെ നൽകിയവയായിരിക്കണം. ഗുണഭോക്താക്കളുടെ പേരുവിവരവും ഓരോരുത്തർക്കും വേണ്ടി ഉപകരണങ്ങളുടെ ലിസ്റ്റും (ഡോക്ടർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്) ലഭിച്ച ശേഷം മാത്രമേ ഉപകരണങ്ങൾ വാങ്ങാവൂ ഗ്രാമപഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥരായ മെഡിക്കൽ ഓഫീസർമാർ മുഖേനയായിരിക്കണം വിതരണം നടത്തേണ്ടത്. നഗരസഭരണസ്ഥാപനങ്ങളിലെ ഗുണഭോക്തൃലിസ്റ്റ് വാർഡ്സഭയും നഗരഭരണസ്ഥാപനവും അംഗീകരിച്ച തീരുമാനത്തോടെ നൽകിയവയായിരിക്കണം. ഗുണഭോക്താക്കളുടെ പേരുവിവരവും ഓരോരുത്തർക്കും വേണ്ടിയുള്ള ഉപകരണങ്ങളുടെ ലിസ്റ്റും (ഡോക്ടർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്) ലഭിച്ച ശേഷം മാത്രമേ ഉപകരണങ്ങൾ വാങ്ങാവൂ.

4. ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ചുവടെ വിവരിക്കുന്ന സഹായങ്ങൾ നിശ്ചിത നിരക്ക് പ്രകാരം നൽകേണ്ടതാണ്.

**എ) ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ**

| ക്രമ നമ്പർ | സ്റ്റാൻഡേർഡ് / ക്ലാസ്സ് | പ്രതിമാസ സ്കോളർഷിപ്പ് / ബത്തയുടെ നിരക്ക് (രൂപ) | | വാർഷിക ബത്ത |
|---|---|---|---|---|
| | | ഡേ സ്കോളർ | ഹോസ്റ്റൽ | |
| 1 | 1-4/ നഴ്സറി ക്ലാസ്സ് | 400 | 600 | 500 |
| 2 | 5-8 | 500 | 750 | 600 |
| 3 | 9, 10, +1, +2 | 600 | 800 | 800 |
| 4 | ബിരുദം | 800 | 1250 | 1000 |
| 5 | ബിരുദാനന്തരബിരുദം | 1000 | 1500 | 1500 |
| 6 | വൊക്കേഷണൽ പരിശീലനം | 1000 | 1500 | 1500 |
| 7 | കാലുകളുടെ വൈകല്യം മൂലം ചലന വൈകല്യമുള്ളവർക്ക്+യാത്രാബത്ത(വിദ്യാലയങ്ങളിൽ പോകുന്ന മാസങ്ങളിൽ മാത്രം) | 400 | - | - |
| 8 | കാലുകളുടെ വൈകല്യം മൂലം ചലനവൈകല്യമുള്ളവർ സ്ഥാപനത്തിന്റെ സൗകര്യം ഉപയോഗിക്കുകയാണെങ്കിൽ യാത്രാബത്ത (വിദ്യാലയങ്ങളിൽ പോകുന്ന മാസങ്ങളിൽ മാത്രം) | യഥാർത്ഥ ചെലവ് (സ്ഥാപനത്തിന് നൽകണം) | - | - |

**(ബി) മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ**

| ക്രമ നമ്പർ | ഇനം | സ്കോളർഷിപ്പ് ബത്ത (രൂപ) |
|---|---|---|
| 1 | സ്കോളർഷിപ്പ് (പ്രതിമാസം) | 1,000/- |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത (വാർഷികം) | 1,500/- |
| 3 | പഠനസഹായികൾക്ക്/വിദ്യാഭ്യാസ സാമഗ്രികൾക്ക് ബത്ത (വാർഷികം) | 2,000/- |
| 4 | ഡേ സ്കോളർക്ക് യാത്രാബത്ത (പ്രതിമാസം) | 1,000/- |
| 5 | ഉല്ലാസയാത്രാ ചെലവുകൾ, പഠനപര്യടനം മുതലയാവയ്ക്ക് - രക്ഷിതാക്കളിൽ ഒരാൾക്ക് ഉൾപ്പടെ | 1,000/- |

**(സി) ഡേകെയർ സെന്ററുകളിൽ പോകുന്ന മാനസിക വെല്ലുവിളികൾ നേരിടുന്നവർ**

| ക്രമ നമ്പർ | ഇനം | പ്രതിമാസ ബത്ത (രൂപ) |
|---|---|---|
| 1 | വിദ്യാലയങ്ങളിൽ പോകാത്ത വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾ പകൽ സമയം ഡേ കെയർ സെന്ററുകളിൽ കഴിയുന്നതിനുള്ള ബത്ത | പ്രതിമാസം 1000/-രൂപ ഡേകെയർ സെന്ററുകളിൽ ഈ വിഭാഗം ആളുകളുടെ സുരക്ഷയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും മറ്റ് സാമഗ്രികളും ലഭ്യമാണെന്ന് തദ്ദേശഭരണസ്ഥാപനം ഉറപ്പു വരുത്തണം. |
| 2 | യാത്രാബത്ത (പ്രതിമാസം) | 1,000/- |

**(ഡി) മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാലയങ്ങളിലോ ഡേ കെയർ സെന്ററുകളിലോ പോകാത്തവർ (18 വയസ്സിൽ താഴെയുള്ളവർ)**

| ക്രമ നമ്പർ | ഇനം | പ്രതിമാസ ബത്ത (രൂപ) |
|---|---|---|
| 1 | മാനസിക വെല്ലുവിളികൾ, വളർച്ചാ സംബന്ധമായ വെല്ലുവിളികൾ, മസ്തിഷ്ക തളർവാതം (Cerebral palsy) ഓട്ടിസം (Autism) മുതലായവ നേരിടുന്നവർ | 1,000/- |

**10.4. ഭിന്നലിംഗക്കാർക്കുള്ള പ്രത്യേക പരിപാടികൾ**

1. സാമൂഹ്യ അംഗീകാരവും തൊഴിലും വരുമാനവും ലഭ്യമാക്കി ഭിന്നലിംഗക്കാരായവർക്ക് വികസനത്തിൽ പങ്കാളിത്തം നൽകുന്നതിനായി വ്യക്തിഗത ഗുണഭോക്തൃ നിർണ്ണയത്തിൽ മുൻഗണന നൽകേണ്ടതാണ്.
2. തദ്ദേശഭരണസ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന സംരഭക പ്രവർത്തനങ്ങളിലും കരാർ നിയമനങ്ങളിലും പരിഗണന നൽകി മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരാൻ നടപടി സ്വീകരിക്കണം.

**കുറിപ്പ് :**

1 മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്/ബത്ത നൽകുന്നതിനുള്ള ആവശ്യമായ തുക വകയിരുത്തിക്കൊണ്ടുള്ള പ്രോജക്ട് എല്ലാ തദ്ദേശസ്ഥാപനങ്ങളും ഏറ്റെടുക്കേണ്ടതാണ്.

2 ശാരീരിക - മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളായവരും അല്ലാത്തവരും ഏത് തദ്ദേശഭരണസ്ഥാപനത്തിലെ സ്ഥിരതാമസക്കാരനാണോ ആ സ്ഥാപനമാണ് അവർക്ക് ധനസഹായം നൽകേണ്ടത്

3 പ്രതിമാസ സ്കോളർഷിപ്പ് /ബത്ത വർഷത്തിൽ 12 മാസവും നൽകേണ്ടതാണ്.

4 ധനസഹായം നിർവഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് അതാത് മാസം തന്നെ തുക ലഭ്യമാക്കണം.

5 ധനസഹായത്തിന് തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളായവരുടേയും അല്ലാത്തവരുടേയും പട്ടിക ബന്ധപ്പെട്ട തദ്ദേശഭരണസ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതും ഗ്രാമ/വാർഡ് സഭയിൽ വായിച്ച് അംഗീകാരം നേടേണ്ടതുമാണ്.

6 തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ശാരീരിക- മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിന് കുടുംബശ്രീയുടെ സഹായത്തോടെ 29.07.2009 ലെ ജി.ഒ (എം.എസ്) നമ്പർ 148/2009/തസ്വഭവ ഉത്തരവിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് ബഡ്സ് സ്കൂളുകൾ എന്ന പേരിൽ സ്പെഷ്യൽ സ്കൂളുകൾ സ്ഥാപിക്കാവുന്നതാണ്. ബഡ്സ് സ്കൂൾ ടീച്ചർമാർക്ക് (നിശ്ചിത യോഗ്യത നേടിയിട്ടില്ലാത്തക്കവർക്ക്) പ്രതിമാസം7,500/-രൂപ,

ഹെൽപ്പർമാർക്ക്/ ആയമാർക്ക് (പത്താംതരം വരെ പഠനം പൂർത്തീകരിച്ചവരായിരിക്കണം). പ്രതിമാസം 6,000/-രൂപ, ബന്ധപ്പെട്ട മേഖലയിൽ പ്രൊഫഷണൽ ബിരുദമുള്ള ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ് എന്നീ സ്പെഷ്യലിസ്റ്റുകൾക്ക് അവർ സേവനം നൽകുന്ന ഓരോ ദിവസത്തിനും 400 രൂപ എന്നീ നിരക്കുകളിൽ ഹോണറേറിയം നൽകാവുന്നതാണ്.

7. നിശ്ചിത യോഗ്യതയുള്ള ടീച്ചർമാർക്ക് താഴെ പറയും പ്രകാരം ഹോണറേറിയം നൽകാവുന്നതാണ്.

| ക്രമ നമ്പർ | തസ്തിക | യോഗ്യത | ഹോണറേറിയം |
|---|---|---|---|
| 1 | സ്പെഷ്യൽ ടീച്ചർ | ബിരുദവും ബി.എഡ്. സ്പെഷ്യൽ എഡ്യൂക്കേഷൻ (എം.ആർ)നും അല്ലെങ്കിൽ ബിരുദത്തോടൊപ്പം ഡി.എസ്.ഇ (എം.ആർ)മൂന്ന് വർഷത്തെ പ്രവൃത്തിപരിചയം | 20,000/- രൂപ |
| 2 | ഗ്രാജുവേറ്റ് ടീച്ചർ | സ്പെഷ്യൽ എഡ്യൂക്കേഷനിൽ ബി.എഡ്ഡും അല്ലെങ്കിൽ ബിരുദത്തോടുകൂടിയ ഡി.എസ്.ഇ (എം.ആർ) ഡിപ്ലോമയും ഒരു വർഷത്തെ പ്രവൃത്തി പരിചയവും | 15,000/- രൂപ |
| 3 | അസിസ്റ്റന്റ് ടീച്ചർ | സ്പെഷൽ എഡ്യുക്കേഷൻ ഡിപ്ലോമയും അല്ലെങ്കിൽ പ്ലസ്ടുവും ഡി.എസ്.ഇ (എം.ആർ) ഡിപ്ലോമയും ഒരു വർഷത്തെ പ്രവൃത്തി പരിചയവും | 12,000/- രൂപ |

ഗ്രാമപഞ്ചായത്തുകൾ ആരംഭിക്കുന്ന ബഡ്സ് സ്കൂളുകൾക്ക് സ്ഥലം വാങ്ങൽ കെട്ടിട നിർമ്മാണം, വർക്ക് ഷെഡ് നിർമ്മാണം, ഫർണിച്ചർ, മറ്റ് ഉപകരണങ്ങൾ എന്നിവയ്ക്ക് ബ്ലോക്ക്-ജില്ലാപഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതാണ്.

### 10.5. ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ

1) ജി.ഒ (എം.എസ്)നം.144/2013 എൽ.എസ്.ജി.ഡി തീയതി 06.04.2013 ഉത്തരവിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് ബഡ്സ് റിഹാബിലിറ്റേഷൻസെന്ററുകൾ ആരംഭിക്കാവുന്നതാണ്.

2) ബഡ്സ് സ്കൂൾ, ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ എന്നിവയ്ക്ക് വാഹനം വാങ്ങുന്നതിന് പകരം വാടകയടിസ്ഥാനത്തിൽ വാഹനം എടുക്കാവുന്നതും വാടക തനത് ഫണ്ടിൽ വകയിരിത്താവുന്നതുമാണ്.

3) സൈക്കോസോഷ്യൽ റീഹാബിലിറ്റേഷൻ സെന്റർ:-

സെന്ററിലെ മാനസികരോഗം വന്ന് ചികിത്സയിലുള്ളവർക്ക് ഡോക്ടർമാർ നിർദ്ദേശിക്കപ്പെട്ട മുരുന്നുകൾ മുടക്കം കൂടാതെ നൽകുന്നതിന് അലോട്ട്മെന്റ് ഇല്ലെന്ന് സാമൂഹ്യനീതി വകുപ്പ് ജില്ലാ ഓഫീസർ രേഖാമൂലം അറിയിക്കുന്ന സാഹചര്യത്തിൽ ജില്ലയിലെ ഇത്തരം രോഗികൾക്കുള്ള മരുന്നിനുള്ള തുക ജില്ലാ പഞ്ചായത്തിന് നൽകാവുന്നതും സാമൂഹ്യനീതി വകുപ്പിൽനിന്നും മരുന്ന് വാങ്ങി നൽകുന്നതിനുള്ള നടപടിക്രമം പാലിച്ച് നടപ്പാക്കാവുന്നതുമാണ്.

### 10.6. പാലിയേറ്റീവ് പരിചരണം

1. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 29.10.2015 ലെ സ.ഉ(സാധാ) 3217/2015 നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രോജക്റ്റുകൾക്ക് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതാണ്.
2. സാന്ത്വനഗൃഹപരിചരണ പദ്ധതിയിൽ ഹോംകെയറിന് പോകുന്ന ഒരു ടീമിന്റെ ഭക്ഷണ ചെലവ് 250 രൂപ വരെയാകാവുന്നതാണ്.

### 10.7. എച്ച്.ഐ.വി. ബാധിതർ/ എയ്ഡ്സ് രോഗികൾ എന്നിവർക്കുള്ള പരിപാടികൾ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 23.08.2012 ലെ (എം.എസ്) നമ്പർ 228/2012 ഉത്തരവിലെ നിബന്ധനകൾക്ക് വിധേയമായി എച്ച്.ഐ.വി. ബാധിതർക്കും എയ്ഡ്സ് രോഗികൾക്കും വേണ്ടിയുള്ള പരിപാടികൾ ജില്ലാ പഞ്ചായത്തുകൾ ഏറ്റെടുക്കാവുന്നതാണ്.

## 11. പരിപാടികൾ

### 11.1. മൾബറി കൃഷിക്കും കൊക്കൂൺ ഉത്പാദനത്തിനുമുള്ള പ്രോജക്ടുകൾ

കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെയും സെൻട്രൽ സിൽക്ക് ബോർഡിന്റെ സാങ്കേതിക സഹായത്തോടെയും ഗ്രാമവികസനവകുപ്പ് നടപ്പാക്കുന്ന പരിപാടിയുടെ ഗുണഭോക്താക്കളാകുന്ന കർഷകർക്ക് പ്രസ്തുത പരിപാടിയുടെ വ്യവസ്ഥകൾക്ക് വിധേയമായി സബ്സിഡി നൽകാവുന്നതാണ്. സബ്സിഡി നിരക്ക് പിന്നീട് പ്രത്യേകമായി സർക്കാർ പുറപ്പെടുവിക്കുന്നതാണ്.

**11.2. കൈത്തറി വികസന മേഖലയിൽ ഹൗസ് -കം-വർക്ക് ഷെഡ് നിർമ്മാണം**

ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭാ സ്ഥാപനങ്ങൾക്കും കൈത്തറി വികസന മേഖലയിലെ ബി.പി.എൽ. താഴെയുള്ള തൊഴിലാളികൾക്ക് കേന്ദ്രാവിഷ്കൃത പരിപാടിയായ പുതിയ ഹൗസ്-കം-വർക്ക് ഷെഡ് നിർമ്മാണം ഏറ്റെടുക്കാവുന്നതാണ്. പ്രസ്തുത പരിപാടിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(എ) കൈത്തറി തൊഴിലാളികളുടെ ഹൗസ്-കം-വർക്ക് ഷെഡ് ഒരു കേന്ദ്രാവിഷ്കൃത പരിപാടിയാണ്. കേന്ദ്ര ഗവൺമെന്റിന്റെയും തദ്ദേശഭരണസ്ഥാപനങ്ങളുടേയും ഗുണഭോക്താക്കളുടെയും സാമ്പത്തിക സഹായത്തോടെയാണ് പരിപാടി നടപ്പാക്കേണ്ടത്.

(ബി) ഹൗസ്-കം-വർക്ക് ഷെഡിന്റെ യൂണിറ്റ് കോസ്റ്റ് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രകാരമായിരിക്കുന്നതാണ്. എന്നാൽ ഭവനനിർമ്മാണ പരിപാടിക്ക് നിശ്ചയിച്ചിട്ടുള്ള സബ്സിഡി നിരക്കിന്റെ പരിധിവരെ വിഹിതം വർദ്ധിപ്പിക്കുന്നതിനുവേണ്ടിവരുന്ന അധിക തുക ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭാ സ്ഥാപനങ്ങൾക്കും നൽകാവുന്നതാണ്.

(സി) കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം ഗ്രാമസഭ/ വാർഡ്സഭ മുഖേനയായിരിക്കണം ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ടത്. ഗ്രാമസഭ/വാർഡ്സഭ മുഖേന തിരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റ് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് നൽകേണ്ടതും അദ്ദേഹം ലിസ്റ്റ് കൈത്തറി ടെക്സ്റ്റയിൽസ് ഡയറക്ടർക്ക് അയച്ചുകൊടുക്കേണ്ടതുമാണ്.

(ഡി) കൈത്തറി ടെക്സ്റ്റയിൽസ് ഡയറക്ടർ ലിസ്റ്റ് അംഗീകരിച്ചുകഴിഞ്ഞാൽ തദ്ദേശ സ്ഥാപനത്തിന്റെ വിഹിതവും ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാർ സബ്സിഡി ബന്ധപ്പെട്ട തദ്ദേശ സ്ഥാപനത്തിന് കൈമാറേണ്ടതാണ്.

**(ഇ) ഖാദി ഗ്രാമവ്യവസായ പ്രോത്സാഹനം:-**

ഖാദി ഗ്രാമവ്യവസായ കമ്മീഷനും (KVIC) ഖാദി ഗ്രാമ വ്യവസായ ബോർഡും (KVIB) നടത്തുന്ന ഉല്പാദന യൂണിറ്റുകൾക്കും (Production Unit) അവയുടെ സ്വന്തം സ്ഥലത്ത് പച്ചക്കറി ഉൾപ്പെടെയുള്ള പ്രാദേശിക ഉല്പന്നങ്ങളുടെയും ഖാദി ഉല്പന്നങ്ങളുടെയും സംയുക്ത വിപണന ശാലകൾ നിർമ്മിക്കുന്നതിനും അതിന്റെ ഉല്പാദന യൂണിറ്റുകൾക്കാവശ്യമായ തറിയും മറ്റു നെയ്ത് ഉപകരണങ്ങളും വാങ്ങി നൽകുന്നതിനും തുക വകയിരുത്തി പ്രോജക്ട് വയ്ക്കാവുന്നതാണ്.

**11.3. പേവിഷ നിർമ്മാർജ്ജനത്തിനും തെരുവ് നായ്ക്കളുടെ പ്രജനനനിയന്ത്രണത്തിനും വേണ്ടിയുള്ള പ്രോജക്ടുകൾ**

1. ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയ്ക്ക് പേവിഷ നിർമ്മാർജ്ജനത്തിനും തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിനുമുള്ള പ്രോജക്ടുകൾ പൊതുവിഭാഗത്തിൽ സേവന മേഖലയിൽ ഏറ്റെടുക്കാവുന്നതാണ്. അതിന്റെ നടത്തിപ്പ് സംബന്ധിച്ച് വിവരങ്ങൾ ചുവടെ നൽകുന്നു.

(എ) പേവിഷനിർമ്മാർജ്ജന ബോധവത്ക്കരണ ക്യാമ്പയിൻ സംഘടിപ്പിക്കുക.

(ബി) ആവശ്യമുള്ള വാക്സിൻ ഒരുമിച്ച് ഓർഡർ നൽകി വാങ്ങുക

(സി) ഓരോ സ്ഥാപനത്തിലും പേവിഷ നിർമ്മാർജ്ജന ക്യാമ്പയിൻ സംഘടിപ്പിക്കുവാൻ സന്നദ്ധതയുള്ള സാമൂഹ്യപ്രവർത്തകരെ കണ്ടെത്തി അവർക്ക് കുടുംബശ്രീയുടെയോ കേരള സമ്പൂർണ്ണ ശുചിത്വ ആരോഗ്യമിഷന്റെയോ ആഭിമുഖ്യത്തിൽ പരിശീലനം നൽകുക. പരിശീലനം ലഭിച്ചവരെ പരിപാടി നടപ്പാക്കുന്നതിന് ചുമതലപ്പെട്ട കൺസൾട്ടന്റുമാരായി(Authorised Consultants) നിയോഗിക്കുക.

(ഡി) നായ്ക്കളെ കുത്തിവെയ്ക്കുവാൻ ആവശ്യമുള്ള വാക്സിന്റെ യഥാർത്ഥ വില നൽകാൻ വികസന ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

(ഇ) വോളന്റിയർമാരുടെ പരിശീലനം, ക്യാമ്പയിൻ പ്രവർത്തനം മുതലായവയ്ക്ക് വികസന ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

(എഫ്) മൃഗസംരക്ഷണ വകുപ്പ് നിശ്ചയിച്ചറിയിക്കുന്ന സ്ഥാപനത്തിൽ നിന്ന് അതേ നിരക്കിൽ ആവശ്യമായ വാക്സിൻ ഗ്രാമപഞ്ചായത്തുകൾക്ക് നേരിട്ട് വാങ്ങാവുന്നതാണ്. ഗ്രാമപഞ്ചായത്തുകൾക്കാവശ്യമായ വാക്സിന്റെ അളവ് മുൻകൂട്ടി മൃഗസംരക്ഷണ വകുപ്പിനെ അറിയിക്കേണ്ടതാണ്.

(ജി) വാഹനങ്ങളുടെ വാടക, വിദഗ്ധർക്കുള്ള പ്രതിഫലം, അനുബന്ധ ചെലവുകൾ, എന്നിവയ്ക്കാവശ്യമായ സംഖ്യക്കും വികസന ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

**2. എ.ബി.സി. പദ്ധതി സംബന്ധിച്ച് നിർദ്ദേശങ്ങൾ :-**

എ.ബി.സി. പദ്ധതി രണ്ട് രീതിയിൽ നടപ്പിലാക്കാവുന്നതാണ്.

1. സന്നദ്ധസംഘടനകളുടെ പങ്കാളിത്തത്തോടുള്ള എ .ബി.സി. പദ്ധതി നിർവ്വഹണം
ഒരു നായയെ വന്ധ്യംകരിക്കുന്നതിന് സന്നദ്ധ സംഘടനയ്ക്ക് നൽകാവുന്ന പരമാവധി തുക 1900/- രൂപ
2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് പദ്ധതി നടപ്പിലാക്കുമ്പോൾ
    - കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന വെറ്ററിനറി സർജനുള്ള മാസവേതനം - 39,500/- രൂപ
    - കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന മൃഗപരിപാലകർക്കുള്ള മാസവേതനം (നായ പിടിത്തം, പരിപാലനം മുതലായവ) - 20,000/- രൂപ
    - ഓപ്പറേഷൻ തിയറ്ററിലെ സഹായി (കരാർ അടിസ്ഥാനത്തിൽ) ശാസ്ത്രീയ സാങ്കേതിക വൈദഗ്ദ്ധ്യം ആവശ്യമായ ജോലികൾ) - 25,000/- രൂപ
    - ശുചീകരണ പ്രവർത്തികൾ ചെയ്യുന്നതിന് (പരമാവധി) - 6,000/- രൂപ
    - ശസ്ത്രക്രിയയ്ക്ക് ആവശ്യമായ മരുന്ന്, മറ്റ് സാധനങ്ങൾ (നായ ഒന്നിന്)-600/-രൂപ
    - നായ്ക്കളുടെ തീറ്റ, ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് മുതലായവ (നായ ഒന്നിന്)-200/-രൂപ

**11.4. ഭൂരഹിത - ഭവനരഹിതർക്ക് വീട് വയ്ക്കുന്നതിന് തദ്ദേശഭരണ സ്ഥാപനം സ്ഥലം വാങ്ങൽ:- (ലൈഫ് വ്യവസ്ഥകൾക്ക് വിധേയമായി മാത്രം)**

**11.5. വിവാഹ ധനസഹായം**

1. പട്ടികജാതി/പട്ടിക വർഗ്ഗ രക്ഷാകർത്താക്കളുടെ പെൺകുട്ടികളുടെ വിവാഹത്തിന് ധന സഹായം നൽകുന്ന പരിപാടികൾ ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ഏറ്റെടുക്കാവുന്നതാണ്. പട്ടികജാതി/ പട്ടികവർഗ്ഗത്തിലൽപ്പെട്ട വരുമാനപരിധി (2 ലക്ഷം) രൂപയ്ക്കു വിധേയമായി ബി.പി.എൽ ലിസ്റ്റിൽപ്പെട്ടവരോ അല്ലാത്തവരോ ആയ കുടുംബങ്ങളിലെ വനിതകളുടെ വിവാഹത്തിന് 75000 രൂപ നിരക്കിൽ ധനസഹായം നൽകാവുന്നതാണ്. വിവാഹത്തിന് 15 ദിവസം മുമ്പോ വിവാഹം കഴിഞ്ഞ് 90 ദിവസത്തിനകമോ അപേക്ഷ സമർപ്പിച്ചിരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വികസനവകുപ്പിൽ ഈ ധനസഹായത്തിന് അപേക്ഷിച്ചവർ തദ്ദേശഭരണ സ്ഥാപനത്തിൽ അപേക്ഷ നൽകാൻ പാടില്ല. തദ്ദേശഭരണസ്ഥാപനത്തിൽ അപേക്ഷിച്ചവർ ബന്ധപ്പെട്ട വകുപ്പിലും അപേക്ഷ നൽകാവുന്നതല്ല. ഒരു ദമ്പതികൾക്ക് ഒരു സഹായം മാത്രമേ നൽകാവൂ.
2. മിശ്രവിവാഹിതരും (Intercaste Marriage) വ്യത്യസ്ത മതത്തിൽപ്പെട്ടവരും വിവാഹം കഴിക്കുകയാണെങ്കിൽ (Inter Religion marriage) വരുമാനപിരിധി (പൊതുവിഭാഗം 1 ലക്ഷം/പട്ടികജാതി 2 ലക്ഷം) രൂപയ്ക്കുവിധേയമായി 50,000 രൂപ നിരക്കിൽ ധനസഹായം നൽകാവുന്നതാണ്. ഗ്രാമ/നഗരഭരണസ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്. വിവാഹത്തിന് 15 ദിവസം മുമ്പോ വിവാഹം കഴിഞ്ഞ് 90 ദിവസത്തിനകമോ അപേക്ഷ സമർപ്പിച്ചിരിക്കണം.
3. ബി.പി.എൽ ലിസ്റ്റിൽപ്പെട്ടവരോ അല്ലാത്തവരോ ആയ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് 50,000/- രൂപ നിരക്കിൽ ധനസഹായം ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും നൽകാവുന്നതാണ്. വിവാഹത്തിന് 15 ദിവസം മുമ്പോ വിവാഹം കഴിഞ്ഞ് 90 ദിവസത്തിനകമോ അപേക്ഷ സമർപ്പിച്ചിരിക്കണം.

**11.6. ഇൻഷുറൻസ് പദ്ധതികൾക്ക് നിയന്ത്രണം**

സമഗ്ര ആരോഗ്യ ഇൻഷുറൻസ് സംസ്ഥാന സർക്കാർ തന്നെ നടപ്പിലാക്കിവരുന്നതിനാൽ വ്യക്തികൾക്കോ കുടുംബങ്ങൾക്കോ വേണ്ടി ഇൻഷുറൻസ് പരിപാടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാൻ പാടില്ല. ഏതെങ്കിലും ഇൻഷുറൻസ് പരിപാടി ഏറ്റെടുക്കണമെങ്കിൽ അതിന് സർക്കാരിന്റെ പ്രത്യേക അനുമതി ഉണ്ടായിരിക്കണം.

**11.7. നിയമ സാക്ഷരതാ പരിപാടി:-**

കേരളാ സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി, ഹൈസ്കൂൾ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള നിയമസാക്ഷരതാ പരിപാടിക്ക് ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും പ്രോജക്ടുകൾ ഉൾപ്പെടുത്താവുന്നതാണ്. ഒരു സ്കൂളിന് പരമാവധി 5,000/-രൂപ എന്ന നിരക്കിൽ പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും തുക വകയിരുത്താവുന്നതാണ്.

**11.8. സമർത്ഥരായ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം/ യുവതി - യുവാക്കൾക്ക് തൊഴിൽ ധനസഹായം**

1 പട്ടികജാതി-പട്ടികവർഗ്ഗ യുവാക്കൾക്കും യുവതികൾക്കും വിദേശത്ത് തൊഴിൽ ലഭ്യമാകുന്ന പക്ഷം തൊഴിൽ വിസയും വിമാന ടിക്കറ്റും ഹാജരാക്കുന്ന മുറയ്ക്ക് 50,000/-

രൂപ ധനസഹായം നൽകാവുന്നതാണ്. നിർധനരായ കുടുംബങ്ങൾക്കാണ് മുൻഗണന നൽകേണ്ടത്. ഗുണഭോക്തൃ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതും അതിനുശേഷം ഗ്രാമ/വാർഡ്സഭയിൽ അവതരിപ്പിച്ച് സാധൂകരണം വാങ്ങേണ്ടതുമാണ്. ഗുണഭോക്താവിന്റെ കുടുംബത്തിന് ലഭിച്ചിട്ടുള്ള മറ്റ് ആനുകൂല്യങ്ങൾ ഈ ആനുകൂല്യം സ്വീകരിക്കുന്നതിന് തടസ്സമല്ല.

2 സംസ്ഥാന സർക്കാരോ, സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്നതായ എല്ലാത്തരം കോഴ്സുകളിലേക്കും, കേന്ദ്ര സംസ്ഥാനതല പ്രവേശന പരീക്ഷയിൽ .യോഗ്യതനേടി പഠനം നടത്തിവരുന്ന എല്ലാ വിദ്യാർത്ഥികൾക്കും സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും ചുവടെ പറയുന്ന ക്രമത്തിൽ സ്കോളർഷിപ്പ് നൽകേണ്ടതാണ്.1)മെഡിക്കൽ കോഴ്സിന് 30,000/-രൂപ 2)എഞ്ചിനീയറിംഗ് കോഴ്സിന് 20,000/-രൂപ 3)ബിരുദബിരുദാനന്തര/ഗവേഷണ കോഴ്സുകൾക്ക് 30,000/- രൂപയും 4)മറ്റെല്ലാ കോഴ്സുകൾക്കും 15,000/-രൂപ വീതവും 5)സംസ്ഥാനത്തിന്പുറത്ത് 50,000/-രൂപ വീതവും 6)പ്രൊഫഷണൽ കോഴ്സുകളിലേക്കുള്ള എൻട്രൻസ് കോച്ചിംഗിന് 5000/-രൂപയും നൽകാവുന്നതാണ്. ഗ്രാമസഭ/വാർഡ്സഭ സാധൂകരിക്കണം. നിർധനരായ കുടുംബങ്ങൾക്കാണ് മുൻഗണന നൽകേണ്ടത്. വിദ്യാർത്ഥികളുടെയും കോഴ്സുകളുടെയും വിവരം രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കണം.

3. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരായ മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് ദേശീയ-അന്തർദേശീയ സർവ്വകലാശാലകളിൽ അഡ്മിഷൻ ലഭിച്ചാൽ, അങ്ങനെയുള്ളവർക്ക് അഡ്മിഷൻ ഉൾപ്പടെയുള്ള ചെലവുകൾക്കായി ധനസഹായം നൽകാവുന്നതാണ്. ഗുണഭോക്താവിനെ ഗ്രാമസഭയും/വാർഡ്സഭയും അംഗീകരിച്ചിരിക്കണം. കോഴ്സിന് പോകുന്ന രാജ്യം/സ്ഥലം എന്നിവ പരിഗണിച്ച് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്നതായിരിക്കും ധനസഹായതുക.

കുറിപ്പ്:- മുകളിൽ പറഞ്ഞ ഇനങ്ങൾക്ക് വേണ്ടിയുള്ള പ്രോജക്റ്റുകൾ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനത്തിനും ഏറ്റെടുക്കാം എന്നാൽ ഒരാൾക്ക് ഒന്നിൽ കൂടുതൽ തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ നിന്നോ വകുപ്പിൽ നിന്നോ ധനസഹായത്തിന് അർഹതയില്ല. ഗ്രാമസഭ അംഗീകരിച്ചതും വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചതുമായ ലിസ്റ്റ് പ്രകാരമുള്ളവർക്ക് മാത്രമേ ആനുകൂല്യം നൽകാനാവൂ. ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളാണ് ആനുകൂല്യം നൽകുന്നതെങ്കിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് ഗുണഭോക്താവിനെ ഗ്രാമസഭയും ഭരണസമിതിയും അംഗീകരിച്ചുകൊണ്ടുള്ള ഗ്രാമപഞ്ചായത്ത് തീരുമാനം ലഭിച്ചിരിക്കണം.

4. പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും (സ്റ്റീൽ/മരം) വാങ്ങി നൽകുന്നതിന് 5000/-രൂപ വരെ ധനസഹായം ഗ്രാമനഗരഭരണസ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്. സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമായിരിക്കണം നൽകേണ്ടത്. ഫർണിച്ചർ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം. ഒരു വിദ്യാർത്ഥിക്ക് ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകാവൂ. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർ അർഹരല്ല. നിർധനരായ കുടുംബങ്ങൾക്കാണ് മുൻഗണന നൽകേണ്ടത്. ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമ/വാർഡ്സഭ സാധുകരണം വാങ്ങണം.

5. 8,9,10-ാം ക്ലാസ്സിൽ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങി നൽകാവുന്നതാണ്. സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമായിരിക്കണം നൽകേണ്ടത്. സൈക്കിൾ വാങ്ങി സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം. ഒരു വിദ്യാർത്ഥിക്ക് ഒരിക്കൽ മാത്രമേ ഈ ആനുകൂല്യം നൽകാവൂ. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർ അർഹരല്ല. നിർധനരായ കുടുംബങ്ങൾക്കാണ് മുൻഗണന നൽകേണ്ടത്. വകുപ്പിൽ നിന്ന് നൽകിയിട്ടില്ലെന്ന് വകുപ്പ് ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം.

6. ബിരുദം, ബിരുദാനന്തര ബിരുദം, പോളിടെക്കനിക്ക് (ഡിപ്ലോമ), എഞ്ചിനീയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം) എന്നീ കോഴ്സുകൾക്ക് സർക്കാർ/എയ്ഡഡ്/സ്വാശ്രയ സ്ഥാപനങ്ങളിലോ, സർവ്വകലാശാല അഫിലിയേഷൻ ഉള്ള സ്ഥാപനങ്ങളിലോ പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് (സ്ഥാപനമേധാവിയുടെ സാക്ഷ്യപത്രം ഹാജരാക്കണം) 30,000/- രൂപയിൽ അധികരിക്കാത്ത വിലയുള്ള ലാപ്ടോപ്/കമ്പ്യൂട്ടറുകൾ ഗ്രാമ/നഗര/ഭരണസ്ഥാപനങ്ങൾക്ക് വാങ്ങി നൽകാവുന്നതാണ്. ഗുണഭോക്താക്കളുടെ ലിസ്റ്റിന് ഗ്രാമ വാർഡ്സഭയുടെ സാധുകരണംവാങ്ങണം. ഒരാൾക്ക് ഒരു തവണ മാത്രമേ ഈ ആനുകൂല്യം നൽകാവൂ. വകുപ്പിൽ നിന്നും നൽകിയിട്ടില്ലെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം. കേരളത്തിന് പുറത്തുള്ള സ്ഥാപനങ്ങളിൽ പോയി പഠിക്കുന്ന

വിദ്യാർത്ഥികൾക്കും ആനുകൂല്യം നൽകാം. സ്ഥാപനമേധാവിയിൽ നിന്നും സാക്ഷ്യപത്രം ഹാജരാക്കണം.

7. പാരലൽ കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ ലഭിച്ചതായ രേഖകൾ ഹാജരാക്കിയതിന് ശേഷം മാത്രമേ ആനുകൂല്യം നൽകാൻ പാടുള്ളൂ.
8. എസ്.സി./എസ്.റ്റി വിഭാഗം ഗുണഭോക്താക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകുന്നതിന് വരുമാന പരിധി ബാധകമല്ല.
9. **പട്ടികജാതി യുവജനങ്ങൾക്ക് വാദ്യോപകരണങ്ങൾ:-**

   പട്ടികജാതി യുവജനങ്ങളുടെ ഗ്രൂപ്പുകൾക്കോ സമിതികൾക്കോ ബാന്റ് സെറ്റ്, ചെണ്ട തുടങ്ങിയ വാദ്യോപകരണങ്ങൾ വാങ്ങി നൽകാവുന്നതാണ്. 5% ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുക്കേണ്ടതാണ്. നിലവിൽ ലഭിച്ചിട്ടുള്ളവർക്ക് 5 വർഷങ്ങൾക്കു ശേഷം മാത്രമേ ആനുകൂല്ല്യം നൽകാൻ പാടുള്ളു. ഗ്രൂപ്പ് എന്ന നിലയിൽ പ്രവർത്തിക്കാൻ കഴിയുന്ന പരിചയവും പ്രാവിണ്യവുമുള്ളവരാണെന്ന് കണ്ടെത്തുന്ന 10 മുതൽ 15 വരെ അംഗങ്ങൾ ഉണ്ടായിരിക്കണം.
10. **പട്ടികജാതി/പട്ടികവർഗ്ഗ പ്രതിഭകൾക്ക്-പ്രതിഭാപിന്തുണ**

   വിവധ രംഗങ്ങളിൽ പ്രതിഭ തെളിയിച്ച പ്രതിഭാധനരായ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സാമൂഹ്യ പിന്തുണയും അംഗീകാരവും ലഭ്യമാക്കുന്നതിനും അവരുടെ പ്രവർത്തന മേഖലയിൽ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ വരും കാലങ്ങളിൽ ഏറ്റെടുക്കുന്നതിനും സാമൂഹ്യവും സാമ്പത്തികവുമായ സഹായവും പിന്തുണയും ലഭ്യമാക്കുന്നതിനും ജില്ലാ പഞ്ചായത്തുകളും കോർപ്പറേഷനുകളും മുൻസിപ്പാലിറ്റികളും നടപടി സ്വീകരിക്കാവുന്നതാണ്. ഇത്തരത്തിലുള്ള ആവശ്യങ്ങൾ ടി വ്യക്തികളിൽ നിന്നും ഉണ്ടാവുകയാണെങ്കിൽ അവരിൽനിന്നും വിശദാംശങ്ങൾ അടങ്ങിയ ഒരു അപേക്ഷ വാങ്ങി ആവശ്യപ്പെട്ടിരിക്കുന്ന സഹായം ലഭ്യമാക്കുന്നതിന് നൂതന പ്രോജക്ടുകൾക്കുള്ള കമ്മിറ്റിയിൽ അവതരിപ്പിച്ച് സാമ്പത്തിക സഹായത്തിന്റെ തോത്/തുക നിശ്ചയിച്ച് നടപ്പാക്കാവുന്നതാണ്.

## 12. പൊതുവായ കാര്യങ്ങൾ

### 12.1. വ്യക്തിഗത ആനുകൂല്യ വിതരണ പരിപാടികൾ

ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും മാത്രമേ വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന പരിപാടികൾ (Individual Beneficiary Oriented Asset Distribution Programmes) ഏറ്റെടുക്കാവൂ. എന്നാൽ ചുവടെ വിവരിക്കുന്ന ഇനങ്ങൾക്ക് ഇത് ബാധകമല്ല .

1. നെൽകൃഷിക്കാർക്ക് നെല്ലുല്പാദന സബ്സിഡി - ഗ്രാമപഞ്ചായത്ത് പ്രോജക്ടുകൾക്ക് ജില്ലാ പഞ്ചയത്തുകൾക്ക് വിഹിതം നൽകാം.
2. പട്ടികജാതി - പട്ടികവർഗ്ഗ മെറിറോറോറിയസ് വിദ്യാർത്ഥികൾക്ക് കേരളത്തിനകത്തും പുറത്തും വിദേശത്തും ഉന്നത വിദ്യാഭ്യാസം നേടുന്നതിനുള്ള ധനസഹായം യുവാക്കൾക്ക് വിദേശതൊഴിലിനുള്ള ധനസഹായം എന്നിവ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും നൽകാവുന്നതാണ്.
3. പി.എം.എ.വൈ ഭവന പദ്ധതി-ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്ക് ഗ്രാമ-ജില്ലാ പഞ്ചായത്തുകൾ വിഹിതം നൽകണം.
4. എച്ച്.ഐ.വി. ബാധിതർക്കുള്ള പോഷകാഹാര വിതരണം ജില്ലാ പഞ്ചായത്തുകൾ മാത്രമാണ് ഏറ്റെടുക്കേണ്ടത്.
5. ശരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനുള്ള പ്രോജക്ട് എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.
6. പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ഗുണഭോക്താക്കളായിട്ടുള്ള കുടിവെള്ള പദ്ധതികളുടെ വൈദ്യുതിചാർജ്ജ് തനത് ഫണ്ട്, എസ്.സി.പി, മെയിന്റനൻസ് ഫണ്ട്) എന്നിവയിൽനിന്നും നൽകാവുന്നതാണ്.
7. പൊതുവിഭാഗം ബി.പി.എൽ വിഭാഗത്തിലുള്ളവർക്കും പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ട 60 വയസ് കഴിഞ്ഞ വൃദ്ധർക്ക് കട്ടിൽ വാങ്ങിനൽകുന്നതിന് നഗരസഭകൾക്കും ഗ്രാമപഞ്ചായത്തുകൾക്കും ജനറൽ/എസ്.സി.എസ്പി/റ്റി.എസ്.പി ഫണ്ടുപയോഗിക്കാവുന്നതാണ്.

### 12.2. ശമ്പളം/ഹോണറേറിയം നൽകുന്നതിൽ നിയന്ത്രണം

പ്രോജക്റ്റിൽ തുക വകയിരുത്തി ശമ്പളമോ ഹോണറേറിയമോ നൽകാൻ പാടില്ല. എന്നാൽ ഇക്കാര്യത്തിൽ ചുവടെയുള്ള ഇളവ് അനുവദിക്കുന്നു.

1. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 29.07.2009 ലെ ജി.ഒ (എം.എസ്) നമ്പർ 148/2009/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾ സ്ഥാപിച്ച് പരിപാലിക്കുന്ന

സ്പെഷ്യൽ സ്കൂളുകളിലെ (BUDS) യോഗ്യരായ അദ്ധ്യാപകർ, ഹെൽപ്പർമാർ, സ്പെഷ്യലിസ്റ്റുകൾ എന്നിവർക്ക് നൽകുന്ന ഹോണറേറിയം.

2. പാലിയേറ്റീവ് കെയറിന്റെ ഭാഗമായി നിയോഗിക്കപ്പെടുന്ന നേഴ്സ് ഫിസയോ തെറാപ്പിസ്റ്റ് എന്നിവരുടെ ഹോണറേറിയം.
3. ഗ്രാമപഞ്ചായത്തുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി ഒരു വർഷത്തേക്ക് സർക്കാർ ഉത്തരവ് പ്രകാരം നിയമിക്കുന്ന ടെക്നിക്കൽ അസിസ്റ്റന്റിന്റെ വേതനം
4. അങ്കണവാടി വർക്കർ, ഹെൽപ്പർ എന്നിവർക്ക് സർക്കാർ നിർദ്ദേശാനുസരണം നൽകുന്ന ഹോണറേറിയം
5. സർക്കാർ ഹൈസ്കൂൾ, ഹയർസെക്കന്ററി സ്കൂൾ യോഗ്യതയുള്ള ലൈബ്രേറിയന്മാരെ 10 മാസം കരാർ വ്യവസ്ഥയിൽ നിയോഗിച്ച് വേതനം നൽകാവുന്നതാണ്.
6. പകൽവീട്, വൃദ്ധസദനം, തുടങ്ങിയ സ്ഥാപനങ്ങളുടെയും കാര്യക്ഷമമായ നടത്തിപ്പിൽ അനുയോജ്യമായ തരത്തിൽ ജീവനക്കാരെ കരാർ അടിസ്ഥാനത്തിൽ നിയോഗിക്കാവുന്നതും വേതനം നൽകാവുന്നതുമാണ്.
7. കൗമാരക്കാരായ കുട്ടികൾക്ക് കൗൺസിലിംഗ് നൽകുന്നതിന് നിർദ്ദിഷ്ഠ യോഗ്യ തയുള്ള കൗൺസിലർമാരെ കരാറടിസ്ഥാനത്തിൽ 10 മാസത്തേക്ക് നിയോഗിക്കാ വുന്നതും വേതനം നൽകാവുന്നതുമാണ്.
8. ജാഗ്രതാ സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് എം.എസ്.ഡബ്ല്യു. യോഗ്യ തയുള്ള ഒരു വനിതയെ വീതം എല്ലാ ജാഗ്രതാ സമിതികൾക്കും കരാർ അടിസ്ഥാ നത്തിൽ അതാത് തദ്ദേശസ്ഥാപനങ്ങൾക്ക് നിയോഗിക്കാവുന്നതും വേതനം നൽകാവുന്നതുമാണ്. ജില്ലാ ജെന്റർ റിസോഴ്സ് സെന്റർ ഇവരുടെ പ്രവർത്തനം സംബന്ധിച്ച് വ്യക്തത വരുത്തി അവലോകനം ചെയ്യുന്നതിനുള്ള നടപടി ക്രമം നിശ്ചയിക്കേണ്ടതാണ്.
9. പ്രാഥമിക ആരോഗ്യ കേന്ദ്രം/കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവയോടനുബന്ധിച്ച് പ്രവർത്തിക്കുന്ന മെഡിക്കൽ ലാബുകളിൽ സർക്കാർ നാഷണൽ ഹെൽത്ത് മിഷനിൽ നിന്ന് ലാബ് ടെക്നീഷ്യനെ നിയമിച്ച് വേതനം നൽകുവാൻ കഴിയാതെ വരുന്ന സാഹചര്യത്തിൽ കരാറടിസ്ഥാനത്തിൽ ടെക്നീഷ്യനെ നിയമിക്കാവുന്നതാണ്. ഇത്തരം സാഹചര്യത്തിൽ അവർക്കുള്ള വേതനം ഹോസ്പിറ്റൽ മാനേജമെന്റ് ഫണ്ടിൽ നിന്ന് നൽകണം. ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി ഫണ്ട് ഇല്ലാതെ വന്നാൽ മാത്രം വേതനം തനതുഫണ്ടിൽ നിന്നു നൽകാവുന്നതാണ്.
10. ചില പ്രദേശങ്ങളിലെ പ്രാഥമിക ആരോഗ്യ കേന്ദ്രം/കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ സേവനം ഉച്ചകഴിഞ്ഞും വൈകുന്നേരങ്ങളിലും ആവശ്യമായി വരും. (ഉദാ: കടലോര പ്രദേശങ്ങൾ) ഇത്തരം മേഖലകളിൽ തദ്ദേശഭരണസ്ഥാപനത്തിന് ആവശ്യമെന്നുതോന്നുവെങ്കിൽ കരാറടി സ്ഥാനത്തിൽ ഡോക്ടർമാരെയും അത്യാവശ്യംവേണ്ട സ്റ്റാഫിന്റെയും സേവനം ലഭ്യമാക്കാ വുന്നതാണ്. അവർക്കുള്ള വേതനം നാഷണൽ ഹെൽത്ത് മിഷൻ മാനദണ്ഡപ്രകാരം ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി ഫണ്ടിൽ നിന്നോ തനതു ഫണ്ടിൽ നിന്നോ നൽകാവുന്നതാണ്.

**12.3. വാഹനങ്ങൾ വാങ്ങൽ**

31.03.2006 ലെ ജി.ഒ (എം.എസ്) 86/2006/തസ്വഭവ നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി വാഹനങ്ങൾ വാങ്ങാവുന്നതാണ്. ഇപ്പറഞ്ഞ ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരമല്ലാതെ (മറ്റേതൊരാവശ്യത്തിനാണെങ്കിലും) വാഹനങ്ങൾ സർക്കാർ അനുമതിയോടെ മാത്രമേ വാങ്ങാവൂ. സർക്കാർ ഉത്തരവ് പ്രകാരമോ അനുമതിയോടെയോ വാങ്ങിയ വാഹനം ഉപയോഗരഹിതമായാൽ കണ്ടം ചെയ്യുന്നതിനുള്ള നടപടികൾ പാലിച്ചുകൊണ്ട് വാഹനം ലേലം ചെയ്തശേഷം അതിനുപകരമായി പുതിയ വാഹനം വാങ്ങുന്നതിന് സർക്കാർ അനുമതി ആവശ്യമില്ല. ഇതിന് പുറമെ സർക്കാർ പ്രത്യേകം അനുവദിച്ചിട്ടുള്ള പ്രകാരമുള്ള വാഹനങ്ങളും വാങ്ങാവുന്നതാണ്.

**12.4. ഔഷധങ്ങൾ വാങ്ങൽ**

കേന്ദ്രീകൃത രീതിയിലുള്ള വാങ്ങലിലൂടെ മരുന്നുകൾ ആരോഗ്യ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക എന്നത് ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയാണ്. എന്നാൽ വകുപ്പ് മുഖേന വിതരണം ചെയ്തുവരുന്ന മരുന്നുകൾ അപര്യാപ്തമാണെങ്കിൽ അവയുടെ നിയന്ത്രണ ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനത്തിന് മരുന്നുകൾ വാങ്ങി നൽകി ആരോഗ്യ സ്ഥാപനത്തിലെ മരുന്ന് വിതരണത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്താവുന്നതാണ്. എന്നാൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്

ല്ലാതെയും, ആരോഗ്യസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിനു വേണ്ടിയല്ലാതെയും, മരുന്നുകൾ വാങ്ങാനോ മരുന്നിനുവേണ്ടി തുക ചെലവഴിക്കാനോ പാടില്ല.

- അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് മാത്രമേ വാങ്ങാവൂ.
- വകുപ്പിൽ പ്രാബല്യത്തിലുള്ള നിരക്കിൽ, ആയുർവേദ മരുന്നുകൾ ഔഷധി, ആയുർധാര, പാട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളിൽ നിന്നോ സർക്കാർ ഉത്തരവ് പ്രകാരം വാങ്ങാൻ അനുവദിക്കപ്പെട്ട മറ്റ് സ്ഥാപനങ്ങളിൽ നിന്നോ വാങ്ങാവുന്നതാണ്.
- ഹോമിയോപ്പതി മരുന്നുകൾ കേരള സംസ്ഥാന ഹോമിയോപ്പതിക് സഹകരണ ഫാർമസി ലിമിറ്റഡിൽ നിന്ന് വാങ്ങാവുന്നതാണ്.
- വൃദ്ധർക്ക് മരുന്ന് കിറ്റ്, കമ്പിളി, (ഇടുക്കി/വയനാട് ജില്ലകളിലെ ഉയർന്ന പ്രദേശങ്ങളിൽ ഒഴികെ) ഊന്നുവടി, കസേര മുതലായവ അനുവദനീയമല്ല.
- എന്നാൽ സമഗ്ര ആരോഗ്യ പരിപാടിയിൻ കീഴിൽ ആരോഗ്യസ്ഥാപനങ്ങൾ വഴി രോഗപ്രതിരോധ മരുന്നുകൾ എല്ലാ വിഭാഗങ്ങൾക്കും ലഭ്യമാക്കേണ്ടതാണ്.
- ആശ്രയ പദ്ധതി ഗുണഭോക്താക്കൾക്കുള്ള മരുന്ന് വാങ്ങുന്നത് സംബന്ധിച്ച് അതാത് കാലത്തെ ആശ്രയ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.
- മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഇൻഡന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും ലഭ്യമല്ലാതിരിക്കുന്ന സാഹചര്യത്തിൽബന്ധപ്പെട്ട ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ ശുപാർശപ്രകാരം തദ്ദേശഭരണ സ്ഥാപനത്തിന് കാരുണ്യ/നീതി/ജെൻ ഔഷധി മെഡിക്കൽ സ്റ്റോറിൽ നിന്നും അടിയന്തിര സാഹചര്യം മറികടക്കുന്നതിന് വേണ്ടി മാത്രം മരുന്ന് വാങ്ങാവുന്നതാണ്.
- വെറ്ററിനറി മരുന്നുകൾ:- വെറ്ററിനറി ആശുപത്രികളിലേയ്ക്ക് ആവശ്യമായ മരുന്നുകളും അനുബന്ധ സാമഗ്രഹികളും വകുപ്പിൽ നിന്നും ലഭ്യമല്ലാതെ വരുന്ന സാഹചര്യത്തിൽ നോൺഅവയലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വെറ്ററിനറി ഡോക്ടറെ ചുമതലപ്പെടുത്തി മൃഗസംരക്ഷണ വകുപ്പിലെ മരുന്നുവാങ്ങൽ നടപടി ക്രമങ്ങൾ പ്രകാരം മരുന്നുകൾ വാങ്ങിക്കാവുന്നതും അതിനാവശ്യമായ തുക ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നോൺറോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും നൽകാവുന്നതുമാണ്

**12.5. കുടുംബശ്രീ സംവിധാനത്തിലെ അയൽക്കൂട്ടങ്ങൾ, എ.ഡി.എസ്. സി.ഡി.എസ്. സൊസൈറ്റികൾ റിവോൾവിംഗ് ഫണ്ട്**

കുടുംബശ്രീ സംവിധാനത്തിലെ അയൽക്കൂട്ടങ്ങൾ, ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റികൾ കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികൾ എന്നിവയ്ക്ക് മാത്രം വ്യക്തമായ വായ്പ അധിഷ്ഠിതമായ ഒരു തൊഴിൽ സംരംഭ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭാ സ്ഥാപനങ്ങൾക്കും റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ്. മറ്റു സ്വയംസഹായ ഗ്രൂപ്പുകൾക്ക് പ്രവർത്തന മൂലധനം, വായ്പ, റിവോൾവിംഗ് ഫണ്ട് മുതലായവ നൽകാവുന്നതല്ല. എന്നാൽ സ്വയംതൊഴിൽ സംരംഭങ്ങൾക്ക് ഈ മാർഗ്ഗരേഖ പ്രകാരമുള്ള സബ്സിഡി നൽകാം.

**12.6. കർഷക ഗ്രൂപ്പുകൾക്കും പാടശേഖര സമിതികൾക്കും, റിവോൾവിംഗ് ഫണ്ട്**

സബ്സിഡി നൽകുന്നതിന് പകരം കർഷക ഗ്രൂപ്പുകൾക്കും പാടശേഖര സമിതികൾക്കും കർഷക സഹായ കേന്ദ്രങ്ങൾക്കും റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ്.

- ഏത് ആവശ്യത്തിനാണ് റിവോൾവിംഗ് ഫണ്ട് ഉപയോഗിക്കുന്നതെന്ന കാര്യം പ്രോജക്ടിൽ പ്രത്യേകം വ്യക്തമാക്കേണ്ടതാണ്.
- കാർഷികാവശ്യത്തിനുള്ള വിത്തും വളവും കീടനാശിനികളും സാധനങ്ങളായിത്തന്നെ വിതരണം ചെയ്യുമ്പോൾ റിവോൾവിംഗ് ഫണ്ട് സഹകരണ സംഘങ്ങൾ മുഖേന നൽകേണ്ടതാണ്.

**12.7. ബോധവൽക്കരണ ക്യാമ്പുകൾ, മേളകൾ മുതലായവയ്ക്ക് നിയന്ത്രണം**

- ഉത്പാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാമ്പയിനുകൾ, ക്യാമ്പുകൾ, മേളകൾ, ഉത്സവങ്ങൾ, സെമിനാറുകൾ, ഉല്ലാസ - പഠന യാത്രകൾ, സമ്മേളനങ്ങൾ, ആദരിക്കൽ തുടങ്ങിയവകൾ തദ്ദേശ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുവാൻ പാടില്ല. എന്നാൽ -
  - വിദൂര പ്രദേശങ്ങളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളിലെ മെഡിക്കൽ ക്യാമ്പുകൾക്കും
  - സർക്കാർ പ്രത്യേകമായി അനുവദിച്ചിട്ടുള്ളവയ്ക്കും.

- തദ്ദേശസ്വയംഭരണസ്ഥാപനത്തിന്റെ അനിവാര്യ ചുമതലയിൽ വരുന്നവയ്ക്കും. ഈ വ്യവസ്ഥ തടസ്സമല്ല.

- ക്യാൻസർ, കിഡ്നി രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനുള്ള ആരോഗ്യ ക്യാമ്പുകൾ അനുവദനീമാണ്.
- അവയവദാനം സംബന്ധിച്ച ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്.

**12.8. സോഡിയം വേപ്പർ വിളക്കുകൾ:-**

1. തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി സോഡിയം വേപ്പർ ലാമ്പുകൾ, മെർക്കുറി വേപ്പർ ലാമ്പുകൾ, ഹൈവോൾട്ട് ഇൻകാൻഡിസന്റ് ലാമ്പുകൾ എന്നിവ സ്ഥാപിക്കുന്നതിനോ മാറ്റി സ്ഥാപിക്കുന്നതിനോ ഉള്ള പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ല. എന്നാൽ നിലവിൽ സ്ഥാപിച്ചിട്ടുള്ളവയുടെ അറ്റകുറ്റപ്പണികൾ തനത് ഫണ്ട് വകയിരുത്തി ഏറ്റെടുക്കാവുന്നതാണ്.
2. **എൽ.ഇ.ഡി ലാമ്പുകൾ:-**
   ഇവ മറ്റ് ലാമ്പുകളെ അപേക്ഷിച്ച്, ആയുസ്സ് കൂടിയതും, പരിസ്ഥിതിക്ക് ഹാനികരമല്ലാത്തവയുമാണ്. ആയതിനാൽ സ്ട്രീറ്റ് ലൈറ്റിന് എൽ.ഇ.ഡി ലാമ്പുകൾ ഉപയോഗിക്കുന്നതിന് മുൻഗണന നൽകണം. വില്പനാനന്തര സേവന വ്യവസ്ഥകൾ ഉറപ്പാക്കിയും വാങ്ങൽ നടപടികൾ പാലിച്ചുകൊണ്ടും സ്ട്രീറ്റ് ലൈറ്റിന് ആവശ്യമായ എൽ.ഇ.ഡി. ലാമ്പുകൾ വാങ്ങാവുന്നതാണ്.

**12.9. ആരോഗ്യസ്ഥാപനങ്ങളുടെ സമഗ്ര വികസനം:-**

കൊല്ലം ജില്ലയിലെ പുനലൂർ താലൂക്ക് ആശുപത്രി സമഗ്രമായി വികസിപ്പിച്ച മാതൃകയിൽ കുടിവെള്ളം, മാല്യസംസ്കരണം, പ്ലാസ്റ്റിക് മാലിന്യം തരംതിരിച്ച് ശേഖരിക്കൽ, മഴവെള്ള സംഭരണം, മലിനജല ശുദ്ധീകരണം, സ്വിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് (STP) മെച്ചപ്പെട്ട വാർഡുകൾ, വൃത്തിയുള്ള ആശുപത്രി പരിസരം, രോഗികൾക്കും കൂട്ടിരിപ്പുകാർക്കുമുള്ള പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യങ്ങൾ, ഭിന്നശേഷിയുള്ളവർക്കുള്ള പ്രത്യേക സംവിധാനങ്ങൾ തുടങ്ങിയ സമഗ്ര വികസനത്തിന് വിവിധ സാമൂഹ്യവിഭങ്ങൾ സമാഹരിച്ച് പ്രോജക്ടുകൾ ഗ്രാമ/ബ്ലോക്ക്/ജില്ലാപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും ഏറ്റെടുക്കാവുന്നതാണ്. ആർദ്രം മിഷന്റെ ദീർഘകാല ലക്ഷ്യങ്ങൾക്ക് അനുസൃതമായി പ്രോജക്ടുകൾ ചിട്ടപ്പെടുത്തേണ്ടതാണ്.

**13. പരിശീലന പരിപാടികൾ:-**

- പരിശീലന പരിപാടികൾ ഒരു ലക്ഷം /രണ്ടു ലക്ഷം വരുമാനപരിധിക്കു വിധേയമായി, യഥാക്രമം പൊതുവിഭാഗം, പട്ടികജാതി, പട്ടികവർഗ്ഗം. ദാരിദ്ര്യരേഖക്ക് താഴെയുള്ള വർക്കും മാത്രമായി പരമിതപ്പെടുത്തേണ്ടതാണ്. വികസനപ്രോജക്ടിന്റെ ഭാഗമായി പരിശീലനമാകാം. പരിശീലനത്തിന് മാത്രമായി പ്രോജക്ട് പാടില്ല.
- സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി പ്രത്യേകം പറഞ്ഞിട്ടുള്ള നിബന്ധനകൾ പാലിച്ച് ഗ്രാമ-ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പരിശീലന പരിപാടികൾ ഏറ്റെടുക്കാം. എന്നാൽ പരിശീലനാർത്ഥികൾക്ക് സ്റ്റൈഫന്റ് അനുവദനീയമല്ല.
- 10% തുക പരിശീലനാർത്ഥികളുടെ വിഹിതം ഉണ്ടായിരിക്കേണ്ടതാണ്.
- കമ്പ്യൂട്ടർ പരിശീലന പരിപാടികൾ ഏറ്റെടുക്കാവുന്നതല്ല.

**13.1. നൈപുണ്യവികസനം**

- സർക്കാർ സ്ഥാപനങ്ങളെ മാത്രമേ പരിശീലനസ്ഥാപനമായി തിരഞ്ഞെടുക്കാവൂ.
- ദീർഘകാല പരിശീലനവും നിലവിൽ ചെയ്യുന്ന തൊഴിലിൽ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള ഉയർന്ന പരിശീലനമാണ് നൽകേണ്ടത്.
- സ്വയംസംരംഭകത്വമിഷൻ, സ്കിൽ ഡവലപ്മെന്റ് മിഷൻ, PMKVY തുടങ്ങിയ കേന്ദ്ര-സംസ്ഥാന സർക്കർ പദ്ധതിയുടെ ഭാഗമയായി ജില്ലാ പഞ്ചായത്തുകൾക്ക് സ്കിൽ ഡെവലപ്പ്മെന്റ് പരിശീലനങ്ങൾ നൽകാവുന്നതാണ്.
- പരിശീലനാർത്ഥികളെ ഗ്രാമസഭ/വാർഡ്സഭ മുഖേന തെരഞ്ഞെടുക്കണം.
- ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഇത്തരം സ്ഥാപനങ്ങളുടെ യോഗം വിളിച്ചു ചേർത്ത് പരിശീലന സംഘാടനം സംബന്ധിച്ച് ധാരണയുണ്ടാക്കണം.

**14. പൊതുമരാമത്തു പ്രവൃത്തികൾ:-**

(i) ചുവടെ പ്രതിപാദിക്കുന്നവ ഒഴികെയുള്ള എല്ലാ പ്രവൃത്തികളും ടെണ്ടർ ചെയ്യണം.

1. സർക്കാർ ഉത്തരവ് പ്രകാരം ഡെപ്പോസിറ്റ് വർക്ക് ആയി ചെയ്യാവുന്ന പ്രവൃത്തികൾ

2. ബിനാമി ഇടപാടില്ലാതെ, സ്വന്തം നിലയ്ക്ക് പ്രവൃത്തി ഏറ്റെടുത്തു നടത്താൻ വേണ്ട സാമ്പത്തിക-സാങ്കേതിക-സംഘാടനശേഷിയും സന്നദ്ധതയുമുള്ള അദ്ധ്യാപക-രക്ഷാകർതൃ സമിതികൾ, അംഗൻവാടി വെൽഫെയർ കമ്മിറ്റികൾ എന്നീ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ.
3. നേരിട്ട് നിർവ്വഹണം നടത്താൻ അനുവദനീയമായ തുക പരിധിയിലുള്ള പ്രവർത്തികൾ.
4. 50,000/-രൂപയിൽ താഴെയുള്ള നിർമ്മാണ പ്രവർത്തികൾ ഗുണഭോക്തൃസമിതികൾ മുഖാന്തിരം ചെയ്യാവുന്നതാണ്.

(ii) ഗുണഭോക്തൃസമിതികളേയോ അംഗീകൃത ഏജൻസികളേയോ ഏൽപ്പിക്കുന്നതിനു വേണ്ടിയോ മറ്റേതെങ്കിലും ഉദ്ദേശ്യത്താലോ പ്രവൃത്തികൾ വിഭജിക്കുന്നത് അനുവദനീയമല്ല.

(iii) ടെണ്ടർ ചെയ്യുന്നതിനുള്ള വർദ്ധിച്ച പരസ്യചെലവ് ഒഴിവാക്കുന്നതിന് സാങ്കേതിക അനുമതി ലഭ്യമാകുന്ന മുറയ്ക്ക് കഴിവതും ഒരുമിച്ച് ടെണ്ടർ ചെയ്യേണ്ടതാണ്. ടെണ്ടർ നോട്ടീസ് പൊതുജനങ്ങളുടെ അറിവിലേക്ക് ഔദ്യോഗിക വെബ്സൈറ്റിലും ലഭ്യമാക്കണം. ടെണ്ടർ ചെയ്യുന്ന പ്രവൃത്തികളുടെ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പുവരുത്തുന്നതിന് ഓരോ പ്രവൃത്തിക്കുവേണ്ടിയും ഗുണഭോക്താക്കൾക്ക് പങ്കാളിത്തുള്ള മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കണം. ഈ സമിതികൾ ഗുണഭോക്തൃ സമിതികളുടെ എക്സിക്യുട്ടീവ് കമ്മിറ്റിയുടെ മാതൃകയിലായിരിക്കണം.

(iv) രണ്ട് വർഷത്തിലധികം സമയമെടുത്ത് പൂർത്തിയാക്കാനുദ്ദേശിക്കുന്ന നിർമ്മാണ പ്രവൃത്തികൾ ഇടയ്ക്കുവച്ച് നിർത്തിവയ്ക്കാതെ പൂർത്തിയാക്കാവുന്ന രീതിയിൽ ആദ്യ വർഷം തന്നെ ടെണ്ടർ ചെയ്യാവുന്നതാണ്.

(v) പ്രോജക്റ്റുകൾ തയ്യാറാക്കുമ്പോൾ തന്നെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രോജക്റ്റിനോടൊപ്പം സമർപ്പിക്കേണ്ടതാണ്.

(vi) പ്രവൃത്തിയുടെ നടത്തിപ്പ് രീതി (ടെണ്ടർ / ഗുണഭോക്തൃ സമിതി/നേരിട്ട്/ഡെപ്പോസിറ്റ്) പ്രോജക്ട് തയ്യാറാക്കുമ്പോൾ തന്നെ തീരുമാനിക്കേണ്ടതാണ്.

(vii) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ബിറ്റുമിൻ വാങ്ങി നൽകുന്നതിനുള്ള മൂല്യം 30 ലക്ഷം രൂപയായിരിക്കും.

(viii) സർവ്വീസ് ടാക്സ്:- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പ്രവർത്തികൾക്ക് സർവ്വീസ് ടാക്സ് നൽകേണ്ടതുണ്ടെങ്കിൽ പ്രോജക്ടിന്റെ ഭാഗമായി തുക വകയിരുത്താവുന്നതാണ്.

(ix) **<u>Deposit വർക്കുകൾ സംബന്ധിച്ച് :-</u>**
തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി, ഇലക്ട്രിക്കൽ വർക്കുകൾക്കും, തെരുവിളക്ക് ലൈൻ വലിക്കുന്നതിനുൾപ്പെടെയുള്ളതും, KWA ലൈനിൽ നിന്നും, കുടിവെള്ള പ്രോജക്ടുകൾക്കുമായി സെന്റേജ് ചാർജ്ജ്, KWA, KSEB, PWD & Electrical & Electronics Wing ഈടാക്കുന്നതായി കാണുന്നു. അത് വികസന ഫണ്ടിൽ നിന്നും അടയ്ക്കാവുന്നതാണ്. Deposit Work കൾ സമയബന്ധിതമായി പൂർത്തിയാക്കാൻ തുടർ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപന സെക്രട്ടറി സ്വീകരിക്കേണ്ടതാണ്. ഡെപ്പോസിറ്റ് വർക്കുകളുടെ നിർവ്വഹണ പുരോഗതി DPC വിലയിരുത്തി ബന്ധുപ്പെട്ട ഏജൻസികൾക്കു നിർദ്ദേശം നൽകേണ്ടതാണ്.

**(x) റോഡ് മാപ്പിംഗും കണക്ടിവിറ്റി പ്ലാൻ തയ്യാറാക്കലും:-**

ജില്ലയിലെ എല്ലാ റോഡുകളുടെയും പ്രത്യേകതകളനുസരിച്ച് പട്ടികപ്പെടുത്തി റോഡ് മാപ്പും അതിന്റെ കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുന്നതിനുള്ള പദ്ധതി എല്ലാ ജില്ലാപഞ്ചായത്തുകളും ഏറ്റെടുക്കേണ്ടതാണ്. ഇത് തദ്ദേശസ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയറുടെ മാർഗ്ഗനിർദ്ദേശപ്രകാരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹിക്കേണ്ടതാണ്

**15. കുടിവെള്ള പ്രോജക്ടുകൾ:-**

1. കുടിവെള്ള പ്രോജക്ടുകൾ മുഖേന പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തിയുള്ള ഗുണഭോക്തൃ ഗ്രൂപ്പ് രപീകരിക്കേണ്ടതാണ്. നിർമ്മാണം പൂർത്തിയാക്കിയശേഷം പ്രോജക്ടിന്റെ തുടർനടത്തിപ്പും അറ്റകുറ്റപ്പണിയുടെ ചുമതലയും (operation and maintaenance) ഗുണഭോക്തൃ ഗ്രൂപ്പ് തന്നെ ഏറ്റെടുക്കേണ്ടതാണ്. പട്ടികജാതി പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ ഇത്തരം ചെലവുകൾ തദ്ദേശഭരണസ്ഥാപനം വഹിക്കേണ്ടതാണ്. അങ്ങനെ ഏറ്റെടുക്കാമെന്ന കരാറിൽ ഏർപ്പെട്ട

ശേഷമേ പ്രവൃത്തിയുടെ നിർവഹണം ആരംഭിക്കാവൂ. എന്നാൽ 50,000/- രൂപയിൽ അധികരിച്ചു വരുന്ന അറ്റകുറ്റപ്പണികൾ തദ്ദേശ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

2. ഇടുക്കി, വയനാട് ജില്കളിൽ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള എസ്റ്റേറ്റ് ഭൂമിയിൽ കുടിവെള്ള ആവശ്യത്തിന് കിണർ കുഴിക്കുന്ന പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്. എന്നാൽ കിണർ പൊതുവായി ഉപയോഗിക്കുന്നതിൽ എതിർപ്പ് ഇല്ലെന്നും പൊതു ഉപയോഗത്തിനുള്ള സൗകര്യങ്ങൾ നൽകുന്നതാണെന്നുമുള്ള ഒരു കരാറിൽ ഭൂവുടമയുമായി ഏർപ്പെടണം. സ്ഥലവും വഴിയും തദ്ദേശഭരണ സ്ഥാപനത്തിലേക്ക് വസ്തു ആർജിക്കലും കൈയൊഴിയലും ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിക്കണം. ഇങ്ങനെ നിർമ്മിക്കുന്ന കിണറുകളുടെ പരിസരത്ത് പൊതുകിണർ എന്ന ബോർഡ് സ്ഥാപിക്കേണ്ടതാണ്.
3. ഗ്രാമപഞ്ചായത്തുകളുടെ രേഖാമൂലമുള്ള നിർദ്ദേശത്തോടെ ബ്ലോക്ക് പഞ്ചായത്തുകൾക്ക് കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കാവുന്നതണ് (അറ്റകുറ്റപ്പണി പ്രോജക്റ്റുകൾ പാടില്ല).

**16. പ്രോജക്ടുകളുടെ കുറഞ്ഞ അടങ്കൽ തുക:-**

ജില്ലാ പഞ്ചായത്തുകൾ 10 ലക്ഷം രൂപയിൽ കുറവ് അടങ്കലുള്ള പ്രോജക്ടുകളും, ബ്ലോക്ക് പഞ്ചായത്തുകൾ 5 ലക്ഷം രൂപയിൽ കുറവ് അടങ്കലുള്ള പ്രോജക്ടുകളും ഏറ്റെടുക്കാൻ പാടില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾ, പുതുക്കിപ്പണിയൽ, കൂട്ടിച്ചേർക്കലുകൾ എന്നിവയ്ക്കും സാമഗ്രികൾ വാങ്ങുന്നതിനും ഉള്ള പ്രോജക്ടുകൾക്ക് കുറഞ്ഞ പരിധി ബാധകമല്ല. അതുപോലെ നോൺ റോഡ് മെയ്ന്റനൻസ് ഫണ്ട് വിനിയോഗിച്ച് ചെയ്യുന്ന പ്രവൃത്തികൾക്കും ജില്ലാ പഞ്ചായത്തുകൾക്ക് സർക്കാർ കൈമാറി നൽകിയ റോഡുകളിൽ മുമ്പ് ചെയ്ത പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി ചെയ്യുന്ന പ്രവൃത്തികൾക്കും പട്ടികവർഗ്ഗ ഊരുകളിൽ നടപ്പാലങ്ങൾ, പടവുകൾ എന്നിവയ്ക്കുള്ള പ്രവൃത്തികൾക്കും കുറഞ്ഞ പരിധി ബാധകമല്ല.

**17. തനതു ഫണ്ടിന്റെ /ഗുണഭോക്തൃവിഹിതത്തിന്റെ വിനിയോഗം:-**

17.1 ഗുണഭോക്തൃവിഹിതം നിർബന്ധമായും നൽകേണ്ട എല്ലാ പ്രോജക്ടുകൾക്കും അവ മറ്റ് കേന്ദ്രാവിഷ്കൃത പരിപാടിയുമായോ സംസ്ഥാനാവിഷ്കൃത പരിപാടിയുമായോ സംയോജിപ്പിക്കുകയാണെങ്കിൽ തന്നെയും, പ്രോക്ടിന്റെ ആകെ അടങ്കലിന്റെ അടിസ്ഥാനത്തിലായിരിക്കണം ഗുണഭോക്തൃ വിഹിതം കണക്കാക്കേണ്ടത്.

17.2 ഗുണഭോക്തൃവിഹിതം മുൻകൂറായി ഈടാക്കി തദ്ദേശഭരണ സ്ഥാപനത്തിന്റെ തനതു ഫണ്ടിലേക്ക് അടച്ചതിനുശേഷം, മറ്റൊരു നിർദ്ദേശം ഇല്ലാത്ത പക്ഷം, കരാറുകാരന്/ നിർവഹണ ഏജൻസിക്ക് ഉചിതമായ സമയത്ത് കൈമാറേണ്ടതാണ്.

17.3 ഗുണഭോക്തൃ വിഹിതം തദ്ദേശ സ്ഥാപനം നൽകുന്ന തുകയുടെ ഗഡുക്കൾക്ക് ആനുപാതികമായി മുൻകൂർ ആയി ഈടാക്കേണ്ടതാണ്.

17.4 ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭാ സ്ഥാപനങ്ങൾക്കും അവയുടെ തനതുഫണ്ട്, പ്രോജക്ടുകൾ നടപ്പാക്കാനുള്ള അധിക വിഭവമായി വകയിരുത്താവുന്നതാണ്. എന്നാൽ അങ്ങനെ വകയിരുത്തുന്ന തുകകൾക്ക് സബ്സിഡി മാർഗ്ഗരേഖയിലും പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലും പറഞ്ഞ എല്ലാ നിബന്ധനകളും ബാധകമായിരിക്കുന്നതാണ്.

17.5 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവയുടെ തനതു ഫണ്ട് വികസന ഫണ്ടുമായും, ഗുണഭോക്ത- വിഹിതം വികസന ഫണ്ടുമായും ഇഷ്ടാനുസരണം സംയോജിപ്പിക്കാം. എന്നാൽ പ്രോജക്ട് അംഗീകാരശേഷം തനതു ഫണ്ടിന്റേയോ ഗുണഭോക്തൃവിഹിതത്തിന്റെയോ കുറവ് നികത്തുന്നതിന് വികസനഫണ്ടിന്റെ തുകയിൽ വർദ്ധനവ് വരുത്തുന്നതിനുവേണ്ടി പ്രോജക്ട് ഭേദഗതി വരുത്താൻ പാടില്ല.

17.6 കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ പറഞ്ഞിട്ടുള്ള, ഗുണഭോക്താക്കൾ നൽകേണ്ട ഗുണഭോക്തൃവിഹിതം തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകാൻ പാടില്ല.

**18. ജലസേചന പരിപാടികൾ:-**

18.1 ജലസേചന പരിപാടികളുടെ ഗുണഭോക്തൃ പ്രദേശം (Ayacut area) നിർണ്ണയിക്കുന്നതിന് കൃഷി ഓഫീസർ നൽകുന്ന ആയക്കെട്ട് സർട്ടിഫിക്കറ്റ് നിർബന്ധമാണ്. യഥാർത്ഥ ജലവിതരണം നടത്താത്ത, ജലസംരക്ഷണം മാത്രമുള്ള പ്രോജക്ടുകൾക്ക് ആയക്കെട്ട് സർട്ടിഫിക്കറ്റ് ആവശ്യമില്ല. ജലസേചന പരിപാടികളുടെ ഭാഗമായി ചെയ്യേണ്ടിവരുന്ന, ജലസ്രോതസ്സുകളിൽ മണ്ണ്/ ചെളി നീക്കം ചെയ്യൽ, വശങ്ങൾ മണ്ണിട്ട് നികത്തൽ, പുല്ല് വച്ചുപിടിപ്പിക്കൽ തുടങ്ങിയവ തൊഴിലുറപ്പ് പദ്ധതിയി ൽ ഉൾപ്പെടുത്തി ചെയ്യേണ്ടതാണ്.

**18.2. ജലസേചന /കുടിവെള്ള വിതരണ പരിപാടികൾക്ക് ഒ.വൈ.ഇ.സി. ചാർജ്ജ്:-**

ജലസേചന പ്രോജക്ടുകൾക്കും, കുടിവെള്ള പ്രോജക്ടുകൾക്കും, വൈദ്യുതി ഏർപ്പെടുത്തുന്നതിനും പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ വീടുകൾക്ക് ഗാർഹിക കണക്ഷൻ

നൽകുന്നതിനും Own Your Electric Connection (OYEC) ചാർജ്ജ് അടയ്ക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട് / തനത് ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

**19. ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും നടപ്പാലങ്ങൾ നിർമ്മിക്കുന്നതിൽ നിയന്ത്രണം:-**

ജില്ലാ പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും നടപ്പാലങ്ങളുടെ നിർമ്മാണത്തിനുള്ള പ്രോജക്ടുകൾ പൊതുവിഭാഗത്തിലോ പ്രത്യേക ഘടക പദ്ധതിയിലോ ഏറ്റെടുക്കുവാൻ പാടില്ല. എന്നാൽ ആ സ്ഥാപനങ്ങൾക്ക് പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം പട്ടികവർഗ്ഗ ഊരുകളുടെ ഉപയോഗത്തിനു മാത്രമുള്ള നടപ്പാലങ്ങളുടെയും പടവുകളുടെയും (foot bridges and foot steps) നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

**20. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കൽ:-**

1. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുമ്പോൾ ആശ്രയ പരിപാടി പ്രകാരം കണ്ടെത്തിയ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വയ്ക്കുന്നതിന് സ്ഥലം നൽകൽ, ഭവന നിർമ്മാണം, വീടിന്റെ പുനരുദ്ധാരണം, കക്കൂസുകളുടെ നിർമ്മാണം, വീട് വൈദ്യുതീകരണം എന്നീ ആനുകൂല്യങ്ങൾ നൽകേണ്ടതാണ്. ഗുണഭോക്തൃത പട്ടിക കാലോചിതമായി പരിഷ്ക്കരിക്കേണ്ടതും ഗ്രാമ/വാർഡ് സഭയുടെ അംഗീകാരം വാങ്ങേണ്ടതുമാണ്.
2. **ഗുണഭോക്തൃ ലിസ്റ്റ്:-**

എ) പദ്ധതിയുടെ ഭാഗമായി വ്യക്തികൾക്കോ, ഗ്രൂപ്പ് സംരംഭങ്ങളിലെ വ്യക്തികൾ ഉൾപ്പടെയുള്ള കുടുംബങ്ങൾക്കോ ആനുകൂല്യം നൽകുന്നതിനുവേണ്ടിയുള്ള പ്രോജക്റ്റുകളുടെ ഗുണഭോക്താക്കളെ (ബ്ലോക്ക് - ജില്ലാ പഞ്ചായത്തുകൾ നടപ്പിലാക്കുന്ന ഇത്തരം പ്രോജക്റ്റുകളുടെ ഗുണഭോക്താക്കൾ ഉൾപ്പടെ) തെരഞ്ഞെടുക്കുന്നതിന് താഴെപ്പറയുന്ന നടപടിക്രമം പാലിക്കേണ്ടതാണ്.

1. വ്യാപകമായ പ്രചാരണം നൽകി ആവശ്യമുള്ള മുഴുവൻ പേർക്കും അപേക്ഷ നൽകാൻ അവസാന തീയതിയും, സമയവും നിശ്ചയിച്ച് അവസരം നൽകണം, ഗ്രാമകേന്ദ്രം തുടങ്ങി എല്ലാവിധ പൊതു സാമൂഹ്യസംഘടനാ സംവിധാനങ്ങളിലൂടെയും അപേക്ഷാ ഫോറങ്ങൾ വിതരണം ചെയ്യണം.
2. അപേക്ഷ സ്വീകരിച്ച ശേഷം അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർ ഹരെ ഒഴിവാക്കി അർഹരായവരുടെ കരട് ലിസ്റ്റ് അതാത് വർക്കിംഗ് ഗ്രൂപ്പ്/തദ്ദേശ ഭരണ സ്ഥാപനം തയ്യാറാക്കണം.
3. അർഹരായവരിൽ നിന്ന് മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകി അർഹരായ മുഴുവൻ പേരേയും ഉൾപ്പെടുത്തി കരട് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുണം.
4. മുൻഗണനാ ലിസ്റ്റ് പ്രകാരമുള്ള അപേക്ഷകരുടെ അർഹതയും മുൻഗണനയും ഫീൽഡ് ലെവൽ പരിശോധന നടത്തി രണ്ട് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തണം.
5. പരിശോധനയുടേയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ കരട് മുൻഗണനാ ലിസ്റ്റ് പുതുക്കി തയ്യാറാക്കണം.
6. കരട് മുൻഗണനാലിസ്റ്റ് അപേക്ഷകൾ സഹിതം ഗ്രാമസഭ/വാർഡ്സഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുകയും. ചർച്ചകളുടെ അടിസ്ഥാനത്തിൽ അന്തിമ മുൻഗണനാ ലിസ്റ്റ് ഗ്രാമസഭ/വാർഡ്സഭ അംഗീകരിച്ച്. ഗ്രാമസഭ/വാർഡ്സഭ മിനിട്സിൽ തീരുമാനം രേഖപ്പെടുത്തുകയും വേണം.
7. ഗ്രാമസഭ/ വാർഡ് സഭ അംഗീകരിച്ച മുൻഗണനാ ലിസ്റ്റിന്റെ മുൻഗണനാ ക്രമം മാറ്റാതെ ഭരണസമിതി അംഗീകാരം നൽകേണ്ടതാണ്.
8. **ഓരോ വാർഡിലെയും ഗുണഭോക്താക്കളുടെ എണ്ണത്തിന്റെ അനുപാതികമായി ഒരു പ്രോജക്ടിന്റെ തദ്ദേശഭരണസ്ഥാപനതല ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുന്നവിധം:-** സമിതി അംഗീകരിച്ച ഓരോ വാർഡ്തല ലിസ്റ്റിലെയും ഗുണഭോക്താക്കളുടെ എണ്ണത്തെ, തദ്ദേശഭരണ സ്ഥാപനത്തിൽ തൻവർഷം ആനുകൂല്യം വിതരണം ചെയ്യുന്നതിന് പ്രോജക്ട് പ്രകാരമുള്ള ഗുണഭോക്താക്കളുടെ എണ്ണം കൊണ്ട് ഗുണിക്കുന്നതിനെ എല്ലാ വാർഡുതലത്തിലെയും ഗുണഭോക്താക്കളുടെ ആകെ എണ്ണം കൊണ്ട് ഭാഗിച്ചാൽ = ഓരോ വാർഡിൽ നിന്നും തദ്ദേശഭരണ സ്ഥാപന തലത്തിൽ ആനുകൂല്യം നൽകാവുന്ന ഗുണഭോക്താക്കളുടെ എണ്ണം കിട്ടും. ഇതിനെ മാർക്കിന്റെ മുൻഗണനാടിസ്ഥാനത്തിൽ പട്ടികപ്പെടുത്തി തദ്ദേശസ്ഥാപനതല ലിസ്റ്റ് ആക്കാം. ഇതായിരിക്കണം അടിസ്ഥാനലിസ്റ്റ്. ഇതിൽ നിന്നും മാറ്റങ്ങൾ വരുത്തേണ്ടി വരുന്നെങ്കിൽ അതിന്റെ കാരണം വ്യക്തിമായി രേഖപ്പെടുത്തി ഭരണസമിതി അംഗീകരിക്കണം.

ഒരേ മാർക്ക് വരുന്ന സാഹചര്യത്തിൽ അപേക്ഷകന്റെ വയസ്സിന്റെ അടിസ്ഥാനത്തിൽ മുൻഗണന നൽകണം.

9. അംഗീകരിച്ച മുൻഗണനാ ലിസ്റ്റ് തദ്ദേശഭരണസ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധീകരിക്കുക. (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാത്ത ഗുണഭോക്തൃ ലിസ്റ്റിന് സാധുത ഉണ്ടായിരിക്കുന്നതല്ല) അങ്ങനെ ചെയ്യാത്ത പക്ഷം ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാൻ പാടില്ല. അങ്ങനെ ചെയ്താൽ അതിന്റെ ബാധ്യത തുക നൽകിയ ഉദ്യോഗസ്ഥനായിരിക്കും.

10. ഭരണസമിതി അംഗീകരിച്ച തദ്ദേശഭരണസ്ഥാപന മുൻഗണനാ ലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറണം. ഗ്രാമ/വാർഡ് കേന്ദ്രങ്ങളിൽ അവ ജനകീയ പരിശോധന ക്കായി ലഭ്യമാക്കുക.
    - എ) അംഗീകരിച്ച മുൻഗണനാലിസ്റ്റിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ആനു കൂല്യം നൽകിയ ശേഷം മാത്രമേ വീണ്ടും പുതിയ ഗുണഭോക്തൃലിസ്റ്റ് തയ്യാറാ ക്കാവു. സമാനസ്വഭാവമുള്ള പ്രോജക്റ്റ് തുടർവർഷങ്ങളിൽ പദ്ധതിയിൽ ഉൾ പ്പെടുത്തുന്നുണ്ടെങ്കിൽ പ്രസ്തുത പ്രോജക്ടിനുവേണ്ട ഗുണഭോക്താക്കളേയും ആദ്യം അംഗീകരിച്ച ഗുണഭോക്താക്തൃ ലിസ്റ്റിൽ നിന്ന് മുൻഗണാക്രമത്തിൽ വീണ്ടും കണ്ടെത്തേണ്ടതാണ്.
    - ബി) തയ്യാറാക്കിയ മുൻഗണനാ ലിസ്റ്റിൽ ഏതെങ്കിലും സാഹചര്യത്തിൽ മാറ്റം ആവശ്യമാണെന്ന് നിർവഹണ ഉദ്യോഗസ്ഥനോ ഭരണസമിതിയോ കരുതുന്നു വെങ്കിൽ (അനർഹർ ലിസ്റ്റിലുണ്ടെന്ന് കരുതുന്നുവെങ്കിൽ) അക്കാര്യം വസ്തുതകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ പരിശോധന നടത്തിയ ശേഷം മുൻഗണനാ ക്രമത്തിൽ മാറ്റം വരുത്തുകയോ അനർഹരെ ഒഴിവാക്കുകയോ ചെയ്യാവുന്നതാണ്. എന്നാൽ ഇപ്രകാരം എന്തുമാറ്റം വരുത്തുന്നതും ഗ്രാമസഭയുടെ/വാർഡ്സഭയുടെ സാധൂകരണം നേടണം.

## 21. വിദ്യാഭ്യാസം

1. ഹൈസ്കൂളിനോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന എൽ.പി, യു.പി. സ്കൂളുകളുടെ വികസനത്തിന് ജില്ലാ പഞ്ചായത്തുകളുമായി സഹകരിച്ച് ഗ്രാമപഞ്ചായത്തുകൾക്കും ഗ്രാമപഞ്ചായത്തുകളുടെ ആവശ്യപ്രകാരം ജില്ലാ പഞ്ചായത്തുകൾക്കും ഫണ്ട് വിനിയോഗിക്കാം.
2. എല്ലാ ഗവൺമെന്റ് സ്കൂളുകളിലും യൂറിനലുകളും ടോയ്ലെറ്റും (നിശ്ചിത സ്റ്റാൻഡേർഡിലും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെയും ആൺ കുട്ടികൾക്കും പെൺകുട്ടികൾക്കും അവരുടെ എണ്ണത്തിനനുസൃതമായും - 40 പെൺകുട്ടികൾക്ക് 1 യൂറിനൽ, 80 ആൺകുട്ടികൾക്ക് ഒരു യൂറിനൽ) അവയിൽ വെള്ളവും ശുചിത്വ സൗകര്യങ്ങളും ഉറപ്പാക്കിയതിനുശേഷം എയ്ഡഡ് പ്രൈമറി സ്കൂളുകളിലും ഇത്തരം സൗകര്യങ്ങൾ ലഭ്യമാക്കാവുന്നതാണ്.
3. ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ള ഹൈസ്കൂളുകളുടെ/ഹയർ സെക്കന്ററി സ്കൂളുകളുടെ ഭാഗമായിട്ടുള്ള ലോവർ പ്രൈമിറി സ്കൂളുകളുടെ കെട്ടിടങ്ങളുടെ നിർമ്മാണം/ഫർണീച്ചർ വാങ്ങിനൽകൽ മുതലായവയ്ക്ക് ഗ്രാമപഞ്ചായത്തുകളുടെ വികസന ഫണ്ട് വിനിയോഗിക്കാവുന്നതാണ്.
4. സർക്കാർ എൽ.പി., യു.പി. സ്കൂളുകളിലെ കുട്ടികൾക്ക് ഗ്രാമ-നഗരഭരണസ്ഥാപന ങ്ങൾക്ക് പ്രഭാതഭക്ഷണം നൽകുന്ന പദ്ധതി ഏറ്റെടുക്കാവുന്നതാണ്.
5. ഗ്രാമപഞ്ചായത്തിലെ എൽ.പി.,യു.പി സ്കൂളുകളുടെ പശ്ചാത്തല വികസന പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തിന്റെ സമ്മതത്തിന് വിധേയമായി ജില്ലാ പഞ്ചായത്തിന് ഏറ്റെടുക്കാവുന്നതാണ്.

## 22 . <u>കലാരംഗത്ത് സംസ്ഥാന സർക്കാരിന്റെ 2017-18 വർഷത്തെ വജ്രജൂബിലി ഫെലോഷിപ്പ് നേടുന്ന കലാകാരന്മാർക്കുള്ള അധിക വിഹിതം:-</u>

സംസ്ഥാന സർക്കാരിന്റെ 2017-18 ലെ വജ്രജൂബിലി ഫെലോഷിപ്പ് നേടുന്നതിന് പ്രാദേശിക സർക്കാരുകളുടെ സ്ഥാപനത്തോടു ബന്ധപ്പെട്ട് കലാഅഭ്യസനം അടക്കമുള്ള പ്രവർത്തനങ്ങൾ നടത്താൻ സന്നദ്ധരാകണം. അപ്രകാരം സന്നദ്ധമാകുന്ന കലാകാരന്മാർക്ക് സംസ്ഥാനസർക്കാർ ധനസഹായത്തിന് പുറമെ പ്രതിമാസം 5000/- രൂപ വീതം നൽകി അവരുടെ കലാസപര്യയുടെ പ്രയോജനം തദ്ദേശഭരണസ്ഥാപന പ്രദേശത്ത് ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതി ഏറ്റെടുക്കാവുന്നതാണ്. ഇതിന് അനുയോജ്യമായ സൗകര്യം തദ്ദേശസ്ഥാപനം ലഭ്യമാക്കേണ്ടതാണ്.

## 23. <u>തദ്ദേശഭരണ സ്ഥാപനങ്ങളിലെ ബാലസഭ പ്രവർത്തനം:-</u>

തദ്ദേശഭരണസ്ഥാപനങ്ങളിലെ ബാലസഭ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് സംസ്ഥാനതല നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് പ്രോജക്ടുകൾ തയ്യാറാക്കണം. ഗ്രാമപഞ്ചായത്തുകൾ കുറഞ്ഞത് 25,000/- രൂപയും മുൻസിപ്പാലിറ്റികൾ 50,000/- രൂപയും കോർപ്പറേഷനുകൾ 1,00,000/- രൂപയും നീക്കിവയ്ക്കണം.

**24. തുടർ സാക്ഷരതാ പ്രവർത്തനങ്ങളും തുല്യതാപരീക്ഷസഹായങ്ങളും:-**

സംസ്ഥാനതല നിർദ്ദേശങ്ങൾകൂടി പരിഗണിച്ച് തദ്ദേശഭരണസ്ഥാപനതലത്തിലെ 4,7,10,+2 ക്ലാസുകളിലേക്കുള്ള തുല്ല്യതാ പരീക്ഷയ്ക്കു രജിസ്റ്റർ ചെയ്യുന്ന പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്, പരീക്ഷാഫീസ്, കോഴ്സ് ഫീസ് എന്നിവ നൽകുന്നതിനുള്ള പ്രോജക്ടും തുടർ സാക്ഷരത പ്രവർത്തനങ്ങൾക്ക് സഹായകമായ മറ്റു ആവശ്യങ്ങൾക്കും വികസന ഫണ്ടിൽ നിന്നും വകയിരുത്തി പ്രോജക്ട് വയ്ക്കാവുന്നതാണ്.

**25. പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാരം (Eco-Tourism)**

തദ്ദേശഭരണസ്ഥാപനതലത്തിലെ പ്രകൃതിരമണീയമായ വിനോദസഞ്ചാര സാദ്ധ്യതകളുള്ള കേന്ദ്രങ്ങളെ വികസിപ്പിച്ച് അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിനു ശ്രമിക്കേണ്ടതാണ്. അതിനുള്ള സാദ്ധ്യതാപഠനങ്ങൾക്കായും മറ്റും നൂതന പ്രോജക്ടുകൾ ആവിഷ്കരിച്ച് അംഗീകാരം വാങ്ങുന്നതിനുള്ള ശ്രമങ്ങൾ അനുവദനീയമാണ്.

**26. സ്കൂൾ പരിസ്ഥിതി ക്ലബ്ബുകളിലൂടെ വൃക്ഷപരിപാലനം:**

1. എല്ലാ സ്കൂൾ കാമ്പൗണ്ടിലും കളിസ്ഥലങ്ങൾക്ക് കോട്ടം തട്ടാതെ വൃക്ഷതൈകൾ വച്ചുപിടിപ്പിക്കണം.
2. ചുറ്റുമതിലിൽ നിന്നും 1 മുതൽ 2 മീറ്റർ വരെ ഉള്ളിലായി രണ്ടു മീറ്റർ അകലത്തിൽ തേക്ക്, മഹാഗണി, ഈട്ടി തുടങ്ങിയ ദീർഘകാല വൃക്ഷതൈകൾ വച്ചുപിടിപ്പിക്കണം.
3. സ്കൂൾ കെട്ടിടത്തിന് 2 മീറ്റർ അകലത്തിൽ വേപ്പ്, പേര മരങ്ങളും വച്ച് പിടിപ്പിക്കണം.
4. വനംവകുപ്പ്, കൃഷി വകുപ്പ് ഉദ്യോഗസ്ഥരുടെ നിർദ്ദേശാനുസരണം കുഴി എടുത്ത് അടിസ്ഥാന വളങ്ങളും നിക്ഷേപിച്ച് തൈകൾ നടണം.
5. ഉറപ്പുള്ള സംരക്ഷണ വേലികളും അവയിൽ മരത്തിന്റെ സംരക്ഷണ ചുമതല നൽകുന്ന കുട്ടിയുടെ പേരും ക്ലാസ് റ്റീച്ചറുടെ പേരും രേഖപ്പെടുത്തി വയ്ക്കണം.
6. കുഴികൾ എടുക്കുന്നതിനും നനയ്ക്കുന്നതിനും തൊഴിലുറപ്പ് പദ്ധതിയുടെയും കുട്ടികളുടെ ശ്രമദാനവും PTA യുടെ സഹകരണവും ഉറപ്പാക്കണം.
7. ലോക പരിസ്ഥിതിദിന കാമ്പയിനായി പദ്ധതി ആവശ്യമായ പ്രചാരണത്തോടെ സംഘടിപ്പിക്കണം.
8. ആവശ്യമായ തൈകൾ വനംവകുപ്പ് സൗജന്യമായി നൽകണം.
9. അടിസ്ഥാന വളം, സംരക്ഷണവേലി, ബോർഡ്, കാമ്പയിൻ ചെലവ് കണക്കാക്കി ഓരോ സ്കൂളിനുമുള്ള തുക ഒന്നായി ഒരു പ്രോജക്ട് തയ്യാറാക്കണം.

**27. കുളങ്ങളും തോടുകളും സംരക്ഷിച്ച് ഉൾനാടൻ മത്സ്യകൃഷിയും ജലസംരക്ഷണവും വാർഷിക ഗ്രാന്റ് നൽകലും**

1. എല്ലാവിഭാഗം ജനങ്ങളുടെയും സ്വകാര്യ ഭൂമിയിലും പൊതുസ്ഥലങ്ങളിലുമുള്ള കുളങ്ങളും തോടുകളും (വശങ്ങൾ പാറകെട്ടി സംരക്ഷിച്ചിട്ടില്ലാത്തവ) കയർ ഭൂവസ്ത്രം കൊണ്ട് സംരക്ഷിച്ച് വശങ്ങളിൽ രാമച്ചം കൃഷി ചെയ്യുന്നതിനും കുളങ്ങളിൽ മത്സ്യകൃഷി നടത്തുന്നതിനുമുള്ള പദ്ധതി.
2. വ്യക്തികളും സ്ഥാപനങ്ങളും, ഉൾപ്പെടെയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കണം.
3. പൊതുസ്ഥലത്തുള്ളതും തദ്ദേശഭരണസ്ഥാപനത്തിന്റെതായ സ്ഥലങ്ങളിലുള്ളവയും പ്രത്യേകമായി പരിരക്ഷിക്കാൻ നടപടി സ്വീകരിക്കണം.
4. തൊഴിലുറപ്പു പദ്ധതിയുടെയും/അയ്യങ്കാളി തൊഴിലുറപ്പുപദ്ധതിയുടെയും/സന്നദ്ധസേവന ത്തിലൂടെയും കുളങ്ങളും തോടുകളും സംരക്ഷിക്കുകയും- ശുചിയാക്കി സൂക്ഷിക്കുകയും ചെയ്യണം.
5. എല്ലാ കുളങ്ങളുടെയും തോടുകളുടെയും വശങ്ങൾ കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംര ക്ഷിക്കുക. ഇങ്ങനെ ചെയ്യുന്നതിന് ആവശ്യമായ കയർ ഭൂവസ്ത്രം തദ്ദേശസ്ഥാപനം സൗജന്യമായി ലഭ്യമാക്കണം.
6. ഇങ്ങനെ സംരക്ഷിക്കുന്ന കുളങ്ങളുടെയും തോടുകളുടെയും കരകളിൽ രാമച്ചം കൃഷി ചെയ്യുന്നതിന് രാമച്ചം തദ്ദേശസ്ഥാപനം ലഭ്യമാക്കണം- കൃഷിവകുപ്പ് സഹായം ചെയ്യണം.
7. ഈ കുളങ്ങളിൽ ഉൾനാടൻ മത്സ്യകൃഷി നടത്താനാവശ്യമായ മത്സ്യ കുഞ്ഞുങ്ങളെ മത്സ്യ വകുപ്പിലൂടെ സൗജന്യമായി തദ്ദേശഭരണസ്ഥാപനം ലഭ്യമാക്കണം.
8. കാമ്പയിൻ പ്രവർത്തനങ്ങളുടെ ചെലവ് ഉൾപ്പെടെ കണക്കാക്കി ഏകദേശ തുകയ്ക്ക് പ്രാരംഭമായി പ്രോജക്ട് വയ്ക്കുകയും വിശദാംശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് പ്രോജക്ട് ഭേദഗതി വരുത്തി നടപ്പാക്കേണ്ടതുമാണ്.

9. സ്വകാര്യ ഭൂമിയിലെ കുളങ്ങളും തോടുകളും പരിപാലിക്കുന്നതിന് ഉടമസ്ഥരെയും പൊതു കുളങ്ങൾ പ്രാദേശിക കൂട്ടായ്മകളെയും ഏല്പിച്ച് നടപടി സ്വീകരിക്കണം.
10. ഇവയുടെ പരിപാലനത്തിന് പ്രോത്സാഹനമായി കുളത്തിന്റെ വിസ്തൃതിയും ജലസം രക്ഷണ ശേഷിയും കണക്കിലെടുത്ത് വാർഷിക ഗ്രാന്റ് നൽകുന്നതിന് ഗ്രാമ/നഗരഭരണ സ്ഥാപനങ്ങൾ പദ്ധതി എടുക്കണം.

**28. കാവുകളുടെയും കണ്ടൽക്കാടുകളുടെയും സംരക്ഷണം**

1. ഓരോ തദ്ദേശസ്ഥാപന പ്രദേശത്തെ സംരക്ഷിക്കപ്പെടേണ്ട എല്ലാ കാവുകളുടെയും കണ്ടൽകാടുകളുടെയും പട്ടിക തദ്ദേശഭരണസ്ഥാപനതല ഹരിതകേരള മിഷൻ ടീം തയ്യാറാക്കണം.
2. ഓരോ കാവുകളിലെയും, സംരക്ഷിക്കപ്പെടേണ്ട മരങ്ങളുടെയും സസ്യങ്ങളുടെയും ഏകദേശകണക്കും സംരക്ഷിക്കേണ്ട സ്ഥലവും വിസ്തൃതിയും കണക്കാക്കാൻ ചുമതല നിശ്ചയിക്കണം.
3. ചെലവു കുറഞ്ഞ രീതിയിൽ മുള്ള് വേലികെട്ടി സംരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടു ത്തുന്നതിനും ചെയ്യേണ്ട പ്രവർത്തികളും ഏകദേശ എസ്റ്റിമേറ്റും പ്രാദേശികമായി തയ്യാറാക്കണം.
4. LSGD എഞ്ചിനീയറുടെ സഹായത്തോടെ എസ്റ്റിമേറ്റുകൾ പരിശോധിച്ച് ചെയ്യേണ്ട പ്രവർ ത്തികൾ നിശ്ചയിച്ച് അടങ്കൽ തുക നിശ്ചയിക്കണം. നിർവ്വഹണം സ്വകാര്യകാവുകളുടെ കാര്യത്തിൽ ഉടമസ്ഥരേയും, ബന്ധപ്പെട്ട സ്ഥാപനങ്ങളേയും പൊതുകാവുകളുടെ കാര്യത്തിൽ പ്രാദേശിക കൂട്ടായ്മകളേയും ഏല്പിച്ച് നടപ്പാക്കാണം.
5. മേൽനോട്ടം ജൈവവൈവിധ്യ മാനേജുമെന്റ് കമ്മറ്റിയുടെ ചുമതലയിൽ നടത്തണം. ജൈവ വൈവിദ്ധ്യ രജിസ്റ്റർ കാലാനുസൃതമാക്കണം.
6. നിർവ്വഹണം പൂർത്തിയാക്കുന്ന മുറയ്ക്ക് ആകെ ചെലവിന്റെ 75% തദ്ദേശസ്ഥാപനം നൽകണം.
7. ഇവയുടെ വാർഷിക പരിപാലനത്തിന് ഗ്രാന്റ് തുക കാവിന്റെ വിസ്തൃതിയുടെ അടിസ്ഥാ നത്തിൽ നിശ്ചയിച്ച് തദ്ദേശഭരണസ്ഥാപനം തീരുമാനിച്ച് നടപ്പാക്കാണം. പട്ടികജാതി വകുപ്പിൽ നിന്നും പട്ടികജാതി സമുദായ സംഘടനകൾ പരിപാലിച്ചുവരുന്ന കാവുകൾക്ക് നൽകിവരുന്ന വാർഷിക ഗ്രാന്റിന് പുറമേ ഇവയ്ക്കും ഈ ഗ്രാന്റ് അനുവദിയ്ക്കാവുന്നതാണ്.
8. പരിസ്ഥിതി സംരക്ഷണത്തിനായി സംരക്ഷിയ്ക്കുന്ന കാവ് എന്ന നിലയിൽ പരസ്യബോർഡ് സ്ഥാപിക്കണം - ജൈവവൈവിദ്ധ്യ രജിസ്റ്ററിൽ ഉൾപ്പെടുത്തണം. തദ്ദേശഭരണസ്ഥാപനത്തിന്റെ വെബ്സൈറ്റിൽ വിശദാംശങ്ങളോടു കൂടി രേഖപ്പെടുത്തി പ്രസിദ്ധപ്പെടുത്തണം.
9. ഇതിനാവശ്യമായ ശാസ്ത്ര സാങ്കേതിക ഉപദേശം ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബോട്ടാണിക് ഗാർഡൻ & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (JNTBG&RI) കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (KFRI), എന്നിവടങ്ങളിൽ നിന്നും ലഭ്യമാക്കാവുന്നതാണ്.
10. ഗ്രാമനഗരഭരണസ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാം

**29. <u>തദ്ദേശഭരണസ്ഥാപനത്തിന്റെ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജൻസി ചെലവുകൾ</u>**

സാമ്പത്തിക വർഷാരംഭത്തിൽ തന്നെ തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിലുള്ള കൈമാറിക്കിട്ടിയ സ്ഥാപന മേധാവികൾ ഒരു വർഷത്തേക്കുള്ള കണ്ടിജൻസി ചെലവുകൾ (കറന്റ് ചാർജ്, വാട്ടർ ചാർജ്, വാടക, കൺസ്യൂമബിൾസ്, സ്റ്റേഷനറി, പോസ്റ്റേജ്, ടെലിഫോൺ, ഇന്റർനെറ്റ് ചാർജ്) തുടങ്ങിയ ഓഫീസ് ചെലവുകളുടെ ആവശ്യകത പട്ടിക തയ്യാറാക്കി തദ്ദേശഭരണസ്ഥാപന സെക്രട്ടറിക്ക് നൽകേണ്ടതാണ്. ആവശ്യം പരിഗണിച്ച് ഒരു നടപടിക്രമ ഉത്തരവിലൂടെ എല്ലാ സ്ഥാപന മേലധികാരികൾക്കും തുക അനുവദിക്കേണ്ട താണ്. ഇതിനാവശ്യമായ തുക തദ്ദേശഭരണസ്ഥാപനത്തിന്റെ തനത് ഫണ്ട്/ജനറൽപർപ്പസ് ഗ്രാന്റിൽ നിന്നും കണ്ടെത്തേണ്ടതാണ്. അനുവദിച്ച തുകയുടെ ഉപയോഗ സാക്ഷ്യപത്രം (UC) തദ്ദേശഭരണസ്ഥാപന സെക്രട്ടറിക്ക് നൽകേണ്ടതും, ചെലവുകൾ സംബന്ധിച്ച വൗച്ചറുകൾ, സ്ഥാപനമേധാവികൾ തന്നെ സൂക്ഷിക്കേണ്ടതും ആഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

**30. <u>വനിത വികസനം:-</u>**

ജാഗ്രതാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കലും ജെന്റർ റിസോഴ്സ് സെന്റർ, ജെന്റർ ഡെസ്ക് (Gender Desk)രൂപീകരണവും

## 30.1. ജെന്റർ റിസോഴ്സ് സെന്റർ:-

1. ജില്ല തലത്തിൽ ജെന്റർ റിസോഴ്സ് സെന്ററിന് രൂപം നൽകണം. ജില്ലാ പഞ്ചായത്ത്തല ത്തിലുള്ള എല്ലാ സ്കൂളുകളിലും ജെന്റർ റിസോഴ്സ് സെന്ററിലൂടെ മറ്റ് സ്ഥാപനതലങ്ങ ളിലെ പ്രവർത്തനങ്ങൾക്കുള്ള വൈദഗ്ദ്ധ്യം, പിന്തുണ, ഏകോപനം എന്നിവ ഉറപ്പാക്കുക.
2. പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരിശീലനം, തയ്യാറാക്കുന്ന പ്രോജക്റ്റുകൾക്ക് വേണ്ട സാങ്കേതിക സഹായം, നൂതന ആശയങ്ങൾ വികസിപ്പിക്കൽ, ജാഗ്രതാസമിതി, ജെന്റർ ഡെസ്ക്ക് തുടങ്ങിയവയുടെ പരിശീലനം, പിൻതുണ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ ജെന്റർ പരിശിലനം മോഡ്യൂൾ തയ്യാറാക്കൽ.
    - നൂതനമായ പ്രോജക്ടുകൾ തയ്യാറാക്കി തദ്ദേശഭരണസ്ഥാപനങ്ങളെ പരിചയപ്പെടു ത്തുക, പ്രചാരണം നൽകുക.
    - DPCതലത്തിൽ എല്ലാ ജില്ലയിലും 15 പേരിൽ കവിയാത്ത ഒരു ജന്റർ റിസോഴ്സ് ടീമിന് രൂപം നൽകണം. ഇതിൽ ഡി.പി.സി. തീരുമാനിക്കുന്ന വനിത ഡി.പി.സി മെമ്പർ അദ്ധ്യക്ഷയും വനിത പ്രൊട്ടക്ഷൻ ഓഫീസർ കൺവീനറും, ജന്റർ സ്റ്റഡീസ്/വിമൺ സ്റ്റഡീസ് എന്നീ വിഷയങ്ങൾ ഐശ്ചിക വിഷയമായി പഠിച്ചവർ, ഈ വിഷയങ്ങളിൽ റിസേർച്ച് നടത്തിയവർ, ജെന്റർ, വിമൺ എന്നി വിഷയങ്ങൾ പ്രവർത്തന പരിചയമുള്ളവർ, വികേന്ദ്രീകൃത ആസൂത്രണത്തിൽ പരിജ്ഞാനമുള്ള വർ സി.ഐ വനിതാസെൽ, ലിഗൽ അതോറിറ്റി പ്രതിനിധി, വനിതാ വികസന ഓഫീസർ എന്നിവർ അംഗങ്ങളായുള്ള സമിതിയായിരിക്കണം.
3. ഗ്രാമപഞ്ചായത്ത് തലത്തിൽ ക്ഷേമകാര്യസ്റ്റാറ്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ അദ്ധ്യ ക്ഷൻ, അസിസ്റ്റന്റ് സെക്രട്ടറി, കൺവീനർ, ഐ.സി.ഡി.എസ് സുപ്പർവൈസർ, സി.ഡി. എസ്, ചെയർപേഴ്സൺ,രണ്ട് വനിത മെമ്പർമാർ,സന്നദ്ധ പ്രവർത്തകരായ വനിത കൾ,വിദഗ്ദ്ധർ, അടക്കം 15 പേർ ജെന്റർ റിസോഴ്സ് സെന്ററിന്റെ ആവശ്യത്തിനായി രൂപീകരിക്കാവുന്നതാണ്.
4. സ്ത്രീകളുടെ സാമൂഹ്യപദവി പഠനം പൂർത്തിയാക്കാത്ത തദ്ദേശഭരണസ്ഥാപനങ്ങളിൽ അത് പൂർത്തിയാക്കുകയും, പൂർത്തിയാക്കിയ പഞ്ചായത്തുകളിൽ അത് കാലാനുസൃ തമാക്കാവുന്നതുമാണ്.
5. പ്രവർത്തനങ്ങൾക്ക് 2 ലക്ഷം രൂപയിൽ അധികരിക്കാത്ത പ്രോജക്ട് ഓരോ സ്ഥാപന ത്തിലും തയ്യാറാക്കാവുന്നതാണ്.
6. ഓരോ തദ്ദേശഭരണസ്ഥാപനത്തിന്റെയും വരും വർഷങ്ങളിലെ വനിതാ ഘടകപദ്ധതി യുക്തിഭദ്രമായ അടിത്തറയിൽ തയ്യാറാക്കുകയും പ്രദേശത്തെ സ്ത്രീകളുടെ സാമൂഹ്യപദവി ഉയർത്തുകയാണ് പ്രധാന ലക്ഷ്യം.
7. കൗമാരക്കാരായ പെൺകുട്ടികളുടെ കൗൺസിലിംഗിന് നിയോഗിക്കു ന്നവരുടെ പ്രതിമാസ അവലോകനയോഗം ചേരേണ്ടതും റിപ്പോർട്ട് തയ്യാറാക്കി തദ്ദേശഭരണ സ്ഥാപനത്തിന് നൽകി തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.
8. തദ്ദേശഭരണസ്ഥാപനവും അവയുടെ എല്ലാ ഘടക സ്ഥാപനങ്ങളും സ്ത്രീ സൗഹൃദമാ ക്കുന്നതിനും പൊതു ഇടങ്ങളിലെ സ്ത്രീ സുരക്ഷയും സൗകര്യങ്ങളും ഉറപ്പാക്കു ന്നതിനും ആവശ്യമായ നിർദ്ദേശങ്ങളും ഇടപെടലുകളും നടത്താവുന്നതാണ്.
9. ഒരോ വർഷാവസാനവും സ്ത്രീ വികസനവുമായി ബന്ധപ്പെട്ട അവസ്ഥാവിശകലന റിപ്പോർട്ടും ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ഫെർഫോമൻസ് അവലോകന റിപ്പോർട്ടും പ്രസിദ്ധീകരിക്കേണ്ടതാണ്.
10. തദ്ദേശഭരണസ്ഥാപനം ജെന്റർ ഓഡിറ്റ് നടത്തേണ്ടതാണ്.

## 30.2. ജാഗ്രതാ സമിതി:-

1. ഗ്രാമ/ജില്ലാ/മുൻസിപ്പൽ/കോർപ്പറേഷൻ സ്ഥാപനതലത്തിലുള്ള ജാഗ്രതാ സമിതി/ വാർഡ് ജാഗ്രതാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
2. ജാഗ്രതാ സമിതിയുടെ നേതൃത്വത്തിൽ വിദ്യാർത്ഥി നികളുടെ സുരക്ഷയ്ക്കും പരാതി പരിഹാരത്തിനും, കൗൺസിലിംഗിനും, മാനസികാരോഗ്യത്തിന് സഹായകരമായ വിധത്തിൽ സ്ക്കൂളുകളിൽ ജെന്റർ ഡെസ്ക് സ്ഥാപിക്കുക.
3. ജാഗ്രതാസമിതി പ്രവർത്തനത്തിനും ജന്റർ റിസോഴ്സ് സെന്റർ പ്രവർത്തനത്തിനും കൂടി കരാർ അടിസ്ഥാനത്തിൽ യോഗ്യതയുള്ള ഒരു വനിതയെ നിയോഗിക്കാവുന്ന താണ്. ടി ചിലവ് ഈ പ്രോജക്ടിലൂടെ നടത്താവുന്നതാണ്.

## 30.3. ജെന്റർ ഡെസ്ക്:-

വിദ്യാർത്ഥിനികളുടെയും വനിതകളുടെയും സുരക്ഷയ്ക്ക് പരാതിപരിഹാരത്തിനും കൗൺ സിലിംഗിനും സഹായകമായ വിധത്തിൽ ജെന്റർഡെസ്ക് രൂപീകരിച്ച് പ്രവർത്തിക്കാവുന്നതാണ്.

### 30.4 ഷീ ലോഡ്ജ് ശൃംഖല

സ്ത്രീ ശാക്തീകരണത്തിന് സഹായകമായ പ്രധാന ഘടകങ്ങളിൽ ഒന്ന് അവർക്ക് സ്വതന്ത്രമായ സഞ്ചാര സൗകര്യം ഉറപ്പാക്കുകയാണ്. ആത്മവിശ്വാസത്തോടുകൂടിയ സഞ്ചാരത്തിന് സുരക്ഷിതമായ താമസസൗകര്യം അത്യാവശ്യമാണ്. സംസ്ഥാനതലത്തിൽ വിശ്വസ്ഥതയുള്ള ഒരു സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ രാത്രികാലങ്ങളിൽ ഉൾപ്പെടെ എല്ലാ സമയവും പ്രവർത്തിക്കുന്നതും പ്രാഥമിക സ്റ്റേഷനറി സാധനങ്ങളും ക്യാന്റീനും ഉള്ള ഒരു ലോഡ്ജിംഗ് സൗകര്യമാണ് ഷീ ലോഡ്ജിംഗ്ലൂടെ വിഭാവന ചെയ്യുന്നത്. സംസ്ഥാനത്തെ വലിയ നഗരസഭകളിലും കോർപ്പറേഷൻ തലങ്ങളിലും ആദ്യഘട്ടമായി ആരംഭിക്കാം. ഇവ തമ്മിൽ പരസ്പരബന്ധം ഉണ്ടാകണം. സംസ്ഥാനത്തിന്റെ ഏത് ഭാഗത്തുനിന്നുമുള്ള സ്ത്രീകൾക്ക് ഓൺലൈനായി മുറി ബുക്ക് ചെയ്ത് ഉപയോഗിക്കാവുന്ന വിധത്തിലാകണം നടപ്പാക്കേണ്ടത്. നഗരസഭ/കോർപ്പറേഷൻ അധീനതയിൽ നിലവിലുള്ള കെട്ടിടങ്ങളോ, വാടകയ്ക്ക് എടുക്കുന്ന കെട്ടിടങ്ങളോ ഉപയോഗിച്ച് പ്രവർത്തനം ആരംഭിക്കാം. ഇതിനാവശ്യമായ തുക വികസന ഫണ്ടിൽ നിന്നും വകയിരുത്താവുന്നതാണ്. സ്ത്രീ സൗഹൃദം, മാനേജ്മെന്റ് വൈദഗ്ധ്യം തുടങ്ങിയ ഘടകങ്ങൾ കണക്കിലെടുത്ത് വനിതാ ഗ്രൂപ്പിനെ നടത്തിപ്പ് ചുമതല ഏല്പിക്കാം. കുടുംബശ്രീയുടെ നേതൃത്വത്തിൽ ജീവനക്കാർക്ക് ആധുനിക പരിശീലനം നൽകുന്നതാണ്.

## 31. ഇന്നവേറ്റേഴ്സ് മീറ്റ് (Innovators Meet)

ഉല്പാദന-സേവന-തൊഴിൽ-വിപണന മേഖലകളുമായി ബന്ധപ്പെട്ട നവീന ആശയങ്ങൾ, കാർഷിക രീതികൾ, ശൃംഖലാ പ്രവർത്തനങ്ങൾ, മാനേജ് മെന്റ് സംവിധാനം-പ്രചാരണം-പ്രോത്സാഹനം.

1. അറിവുകൾ, അനുഭവങ്ങൾ എന്നിവ കൈമാറുന്നതിനും, പങ്ക്വയ്ക്കുന്നതിനും വേണ്ടി ജില്ലയിലെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളേയും കൈമാറികിട്ടിയ ഓഫീസുകളെയും പങ്കെടുപ്പിച്ചുകൊണ്ട് ഇന്നവേറ്റേഴ്സിന്റെ സംഗമം ജില്ലാതലത്തിൽ സംഘടിപ്പിക്കുക.
2. സംഘാടന ചെലവിനു വേണ്ടി ജില്ലാപഞ്ചായത്തിന് 2.5 ലക്ഷം രൂപ വരുന്ന പ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണ്.
3. ജില്ലയിലെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും മീറ്റിൽ പങ്കെടുക്കണം. മറ്റ് ജില്ലകളിലെ നൂതനമായ പ്രവർത്തനാനുഭവങ്ങൾ പങ്ക് വക്കേണ്ടതാണെന്ന് ജില്ലാതല സംഘാടകസമിതിക്ക് തോന്നുന്നവരെകൂടി ഇതിലേക്ക് ക്ഷണിക്കാവുന്നതാണ്.
4. ഓരോ സ്ഥാപനത്തിനും നൂതനമായ പ്രവർത്തനങ്ങൾ പ്രദർശിപ്പിക്കുന്നതിനും അവതരിപ്പിക്കുന്നതിനും 25,000/- രൂപയിൽ അധികരിക്കാതെ ചെലവഴിക്കാവുന്നതാണ്.
5. ജില്ലാ പഞ്ചായത്ത് സംഘാടനത്തിന്റെ ഭാഗമായി അവതരിപ്പിക്കുന്ന/പ്രദർശിപ്പിക്കുന്ന എല്ലാ വിഷയങ്ങളും ഡോക്യുമെന്റ് ചെയ്ത് പ്രിന്റ്/ഡിജിറ്റൽ മാധ്യമത്തിൽ സൂക്ഷിക്കേണ്ട താണ്.
6. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ജില്ലാതല സംഘടനകളുടെ പങ്കാളിത്തം ഉറപ്പാക്കി സംഘാടകസമിതി രൂപീകരിച്ച് നടപ്പാക്കണം.
7. അവതരിപ്പിക്കുന്ന/പ്രദർശിപ്പിക്കുന്നവയുടെ മികവിന്റെ അടിസ്ഥാനത്തിൽ മാർക്കിട്ട് എല്ലാ സ്ഥാപനങ്ങളുടെയും റാങ്ക് നിശ്ചയിച്ച് പ്രിന്റ് ചെയ്യുന്ന രേഖയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 32. തദ്ദേശഭരണ സ്ഥാപനതല കായിക വികസനം

കേരളത്തിലെ ഓരോ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും അതാത് പ്രദേശത്ത് കായിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന യൂത്ത് ക്ലബുകളുടെ സഹകരണത്തോടെ കായിക വികസനം സാദ്ധ്യമാക്കുന്നതിനുള്ള പ്രോജക്ടുകൾ രൂപീകരിക്കാവുന്നതാണ്. ഇത് യുവജനങ്ങളുടെ ശാരീരിക-മാനസിക ആരോഗ്യം വർദ്ധിപ്പിക്കുന്നതിനും, യുവജന ക്ലബുകൾ തമ്മിലുള്ള സഹകരണം വിപുലീകരിക്കുന്നതിനും യൂത്ത് ക്ലബുകളും തദ്ദേശഭരണ സ്ഥാപനങ്ങളും തമ്മിലുള്ള സഹകരണവും, സാദ്ധ്യമാക്കുന്നതിന് ഗ്രാമ-വാർഡ്സഭ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളുടെ ഗുണപരത ഉയർത്താനും സഹായിക്കും. ജാതി-മത-വർഗ്ഗീയ വിവേചനങ്ങളില്ലാതെ എല്ലാ വിഭാഗങ്ങളേയും ഒരുപോലെ അംഗമാക്കുന്ന യുവജന ക്ലബ്ബുകൾക്ക് പങ്കെടുക്കാം.

### 32.1 ലക്ഷ്യം:-

1) ആരോഗ്യകരമായ കായിക സംസ്കാരത്തിന്റെ വികസനം.
2) തദ്ദേശഭരണസ്ഥാപനതലത്തിൽ യൂത്ത് ക്ലബുകൾ തമ്മിൽ വിവിധ ഗെയിമുകളിൽ സൗഹാർദ്ദ മത്സരങ്ങൾ സംഘടിപ്പിക്കുക. യൂത്ത് ക്ലബുകൾ തമ്മിൽ സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുക. യുവജനങ്ങളുടെ ശാരീരിക മാനസികാരോഗ്യം മെച്ചപ്പെടുത്തുക.

3) തദ്ദേശഭരണസ്ഥാപനതലത്തിലെ പ്രാധാന ഗെയിംസ് ഇനങ്ങളിൽ ടീമുകൾ രൂപീകരിക്കുക.
4) ഓരോ തദ്ദേശഭരണസ്ഥാപനത്തിന്റെയും ബാനറിൽ മത്സരാർത്ഥികളെ പങ്കെടുപ്പിച്ചു കൊണ്ട്. ബ്ലോക്ക്/ജില്ലാ തലങ്ങളിൽ സ്പോർട്സ് മീറ്റുകൾ സംഘടിപ്പിക്കുക.
5) സ്പോർട്സ് & ഗെയിംസ് ടീം അംഗങ്ങളെ തദ്ദേശഭരണസ്ഥാപനത്തെ പ്രതിനിധീകരിക്കുന്ന തലത്തിലേയ്ക്ക് ഉയർത്തുക.

## 32.2 പ്രവർത്തനം:-

**ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻതല യുവജനക്ലബുകളിൽ ടീം രൂപീകരണവും കോച്ചിംഗ് ക്യാമ്പും:-**

1) തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലെ രജിസ്ട്രേർഡ് യുവജന ക്ലബുകൾക്ക് വോളിബാൾ, ഫുട്ബാൾ, ക്രിക്കറ്റ് തുടങ്ങിയ ഗെയിമുകളിൽ താൽപര്യമുള്ള അവരുടെ തന്നെ അംഗങ്ങൾക്കായി ചുവടെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി കോച്ചിംഗ് ക്യാമ്പ് സംഘടിപ്പിച്ച് ടീം രൂപീകരിക്കാവുന്നതാണ്.
2) ഈ പരിശീലനത്തിനാവശ്യമായ സ്പോർട്സ് ഉപകരണങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനം വാങ്ങി നൽകാവുന്നതാണ്.
3) തദ്ദേശസ്വയംഭരണസ്ഥാപനതലത്തിലെ എല്ലാ യുവജനക്ലബുകളിൽ നിന്നും അപേക്ഷ ക്ഷണിക്കണം.
4) സഹായം ലഭിക്കുന്ന യൂത്ത് ക്ലബിന്റെ അംഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കുന്ന 15 പേരെയാണ് പരിശീലിപ്പിച്ച് ടീം രൂപീകരിക്കേണ്ടത്.
5) അംഗീകൃത ട്രെയിനർമാർ, സ്പോർട്സ് കൗൺസിൽ കോച്ചുകൾ, ബി.പി.എഡ്, എം.പി.എഡ് യോഗ്യതയുള്ളവർ, സർക്കാർ/എയ്ഡഡ് സ്ക്കൂൾ/കോളേജുകളിലെ ഫിസിക്കൽ എഡ്യുക്കേഷൻ അദ്ധ്യാപകർ/വിരമിച്ച അദ്ധ്യാപകർ, ബന്ധപ്പെട്ട ഗെയിംസിലെ ജില്ലാതല അസോസിയേഷന്റെ ജില്ലാ സീനിയർ ടീം അംഗങ്ങൾ എന്നിവരിൽ നിന്നും നിയോഗിക്കുന്ന ട്രെയിനറുടെ നേതൃത്വത്തിലായിരിക്കണം കോച്ചിംഗ് ക്യാമ്പ് നടത്തേണ്ടത്.
6) കുറഞ്ഞത് 7 ദിവസത്തെ കോച്ചിംഗ് ക്യാമ്പ് സംഘടിപ്പിക്കണം
7) ഒരു ക്ലബിന് 3000/- രൂപ ക്രമത്തിൽ. രണ്ട് ഗഡുക്കളായി ധനസഹായം നൽകാവുന്നതാണ്.

## 32.3 ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തല ടീം രൂപീകരണ സെലക്ഷൻ ട്രയൽസും ചാമ്പ്യൻഷിപ്പും തെരഞ്ഞെടുക്കപ്പെടുന്ന ടീമുകളുടെ കോച്ചിംഗ് ക്യാമ്പും

1. മേൽ പ്രകാരം പരിശീലനം നൽകിയ യൂത്ത് ക്ലബുകളുടെ കളിക്കാരിൽ നിന്നും തദ്ദേശഭരണ സ്ഥാപനതല ടീം രൂപീകരിക്കുന്നതിന് പ്രത്യേക സെലക്ഷൻ ട്രയൽസ് - ചാമ്പ്യൻഷിപ്പ് നടത്തണം. ഈ ചാമ്പ്യൻഷിപ്പിൽ തദ്ദേശഭരണ സ്ഥാപന പ്രദേശത്ത് സ്ഥിരതാമസമാക്കിയ എല്ലാ കായിക താരങ്ങൾക്കും ക്ലബ് അടിസ്ഥാനത്തിലോ വ്യക്തിപരമായോ പങ്കെടുക്കാം.
2. ഓരോ ഇനം ഗെയിംസിന്റെയും തദ്ദേശഭരണ സ്ഥാപനതല ടീം രൂപീകരണ സെലക്ഷൻ ട്രയൽസും ചാമ്പ്യൻഷിപ്പും സംഘടിപ്പിക്കുന്നതിനും, തെരഞ്ഞെടുക്കപ്പെടുന്ന ടീമിന് ഒരു മാസത്തെ പരിശീലനം സംഘടിപ്പിക്കുന്നതിനും, ടീം അംഗങ്ങൾക്ക് സർട്ടിഫിക്കറ്റും, യൂണിഫോമും ക്യാഷ് അവാർഡുകളും ട്രോഫിയും നൽകുന്നതിനും ടീം അംഗങ്ങളുടെ റിഫ്രഷ്മെന്റ്, ട്രെയിനറുടെ പ്രതിഫലം എന്നിവ നൽകുന്നതിനും ഓരോ ഗെയിമിനും ഗ്രാമപഞ്ചായത്തിൽ 30,000/- രൂപ വീതവും മുൻസിപ്പാലിറ്റിയിൽ 35,000/- രൂപവീതവും കോർപ്പറേഷനിൽ ഒരു 50,000/-രൂപ വീതവും ചെലവ് അനുവദനീയമാണ്.
3. സെലക്ഷൻ കമ്മിറ്റി :- പ്രൊഫഷണൽ യോഗ്യതയുള്ള മൂന്ന് അംഗങ്ങളെ വീതം ഉൾപ്പെടുത്തി മൂന്ന് ഇനങ്ങൾക്കും വെവ്വേറെ സെലക്ഷൻ കമ്മിറ്റി ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും, കോർപ്പറേഷനുകളിലും സെലക്ഷൻ ട്രയൽസിനായി രൂപീകരിക്കേണ്ടതാണ്.
4. ഇങ്ങനെ തെരഞ്ഞെടുക്കുന്ന ടീം അംഗങ്ങൾക്ക് തദ്ദേശഭരണസ്ഥാപനത്തിന്റെ പേര് രേഖപ്പെടുത്തിയ യൂണിഫോം നൽകണം.
5. ജില്ലാ/സംസ്ഥാന സ്പോർട്സ് കൗൺസിൽ കോച്ചുകൾ,സർക്കാർ/എയ്ഡഡ് സ്ക്കൂൾ, കോളേജ് കായിക അദ്ധ്യാപകർ,വിരമിച്ച അദ്ധ്യാപകർ/നിർദ്ദിഷ്ഠ ഗെയിംസുകളിലെ സംസ്ഥാന ടീം അംഗങ്ങൾ എന്നിവരിൽ നിന്നും പരിശീലകരെ നിയോഗിച്ച് ഒരു മാസത്തെ പരിശീലനം നൽകണം.
6. തദ്ദേശഭരണസ്ഥാപന സ്റ്റേഡിയത്തിലോ അനുയോജ്യമായ സ്ക്കൂൾ കോമ്പൗണ്ടിലോവച്ചാണ് പരിശീലനം നൽകേണ്ടത്. പരിശീലനത്തിന് ലൈറ്റ് റിഫ്രഷ്മെന്റ് നൽകേണ്ടതാണ്.
7. സ്പോർട്സ് കലണ്ടർ:- കേരളോത്സവം ഉൾപ്പെടെ തദ്ദേശഭരണ സ്ഥാപന തലത്തിൽ നടത്തുന്ന എല്ലാ കായിക പ്രവർത്തനങ്ങളെയും ഉൾപ്പെടുത്തി ഒരു സ്പോർട്സ് കലണ്ടർ ഓരോ തദ്ദേശഭരണസ്ഥാപനത്തിലും തയ്യാറാക്കേണ്ടതാണ്.

8. ഗ്രാമനഗരഭരണസ്ഥാപനത്തിൽ വിവിധ ടീമുകളുടെ രൂപീകരണം, കോച്ചിംഗ് ക്യാമ്പ് സംഘാടനം, യുവജന ക്ലബുകളുടെ കോച്ചിംഗ് ക്യാമ്പിനുള്ള ധനസഹായം, സ്പോർട്സ് ഉപകരണങ്ങൾ വാങ്ങി നൽകുന്നതിനുള്ള തുക എന്നിവയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് രൂപീകരിക്കാവുന്നതാണ്.

**32.4. ബ്ലോക്ക് തല ടീം സെലക്ഷൻ ട്രയൽസും ചാമ്പ്യൻഷിപ്പും:-**

ഗ്രാമപഞ്ചായത്ത്തല ടീമുകളെ ഉൾപ്പെടുത്തിക്കൊണ്ട് ബ്ലോക്ക്തല ചാമ്പ്യൻഷിപ്പും സെലക്ഷൻ ട്രയൽസും സംഘടിപ്പിക്കുന്നതിനുള്ള പ്രവർത്തന പരിപാടി ബ്ലോക്ക് പഞ്ചായത്തുകൾക്ക് തയ്യാറാക്കാവുന്നതാണ്. പഞ്ചായത്ത്തല ടീം രൂപീകരിക്കുന്നതിന് നിർദ്ദേശിച്ച നടപടിക്രമങ്ങളിലൂടെ പഞ്ചായത്തുതല ടീമുകളിൽ നിന്നും ബ്ലോക്ക്തല ടീം രൂപീകരിക്കാവുന്നതാണ്. ഇതിനായി ഓരോ ഗ്രാമപഞ്ചായത്തും അവരുടെ ടീമിന്റെ ലിസ്റ്റ് ബ്ലോക്ക് പഞ്ചായത്തിന് നൽകണം. ഓരോ ഗെയിംസിനും 30,000/- രൂപ വീതം ഉപയോഗിക്കാവുന്നതാണ്. സെലക്ഷൻ കമ്മിറ്റി, യോഗ്യതയുള്ള ട്രെയിനർ, സെലക്ഷൻ ട്രയൽസ്, ചാമ്പ്യൻഷിപ്പ്, ഒരു മാസത്തെ പരിശീലനം, റിഫ്രഷ്മെന്റ്, യൂണിഫാം ഉൾപ്പെടെ പഞ്ചായത്ത്തല നിർദ്ദേശങ്ങൾ അനുവർത്തിക്കേണ്ടതാണ്. ബ്ലോക്ക്തല ടീം സെലക്ഷൻ ട്രയൽസും ചാമ്പ്യൻഷിപ്പും ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കേണ്ടതാണ്.

**32.5. ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻതല വിജയികൾ തമ്മിലുള്ള ജില്ലാതലമീറ്റ്:-**

ജില്ലാ പഞ്ചായത്തിന്റേയും കോർപ്പറേഷന്റേയും മുനിസിപ്പാലിറ്റികളുടേയും സഹകരണ ത്തോടെ ജില്ലാആസൂത്രണസമിതിയുടെ നേതൃത്വത്തിലാണ് മീറ്റ് സംഘടിപ്പിക്കേണ്ടത്. (ജില്ലാപഞ്ചായത്ത് തലത്തിൽ ടീം രൂപീകരിക്കേണ്ടതില്ല) വിശദമായ ഫിക്സർ തയ്യാറാക്കി ജില്ലാ ആസൂത്രണസമിതി സെലക്ഷൻ ട്രയൽസും ചാമ്പ്യൻഷിപ്പും നടത്തി റവന്യൂ ജില്ലാതല ടീം രൂപീകരിക്കണം. ജില്ലാതല മീറ്റിന് ഓരോ ഗെയിമിനും 1 ലക്ഷം രൂപ വീതം ചെലവാക്കാവുന്നതാണ്. ജില്ലാതല മീറ്റിൽ പങ്കെടുക്കുന്ന പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റും നൽകേണ്ടതാണ്. തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളെ ഉൾപ്പെടുത്തി റവന്യൂ ജില്ലാതല ടീം രൂപീകരിക്കണം. അവർക്ക് ജില്ലയുടെ പേര് രേഖപ്പെടുത്തിയ യൂണിഫോമും നൽകണം. വരും വർഷങ്ങളിൽ സംസ്ഥാനതല മത്സരങ്ങളും സംഘടി പ്പിക്കുന്നതാണ്.

**32.6. സംഘടനാ സംവിധാനങ്ങൾ: –**

മേൽപറഞ്ഞ തരത്തിലുള്ള പ്രവർത്തനങ്ങളിൽ യൂത്ത് ക്ലബ് അംഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കാൻ ഗ്രാമ/ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളിൽ പരസ്പര ബന്ധമുള്ള ഒരു സംഘടന സംവിധാനവും മുനിസിപ്പൽ/ കോർപ്പറേഷൻ തലത്തിൽ തനതായ ഒരു സംവിധാനവും ആവശ്യമാണ്. അതിനാൽ ചുവടെ ചേർക്കുന്ന ഘടനയോടുകൂടിയ ഒരു ഏകോപന സമിതി സംവിധാനം രൂപീകരിക്കേണ്ടതാണ്.

**ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ യൂത്ത് ക്ലബ് ഏകോപന സമിതി – ഘടന**

| ക്രമ നം | ഘടന | ഗ്രാമപഞ്ചായത്ത് | മുനിസിപ്പാലിറ്റി | കോർപ്പറേഷൻ |
|---|---|---|---|---|
| 1) | അദ്ധ്യക്ഷൻ | ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് | മുനിസിപ്പൽ ചെയർ പേഴ്സൺ | മേയർ |
| 2) | കൺവീനർ | ഗ്രാമപഞ്ചായത്ത് സെക്രട്ടറി | മുനിസിപ്പൽ സെക്രട്ടറി | കോർപ്പറേഷൻ സെക്രട്ടറി |
| 3) | ഉപാദ്ധ്യക്ഷൻ | തെരഞ്ഞെടുക്കപ്പെടുന്ന അംഗം(1) | തെരഞ്ഞെടുക്കപ്പെടുന്ന അംഗം (1) | തെരഞ്ഞെടുക്കപ്പെടുന്ന അംഗം (1) |
| 4) | ജോയിന്റ് കൺവീനർ | 1) തെരഞ്ഞെടുക്കപ്പെടുന്ന അംഗം (1)<br>2) യൂത്ത് കോ-ഓർഡിനേറ്റർ, യൂത്ത് വെൽഫയർ ബോർഡ് | 1) തെരഞ്ഞെടുക്കപ്പെടുന്ന അംഗം (1)<br>2) യൂത്ത് കോ-ഓർഡിനേറ്റർ, യൂത്ത് വെൽഫയർ ബോർഡ് | 1) തെരഞ്ഞെടുക്കപ്പെടുന്ന അംഗം (1)<br>2) യൂത്ത് കോ-ഓർഡിനേറ്റർ, യൂത്ത് വെൽഫയർ ബോർഡ് |
| 5) | അംഗങ്ങൾ | നോമിനേറ്റ് ചെയ്ത ബാക്കി യൂത്ത് ക്ലബ് അംഗങ്ങൾ | നോമിനേറ്റ് ചെയ്ത ബാക്കി യൂത്ത് ക്ലബ് അംഗങ്ങൾ | നോമിനേറ്റ് ചെയ്ത ബാക്കി യൂത്ത് ക്ലബ് അംഗങ്ങൾ |

1. യൂത്ത് ക്ലബുകളിൽ നിന്നും പ്രസിഡന്റ്, സെക്രട്ടറി എന്നിവരെയാണ് തദ്ദേശഭരണതല യൂത്ത് ക്ലബ് ഏകോപന സമിതിയിലേയ്ക്ക് നാമനിർദ്ദേശം ചെയ്യേണ്ടത്.
2. അങ്ങനെ നാമനിർദ്ദേശം ചെയ്യുന്നവരിൽ നിന്നും ഒരാളിനെ ഉപാദ്ധ്യക്ഷനായും മറ്റൊ രാളിനെ ജോയിന്റ് കൺവീനറായും ആദ്യ കമ്മിറ്റി യോഗത്തിൽവച്ച് തെരഞ്ഞെടുക്കണം
3. നാമനിർദ്ദേശം ചെയ്ത ബാക്കിയുള്ളവർ എല്ലാം ഏകോപന സമിതി അംഗങ്ങളായിരിക്കും.
4. ഉദാ:-12 യൂത്ത് ക്ലബുകൾ ഉള്ള ഒരു ഗ്രാമപഞ്ചാത്തിലും മുനിസിപ്പാലിറ്റിയിലും കോർപ്പറേഷനിലും ആകെ 24 അംഗങ്ങൾ ഉണ്ടായിരിക്കും. ഇവരിൽ നിന്നും ഒരാളെ

വൈസ് ചെയർമാനായും മറ്റൊരാളെ ജോയിന്റ് കൺവീനറായും തെരഞ്ഞെടുക്കും ബാക്കിയുള്ളവർ അംഗങ്ങളായി തുടുരുന്നതാണ്.

5. തദ്ദേശഭരണസമിതിയുടെ കാലാവധിയായിരിക്കും ഏകോപന സമിതിയുടേയും കാലാവധി
6. കാലാവധിക്കിടയിൽ യൂത്ത് ക്ലബുകളുടെ ഭരണസമിതിയിൽ മാറ്റമുണ്ടായാൽ അംഗങ്ങളായവരെ മാറ്റി ക്ലബ് നാമനിർദ്ദേശം ചെയ്യുന്നവരെ ഉൾപ്പെടുത്താം. എന്നാൽ ഉപാദ്ധ്യക്ഷനും ജോയിന്റ് കൺവീനറും കാലാവധി തീരുന്നവരെ തുടരുന്നതാണ്.
7. ഗ്രാമപഞ്ചായത്ത് ഏകോപന സമിതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഉപാദ്ധ്യക്ഷനും ജോയിന്റ് കൺവീനറുമാണ്. ബ്ലോക്ക് പഞ്ചായത്ത് ഏകോപന സമിതിയിലേയ്ക്ക് നോമിനേറ്റ് ചെയ്യപ്പെടുന്നതും അംഗങ്ങളാകുന്നതും.
8. തീരുമാനങ്ങൾ ഭൂരിപക്ഷപ്രകാരം അംഗീകരിക്കപ്പെടും. തുല്യമായാൽ അദ്ധ്യക്ഷന് കാസ്റ്റിംഗ് വോട്ട് ചെയ്യാം.
9. തദ്ദേശഭരണസ്ഥാപന പ്രദേശത്തുനിന്നും സംസ്ഥാന ദേശീയ തലത്തിൽ അംഗീകാരം ലഭിച്ചിട്ടുള്ള (സ്പോർട്സ് & ഗെയിംസ്) കായികതാരങ്ങളെ സ്ഥിരം ക്ഷണിതാക്കളായി ഭരണസമിതി തീരുമാനപ്രകാരം ഉൾപ്പെടുത്തേണ്ടതാണ്.

**ബ്ലോക്ക്, ജില്ലാപഞ്ചായത്ത്തല യൂത്ത് ക്ലബ് ഏകോപന സമിതിയുടെ ഘടന**

| ക്രമ നം | ഘടന | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് |
|---|---|---|---|
| 1) | അദ്ധ്യക്ഷൻ | ബ്ലോക്ക് പഞ്ചായത്ത് പ്രസിഡിന്റ് | ജില്ലാ പഞ്ചായത്ത് ചെയർപേഴ്സൺ |
| 2) | കൺവീനർ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | ജില്ലാ പഞ്ചായത്ത് സെക്രട്ടറി |
| 3) | ഉപാദ്ധ്യക്ഷൻ | തെരഞ്ഞെടുക്കപ്പെടുന്ന അംഗം (1) | തെരഞ്ഞെടുക്കപ്പെടുന്ന അംഗം (1) |
| 4) | ജോയിന്റ് കൺവീനർ | ” | ” |
| 5) | അംഗങ്ങൾ | നോമിനേറ്റ് ചെയ്ത ബാക്കി യൂത്ത് ക്ലബ് അംഗങ്ങൾ | നോമിനേറ്റ് ചെയ്ത ബാക്കി യൂത്ത് ക്ലബ് അംഗങ്ങൾ |
| 6) | ജോയിന്റ് കൺവീനർ (ഒഫീഷ്യൽ) | യൂത്ത് കോ-ഓർഡിനേറ്റർ, യൂത്ത് വെൽഫയർ ബോർഡ് | യൂത്ത് പ്രോഗ്രാം ഓഫീസർ |

1) ഗ്രാമപഞ്ചായത്തുതല ഏകോപന സമിതികളിൽ നിന്നും നോമിനേറ്റ് ചെയ്യുന്ന ഉപാദ്ധ്യക്ഷൻമാരും ജോയിന്റ് കൺവീനർമാരും ബ്ലോക്ക് പഞ്ചായത്ത് ഏകോപന സമിതിയിൽ അംഗങ്ങളായിരിക്കും
2) ഇവരിൽനിന്നും ഒരാളിനെ ഉപാദ്ധ്യക്ഷനായും മറ്റൊരാളിനെ ജോയിന്റ് കൺവീനറായും തെരഞ്ഞെടുക്കണം.
   ഉദാ:-അഞ്ച് ഗ്രാമപഞ്ചായത്തുകൾ ഉള്ള ബ്ലോക്ക് പഞ്ചായത്തിൽ ഏകോപന സമിതിയിൽ പത്ത് അംഗങ്ങൾ നോമിനേറ്റ് ചെയ്യപ്പെടും അതിൽ എട്ട് പേർ അംഗങ്ങളായിരിക്കും
3) ബ്ലോക്ക് പഞ്ചായത്ത് കാലാവധിയായിരിക്കും ഏകോപന സമിതിയുടേയും കാലാവധി.
4) ബ്ലോക്ക് പഞ്ചായത്ത് ഏകോപന സമിതിയിൽ നിന്നും ഉപാദ്ധ്യക്ഷനെയും ജോയിന്റ് കൺവീനറെയും അംഗങ്ങളായി ജില്ലാ പഞ്ചായത്ത് ഏകോപന സമിതിയിലേയ്ക്ക് നോമിനേറ്റ് ചെയ്യപ്പെടും.
5) ഇവരിൽ നിന്നും ഒരാളിനെ ഉപാദ്ധ്യക്ഷനായും മറ്റൊരാളിനെ ജോയിന്റ് കൺവീനറായും തെരഞ്ഞെടുക്കണം
   ഉദാ:- പതിമുന്ന് ബ്ലോക്ക് പഞ്ചായത്തുകൾ ഉള്ള ജില്ലയിൽ 26 അംഗങ്ങൾ നോമിനേറ്റ് ചെയ്ത്വരും അതിൽ ഓരോരുത്തർ ഉപാദ്ധ്യക്ഷനും ജോയിന്റ് കൺവീനറുമായി തെരഞ്ഞെടുക്കപ്പെടും. ബാക്കിയുള്ളവർ അംഗങ്ങളായിരിക്കും.
6) ജില്ലാ പഞ്ചായത്ത് കാലാവധിയായിരിക്കും ഏകോപന സമിതിയുടെയും കാലാവധി
7) ബ്ലോക്ക് ജില്ലാ പഞ്ചായത്ത് തലത്തിലെ ഏകോപന സമിതി അംഗങ്ങളിൽ കാലാവധിക്കിടയിൽ മാറ്റമുണ്ടാകില്ല.
8) ജില്ലാപഞ്ചായത്ത് യൂത്ത്ക്ലബ് ഏകോപനസമിതിയിൽ രണ്ട് ജോയിന്റ് കൺവീനർമാർ ഉണ്ടായിരിക്കും. യൂത്ത് പ്രോഗ്രാം ഓഫീസർ, ജോയിന്റ് കൺവീനർ(ഒഫീഷ്യൽ)ആയിരിക്കം.
9) തദ്ദേശഭരണസ്ഥാപന പ്രദേശത്തുനിന്നും സംസ്ഥാന ദേശീയ തലത്തിൽ അംഗീകാരം ലഭിച്ചിട്ടുള്ള (സ്പോർട്സ് & ഗെയിംസ്) കായികതാരങ്ങളെ സ്ഥിരംക്ഷണിതാക്കളായി ഭരണസമിതി തീരുമാനപ്രകാരം ഉൾപ്പെടുത്തേണ്ടതാണ്.

**32.7 <u>സർട്ടിഫിക്കറ്റുകളും ക്യാഷ് അവാർഡുകളും</u>**

തദ്ദേശഭരണസ്ഥാപന പ്രദേശത്ത് ചാമ്പ്യൻഷിപ്പ് നടക്കുന്ന ഗ്രാമ, ബ്ലോക്ക്, മുനിസിപ്പൽ, കോർപ്പറേഷൻ തലങ്ങളിലും ജില്ലാ തലത്തിലും പങ്കെടുക്കുന്നവർക്ക് താഴെ പറയുന്ന തരത്തിൽ സർട്ടിഫിക്കറ്റുകളും ക്യാഷ് അവാർഡുകളും നൽകാവുന്നതാണ്.

1. പങ്കെടുക്കുന്ന എല്ലാ കളിക്കാർക്കും പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റ് നൽകണം.
2. സെമിഫൈനലിൽ വരുന്ന ടീമുകൾക്കും ഫൈനലിൽ കളിക്കുന്ന ടീമുകൾക്കും അനുയോജ്യ മായ തരത്തിൽ ക്യാഷ് അവാർഡുകൾ നൽകണം.
3. വിജയികൾക്കും റണ്ണറപ്പാകുന്ന ടീമുകൾക്കും ട്രോഫി നൽകണം. ഇതിന് ആവശ്യ മായവിഹിതം ഖണ്ഡിക 32.3.2 പ്രകാരം നീക്കിവച്ചിട്ടുള്ള തുകയിൽ നിന്നും കണ്ടെത്തേണ്ടതാണ്.

**32.8. നിർവ്വഹണം:**

തദ്ദേശഭരണ പ്രദേശത്തെ എല്ലാ യൂത്ത് ക്ലബ്ബുകളേയും പൂർണ്ണമായും തദ്ദേശഭരണസ്ഥാപന പ്രവർത്തനങ്ങളുമായി ബന്ധിപ്പിക്കുന്നതിനും കായിക വികസനത്തിനും അനുയോജ്യമായ തരത്തിൽ നിർവ്വഹണം നടത്തുന്നതിലൂടെയാണ് മേൽ പ്രവർത്തനങ്ങളുടെ പൂർണ പ്രയോജനം ലഭിക്കുന്നത്. ആയതിനാൽ ഗ്രാമ പഞ്ചായത്തിൽ സെക്രട്ടറി/അസിസ്റ്റന്റ് സെക്രട്ടറിയും ബ്ലോക്ക് പഞ്ചായത്തിൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും, ജില്ലാ പഞ്ചായത്തിൽ അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷ്ണറും,മുനിസിപ്പാലിറ്റിയിൽ മുനിസി പ്പൽ സെക്രട്ടറിയും, കോർപ്പറേഷനിൽ അഡീഷണൽ സെക്രട്ടറിക്കുമായിരിക്കും നിർവ്വഹണ ചുമതല.

**32.9. കുട്ടികൾക്കുള്ള അത്‌ലറ്റിക് പരിശീലനങ്ങൾ:-**

സ്കൂൾതലങ്ങളിൽ തന്നെ അത്‌ലറ്റിക്സിൽ താല്പര്യമുള്ള കുട്ടികളെ കണ്ടെത്തി തുടർച്ചയായ പരിശീലനങ്ങൾ നൽകി അത്‌ലറ്റിക്സിൽ പ്രാവീണ്യം നേടുന്നതിന് എസ്.എസ്.എ.യുടെയും ആർ.എം.എസ്.എ.യുടെയും സാധ്യതകളും സ്കൂൾതലത്തിലെ കായിക അദ്ധ്യാപകരുടെ കഴിവുകളും ഉപയോഗിക്കേണ്ടതാണ്. സ്കൂൾതലങ്ങളിൽ ഇത്തരത്തിലുള്ള സംവിധാനങ്ങൾക്ക് പരിമിതി ഉണ്ടെങ്കിൽ അതു പരിഹരിച്ച് ശാസ്ത്രീയമായ കായിക വിദഗ്ദ്ധപരീശീലനം നൽകുന്നതിന് വിദഗ്ദ്ധൻമാരേയും അതിനാവശ്യമായ ഉപകരണങ്ങളും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ലഭ്യമാക്കാവുന്നതാണ്. സ്പോർട്സ് അക്കാദമികളുടെ സഹകരണത്തോടെ അത്‌ലറ്റിക് മത്സരങ്ങളും പരിശീലന ക്യാമ്പുകളും സംഘടിപ്പിക്കാവുന്നതും ഇതിനായി ബ്ലോക്ക് പഞ്ചായത്തുതലത്തിൽ 30,000/- രൂപവരെ ചെലവഴിക്കാവുന്നതുമാണ്. പരിശീലനത്തിനാവശ്യമായ കായികക്ഷമതാ ഉപകരണങ്ങൾ, പരിശീലന ഉപകരണങ്ങൾ എന്നിവ വാങ്ങി നൽകുന്നതിന് ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്കു പദ്ധതി ഏറ്റെടുക്കാവുന്നതാണ്.

**32.10. രജിസ്ട്രേഡ് യുവജന ക്ലബുകൾക്ക് സ്പോർട്സ് കിറ്റ്:-**

(1) പ്രത്യേകമായി കോച്ചിംഗ് ക്യാമ്പ് സംഘടിപ്പിക്കുന്ന യൂത്ത് ക്ലബുകൾ ഒഴികെ യുള്ള ക്ലബുകൾക്ക് സ്പോർട്സ് കിറ്റ് നൽകാവുന്നതാണ്.

(2) കിറ്റിലുൾപ്പെടുത്തേണ്ട ഇനങ്ങൾ സംബന്ധിച്ച് യുവജനക്ലബുകളുടെ ഏകോപന സമിതി ആലോചിക്കണം.

(3) ഒരു സംഘടനയ്ക്ക് 2000 രൂപയിലധികരിക്കാത്ത സ്പോർട്സ് ഉപകരണങ്ങൾ നൽകാവുന്നതാണ്.

(4) എല്ലാ ക്ലബുകളിൽ നിന്നും അപേക്ഷ ക്ഷണിക്കണം

(5) ഓരോ ക്ലബുകൾക്കും അവരുടെ ആവശ്യത്തിനും സാദ്ധ്യതയ്ക്കും അനുസ രിച്ചുള്ള സ്പോർട്സ് ഉപകരണങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അപേക്ഷയോടൊപ്പം വാങ്ങണം.

(6) ഇവ ക്രോഡീകരിച്ച് സാമ്പത്തിക പരിധിക്കും ഭരണസമിതി തീരുമാനത്തിനും വിധേയമായി ഉപകരണങ്ങൾ വാങ്ങി നൽകണം..

(7) നിശ്ചയിക്കപ്പെടുന്ന വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യണം.

(8) ഇത് ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ മാത്രം നൽകിയാൽ മതിയാകും.

**32.11. പ്രാദേശികമായി കായിക വികസനം സാദ്ധ്യമാക്കുന്നതിന് താഴെപ്പറയുന്ന പ്രവർ ത്തനങ്ങൾകൂടി ഏറ്റെടുക്കുന്നതിനു പ്രോജക്ടുകൾ രൂപീകരിക്കേണ്ടതാണ്.**

**1.** ഒരു വാർഡിൽ ഒരു കളിസ്ഥലം, ഒരു ഗ്രാമ പഞ്ചായത്തിൽ/നഗരസഭയിൽ ഒരു മിനി സ്റ്റേഡിയം

ഒരു വാർഡിൽ ഒരു കളിസ്ഥലവും ഒരു ഗ്രാമപഞ്ചായത്തിൽ/നഗരസഭയിൽ ഒരു സ്റ്റേഡിയവും കണ്ടെത്തി വികസിപ്പിക്കുവാൻ നടപടി സ്വീകരിക്കണം, സ്റ്റേഡിയം പുതുതായി നിർമ്മിക്കുന്നതിനു പകരം അനുയോജ്യമായ പൊതുസ്ഥലം കണ്ടെത്തി വികസിപ്പിക്കുന്നതായിരിക്കും അഭികാമ്യം. ആസ്തി രജിസ്റ്റർ പുതുക്കുന്നതിന്റെ ഭാഗമായി അനുയോജ്യമായ പൊതുസ്ഥലം കണ്ടെത്തേണ്ടതും മികച്ച നിലവാരത്തിലുള്ള കളിസ്ഥലവും സ്റ്റേഡിയവുമായി അവയെ വികസിപ്പിക്കുന്നതിനുള്ള പ്രോജക്ട് ഏറ്റെടുക്കേണ്ടതുമാണ്. ഇതിനുള്ള വിഹിതം സേവന മേഖലയിൽ ഉൾപ്പെടുത്താവുന്നതാണ്.

**2.** ഒരു ഗ്രാമപഞ്ചായത്തിൽ ഒരു നീന്തൽക്കുളവും വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനവും

1) കേരളത്തിലെ ജലാശയങ്ങളിലും നദികളിലും തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ദുരന്തങ്ങൾ കാരണമാണ് ഇത്തരമൊരു പദ്ധതി സർക്കാർ ആവിഷ്കരിച്ചത്. വിദ്യാർത്ഥികൾക്ക് നീന്തലിൽ പരിശീലനം നൽകുകയും അതിലൂടെ നീന്തൽ അറിയാവുന്ന ഒരു തലമുറയെ വാർത്തെടുക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം. ഒരു ഗ്രാമപഞ്ചായത്തിൽ/നഗരസഭയിൽ ഒരു നീന്തൽക്കുളമെങ്കിലും ഉണ്ടായാലേ ഈ ലക്ഷ്യം കൈവരിക്കാനാവൂ. നിലവിലുള്ള ഒരു കുളം മികച്ച നിലവാരത്തിൽ വികസിപ്പിക്കുന്നതായിരിക്കും അഭികാമ്യം. ഇതിനാവശ്യമായ പ്രവർത്തനങ്ങൾ തൊഴിലുറപ്പുപദ്ധതിയുടെയോ വാർഷിക പദ്ധതിയുടെയോ ഭാഗമായി ഏറ്റെടുക്കാവുന്നതാണ്.

2) വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനുള്ള പരിശീലകരെ ഗ്രാമപഞ്ചായത്തുകൾ കണ്ടെത്തണം. നല്ലവണ്ണം നീന്തൽ വശമുള്ള ആളായിരിക്കണം പരിശീലകൻ പരിശീലകന്റെ അലവൻസ്, കുട്ടികൾക്കുള്ള സ്വിമ്മിംഗ് ഡ്രസ്, റിഫ്രഷ്മെന്റ് ഉൾപ്പെടെയുള്ള ചെലവ് കണക്കാക്കി പ്രോജക്ട് അംഗീകരിച്ച് നടപ്പാക്കാവുന്നതാണ്.

**33. മറ്റിനങ്ങൾ**

1. പട്ടികജാതി പട്ടികവർഗ്ഗ വകുപ്പുകളിൽ നിന്നും കൈമറിയിട്ടുള്ള ബാലവാടി-കം-ഫീഡിംഗ് സെന്റർ, സീസൺഡേകെയർ സെന്റർ, നഴ്സറി സ്കൂളുകൾ മുതലായവയിലെ കുട്ടികൾക്ക് പഠനോപകരണങ്ങൾ,ഭക്ഷണം,യൂണിഫോം എന്നിവ പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിലെ നിബന്ധനകൾക്ക് വിധേയമായി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.
2. വെറ്ററിനറി പോളിക്ലീനിക്കുകൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ളതിനാൽ വെറ്ററിനറി പോളിക്ലീനിക്കുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.
3. ഹയർസെക്കന്ററി വിദ്യാർത്ഥിനികൾക്കും ഹൈസ്കൂൾ വിദ്യാർത്ഥിനികൾക്കും പ്രതിരോധ പരിശീലന പരിപാടികളായ തായ്ക്കൊണ്ട,ജൂഡോ,കരാട്ടേ എന്നിവയും ആയുഷ് വകുപ്പിന്റെ സഹായത്തോടെ യോഗപരിശീലനവും നൽകുന്നതിനുള്ള പ്രോജക്ട്. ജില്ലാ പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഏറ്റെടുക്കാം.
4. സ്വന്തമായി വരുമാനമില്ലാത്ത 25 വയസ്സിൽ താഴെ പ്രായമുള്ള ആൺമക്കളുള്ള ബി.പി.എൽ വിധവകൾക്ക് നിലവിൽ ലഭിക്കുന്ന ആനുകൂല്യങ്ങൾ നൽകാം. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ബാധകം.
5. മൂലധന ആസ്തികൾക്ക് ധനസഹായം ലഭിച്ചിട്ടുള്ള ഗുണഭോക്താക്കളെ 8 വർഷങ്ങൾക്കുശേഷം ധനസഹായം നൽകുന്നതിന് വീണ്ടും പരിഗണിക്കാവുന്നതാണ്. എന്നാൽ ആവർത്തന ചെലവുകൾക്ക് സമയ പരിധി ബാധകമല്ല. എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും ബാധകം.
6. വയോജനങ്ങൾക്ക് ആയുഷുമായിച്ചേർന്ന് യോഗാപരിശീലനം നൽകാവുന്നതാണ്. എല്ലാ തദ്ദേശഭരണസ്ഥാപനങ്ങൾക്കും ബാധകം.